
Date of publication : 1 നവംബർ 21
വോള്യം 18/ലക്കം 19
ISSN 2319-9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത




# പാഠ്യപദ്ധതി

# സംഘടിത

സംഘടിത/നവംബർ 2021/ വോള്യം 18/ലക്കം 19



കവർ ചിത്രം : ഡോണാ മയൂര
Ttle: 'Inklination'

**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**ഗസ്റ്റ് എഡിറ്റർ :**
ഡോ.സ്മിത പന്ന്യൻ
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ജ്യോതി നാരായണൻ
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഡോ.ഷർമ്മിള ആർ.
ഗാർഗി ഹരിതകം
ഡോ.മുത്തുലക്ഷ്മി കെ.
ശ്രീജിത
**ഉപദേശകസമിതി :**
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട് & കവർ :**
സുവിജ കെ.
**വെബ്സൈറ്റ് :**
വസന്ത പി.

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com

Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch, Calicut -4

വിദ്യാഭ്യാസവും സ്ത്രീ പദവിയും ചേർത്ത് വായിക്കുമ്പോൾ : കൊളോണിയൽ കാലഘട്ടത്തിലെ ചില നിരീക്ഷണങ്ങൾ
**ഹമീദ സി. കെ.** 8

പൗരത്വനിർമ്മിതി പാഠപുസ്തകങ്ങളിലൂടെ
**രൂപമഞ്ജരി ഹെഗ്ഡെ , വിവർത്തകർ:അനഘ ഫാത്തിമ യൂനുസ്, രേവതി കെ.എസ്.** 12

'അവന്റെ കഥ'യിലെ ഝാൻസിറാണിയും ജ്യോതിബാ ഫൂലെയുടെ ഭാര്യയും
**ലക്ഷ്മി ചന്ദ്രൻ സി. പി.** 19

ലിംഗപദവി മെഡിക്കൽ വിദ്യാഭ്യാസത്തിൽ
**ഡോ: ജയശ്രീ എ.കെ.** 21

അധ്യാപകപഠനപദ്ധതി ലിംഗനീതിപരമാവേണ്ടതുണ്ട്
**ബിലു പദ്മിനി നാരായണൻ** 24

അ ഫോർ അഭിമാനം, ആ ഫോർ ആദരവ്...
**എൻ.ജി.നയനതാര** 26

ഇന്ത്യൻ ഭരണഘടന ഏട്ടിലെ പശുവല്ല,യൂണിഫോമുകളിലുമുണ്ട് ലിംഗവിവേചനം
**എം.സുൽഫത്ത്** 29

കണ്ണൂർ സർവ്വകലാശാല ഇംഗ്ലീഷ് സിലബസിലെ ലിംഗപദവി വിചാരങ്ങൾ
**രാഖി രാഘവൻ** 32

നിയമപഠനവും ലിംഗനീതിയും
**ഡോ. ആരതി പി.എം.** 35

കലാവിദ്യാർത്ഥിനിയിൽ നിന്ന് കലാകാരിയിലേക്കുള്ള സാമൂഹിക ദൂരം
**കവിത ബാലകൃഷ്ണൻ** 40

കരുതൽ വേണം കലയിലും
**രജിത രവി** 42

ഉൾച്ചേരൽ വിദ്യാഭ്യാസത്തിലെ ഉൾച്ചേർച്ചക്കുറവുകൾ 46
**റസീന കെ.കെ.**

ലിംഗനീതി കോളേജ് കരിക്കുലത്തിൽ
**നിഷി ജോർജ്ജ്** 49

പോലീസ് പരിശീലനപദ്ധതിയും തൊഴിൽവിഭജനവും ലിംഗവിവേചനപരമാണ്
**വിനയ എൻ.എ.** 55

ലൈംഗിക വിദ്യാഭ്യാസം കേരളത്തിൽ
**ഡോ.ഷിംന അസീസ്** 57

അരൂപികൾ : **കവിത /അലീന ആകാശമിഠായി** 59

അദ്ധ്യാപകർക്ക് എന്തിനാണ് ജെൻഡർ സെൻസിറ്റിവിറ്റി ട്രെയിനിങ്?
**ജൂലി ഡി.എം.** 60

വേണം ഒരു ഹരിത കരിക്കുലം
**കുസുമം ജോസഫ്** 65

സ്കൂൾ വിദ്യാഭ്യാസവും പുനർനിർമ്മിക്കപ്പെടുന്ന ലിംഗ - അസമത്വവും 67
**ഡോ. അശ്വതി കുഞ്ഞുമോൻ**

പൊട്ടിയാട്ടുക : **കവിത/ സിന്ധു.കെ.വി.** 71

നിലനിൽക്കുന്ന പാഠ്യപദ്ധതി ഗോത്രവിദ്യാർത്ഥി സൗഹാർദ്ദപരമാണോ? - ഒരന്വേഷണം
**മിത്ര സിന്ധു** 72

ലിംഗസമത്വം : ഞങ്ങൾക്കുമുണ്ട് ചിലത് പറയാൻ
**ദീപ ചിത്രാലയം, അനീഷ ജറാൾഡ്** 80

പ്രണയം എന്തക്രമവും കാട്ടാനുള്ള ലൈസൻസാണോ?
**പെൺപക്ഷം / അജിത കെ.** 91

സാമൂഹ്യനീതി പാഠ്യപദ്ധതിയിൽ
**ഡോ. ലിസ പുൽപറമ്പിൽ** 93

മെഡിക്കൽ സിലബസുകളിലെ ക്വിയർ വിരുദ്ധത
**അനുരാധ കൃഷ്ണൻ** 98

മാതൃവന്ദനം - ഇന്നത്തെ കേരളത്തിൽ
**വഴിത്താരകൾ / ജാനകി** 100

ഭാഷാപാഠങ്ങളിലെ പെൺപക്ഷങ്ങൾ ഡീകോഡ് ചെയ്യുമ്പോൾ
**ആശ സജി** 102

ധ്യാനം : **കവിത / രേഷ്മ സി.** 104

കായിക വിദ്യാഭ്യാസത്തിലെ ജെൻഡർ പ്രശ്നങ്ങൾ
**ഷീന ജാനകി** 105

ജീവനില്ലാത്ത ജീവിതങ്ങൾ
**വാസ്തവം / ഡോ.ജാൻസി ജോസ്** 109

നമ്മുടെ പാഠ്യപദ്ധതിയിൽ ട്രാൻസ്ജെൻഡർ മനുഷ്യരുണ്ടോ?
**ആതിര ആർ.** 110

പാഠ്യപദ്ധതി പരിഷ്കരണം : നിവേദനവുമായി 'മലയാളപ്പെൺകൂട്ടം'
**വി.എം.സുജിലാറാണി** 114

ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും മുൻകൂട്ടിക്കണ്ട ശാസ്ത്രജ്ഞ
**ശാസ്ത്രം / സീമ ശ്രീലയം** 120

## മുഖവുര



ഷീബ കെ.എം.

പൊള്ളിത്തെറിക്കുന്ന കാഠിന്യത്തിൽ ഇന്ധനവില നിയന്ത്രണം വിട്ട് ഉയരുകയാണ്. എണ്ണവ്യാപാര കോർപ്പറേറ്റുകളെ സഹായിക്കാൻ ഭരണചക്രം തിരിക്കപ്പെടുന്നു. സ്വേച്ഛാധിപത്യത്തിന്റെ തീവ്രപരീക്ഷണങ്ങൾക്ക് ജനങ്ങളെ ഈ വിധം വിധേയമാക്കാൻ തുടങ്ങിയിട്ട് കാലമധികമായി. നോട്ട് നിരോധനം തുറന്നുവിട്ട ദുരനുഭവ പരമ്പരയ്ക്ക് അഞ്ചു വർഷം തികയുമ്പോൾ സാധാരണക്കാരുടെ ജീവിതം ഇത്രമേൽ ദുസ്സഹമായൊരു കാലം ഇതുപോലുണ്ടായിട്ടുണ്ടോ എന്ന് ചോദിച്ചുപോകുന്നു. രാജ്യത്തിന്റെ ദാരിദ്ര്യാവസ്ഥ മുൻകാല നിരക്കുകൾ കടക്കുന്ന ആശാരഹിതമായ അവസ്ഥകളല്ലാതെ നിരത്താൻ കണക്കുകൾ ഒന്നുമില്ല തന്നെ.

ഒരമ്മ സ്വന്തം കുഞ്ഞിനെ തിരിച്ചു കിട്ടാൻ സമരം തുടങ്ങിയിട്ട് അനേകം ദിവസങ്ങൾ പിന്നിടുകയാണ്. തന്റെ ഭർത്താവിനെ മാതാപിതാക്കൾക്ക് സ്വീകാര്യമല്ലാത്തതിനാൽ അനുപമ എന്ന സ്ത്രീ അനുഭവിക്കേണ്ടി വന്ന പീഡനാത്മകമായ പെരുമാറ്റങ്ങളെക്കുറിച്ചും അവരുടെ കുഞ്ഞ് ദത്ത് കൊടുക്കപ്പെട്ടതിനെക്കുറിച്ചുമൊക്കെ ധാരാളം പത്രവാർത്തകൾ പുറത്തുവന്നു. പ്രായപൂർത്തിയായ ഒരു സ്ത്രീയുടെ സ്വയം നിർണ്ണയാവകാശവും കർതൃത്വവും രാഷ്ട്രീയ മുദ്രാവാക്യങ്ങളായി ഉയർത്തിപ്പിടിക്കപ്പെടേണ്ടതുണ്ട്. സമരത്തോട് ഐക്യപ്പെടുന്നു.

ദലിത് ഗവേഷകയായ ദീപ മോഹൻ കോട്ടയം മഹാത്മാഗാന്ധി സർവകലാശാലയിൽ സമരം തുടങ്ങിയിരിക്കുകയാണ്. സ്വന്തം ജീവിതത്തിന്റെ പത്ത് വിലയേറിയ വർഷങ്ങളാണ് വകുപ്പദ്ധ്യക്ഷനായ നന്ദകുമാർ കളരിക്കലിന്റെ ജാതിവെറി മൂലം ദീപയ്ക്ക് നഷ്ടമായത്. മാർഗ്ഗനിർദ്ദേശി കൂടിയായ നന്ദകുമാർ കളരിക്കലിന്റെ ജാതിപീഡന ദുർനടപടികൾ അവസാനിപ്പിച്ച് ഗവേഷണം തുടരാൻ അവസരം ലഭിക്കാനാണീ സമരം. 'തോറ്റുപോയ ഒരുപാട് പേർക്ക് വേണ്ടി എനിക്കിവിടെ ജയിക്കണം' എന്ന നിലപാടിൽ ദീപ നടത്തുന്ന ഈ ഐതിഹാസിക പോരാട്ടത്തിന് ശക്തമായ ഐക്യദാർഢ്യം !

സ്ത്രീധന കൊലപാതകങ്ങൾ വർദ്ധിക്കുമ്പോഴും സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്തപ്പെടുമ്പോഴും നീതിന്യായ വ്യവസ്ഥയുടെ ഭാഗത്തുനിന്നും പുറത്തു വരുന്ന കണക്കുകൾ അസ്വസ്ഥജനകമാണ്. 2016 മുതൽ 2021 സെപ്തംബർ 30 വരെ സ്ത്രീധനനിരോധന നിയമപ്രകാരം 90 കേസ്സുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടത്. ഇതിൽ 59 കേസ്സുകളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കപ്പെട്ടെങ്കിലും ഒരു കേസ്സിൽ പോലും പ്രതികൾ ശിക്ഷിക്കപ്പെട്ടില്ല. അഞ്ച് കേസുകളിൽ കോടതി പ്രതികളെ കുറ്റവിമുക്തരാക്കുകയും ചെയ്തു. മറ്റ് കേസ്സുകൾ വിചാരണഘട്ടത്തിലായിട്ടുമേയുള്ളൂ. 1961 ൽ പാസ്സാക്കിയ സ്ത്രീധന നിരോധനനിയമത്തിന്റെ ഗുണഫലങ്ങൾ അറുപത് വർഷമായിട്ടും ലഭ്യമാകാത്തതിന്റെ കാരണങ്ങൾ സഗൗരവം ആരായേണ്ടതാണ്.

കഴിഞ്ഞ കുറച്ചു മാസങ്ങളായി കേരളത്തിൽ ലിംഗപദവി പ്രേരിതമായ കുറ്റകൃത്യങ്ങളും ദാരുണസംഭവങ്ങളും പത്രവാർത്തകളിൽ വർദ്ധിച്ച തോതിൽ ഇടം പിടിക്കുകയാണ്. സർക്കാർ മുൻകൈയിൽ വിദ്യാർത്ഥികളെ ബോധവൽക്കരിക്കാൻ 'കനൽ ' പോലുള്ള പദ്ധതികൾക്ക് രൂപം നൽകി പ്രയോഗത്തിലാക്കിത്തുടങ്ങിയിട്ടുണ്ട്. എങ്കിലും ദീർഘകാല ഗുണഫലത്തോടെ ബോധവൽക്കരണവും സാമൂഹ്യമാറ്റത്തിനായുള്ള പ്രയത്നവും ഉണ്ടാവണമെങ്കിൽ ലിംഗപദവിയെക്കുറിച്ചുള്ള അവബോധവും പുരുഷാധിപത്യത്തെ ചെറുക്കാനുള്ള ശേഷിയും പാഠ്യപദ്ധതിയിൽ തന്നെ ഉൾച്ചേർത്ത് ആർജ്ജിച്ചെടുക്കേണ്ടതാണ്. ചെറുപ്പം മുതലേ സ്വായത്തമാക്കേണ്ട ലിംഗനീതി ബോധ/ ബോധ്യങ്ങൾക്ക് മാത്രമേ ജനാധിപത്യബന്ധങ്ങൾക്കുള്ള വഴിയൊരുക്കാനാകൂ. ഈ ആവശ്യത്തിന്റെ അടിയന്തരസ്വഭാവവും ഈ മേഖലയിൽ നടന്ന പരീക്ഷണങ്ങളും അടയാളപ്പെടുത്തുകയാണ് സ്മിത പന്ന്യൻ അതിഥിപത്രാധിപയായ നവംബർ ലക്കം സംഘടിത. ഗൗരവ വായനയ്ക്കായി സമർപ്പിക്കുന്നു.

## അതിഥിപത്രാധിപക്കുറിപ്പ്



**ഡോ. സ്മിത പന്ന്യൻ**
ഹയർസെക്കൻഡറി അധ്യാപിക
പെരളശ്ശേരി, കണ്ണൂർ

# എന്തുകൊണ്ട് പാഠ്യപദ്ധതിയിൽ നിന്ന് തുടങ്ങണം?

ഒരു ജനതയുടെ സാമൂഹ്യനവീകരണസങ്കല്പങ്ങൾ പരിണമിക്കുന്നത് വിദ്യാഭ്യാസ പ്രക്രിയയിലൂടെയാണ്. ആസൂത്രിതമായി നടപ്പിലാക്കപ്പെടുന്ന ഏതൊരു മാനുഷികവ്യവഹാരവുമെന്ന പോലെ വിദ്യാഭ്യാസവും ഓരോ കാലഘട്ടത്തിലും കൃത്യമായ സാമൂഹിക ലക്ഷ്യങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. വ്യത്യസ്ത സമൂഹങ്ങളെ സംഘജീവിതത്തിനുതകുന്ന തരത്തിൽ പാകപ്പെടുത്താനും പരിശീലിപ്പിക്കാനുള്ള ദീർഘകാലപ്രക്രിയയായി എക്കാലവും അത് പ്രവർത്തിച്ചുപോരുകയും ചെയ്തു.

വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പരമ്പരാഗതധാരണയനുസരിച്ച് അതൊരു കൈമാറൽ പ്രക്രിയയാണ്. അധികാരവർഗ്ഗത്തിന്റെയോ ഭരണകൂടത്തിന്റെയോ താത്പര്യങ്ങൾക്കനുസരിച്ച് ലോകവീക്ഷണങ്ങളെ പരുവപ്പെടുത്താനുള്ള ആസൂത്രിതപദ്ധതിയായി അതിന് പ്രവർത്തിക്കാൻ കഴിയുകയും ചെയ്യും. അതുകൊണ്ടുതന്നെ സ്റ്റേറ്റിന്റെ പ്രത്യയശാസ്ത്രോപകരണമെന്ന നിലയിൽ വിദ്യാഭ്യാസം പൗരരിൽ പ്രവർത്തിക്കുന്ന വിധവും അതിന്റെ ബലതന്ത്രങ്ങളും വിശകലനം ചെയ്യുകയും തിരിച്ചറിയുകയും ചെയ്യേണ്ടതുണ്ട്.

വിദ്യാഭ്യാസത്തെ സംബന്ധിച്ച സൈദ്ധാന്തികമായ സങ്കല്പനങ്ങൾ, വ്യത്യസ്തമായ പഠനസാമഗ്രികൾ, അവയുടെ ബോധനമാർഗ്ഗങ്ങൾ, അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഇടപെടലുകൾ, കലാകായിക പ്രവർത്തനങ്ങൾ,മ റ്റ് സന്നദ്ധ സേവനസംഘങ്ങൾ തുടങ്ങി കുട്ടി കടന്നുപോകുന്ന എല്ലാ വിദ്യാലയപ്രക്രിയകളുടെയും സമഗ്രരേഖയാണ് പാഠ്യപദ്ധതി. ജനാധിപത്യം എന്ന സമഗ്രജീവിതദർശനത്തെ പിന്തുടരുന്ന ഒരു പാഠ്യപദ്ധതിക്ക് മാത്രമേ ആധുനികകാലത്ത് എല്ലാ മനുഷ്യർക്കും നീതിയും പങ്കാളിത്തവും ഉറപ്പു നൽകാനാവൂ എന്നുള്ളതുകൊണ്ടാണ് ആധുനികമായ തിരിച്ചറിവുകളുടെയും ലിംഗനീതിയടക്കമുള്ള ജനാധിപത്യ മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധ പഠനമേഖലകളിലെ പാഠ്യപദ്ധതികൾ കാലാനുസൃതമായി പരിവർത്തനം ചെയ്യുകയോ തിരുത്തപ്പെടുകയോ ചെയ്യണമെന്ന ആവശ്യമുയരുന്നത്.

ലോകം ഇന്ന് ഏറ്റവും നവീനമായ ലിംഗരാഷ്ട്രീയ ഉണർവ്വുകളിലൂടെ കടന്നു പോവുകയാണ്. അന്താരാഷ്ട്രതലത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഏറ്റവും പുതിയ ജെൻഡർ സംവാദങ്ങളുടെ അലകൾ ഇന്ത്യൻ സാഹചര്യത്തിലും ചലനങ്ങളുണ്ടാക്കിക്കഴിഞ്ഞു. സ്ത്രീ, പുരുഷ, ട്രാൻസ്ജെൻഡർ, ഇന്റർസെക്സ് ശരീരങ്ങളെ രൂപപ്പെടുത്തുന്ന സാമൂഹിക പ്രകടനങ്ങൾ എന്ന അർത്ഥത്തിലേക്ക് ലോകം ലിംഗപദവി എന്ന വാക്കിനെ മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്. 'മനുഷ്യൻ' എന്ന വാക്കിന് തുല്യമായി 'ആൺ' എന്ന വാക്ക് സ്വീകരിക്കുകയും സ്വാഭാവികമായുപയോഗിക്കുകയും ചെയ്ത ഔപചാരികവും അനൗപചാരികവുമായ എല്ലാ വ്യവസ്ഥകളും തുല്യനീതിയെ സംബന്ധിച്ച കാതലായ ചോദ്യങ്ങൾ അഭിമുഖീകരിച്ചുതുടങ്ങി. ആധുനികതയുടെ സ്ഥിരതകളെ ചോദ്യം ചെയ്തുകൊണ്ട് ശരീരത്തെക്കുറിച്ചും ലിംഗപദവിയെക്കുറിച്ചുമുള്ള ഉത്തരാധുനിക നിരീക്ഷണങ്ങൾ ഉണ്ടായി.

ഭിന്നവർഗ്ഗലൈംഗികതയിൽ അടിസ്ഥാനപ്പെട്ട സമൂഹം അതിശക്തമായ അധികാരപ്രയോഗത്തിലൂടെ ശരീരങ്ങളെ ആണും പെണ്ണുമാക്കി മാറ്റിത്തീർക്കുകയാണെന്നും ലിംഗം/ലിംഗപദവി വിഭ

ജനം തന്നെ അപ്രസക്തമാണെന്നും ജൂഡിത്ത് ബട്‌ലറിനെപ്പോലുള്ളവർ പറഞ്ഞു വെച്ചു. സ്ത്രീവാദവും സാമൂഹിക ചിന്തകളും ഡിജിറ്റൽ കാലഘട്ടത്തിലേക്കും അവിടെ നിന്ന് പോസ്റ്റ് ഹ്യൂമൻ സിദ്ധാന്തങ്ങളിലേക്കും വികസിച്ച കാലത്ത് മനുഷ്യൻ/ലിംഗപദവി തുടങ്ങിയ ആശയങ്ങൾ പോലും പ്രശ്നവൽക്കരിക്കപ്പെടുന്ന സാഹചര്യവുമുണ്ട്. എന്തു തന്നെയായാലും നമ്മുടെ ഔദ്യോഗിക പാഠ്യപദ്ധതികൾ പോലും ഇത്തരം നവീനചിന്തകളെ സ്വാംശീകരിക്കാൻ ബഹുദൂരം മുന്നേറേണ്ടതുണ്ട്. പാട്രിയാർക്കൽ ധാരണകളുടെയും ആൺമേൽക്കോയ്മയുടെ സ്വാഭാവികതവത്ക്കരണത്തിന്റെയും അശാസ്ത്രീയവും അസംബന്ധം നിറഞ്ഞതുമായ മുൻവിധികൾ പാഠ്യപദ്ധതികളിൽ നിന്ന് അരിച്ചെടുത്തുപേക്ഷിക്കൽ എത്ര വലിയ പരിശ്രമമാണെന്ന് ഈ ചർച്ചകൾ വ്യക്തമാക്കാതിരിക്കില്ല. വൈകിയെങ്കിലും ലിംഗനീതിയെക്കുറിച്ചുള്ള ഭാഷണങ്ങൾക്ക് പ്രാമുഖ്യമുള്ള അന്തരീക്ഷം കേരളത്തിലും സാധ്യമായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് കേരളത്തിലെ വിദ്യാഭ്യാസപദ്ധതികൾ കാലാനുസൃതവും ഭരണഘടനാനുസൃതവുമായി ലിംഗനീതിബോധ്യത്തോടെ നവീകരിക്കപ്പെടാൻ പോവുകയാണെന്ന സർക്കാർ പ്രഖ്യാപനം പ്രതീക്ഷയുളവാക്കുന്നതാണ്.

കേരളരൂപീകരണത്തിന്റെ അറുപത്തഞ്ചാം വർഷത്തിലെങ്കിലും ഉയർന്നുവന്ന ഈ ചർച്ചകളുടെ പശ്ചാത്തലത്തിലാണ് 2021 നവംബർ ലക്കം സംഘടിത, പാഠ്യപദ്ധതിയെ പ്രധാന ചർച്ചാവിഷയമായി സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെ വിദ്യാഭ്യാസ ചരിത്രത്തെ അവലോകനം ചെയ്യുന്ന ചരിത്രകാരനായ കെ.എൻ.ഗണേശ് ജന്മിസമ്പ്രദായത്തിനും ജാതിവ്യവസ്ഥയ്ക്കും നാടുവാഴിത്തത്തിനുമെതിരായ പോരാട്ടങ്ങളാണ് അറിവിന്റെ സാർവ്വത്രികതയെയും പൊതുവിദ്യാഭ്യാസത്തെ സംബന്ധിച്ച ആശയങ്ങളെയും സാമൂഹ്യമായി വളർത്തിക്കൊണ്ടു വന്നത് എന്ന് നിരീക്ഷിക്കുന്നുണ്ട്. (അറിവിന്റെ വിനിമയം കേരളത്തിൽ-കേരള സാഹിത്യഅക്കാദമി). 1904 ൽ വെങ്ങാനൂരിൽ ഒരു കുടിപ്പള്ളിക്കൂടം സ്ഥാപിക്കാൻ മുൻകൈയെടുത്ത അയ്യങ്കാളി അത് തകർക്കപ്പെട്ട ശേഷവും വൈകാതെ, വർധിത വീര്യത്തോടെ പഞ്ചമി എന്ന ദളിത് ബാലികയുടെ കൈയും പിടിച്ച് വിദ്യാലയമുറ്റത്തേക്ക് കയറുന്ന ചിത്രം വിദ്യാഭ്യാസത്തിലെ സവർണാധിപത്യത്തോടുള്ള തീവ്രപ്രതികരണമായും വിദ്യാഭ്യാസം എന്ന മാനുഷികാവകാശത്തിന്റെ രാഷ്ട്രീയ പ്രഖ്യാപനമായും തന്നെ തിരിച്ചറിയപ്പെടേണ്ടതുണ്ട്. പഠിപ്പു നേടാൻ വേണ്ടി പണിമുടക്കാൻ തയ്യാറായ അടിസ്ഥാന വർഗമനുഷ്യരുടെ പ്രതിഷേധവും ഇതിന്റെ തുടർച്ചയാണ്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ വിദ്യാഭ്യാസ ലക്ഷ്യങ്ങൾക്ക് അടിസ്ഥാനമായി പ്രവർത്തിക്കുന്നത് ഇന്ത്യൻ ഭരണഘടനയാണ്. ഒരു സോഷ്യലിസ്റ്റ് ജനാധിപത്യ മതേതര രാഷ്ട്രത്തിലെ പൗരരുടെ ജനാധിപത്യാവകാശങ്ങൾ സംരക്ഷിക്കുകയും തുല്യനീതി വിഭാവനം ചെയ്യുകയും ചെയ്യുന്ന അതിപ്രധാന രേഖയാണത്.തുല്യനീതിയും വിവേചനവും പരാമർശിക്കുന്ന ആർട്ടിക്കിൾ 14,15,17 എന്നിവയ്ക്കു പുറമേ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന വകുപ്പുകൾ വേറെയുമുണ്ട്. ഭരണഘടനയുടെ 45ആം വകുപ്പ് സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം മുഴുവൻ പൗരർക്കും ഉറപ്പ് നൽകുന്നു. 2005ൽ ബെർലിനിൽ നടന്ന അന്താരാഷ്ട്ര ജനാധിപത്യ വിദ്യാഭ്യാസ സമ്മേളനം ജനാധിപത്യ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതായിരുന്നു.

പങ്കാളിത്തത്തിലും നീതിയിലും ജനാധിപത്യത്തിലും അടിയുറച്ചു നിൽക്കുന്ന ഒന്നാണ് ജനാധിപത്യവിദ്യാഭ്യാസം. അത് പഠിതാക്കളും അധ്യാപകരും തുല്യരായി പ്രവർത്തിക്കുന്ന സംവിധാനമായിരിക്കുകയും വേണം. 2009ലെ വിദ്യാഭ്യാസ അവകാശ നിയമം, 2009 ലെ ദേശീയ അധ്യാപകവിദ്യാഭ്യാസ ചട്ടക്കൂട് എന്നീ നയരേഖകളെല്ലാം തന്നെ ജാതി/മത/ ലിംഗ/വർഗ്ഗവ്യത്യാസമില്ലാതെ മുഴുവൻ മനുഷ്യരെയും അഭിസംബോധന ചെയ്യുന്ന വിദ്യാഭ്യാസ പ്രക്രിയയിലൂടെ മാത്രമേ ജനാധിപത്യ ബോധവും സമഭാവനയും ശാസ്ത്രാന്വേഷണത്വരയുമുള്ള പൗരരെ സൃഷ്ടിക്കാൻ കഴിയൂ എന്ന് ആവർത്തിച്ചുറപ്പിക്കുന്നു. ഒപ്പം അധ്യാപകരുടെ അറിവ്, തൊഴിൽപ്രതിബദ്ധത, സമകാലിക പ്രശ്നങ്ങളോടുള്ള സംവേദനശീലം, ഭരണഘടനാമൂല്യങ്ങളിലുള്ള ധാരണ, ബോധന ശാസ്ത്രപരമായ നൈപുണികൾ ഇവയൊക്കെ ഉറപ്പുവരുത്താനുള്ള ശ്രമങ്ങളും ഇതിന്റെ ഭാഗമായി നടക്കുകയുണ്ടായി. നിലവിൽ രണ്ടാം ഇടതുപക്ഷ സർക്കാർ പാഠ്യപദ്ധതി നവീകരണം, കരിക്കുലത്തിന്റെ ജെൻഡർ ഓഡിറ്റിംഗ് തുടങ്ങിയവ പ്രഖ്യാപിച്ചു കഴിഞ്ഞ സാഹചര്യത്തിൽ കേരളത്തിലെ സ്കൂൾ/കോളജ്/തൊഴിൽ വിദ്യാഭ്യാസമേഖലകളിലെ പാഠ്യപദ്ധതികളെ ചിലയിടങ്ങളിൽ സാമാന്യമായും ചിലപ്പോഴൊക്കെ സൂക്ഷ്മമായും വിമർശനാത്മകമായി വിശകലനം ചെയ്യുന്ന ലേഖനങ്ങളാണ് ഈ ലക്കത്തിലെ ഉള്ളടക്കം.വളരെ വിശാലമായ ഒരു ഗവേ

ഷണമേഖലയെന്നനിലയിൽ കൈകാര്യം ചെയ്യേണ്ട ഒരു വിഷയത്തെ ഒരൊറ്റ പതിപ്പിൽ സമഗ്രമായി ഉൾക്കൊള്ളിക്കുന്നതിന് പരിമിതികളുണ്ടെങ്കിലും അത്തരമൊരു വലിയ ശ്രമമാണ് ഇത്തവണ സംഘടിത നടത്തുന്നത്. ജനാധിപത്യപരവും സാമൂഹ്യനീതിയിലും ലിംഗനീതിയിലും അധിഷ്ഠിതവുമായ വിദ്യാഭ്യാസപദ്ധതികളുടെ മികച്ച മാതൃകകളിലേക്കും അവയുടെ ആസൂത്രണത്തിലേക്കും വികസിക്കാൻ ഈ സംവാദങ്ങൾക്ക് കഴിയണം എന്ന് കൂടി ആഗ്രഹിച്ചുകൊണ്ട് സംഘടിതയുടെ പ്രിയപ്പെട്ട വായനക്കാർക്കു മുമ്പിൽ ഇതിലെ ലേഖനങ്ങൾ അവതരിപ്പിക്കുകയാണ്.

കേരളത്തിലെ സ്കൂൾ കരിക്കുലം തൊട്ട് (സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, സിലബസുകളിലടക്കം) മെഡിക്കൽ, നിയമവിദ്യാഭ്യാസം തുടങ്ങി പോലീസ് പരിശീലപദ്ധതിയിലും കലാകായികപഠനമേഖലകളിലുമൊക്കെ പ്രകടമാവുന്ന ലിംഗവിവേചനപരവും സമഭാവനയില്ലാത്തതുമായ ഉള്ളടക്കങ്ങളെ വിമർശനപരമായി സമീപിക്കുന്നവയാണ് ഈ ലക്കത്തിലുള്ളത്.

ചില പാഠപുസ്തകങ്ങളിലെ കലാചിത്രീകരണങ്ങൾ/ ഇല്ലസ്ട്രേഷനുകളടക്കം പഠിക്കപ്പെട്ടിട്ടുണ്ട്. കൂടെ, അധ്യാപകപരിശീലനപദ്ധതിയും അധ്യാപക മനോഭാവങ്ങളും വിമർശനവിധേയമാവുന്നുണ്ട്. ഒപ്പം പരിസ്ഥിതി വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെക്കുറിച്ചോർമ്മിപ്പിക്കുന്ന ഒരു ലേഖനവുമുണ്ട്. ലിംഗനീതിയോടൊപ്പം സാമൂഹ്യനീതിയെയും പരിസ്ഥിതിയെയും അടിസ്ഥാനമാക്കി നമ്മുടെ വിദ്യാഭ്യാസ പദ്ധതികളെ വിചാരണ ചെയ്യാൻ ഈ ലേഖനങ്ങൾക്ക് തീർച്ചയായും കരുത്തുണ്ട്. കൂടാതെ നമ്മുടെ ഗോത്രവിദ്യാർത്ഥികളെക്കൂടി അഭിസംബോധന ചെയ്യാൻ തുറസ്സുള്ള ഒരു സവിശേഷ വിദ്യാഭ്യാസ പദ്ധതിയെക്കുറിച്ചുള്ള ആലോചനകളും ഇതിന്റെ ഭാഗമാണ്. നിലവിൽ ലിംഗനീതിയെയും സാമൂഹ്യനീതിയെയും അടിസ്ഥാനമാക്കി പാഠ്യപദ്ധതിയിൽ നടന്ന ചില ക്രിയാത്മക നീക്കങ്ങളും അതിന്റെ ഫീഡ് ബാക്കുകളുമുണ്ട്.

ഈ ലോക്ഡൗൺ കാലത്ത് ഓൺലൈൻ പ്ലാറ്റ്ഫോമിൽ രൂപം കൊണ്ട 'മലയാളപ്പെൺകൂട്ടം' എന്ന പെൺസംഘം പാഠ്യപദ്ധതിയിലെ ലിംഗനീതിയെ മുൻനിർത്തി വിദ്യാഭ്യാസമന്ത്രിക്കും മറ്റ് ഔദ്യോഗിക വിദ്യാഭ്യാസസംവിധാനങ്ങൾക്കും നൽകിയ പാഠ്യപദ്ധതി നവീകരണവുമായി ബന്ധപ്പെട്ട ചില പ്രവർത്തനങ്ങളും നിവേദനവുമാണ് ഈ ലക്കത്തിലെ മറ്റൊരുഉള്ളടക്കം. ബഹുസ്വരസ്വഭാവമുള്ള ഒരു വലിയ പെൺകൂട്ടം പൊതുജനപങ്കാളിത്തത്തോടെ കേരളസർക്കാറിനോട് ലിംഗനീതി ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ ഈ നീക്കത്തിന് ഈ സന്ദർഭത്തിൽ വലിയ പ്രസക്തിയുണ്ട്. തങ്ങളുടെ പാഠ്യപദ്ധതികളെപ്പറ്റിയുള്ള വിദ്യാർത്ഥി പ്രതികരണങ്ങൾ മറ്റൊരു വീക്ഷണത്തിൽ നിന്ന് ഈ വിഷയത്തെ സമീപിക്കാനുള്ള ശ്രമമാണ്. മലയാളത്തിലെ ശ്രദ്ധേയരും വിഷയവിദഗ്ധരുമായ ധാരാളം എഴുത്തുകാരികൾക്കൊപ്പം ആദ്യമായി ഈ വിഷയത്തെ സമീപിക്കുകയും എഴുതിത്തുടങ്ങുകയും ചെയ്യുന്നവരും ഈ പ്രത്യേക പതിപ്പിന്റെ ഭാഗമാണെന്നത് ഈ ലക്കത്തിന്റെ പത്രാധിപ എന്ന നിലയിൽ എനിക്ക് വളരെ സന്തോഷവും അഭിമാനവും നൽകുന്നുണ്ട്. അതിൽപ്പലരും ഞാൻ കൂടി ഉൾപ്പെടുന്ന 'മലയാളപ്പെൺകൂട്ട'ത്തിലെ അംഗങ്ങളാണെന്നതും വളരെ ആഹ്ലാദകരമാണ്. അതിന് കാരണമാകുന്ന തരത്തിൽ ഈ ലക്കത്തിന്റെ ഉത്തരവാദിത്തം വിശ്വസിച്ചേല്പിച്ച ഡോ.കെ.എം.ഷീബയോട് വലിയ നന്ദിയും സ്നേഹമുണ്ട്. ഒപ്പം അന്വേഷിയുടെയും സംഘടിതയുടെയും നേതൃസ്ഥാനത്തുള്ള ആദരണീയയായ കെ.അജിത, സംഘടിതയുടെ പത്രാധിപസമിതി അംഗങ്ങൾ എന്നിവരോടും കൃതജ്ഞത അറിയിക്കുന്നു. അതുപോലെ, പാഠ്യപദ്ധതി ചർച്ചാവിഷയമായ ഈ ലക്കത്തിലെ എഴുത്തുകാരായ രൂപമഞ്ജരി ഹെഗ്ഡെ, ലക്ഷ്മി ചന്ദ്രൻ സി.പി., വിനയ എൻ.എ., ഡോ.എ.കെ.ജയശ്രീ, കവിതാ ബാലകൃഷ്ണൻ, ബിലു പദ്മിനി നാരായണൻ, നയനതാര എൻ.ജി., എം.സുൽഫത്ത്, ഹമീദ സി.കെ., അശ്വതി കുഞ്ഞുമോൻ, ഡോ.ആരതി പി.എം., കുസുമം ജോസഫ്, മിത്ര സിന്ധു, രാഖി രാഘവൻ, ഡോ.ലിസ പുൽപറമ്പിൽ, നിഷി ജോർജ്ജ്, ഡോ.ഷിംന അസീസ്, രജിതാരവി, അനുരാധ കൃഷ്ണൻ, ജൂലി ഡി.എം., അനീഷാ ജെറാൾഡ്, ദീപ ചിത്രാലയം, സുജിലാറാണി വി.എം., ആശാ സജി, ഷീനാജാനകി, ആതിര ആർ. എന്നിവരോടും ഈ ലക്കത്തിന്റെ കവർപേജ് ചെയ്തു തന്ന പ്രിയകവിയും ചിത്രകാരിയുമായ ഡോണാമയൂര, ഈ പതിപ്പിലെ മറ്റുകവികളായ സിന്ധു കെ.വി.,അലീന, രേഷ്മ സി. എന്നിവരോടും വളരെ ഭംഗിയായി ഈ ലക്കത്തിന്റെ ലേ ഔട്ട് നിർവ്വഹിച്ച സുവിജയോടും സംഘടിതയ്ക്കുവേണ്ടി സ്നേഹാദരങ്ങളും നന്ദിയും അറിയിക്കുന്നു.

ചർച്ചാവിഷയം



**ഹമീദ സി. കെ.**
കോഴിക്കോട് സർവകലാശാല
സ്ത്രീ പഠനവിഭാഗം
അസിസ്റ്റന്റ് പ്രൊഫസർ

# വിദ്യാഭ്യാസവും സ്ത്രീപദവിയും ചേർത്ത് വായിക്കുമ്പോൾ : കൊളോണിയൽ കാലഘട്ടത്തിലെ ചില നിരീക്ഷണങ്ങൾ



ഇന്ത്യയിൽ സ്ത്രീപ്രസ്ഥാനങ്ങൾ ലിംഗവിവേചനങ്ങൾക്കും അടിച്ചമർത്തലുകൾക്കും എതിരെ തങ്ങളുടെ പ്രതിഷേധസ്വരമുയർത്താൻ തുടങ്ങിയിട്ട് ദശാബ്ദങ്ങളായി. ഇതിന്റെ ഗുണം ഇന്നത്തെ സർക്കാർ നയങ്ങളിലും നിയമനിർമ്മാണങ്ങളിലും പ്രാദേശിക തിരഞ്ഞെടുപ്പുകളിലും മറ്റും ഏറെക്കുറേ  പ്രകടമാണ്. സമൂഹത്തിന്റെ നാനാതുറകളിലും നടമാടിക്കൊണ്ടിരുന്ന അനീതികൾക്കും അക്രമണങ്ങൾക്കുമെതിരെയും മറ്റും പോരാടുമ്പോൾ തന്നെ എന്തുകൊണ്ട് അക്കാദമിക ജ്ഞാനമണ്ഡലങ്ങളിലും സ്കൂൾ വിദ്യാഭ്യാസ മേഖലകളിലും സ്ത്രീകളുടെ അനുഭവങ്ങളോ ചരിത്രമോ ഒരു ഭാഗമായിപോലും കാണുന്നില്ല, അല്ലെങ്കിൽ പഠന വിഷയമായി മാറുന്നില്ല എന്ന ചോദ്യങ്ങൾ കൂടി പലപ്പോഴും ഉയർന്നുവന്നിരുന്നു.  സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന അടിച്ചമർത്തലുകളേയും അവഗണനകളേയും ലിംഗവിവേചനങ്ങളെയും മറ്റും മനസ്സിലാക്കാൻ നിലവിലുള്ള അക്കാദമിക വിഷയങ്ങൾ പര്യാപ്തമല്ല എന്നും സാമൂഹിക-ശാസ്ത്ര വിഷയങ്ങൾ ഇതുവരെ പുരുഷന്റെ അറിവിനേയും അനുഭവത്തേയും ചരിത്രത്തേയും മാത്രം രേഖപെടുത്തുന്ന ഒന്നായിരുന്നെന്നും അതിനാൽ ഇതിനൊരു മാറ്റം വേണമെന്നും സ്ത്രീപ്രസ്ഥാനങ്ങളിലെ സ്ത്രീകൾ വാദിക്കാൻ തുടങ്ങി. ഇത്തരം അദൃശ്യവൽക്കരണത്തിനെതിരെ നടന്ന പോരാട്ടത്തിന്റെ ഭാഗമായാണ്  സ്ത്രീപഠനം ഒരു വിഷയമായി ഉയർന്നു വരുന്നതും സമൂഹത്തിൽ സ്ത്രീകൾ വഹിക്കുന്ന പങ്കിനെപ്പറ്റി മറ്റ് സാമൂഹിക ശാസ്ത്ര വിഷയങ്ങളിൽ അറിഞ്ഞുകൊണ്ടുള്ള ഇടപെടലുകൾ നടന്നതും. പാശ്ചാത്യ

മിഷണറിമാരുടേയും ദേശീയ പരിഷ്കരണ പ്രസ്ഥാനക്കാരുടെയും ഇടയിൽ പെട്ട ഇന്ത്യൻസ്ത്രീയെ മനസ്സിലാക്കാൻ ഒരുപാട് പഠനങ്ങൾ ഫെമിനിസ്റ്റ് ഗവേഷകർ നടത്തിയിട്ടുണ്ട്. ഇത്തരം ശ്രമങ്ങളിലൂടെ സ്ത്രീവിദ്യാഭ്യാസത്തെ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ മനസ്സിലാകുന്നത് ഇന്ത്യൻ സ്ത്രീകളുടെ പദവിയും വിദ്യാഭ്യാസവും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ടെന്നാണ്. കൊളോണിയൽ കാലഘട്ടത്തിലെ നവോത്ഥാന ദേശീയ പരിഷ്കരണ പ്രസ്ഥാനങ്ങൾ ഇത് സാധൂകരിക്കുന്നുണ്ട്. ഇന്ത്യൻസ്ത്രീപ്രസ്ഥാനങ്ങൾ പോലും ഇത്തരം ചലനങ്ങളുടെ ഫലമായുണ്ടായതാണ്.

## പാഠപുസ്തകങ്ങളും ലിംഗവിവേചനങ്ങളും

പാഠപുസ്തകങ്ങളിൽ കൂടി നാം ചെറുപ്പം തൊട്ടേ ആര്യഭട്ടനെയും, രാമാനുജനേയും ഐസക്ക് ന്യൂട്ടനെയും ഐൻസ്റ്റീനേയും മറ്റും പഠിക്കുമ്പോൾ എന്തുകൊണ്ട് വാനനിരീക്ഷകയും പ്രധാനപ്പെട്ട ഗണിതശാസ്ത്ര ആശയങ്ങൾക്ക് രൂപം കൊടുക്കുകയും ചെയ്ത ലീലാവതിയെപ്പറ്റി പഠിക്കുന്നില്ല? അല്ലെങ്കിൽ ലോകഗണിതശാസ്ത്രത്തിന് തന്നെ ഒരുപാട് സംഭാവന ചെയ്ത ഹൈപേഷ്യയെ കുറിച്ച് പഠിക്കുന്നില്ല എന്നാലോചിക്കുമ്പോൾ അറിഞ്ഞുകൊണ്ടുള്ള തമസ്ക്കരണം തന്നെയായിരുന്നു നടന്നത് എന്ന് വ്യക്തമാണ്. സ്ത്രീകൾ ശാസ്ത്രജ്ഞരോ മറ്റോ ആയിത്തീരുവാൻ ഉള്ള കഴിവില്ലാഞ്ഞിട്ടല്ല ഇതെന്നതും അർത്ഥശങ്കയില്ലാത്ത വസ്തുതയാണ്. സ്കൂൾ പാഠപുസ്തകങ്ങളിൽ ലിംഗ വിവേചനങ്ങൾ നിറഞ്ഞ ഉള്ളടക്കങ്ങളാണുള്ളത് എന്നതിന് തെളിവ് ഇപ്പോഴും മാറാത്ത സിലബസുകൾ ആണ്. സ്ത്രീകൾ ശുശ്രൂഷകരായും അമ്മമാരായും ഉള്ള ചിത്രങ്ങളും മറ്റുമാണ് ഇന്നും നമുക്ക് കാണാൻ കഴിയുക. നഴ്സ്, ടീച്ചർ, ഡോക്ടർ തുടങ്ങിയവ സാധാരണ സ്ത്രീകൾ ചെയ്യുന്ന തൊഴിലുകളായും പോലീസ്, പോസ്റ്റ്മാൻ, ഡ്രൈവർ തുടങ്ങിയവ പുരുഷ തൊഴിലുകളുമായാണ് ചിത്രീകരിക്കാറ്. ഇത്തരം ചിത്രീകരണങ്ങളിൽ പലപ്പോഴും സ്ത്രീകൾ വീടുകളിൽ തന്നെ ചെയ്യുന്ന തൊഴിലുകളുടെ തുടർച്ച പേറുന്ന തൊഴിലുകളാണ് അവരുടെ പ്രൊഫഷനായി കാണിക്കുന്നത്. സ്ക്കൂൾ പാഠപദ്ധതികളിൽ ഉൾചേർക്കുന്ന ഇത്തരം വിവേചനാത്മകമായ കാര്യങ്ങൾ ഒരു മാറ്റവും കൂടാതെ ഇന്നും നിലനിൽക്കുന്നു എന്നത് തികച്ചും ലജ്ജാകരമായ കാര്യമാണ്. ഇനിയെങ്കിലും ബോധപൂർവ്വമായ ഇടപെടലുകൾ ഇതിനെതിരെ നടന്നില്ലെങ്കിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കും 'റെഡി റ്റു വെയിറ്റ്', 'നാമജപ ഘോഷയാത്ര'കൾ തുടങ്ങിയ പേക്കൂത്തുകൾക്കും നവോത്ഥാന കേരളമെന്ന് നാം വിശ്വസിക്കുന്ന ഇടം വീണ്ടും സാക്ഷിയാകേണ്ടിവരും.

ഇന്ത്യൻ ഭരണഘടന ലിംഗസമത്വം ഉറപ്പ് വരുത്തുന്നുണ്ടെങ്കിലും ഇതിനു നേർവിപരീതമായി വർത്തിക്കുന്ന ഒന്നാണ് കുടുംബം എന്ന വ്യവസ്ഥ. ഇന്ന് പാഠപുസ്തകങ്ങളിലും പൊതുമണ്ഡലത്തിന്റെ നാനാതുറകളിലും ഉള്ള ലിംഗാസമത്വത്തിനു കാരണം മാറാത്ത നമ്മുടെ വീട്ടകങ്ങൾ തന്നെയാണ്, സമൂഹം കാലാകാലങ്ങളായി തുടർന്ന് കൊണ്ടിരിക്കുന്ന ഘടനാപരമായ പ്രശ്നങ്ങൾ തന്നെയാണ് വീട്ടകങ്ങൾ പരിവർത്തന വിധേയമാകാതെ ഇന്നും നിലനിൽക്കുന്നതിന് പിന്നിൽ. പള്ളിക്കൂടങ്ങളിലേക്കും ആരാധനാലയങ്ങളിലേക്കും പൊതുനിരത്തുകളിലേക്കും ജാതിഭേദമന്യേ മനുഷ്യരെ ചേർത്ത് നിർത്തുന്നതിനു വേണ്ടി ശബ്ദമുയർത്തിയ സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങൾ എന്തുകൊണ്ട് കേരളത്തിൽ മാതൃദായക സാമൂഹിക വ്യവസ്ഥയിൽ സ്ത്രീകൾ അനുഭവിച്ചിരുന്ന സ്വത്തവകാശങ്ങൾക്കും ലൈംഗികസ്വാതന്ത്ര്യങ്ങൾക്കും എതിരെ വാചാലമായി എന്നതും ചിന്തിക്കേണ്ട കാര്യമാണ്. കേരളത്തിലെ പരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ ഫലം പുരുഷാധിപത്യ സദാചാര മൂല്യ



ങ്ങളിലേക്ക് കൂപ്പുകുത്തിയ കുടുംബ/സാമൂഹിക വ്യവസ്ഥയായിരുന്നു. ഇതിനുശേഷം കേരളത്തിൽ ഏകപതി/പത്നി സമ്പ്രദായവും സ്ത്രീകളുടെ സ്വത്ത് വിവാഹശേഷം വരന് നൽകുന്ന സ്ത്രീധനം എന്ന സമ്പ്രദായവും പ്രാബല്യത്തിൽ കൊണ്ടുവന്നു. ഈ മാറ്റങ്ങൾ ഏറെക്കുറേ അക്കാലം തൊട്ടുള്ള സാഹിത്യ കലാസൃഷ്ടികളിൽ വരെ പ്രകടമാണ്. ഇത്തരം സൃഷ്ടികളും അതിന്റെ തുടർച്ചകളും ഒക്കെ തന്നെയാണ് ഇന്നും സ്കൂൾ പാഠപുസ്തകങ്ങളിൽ നിലനിൽക്കുന്നത്. ഇത്തരം സാഹിത്യ രചനകളാണ് കഥകളുടേയും കവിതകളുടേയും രൂപത്തിൽ സ്ത്രീകളുടെ സേവനങ്ങളും ലൈംഗികതയും കുടുംബമെന്ന വ്യവസ്ഥിതിക്കുള്ളിൽ നിയന്ത്രിക്കപ്പെടേണ്ടതാണെന്നും ചോദ്യം ചെയ്യപ്പെടാതെ ചൂഷണം ചെയ്യേണ്ട ഒന്നാണെന്നുമുള്ള രീതിയിൽ തലമുറകളായി പറഞ്ഞു വരുന്നത്.

## സ്ത്രീവിദ്യാഭ്യാസം കൊളോണിയൽ കാലഘട്ടത്തിൽ

പാഠപുസ്തക പദ്ധതികൾ ചർച്ച ചെയ്യുമ്പോൾ തന്നെ അതീവ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ഇന്ത്യൻ സാഹചര്യത്തിൽ എങ്ങിനെ സ്ത്രീ വിദ്യാഭ്യാസം പ്രാവർത്തികമാക്കപ്പെട്ടു എന്നതും അതിന് വഴിയൊരുക്കിയ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളും. കോളോണിയൽ കാലഘട്ടത്തിൽ പത്തൊൻപത്, ഇരുപത് നൂറ്റാണ്ടുകളിലാണ് മിഷണറിമാരുടെ നേതൃത്വത്തിൽ സ്ത്രീകൾക്ക് ഔദ്യോഗിക വിദ്യാഭ്യാസം നൽകാൻ ആരംഭിച്ചത്. ഈസ്റ്റ് ഇന്ത്യ കമ്പനി ആദ്യ കാലങ്ങളിൽ വ്യാപാര കാര്യങ്ങളിൽ മാത്രം ശ്രദ്ധചെലുത്തിയപ്പോൾ മിഷണറിമാരാണ് ഇന്ത്യൻ സ്ത്രീകളുടെ താഴ്ന്ന പദവിയെപ്പറ്റി ശ്രദ്ധാലുക്കളായത്.


ഭർത്താവിന്റെ ചിതയിലേക്ക് ചാടി മരിക്കാൻ നിർബന്ധിക്കപ്പെടുന്ന വിധവകൾ, ശൈശവ വിവാഹം, പെൺ ശിശുഹത്യ, നിർബന്ധിത വൈധവ്യം, പെൺകുട്ടികളുടെ ഔദ്യോഗിക വിദ്യാഭ്യാസത്തിനു നേരെയുള്ള വിമുഖത, ജാതി വ്യവസ്ഥ, തുടങ്ങിയവകൾ ക്രിസ്ത്യൻ മിഷണറിമാരാൽ ശക്തമായി വിമർശിക്കപ്പെട്ടിരുന്നു. അക്കാലത്തെ സാമൂഹ്യ മനോഭാവം ഒട്ടും തന്നെ സ്ത്രീ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചിരുന്നില്ല. അടുക്കളയിലിരിക്കേണ്ട പെണ്ണിന് എന്തിന് വിദ്യാഭ്യാസം എന്നതായിരുന്നു പൊതുമനോഭാവം. വിദ്യാഭ്യാസമുള്ള സ്ത്രീകൾ വിധവകൾ ആയിത്തീരുമെന്നും അന്യ പുരുഷന്മാരുമായി അരുതാത്ത ബന്ധങ്ങളിൽ ഏർപ്പെടും എന്നുമായിരുന്നു പരക്കെ വിശ്വസിച്ചിരുന്നത്. 1876-ൽ ബംഗാൾ എഴുത്തുകാരി രസസുന്ദരി ദേവി എഴുതിയ 'അമോർ ജീബൻ' (എന്റെ ജീവിതം) എന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ ആത്മകഥ, രസസുന്ദരി ദേവി എങ്ങിനെയാണ് അക്ഷരങ്ങൾ പഠിച്ചെടുത്തത് എന്നും ആരും കാണാതെ എങ്ങിനെയാണ് അതെഴുതുന്നതെന്നും വ്യക്തമാക്കുന്നുണ്ട്. ഇന്ത്യൻ സ്ത്രീകളുടെ അക്കാലത്തെ



പദവി മനസ്സിലാക്കാൻ ഈ പുസ്തകം ഏറെ സഹായകമാണ്. ആദ്യകാലങ്ങളിൽ വൈഷ്ണവ സ്ത്രീകൾക്കും (മതപരമായ ആശയങ്ങൾ പ്രചരിപ്പിക്കാൻ), ജന്മിമാരുടെ പെൺകുട്ടികൾക്കും വിധവകൾക്കും (സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിന്), ദേവദാസികൾ, കൊട്ടാരം ഗായികമാർക്കും നർത്തകിമാർക്കും (സമൂഹത്തിലെ ബുദ്ധിമാന്മാരായ വരേണ്യ പുരുഷന്മാർ തുടങ്ങിയവർക്ക് മികച്ച കൂട്ടുകാർ ആകുന്നതിനു വേണ്ടി) മാത്രമാണ് വിദ്യാഭ്യാസം നൽകിയത്. പിന്നീട് യൂറോപ്യൻ ക്രിസ്ത്യൻ മിഷണറി പ്രവർത്തകരുടെ ശക്തമായ പ്രേരണയാൽ ആണ് തങ്ങളുടെ കോളോണിയൽ ജനതയ്ക്ക് വിദ്യാഭ്യാസം നൽകാൻ ഈസ്റ്റ് ഇന്ത്യ കമ്പനി തയ്യാറായത്.

അനാചാരങ്ങളിൽ നിന്നും അറിവില്ലായ്മയിൽ നിന്നും ഇന്ത്യക്കാരെ മോചിപ്പിച്ചു ക്രിസ്തുമതം പ്രചരിപ്പിക്കാമെന്നും യൂറോപ്യൻ മൂല്യങ്ങളിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം ലഭിച്ചാൽ ഇന്ത്യക്കാരെ കഴിവുറ്റ കോളോണിയൽ പ്രജകൾ ആക്കാമെന്നും, ബ്രിട്ടീഷ് ഭരണവുമായി ബന്ധപ്പെട്ട ജോലികളിൽ ഇവർക്ക് ബ്രിട്ടീഷ് സർക്കാരിനെ സഹായിക്കാൻ ആകുമെന്നും മിഷണറിമാർ കണക്ക് കൂട്ടിയതിന്റെ ഫലമാണ് ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ തുടക്കം. ആദ്യകാലങ്ങളിൽ മിഷനറിമാർ നടത്തിയിരുന്ന പെൺകുട്ടികൾക്കുള്ള സ്കൂളുകൾക്കെതിരെ ശക്തമായ പൊതു എതിർപ്പുണ്ടായിരുന്നു. ക്രിസ്തുമതം പ്രചരിപ്പിക്കുന്നു എന്നതായിരുന്നു ഇതിന് കാരണം. അക്ഷരമാല, എഴുത്തും വായനയും, കണക്ക്, പരിസ്ഥിതിപഠനം, പൊതുവിജ്ഞാനം, തുന്നൽപണികൾ, ടൈലറിംഗ്, ബൈബിൾ പഠനം, ചരിത്രം തുടങ്ങിയവയായിരുന്നു മിഷണറി സ്കൂളുകളിലെ പാഠ്യപദ്ധതികൾ. ക്രിസ്ത്യൻ പരിവർത്തനം നടത്തപ്പെട്ട പെൺകുട്ടികൾക്ക് വേണ്ടിയായിരുന്നു ബൈബിൾ ചരിത്രങ്ങളും മറ്റും. പള്ളിക്കൂടങ്ങളിലെ വിദ്യാഭ്യാസത്തിനു ശേഷം പല പെൺകുട്ടികളും വിവാഹം കഴിച്ചു പോകാറായിരുന്നു പതിവ്. പെൺകുട്ടികളെ സ്കൂളിൽ എത്തിക്കാനും കൊഴിഞ്ഞുപോക്ക് തടയാനും മിഷനറിമാർ അന്ന് ഏറെ കഠിനാധ്വാനം ചെയ്യേണ്ടി വന്നിട്ടുണ്ട്. സ്ത്രീകളെ അധ്യാപികമാരാക്കുക, പെൺകുട്ടികൾക്ക് മാത്രമായി പ്രത്യേകം സ്കൂൾ തുടങ്ങുക എന്നിവയായിരുന്നു അവ. 1850 ആകുമ്പോഴേക്കും 384 മിഷണറി സ്കൂളുകൾ പെൺകുട്ടികൾക്ക് വേണ്ടി ഉണ്ടായിരുന്നു എന്ന് വീണ പുനച്ച(1999) 'അണ്ടർസ്റ്റാണ്ടിംഗ് വിമൻസ് സ്റ്റഡീസ്' എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. ഇത്തരം സ്കൂളുകൾ അധികവും പ്രാദേശിക ഭാഷകൾ ആണ് അധ്യയനത്തിനായി തിരഞ്ഞെടുത്തത്.

ഇന്ത്യയിലെ സാമൂഹിക പരിഷ്ക്കർത്താക്കൾ ആദ്യകാലങ്ങളിൽ മിഷണറിമാരോട് അടുത്ത സൗഹാർദ്ദങ്ങൾ സൂക്ഷിച്ചിരുന്നവരായിരുന്നു. ദേശീയതാപ്രശ്നങ്ങൾ ഉയർത്തിയ മത പരിവർത്തന വിഷയങ്ങൾ പരിഷ്ക്കർത്താക്കളെ ഇവരിൽ നിന്നും പിന്നീട് അകറ്റുന്നതിന് കാരണമായി. അതിനാൽ




രസസുന്ദരി ദേവിയുടെ അമാർ ജീബൻ എന്ന കൃതി

ജ്യോതിഭ ഫൂലെയുടെയും മറ്റ് സാമൂഹിക പരിഷ്ക്കർത്താക്കളുടെയും വിദ്യാസമ്പന്നരായ സ്ത്രീകളുടേയും നേതൃത്വത്തിൽ ആണ് സ്ത്രീ വിദ്യാഭ്യാസം ഇന്ത്യയിൽ വളർച്ച പ്രാപിച്ചത്. ഇവരുടെ പ്രധാന ലക്ഷ്യം യൂറോപ്യൻ സമൂഹം ഇന്ത്യയെ പിന്നോക്കം എന്ന് വിളിച്ചാക്ഷേപിച്ച അജ്ഞതയേയും അനാചാരങ്ങളെയും പിഴുതെറിഞ്ഞ് സ്ത്രീകളുടെ പദവി ഉയർത്തുക എന്നതുമായിരുന്നു. നിർബന്ധിത വൈധവ്യം, സതി നിരോധനം, വിവാഹ പ്രായത്തിലുള്ള മാറ്റം തുടങ്ങിയവ ബംഗാൾ, ബോംബേ, മദ്രാസ് എന്നീ പ്രസിഡൻസികളിൽ സ്ത്രീകളുടെ വിദ്യാഭ്യാസത്തിലേക്കുള്ള കടന്നുവരവിനെ കൂടുതൽ ഊർജ്ജമുള്ളതാക്കി. സ്ത്രീകൾക്ക് കൂടുതൽ സ്കൂളുകളും, കോളേജുകളും മെഡിക്കൽ വിദ്യാഭ്യാസം തുടങ്ങിയവയും തുടങ്ങിയതിന് സാമൂഹിക പരിഷ്കർത്താക്കളുടെ പങ്ക് വലുതാണ്. വിവാഹം കഴിഞ്ഞു പോയ സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിലേക്ക് തിരിച്ചുവരാനും മറ്റും ഈ കാലഘട്ടത്തിൽ കറസ്പോണ്ടൻസ് പഠനങ്ങളും ആരംഭിക്കയുണ്ടായി. മിഷണറിവിദ്യാഭ്യാസം നേടിയ പെൺകുട്ടികൾ സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ സ്കൂളുകൾ തുറന്നിരുന്നു. വിവാഹത്തിന് പോലും പിന്നീട് സ്ത്രീവിദ്യാഭ്യാസം യോഗ്യതയായി മദ്ധ്യവരേണ്യ വർഗ്ഗങ്ങൾക്കിടയിൽ പോലും മാറുന്നതായാണ് കാണപ്പെട്ടത്. ആധുനിക ഇംഗ്ലീഷ് അഭ്യസ്തവിദ്യരായ ഇന്ത്യൻ യുവാക്കൾക്ക് അവരുടെ പദവിക്കനുസരിച്ചുള്ള ഭാര്യമാർ എന്നത് കുടുംബ യോഗ്യതയായി കണക്കാക്കപ്പെട്ടിരുന്നു. ആധുനിക പുരുഷന്റെ ഉത്തമ ഗൃഹസ്ഥയാകാനുള്ള സ്ത്രീകളെ വാർത്തെടുക്കുന്ന സ്കൂൾ പാഠ്യപദ്ധതികൾക്ക് അന്നേ നല്ല പ്രചാരം ലഭിച്ചിരുന്നു. ഗൃഹശാസ്ത്രം, പാശ്ചാത്യ സംഗീതം, ആർട്ട് ആൻഡ് ക്രാഫ്റ്റ്, ഗാർഡനിംഗ്, തുടങ്ങിയവ ജനങ്ങളുടെ അവശ്യപ്രകാരം പാഠ്യപദ്ധതി പരിഷ്കരണങ്ങളിൽ കോളോണിയൽ സർക്കാർ ഉൾപെടുത്തുകയുണ്ടായി. ചന്ദു മേനോന്റെ 'ഇന്ദുലേഖ' എന്ന നോവലിൽ ആധുനിക വിദ്യാഭ്യാസം നേടിയ നായർ സ്ത്രീയെ ഇത്തരത്തിൽ തന്നെ ചിത്രീകരിച്ചിട്ടുണ്ട്. ബ്രിട്ടീഷ് സർക്കാരിനു കീഴിലെ ഉന്നത തൊഴിൽസാധ്യതകളും മറ്റും തദ്ദേശ ജനതയെ കൂടുതൽ പാശ്ചാത്യവിദ്യാഭ്യാസം നേടുന്നതിന് വേണ്ടി പ്രേരിപ്പിച്ചിരുന്നു. അത്തരം സമ്മർദ്ദങ്ങൾ കൂടുതൽ സർക്കാർ സ്കൂളുകൾ ആരംഭിക്കുന്നതിനും പുതിയ വിദ്യാഭ്യാസ നയങ്ങൾ രൂപീകരിക്കുന്നതിനും ബ്രിട്ടീഷ് അഡ്മിൻസ്ട്രേഷനെ ചുമതലപ്പെടുത്തി. ഇത്തരം നയങ്ങൾ ഇന്ത്യൻ സ്ത്രീകളുടെ പദവി ഉയർത്തുന്നതിന് കുറച്ചൊന്നുമല്ല സഹായകമായത്.

പത്തൊമ്പത്, ഇരുപത് നൂറ്റാണ്ടുകളിൽ ഇന്ത്യൻ സമൂഹത്തിൽ നിലനിന്നിരുന്ന അനാചാരങ്ങളെയും അജ്ഞതയെയും തൂത്തെറിയുന്നതിനും സ്ത്രീകളുടെയും മറ്റ് അധഃകൃത വിഭാഗങ്ങളുടെയും നില മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസം സഹായകമായിട്ടുണ്ട്. വിദ്യാഭ്യാസം ഇന്ത്യൻ സമൂഹത്തിൽ നിലനിന്നിരുന്ന ജാതീയമായ ലിംഗ വിവേചനങ്ങളോട് സന്ധിയില്ലാസമരം ചെയ്യാൻ കൂടി സ്ത്രീകളെ പ്രാപ്തരാക്കിയിരുന്നു എന്നതിന് ഉദാഹരണമായിരുന്നു  തിരുവിതാംകൂറിൽ ചാന്നാർ സ്ത്രീകളുടെ നേതൃത്വത്തിൽ നടന്ന മാറ് മറയ്ക്കൽ സമരം. സമരത്തിന് പിന്നിൽ പള്ളികളും പള്ളിക്കൂടങ്ങളുമാണ് എന്ന് പറഞ്ഞ സവർണ്ണർ അന്ന് നശിപ്പിച്ചത് മിഷനറിമാരുടെ മേൽനോട്ടത്തിലുള്ള സ്കൂളുകളായിരുന്നു. അടിച്ചമർത്തപ്പെട്ട സ്ത്രീകളെ മോചിപ്പിക്കുക എന്നാൽ അടിച്ചമർത്തുന്ന അധികാര ശ്രേണികളെ വെല്ലുവിളിക്കുക എന്ന് തന്നെയാണ് അർത്ഥം. അതിനാൽ തന്നെ അത്തരം ശ്രേണികൾ ഉല്പാദിപ്പിക്കുന്ന പ്രവണത പാഠപുസ്തകങ്ങളിലേയും സ്കൂൾ അന്തരീക്ഷങ്ങളിലെയും സാമൂഹിക വൽക്കരണ പ്രക്രിയകളിൽ നിന്നും തുടച്ച് നീക്കേണ്ടതുണ്ട്.

### സൂചിക

തനിക സർക്കാർ (1987) നാഷനലിസ്റ്റ് ഐകനോഗ്രാഫി: ഇമേജ് ഓഫ് വിമൻ ഇൻ 19 സെഞ്ചുറി ബംഗാളി ലിറ്ററേച്ചർ, ഇപിഡബ്ല്യു

തനിക സർക്കാർ (1999) വേർഡ്സ് ടോ വിൻ: ദി മേക്കിംഗ് ഓഫ് അമർ ജീബൻ എ മോഡേൺ ഓട്ടോ ബയോഗ്രഫി, കാളി ഫോർ വിമൻ, ന്യൂ ഡൽഹി.


വീണ പുനച്ച (1999) അണ്ടർ സ്റ്റാന്റിംഗ് വിമൻസ് സ്റ്റഡീസ്, റിസേർച് സെൻറർ ഫോർ വിമൻസ് സ്ടഡീസ്, എസ് എൻ ഡി റ്റി വിമൻസ് യുനിവേർസിറ്റി.

കരുണ ചനന (2001) ഇൻററോഗേറ്റിംഗ് വിമൻസ് എജുക്കേഷൻ ബൌണ്ട് വിഷൻസ്, എക്സ്പാന്റിംഗ് ഹൊറിസോൺസ്, റാവത്ത് പബ്ലിക്കേഷൻസ്, ന്യൂ ഡൽഹി.



**രൂപമഞ്ജരി ഹെഗ്ഡെ**
ഗുഡ്ഗാവിൽ അധ്യാപക പരിശീലന
മേഖലയിൽ പ്രവർത്തിക്കുന്ന
I am a Teacher എന്ന
എൻ.ജി.ഒ.യിലെ അധ്യാപികയാണ്.


വിവർത്തകർ:





**അനഘ ഫാത്തിമ യൂനുസ്** **രേവതി കെ.എസ്.**
കോഴിക്കോട് സർവകലാശാല സ്ത്രീപഠനവിഭാഗം,
ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾ

# പൗരത്വനിർമ്മിതി പാഠപുസ്തകങ്ങളിലൂടെ



**ലോ**കത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പൗരന്മാരുടെ സജീവ ജനാധിപത്യപങ്കാളിത്തത്തെ വിദ്യാർത്ഥിസമൂഹത്തിലേക്കെത്തിക്കുന്നതിൽ പൗരത്വവിദ്യാഭ്യാസത്തിന്റെ പങ്ക് വളരെ വലുതാണ്. വിദ്യാർത്ഥികളിൽ പൗരത്വത്തെ സംബന്ധിച്ച അറിവ് നൽകുന്നതിലും പാഠപുസ്തകങ്ങൾ വളരെ വലിയ പങ്ക് വഹിക്കുന്നുണ്ട്. ജനാധിപത്യ വ്യവസ്ഥയുടെ അവിഭാജ്യഘടകങ്ങളായി മാറാനും അതിൽ പങ്കാളികളാവാനും അതുവഴി ഓരോ വ്യക്തിക്കും സാധ്യമാകുന്നു എന്നതും ശ്രദ്ധേയമാണ്. രാഷ്ട്രപുരോഗതിക്കായി ഓരോ വിദ്യാർത്ഥിയും തങ്ങളുടെ സംഭാവനകൾ നൽകുന്നതിനുതകുന്ന തരത്തിൽ അവരുടെ അവകാശങ്ങൾ, കടമകൾ എന്നിവയെയെല്ലാം പൗരത്വവിദ്യാഭ്യാസം ഓർമ്മിപ്പിക്കുകയും ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നുണ്ട്.എൻ.സി.ഇ.ആർ.ടിയിലെ സിവിക്സ് പാഠപുസ്തകങ്ങൾ ഒരു പൗരൻ എന്ന നിലയിൽ ഓരോ വിദ്യാർത്ഥിയിലും രൂപപ്പെടുത്തേണ്ട മൂല്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നവയാണ്. കൂടാതെ യുക്തിപൂർവ്വമായ പെരുമാറ്റം, കൂടെയുള്ളവരോട് കാണിക്കേണ്ട അനുകമ്പ,തങ്ങളോടും കുടുംബത്തോടും സമൂഹത്തോടും ചെയ്യേണ്ട കടമകൾ എന്നിവയെയെല്ലാം പൗരത്വവിദ്യാഭ്യാസ പുസ്തകങ്ങളുടെ ഉള്ളടക്കത്തിന്റെ ഭാഗമാണ്.

കേവലം ഒരു പൗര/നായിരിക്കുക എന്നതില്ല മറിച്ച് മികച്ച ഒരു പൗര/നായി മാറുക ഇതിനുതകുന്ന മേന്മകൾ സൃഷ്ടിച്ചെടുക്കുന്ന തരത്തിൽ സ്വയം പ്രതിഫലിപ്പിക്കുക എന്നതാണ് പ്രധാനം.

രാജ്യത്തിന്റെ പരമോന്നതമായ നിയമങ്ങൾ അനുസരിക്കുക, സ്വതാൽപ്പര്യങ്ങളെക്കാൾ,

രാജ്യ താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകുക, സ്വന്തം രാജ്യത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെയും, അരക്ഷിതാവസ്ഥകളെയും കുറിച്ച് ബോധവാന്മാരാവുക എന്നിങ്ങനെയാകുന്നു ആ മേന്മകൾ.അതുപോലെ പഠിതാക്കളോട് തങ്ങളുടെ അവകാശങ്ങളെയും, കർത്തവ്യങ്ങളെയും കുറിച്ച് ബോധവാന്മാരായിരിക്കുവാൻ പൗരത്വ വിദ്യാഭ്യാസം അനുശാസിക്കുന്നുണ്ട്. പാഠപുസ്തകങ്ങൾ പ്രതിഫലിപ്പിക്കുന്നതും അത്തരത്തിൽ ഓരോ പൗരനും നിറവേറ്റേണ്ട കടമകളെയും, സ്വായത്തമാക്കേണ്ട അവകാശങ്ങളെയും കുറിച്ചു തന്നെയാണ്.

ജനാധിപത്യത്തിനുള്ളിൽ നിലകൊള്ളുന്ന പൗരത്വം കേവലം ഒരു കടമ മാത്രമല്ല, മറിച്ച് ഇന്ത്യൻ ഭരണഘടന ജാതി, മത, ലിംഗ ഭേദമെന്യേ ഉറപ്പുനൽകുന്ന അവകാശങ്ങളാണ്. ഈ അവകാശങ്ങൾ ഓരോ പൗരനിലും വ്യക്തിത്വ രൂപീകരണത്തിൽ കാരണങ്ങളാകുന്നു (ജയാൽ 2013:2). വ്യത്യസ്ത രീതിയിൽ രൂപകൽപ്പന ചെയ്യപ്പെടുന്ന ഇത്തരം പാഠപുസ്തകങ്ങൾക്ക് പൗരത്വ സങ്കല്പങ്ങളിലും, രാജ്യത്തെക്കുറിച്ചുള്ള വിചിന്തനങ്ങളിലും മാറ്റം കൊണ്ടുവരാൻ സാധിക്കും എന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? 2005 ലെ നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് (എൻ സിഎഫ്)

ഇത്തരം സമൂലമായ മാറ്റങ്ങൾ കൊണ്ടുവന്നതിന് വൈജ്ഞാനികളുടെ പ്രശംസ പിടിച്ചുപറ്റിയിരുന്നു (ഭാർട്ട: 2010:13). എൻ സി എഫ്ന്റെ നിഗമനത്തിൽ, പൗരത്വവിദ്യാഭ്യാസം അരികുവത്കരിക്കപ്പെട്ട സമൂഹങ്ങളോടുള്ള കാഴ്ചപ്പാടുകളെ സാമൂഹികനീതി, മനുഷ്യാവകാശം എന്നീ തലങ്ങളിൽ, വിമർശനാത്മക അദ്ധ്യാപനവും അത്തരത്തിൽ വരുന്ന മറ്റു പ്രശ്നങ്ങളും കൂട്ടിച്ചേർത്തുകൊണ്ടുള്ള വീക്ഷണത്തിലൂടെയാണ് രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നത്. ഒപ്പം നമ്മുടെ രാഷ്ട്രത്തെ വൈവിധ്യമാർന്ന രീതിയിൽ സങ്കൽപ്പി

ക്കുന്നതിനും, ലിംഗപരമായ ആശങ്കകൾക്ക് ഊന്നൽ നൽകുന്നതിനും ശ്രമം നടത്തിയിട്ടുണ്ട്. കാലാനുസൃതമായി സമഭാവന ചെയ്യപ്പെടുന്ന പുത്തൻ കാഴ്ചപ്പാടുകൾ എത്രത്തോളം പ്രത്യക്ഷമാകുന്നുണ്ടെന്ന് 'ലുക്കിംഗ് എറൗണ്ട്' പോലുള്ള സാമൂഹികശാസ്ത്രപാഠപുസ്തകങ്ങളെയും 'സോഷ്യൽ ആൻഡ് പൊളിറ്റിക്കൽ ലൈഫ് സീരീസ് ' തുടങ്ങിയ പുസ്തകങ്ങളെയും സംക്ഷിപ്തമായ പരിശോധനയിലൂടെ വിശകലനം ചെയ്തുകൊണ്ട് പ്രതിപാദിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. പാഠ്യപദ്ധതി മാറ്റങ്ങൾ പാഠപുസ്തകങ്ങളിലൂടെ പ്രതിഫലിക്കുന്നുണ്ടെങ്കിലും, അദ്ധ്യാപന പ്രക്രിയക്ക് പരിവർത്തനം ഉണ്ടാകുമ്പോൾ മാത്രമേ അവ പൂർണമാകുന്നുള്ളു. അദ്ധ്യാപകന്റെ സജീവമായ ഇടപെടലുകൾ കൊണ്ട് മാത്രമേ ഇത് സാധ്യമാകുകയുള്ളു.അതുകൊണ്ടുതന്നെ ഈ ലേഖനം ഒരു അദ്ധ്യാപകൻ ഭാവി പൗരന്മാരെ വളർത്തുന്നതിൽ വഹിക്കുന്ന നിർണായക പങ്കും പരിശോധിക്കുന്നുണ്ട്.

**സമഭാവന ചെയ്യപ്പെടുന്ന രാഷ്ട്രം**

എത്തരത്തിൽ ആണോ രാഷ്ട്രത്തെ നാം സമഭാവന ചെയ്യുന്നത്, അപ്രകാരമാണ് പാഠപുസ്തകങ്ങളിലെ പൗരത്വ നിർമ്മിതി പ്രതിഫലനം ചെയ്യപ്പെടുന്നത്.



നിയമാനുസൃതമായി ഈ സങ്കല്പത്തിൽ ഉൾക്കൊള്ളപ്പെടുന്നത് ആരെല്ലാമാണ്? എപ്രകാരമാണ്? ഇതിനു വെളിയിൽ നിൽക്കുന്നവർ ആരെല്ലാം?

ഈ ചോദ്യങ്ങളെല്ലാം തന്നെ വിമർശനാത്മകമായി വിലയിരുത്തപ്പെടേണ്ടിയിരിക്കുന്നു. ഇന്ത്യൻ സമൂഹത്തിൽ നിലകൊള്ളുന്ന പുരുഷാധിപത്യവും, സാമൂഹികവും സാംസ്കാരികവുമായ ബഹുസ്വരതയും പ്രതിപാദനം ചെയ്യാത്തതിൽ'നാഷണൽ കരിക്കുലം ഫ്രെയിംവർക്ക് ഫോർ സ്കൂൾ എഡ്യൂക്കേഷൻ'വിഭാഗവും, ഇംഗ്ലീഷ്, സാമൂഹിക ശാസ്ത്രം പാഠപുസ്തകങ്ങളും വിമർശനം നേരിട്ടിരുന്നു. ഇതിന് ബദലായി, ഇന്ത്യൻ സാമൂഹിക വ്യവസ്ഥയിൽ നിലകൊള്ളുന്ന സാംസ്കാരിക ബഹുസ്വരതയെ വിഭാവന ചെയ്യുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായത്തെ മുന്നോട്ടുവെക്കുന്നുണ്ട്. ദൃഢമായൊരു വിദ്യാഭ്യാസ മാതൃക ഉണ്ടാക്കിയെടുക്കേണ്ടതിന്റെ

അവശ്യകതയും, അതുവഴി ഊട്ടിയുറപ്പിക്കപ്പെടേണ്ട ജനാധിപത്യ രാഷ്ട്രീയ വ്യവസ്ഥിതിയും ഇവിടെ ഉന്നയിക്കപ്പെടുന്നുണ്ട്. മതേതരത്വത്തിലും, തുല്യതയിലും, ബഹുസ്വരതയിലും നിർമ്മിതമാ

യ ഒരു സാമൂഹികനീതി തന്മൂലം ഭാരതത്തിൽ വിഭാവന ചെയ്യപ്പെടാൻ സഹായകമാവുന്നു. 'ലുക്കിംഗ് അറൌണ്ട്' (എൽ എ)'സോഷ്യൽ ആൻഡ് പൊളിറ്റിക്കൽ ലൈഫ്' (എസ് പി എൽ) എന്ന സീരീസിലെ പുസ്തകങ്ങൾ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ തന്നെ സമൂഹത്തിൽ വസിക്കുന്ന ആളുകളെയും, അവരുടെ സാമൂഹികവും, സാമ്പത്തികവും, സാംസ്കാരികവുമായ ജീവിതത്തെ പ്രതിപാദിക്കുന്നത് കാണാൻ സാധിക്കും. രാജ്യത്തിന്റെ ഗ്രാമീണ മേഖലകൾ മുതൽ മുംബൈ മെട്രോ നഗരം വരെ എന്ന തരത്തിൽ ഇന്ത്യൻ പൗരത്വത്തെ വിവക്ഷിക്കപ്പെടുന്നു.

(ദ സ്റ്റോറി ബോർഡ് ഓഫ് ശാന്തി, എസ് പി എൽ), ആന്ധ്ര പ്രദേശിലെ കുർനോൽ പോലുള്ള അർദ്ധ-നാഗരിക അനുഭവങ്ങൾ മുതൽ (ദ സ്റ്റോറി ഓഫ് സ്വപ്ന എസ് പി എൽ കക 105), മധ്യപ്രദേശിലെ ഗ്രാമീണ ഉൾപ്രദേശങ്ങൾ വരെ (ദ സ്റ്റോറി ഓഫ് തവാ മാത്സ്യ സംഘ എസ് പി), ഒറീസ്സയിലെ ആദിവാസി മേഖലയെയും ഇതിൽ വീക്ഷിക്കാനാവുന്നതാണ് (ദ സ്റ്റോറി ബോർഡ് ഓഫ് ടാടു എസ് പി എൽ). ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിങ്ങനെ നിരവധി ജീവിത രേഖകളെക്കുറിച്ചും, പ്രതിപാദിക്കുന്നുണ്ട്. നമ്മൾ കഴിക്കുന്ന ഭക്ഷണം,'ദ ഫുഡ് വീ ഈറ്റ്' എന്ന പാഠഭാഗത്തിൽ കശ്മീർ മുതൽ കന്യാകുമാരി വരെയുള്ള ഭക്ഷണ രീതികളെക്കുറിച്ച് വിവരിക്കുന്നുണ്ട്. മറ്റൊരു പാഠഭാഗമായ 'എ ഹൗസ് ലൈക് ദിസ്' എന്നതിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ള ഗൃഹങ്ങളെ കുറിച്ച് വിവരിക്കപ്പെടുന്നുണ്ട്. ബുപെൻ (ആസ്സാം), നസീം (ശ്രീനഗർ), ചാമേലി (മണാലി), കൺഷിറാം (രാജസ്ഥാൻ), മിട്ടാലി (ദില്ലി) എന്നിങ്ങനെ ഭൂപ്രദേശങ്ങൾക്കും, പാരിസ്ഥിതികമായ ആവശ്യകതകൾക്കും അനുസൃതമായി ഒരോ പാർപ്പിടങ്ങളും നിർമ്മിക്കപ്പെടുന്നതിന്റെ രീതികളും ഇവിടെ വിവരിക്കപ്പെടുന്നു. വിദ്യാർത്ഥികളെ സ്വാധീനിക്കുന്ന തരത്തിൽ എഴുത്തും, ചിത്രങ്ങളും ഉൾക്കൊള്ളുന്നവയാണ്

ഈ പാഠപുസ്തകങ്ങൾ. നേടിയെടുക്കുന്ന വിജ്ഞാനത്തെ, മനസ്സിൽ ചിത്രീകരിക്കാൻ സഹായകമാവുന്ന തരത്തിലാണ് വിദ്യാർത്ഥികൾക്ക് ഈ പുസ്തകങ്ങൾ ലഭ്യമാവുന്നത്. പാഠപുസ്തകങ്ങളിലെ സാമൂഹിക അന്തരീക്ഷത്തെ ബഹുമതസ്വഭാവമുള്ളതായി വിവക്ഷിക്കപ്പെടാവുന്നതാണ്. ഇതിൽ നൽകിയിരിക്കുന്ന ഉദാഹരണങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടിയിരിക്കുന്നു. വിവിധ ന്യൂനപക്ഷങ്ങളെ പരാമർശിക്കുന്നത് ശ്രദ്ധേയമാണ്. ആൻവാരി എന്ന മുസ്ലിം സ്ത്രീ (അലക്കുകാരി), മെലാനി എന്ന ക്രിസ്ത്യൻ വിഭാഗക്കാരി ( വീട്ടുജോലിക്കാരിയായ സ്ത്രീ), ജസ്പ്രീത് എന്ന സിഖ്, ഉയർന്ന മധ്യവർഗ്ഗക്കാരിയായ സ്ത്രീ എന്നിങ്ങനെ നാനാ മതവിഭാഗങ്ങളെ ഈ പാഠപുസ്തകങ്ങൾ പ്രതിനിധീകരിക്കുന്നു. നിലനിൽക്കുന്ന ഏകതാനമായ ഇന്ത്യൻ ജാതി-മത വ്യവസ്ഥയെ വെല്ലുവിളിക്കുന്ന രീതിയിലാണ് പാഠപുസ്തകങ്ങൾ നിലകൊള്ളുന്നത്.വൈവിധ്യപൂർണ്ണമായ ഇന്ത്യൻ സാമൂഹിക സാംസ്കാരിക ധ്രുവങ്ങളെ ഈ വിജ്ഞാന ശേഖരങ്ങൾ പ്രതിധ്വനിപ്പിക്കുന്നുണ്ട്.

**സാംസ്കാരികവൈവിധ്യവും സാമ്പത്തിക അസമത്വവും**

സാംസ്കാരികവൈവിധ്യം ഉള്ളിലുടനീളം ഒരു ശക്തിസ്രോതസ്സായി ചിത്രീകരിക്കുകയും അത് വഴി സാമ്പത്തിക അസമത്വങ്ങളെയും സാമൂഹിക സാംസ്കാരിക അസ്വാരസ്യങ്ങളെയും അവഗണിക്കുകയും ചെയ്തിരുന്ന എൻസിഇആർടിയുടെ ചില മുൻകാല(1975 – 2004) പാഠപുസ്തകങ്ങളിൽ നിന്ന് വ്യത്യസ്തമായി, വൈവിധ്യത്തെ എൽ.എ , എൽ. പി. എൽ പരമ്പരകൾ പ്രശ്നവൽക്കരിക്കുന്നുണ്ട്. അതിന്റെ ഗുണമേന്മകൾ ചൂണ്ടിക്കാണിക്കുന്നതോടൊപ്പം തന്നെ വൈവിധ്യങ്ങളിൽ നിന്നുയർന്നുവരുന്ന സാമൂഹിക- സാമ്പത്തിക ഭിന്നതകൾക്കും അവ മുഖേന അസമത്വങ്ങൾക്കും വിവേചനങ്ങൾക്കും വഴിയൊരുക്കുന്നതിലേക്കും ശ്രദ്ധ തിരിക്കുന്നുണ്ട്. ഉദാഹരണത്തിന്, നാം കഴിക്കുന്ന ഭക്ഷണം എന്ന പാഠം ധഎൽ. എ ക:36 42പ തുടങ്ങുന്നത് വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള ഒരു സംഘം കുട്ടികൾ ചേർന്ന് തങ്ങൾ തലേ ദിവസം രാത്രി കഴിച്ച ഭക്ഷണത്തെ പറ്റി ചർച്ച ചെയ്യുന്ന ചിന്തോദ്ദീപകമായ ചിത്രത്തോട് കൂടിയാണ്. പല കുട്ടികളും പൂരി, പായസം, ഓംലെറ്റ്,

മീൻ, പരിപ്പ്, ചോറ് എന്നിവയൊക്കെ ആസ്വദിച്ചതിനെപ്പറ്റി പറയുമ്പോൾ ഒരു കുട്ടി പങ്കുവെക്കുന്നത് തന്റെ അമ്മ ജോലിക്ക് പോകുന്ന വീട്ടിൽ നിന്നും കിട്ടിയ ബാക്കിയായ നൂഡിൽസിന്റെ രുചിയെ കുറിച്ചാണ്. എന്നാൽ മറ്റൊരു കുട്ടിക്ക് പറയാനുള്ളതാകട്ടെ അവളുടെ വീട്ടിൽ ഒരു ഭക്ഷണവും പാകം ചെയ്യാതിരുന്നതിനെ പ്പറ്റിയാണ്. ഈ ചർച്ച അടിവരയിട്ട് കാണിക്കുന്നത് സാംസ്കാരിക വൈവിധ്യത്തെയും അതോടൊപ്പം തന്നെ സമൂഹത്തിൽ നിലനിൽക്കുന്ന ഭീകരമായ അസമത്വങ്ങളെയുമാണ്. ഈ ചിത്രത്തെ തുടർന്നുള്ളത് ഈ വിഷയത്തിൽ ആഴത്തിലുള്ള ഒരു ചർച്ചയ്ക്ക് വഴിയൊരുക്കുന്ന ചിന്തോദ്ദീപകമായ ചോദ്യങ്ങളുടെ ഒരു ശ്രേണിയാണ്.

ഒരു കുട്ടിയുടെ വീട്ടിൽ ഒരു ഭക്ഷണവും പാകം ചെയ്യപ്പെട്ടില്ല എന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകാം. എന്തായിരിക്കും കാരണം?
വിശന്നിരിക്കുകയും എന്നാൽ കഴിക്കാൻ ഒന്നുമില്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥയിലൂടെ നിങ്ങൾ എപ്പോഴെങ്കിലും കടന്നുപോയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട് ?

ഗ്രാമ-നഗര പ്രാന്തങ്ങളെ ഒന്ന് പ്രശാന്തസുന്ദരവും മറ്റൊന്ന് പ്രശ്നങ്ങൾ നിറഞ്ഞതുമായ ദ്വന്ദങ്ങളായി ചിത്രീകരിക്കുന്നതിന് പകരം വർഗ-ജാതി അധികാരശ്രേണികളാൽ തരംതിരിക്കപ്പെട്ട വിവിധ താൽപര്യങ്ങളുടെ ക്രയവിക്രയങ്ങളും സം

ഘർഷങ്ങളും സംഭവിക്കുന്ന പ്രതികൂല ഇടങ്ങളായിട്ടാണ് ഈ പാഠപുസ്തകങ്ങൾ പ്രതിനിധീകരിക്കുന്നത്.പശ്ചാത്തലം ഗ്രാമീണമോ നാഗരികമോ ആണെങ്കിലും എൽ.എ ,എൽ.പി പരമ്പരകളിലെ ആളുകളെ നാനാവിധ സാമൂഹികശ്രേണിയിലെ വ്യത്യസ്ത ജീവിതസാഹചര്യങ്ങളിൽ നിന്നുള്ളവരെ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഭിമാനത്തോടെയുള്ള ഒരു ജീവിതം എന്ന മൗലിക അവകാശത്തെ നിറവേറ്റുവാൻ ഇരുമണ്ഡലങ്ങളിലെയും സാധാരണ പൌരന്മാർ അനുഭവിക്കുന്ന സംഘർഷങ്ങളെയും ഈ പാഠപുസ്തകങ്ങൾ പ്രതിപാദിക്കുന്നുണ്ട്.

എൽ.എ, എൽ.പി പരമ്പരകളിലെ കർഷക സമുദായം തന്നെ ആഴത്തിൽ വിഭജിക്കപ്പെട്ടതിന്റെ ഉദാഹരണമാണ്. സമ്പന്നരായ ഭൂവുടമകളെയും (രാമലിംഗം) ചെറുകിട കർഷകരെയും (ശേഖർ) അന്നന്നത്തെ അന്നത്തിന് അധ്വാനിക്കുന്ന ഭൂരഹിതരായ കാർഷികതൊഴിലാളികളെയും (ധനു, തുളസി) ഉൾക്കൊള്ളുന്ന സമൂഹമാണത്. ഗ്രാമീണ സമ്പദ് വ്യവസ്ഥ ,നെയ്ത്ത്, മീൻപിടിക്കൽ, കന്നുകാലി മേയ്ക്കൽ (പാഠം 22, പാഠം 8) തുടങ്ങിയ കർഷകേതര പ്രവർത്തനങ്ങളെയും ആശ്രയിച്ചിരിക്കുന്നതായി കാണിക്കുന്നു. കർഷകരെ പോലെയുള്ള ഗ്രാമീണപൗരർ അനുഭവിക്കുന്ന കൃഷിനാശം, കടക്കെണിയെ തുടർന്നുള്ള ആത്മഹത്യ (ശേഖർ, എസ്.പി.എൽ 1:70 ക്രോപ്പ് ഫെയിലിയർ, ടെപ്റ്റ് & സൂയിസൈഡ്) തുടങ്ങിയ പ്രശ്നങ്ങളെയും എടുത്തുകാണിക്കുന്നുണ്ട്.

എൽ.എ, എൽ.പി പരമ്പരകളിലെ നഗരഭൂപ്രകൃതിയെ പ്രതിനിധീകരിക്കുന്നത് അംബരചുംബികളോ മിന്നൽവേഗത്തിൽ പായുന്ന വാഹനവ്യൂഹമോ മോടിയേറിയ ആശുപത്രികളോ ഷോപ്പിങ് മാളുകളോ മാത്രമല്ല, വൃത്തിഹീനമായ തൊഴിലാളി വർഗത്തിന്റെ അയൽക്കൂട്ടങ്ങളും, തിങ്ങിനിറഞ്ഞ സർക്കാർ ആശുപത്രികളും വഴിയോരത്തെ തട്ടുകടകളും കൂടിയാണ്. വിവിധ സാമൂഹിക-സാമ്പത്തിക ശ്രേണിയിൽ നിന്നുള്ള ജനങ്ങൾ നഗരത്തിന്റെ ആവാസവ്യവസ്ഥയെ രൂപപ്പെടുത്തുന്നു. ഇവിടെ വൻകിട വ്യവസായികളും ഉയർന്ന മധ്യവർഗക്കാരും സർക്കാർ ഉദ്യോഗസ്ഥരും മധ്യവർഗക്കാരുമെല്ലാം താഴ്ന്ന മധ്യവർഗക്കാരുമായും ഫാക്ടറി തൊഴിലാളികൾ പോലുള്ള തൊഴിലാളി വർഗവുമായും വഴിയോരക്കച്ചവടക്കാർ, അനാഥർ, ഭൂരഹിതർ, റിക്ഷ തൊഴിലാളികൾ, കലാകാരന്മാർ, തെരുവുകുട്ടികൾ തുടങ്ങിയവരുമായും ഇടപഴകി ജീവിക്കുന്നതായി കാണിക്കുന്നു. നഗരത്തിലെ ജനങ്ങൾ വൃത്തിഹീനമായ ജീവിതാന്തരീക്ഷം (ദ സ്റ്റോറി ബോർഡ് ഓഫ് കാന്ത), ജലംപോലുള്ള പ്രാഥമിക അവശ്യങ്ങളുടെ ദൗർലഭ്യം (നന്ദിത മുംബൈ, ക്ലാസ്സ്:4; കേസ് സ്റ്റഡി ഓഫ് ദ് പീപ്പിൾ ഓഫ് ചെന്നൈ), ഭവനരാഹിത്യം തുടങ്ങി അവരുടേതായ പ്രശ്നങ്ങളെ നേരിടുന്നതും ചിത്രീകരിച്ചിരിക്കുന്നു.

**ജെൻഡർ സംബന്ധമായ ആശങ്കകൾ രേഖപ്പെടുത്തുമ്പോൾ**

എൻ സി ഇ ആർ ടി സിവിക്സ് പാഠപുസ്തകങ്ങൾ (2002–2004)രണ്ട് ലിംഗഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്നുണ്ടെങ്കിലും, അതിലെ ചിത്രങ്ങൾ ലിംഗപരമായ തൊഴിൽ വിവേചനം മുൻ നിർത്തുന്നുണ്ട്. സരോജിനി നായിഡു, വിജയലക്ഷ്മി പണ്ഡിറ്റ് മുതലായ പ്രമുഖ സാമൂഹിക സ്ത്രീ പ്രതിനിധികളെ ഒഴിച്ചുനിർത്തിയാൽ, ശേഷിച്ച വരുന്ന ഒട്ടുമിക്ക സ്ത്രീ പ്രതിനിധികളെയും പരി- പാലനത്തിൻറെയും, ശുശ്രൂഷയുടെയും പ്രതി രൂപങ്ങളായാണ് ഇവ പ്രതിനിധാനം ചെയ്തിരിക്കുന്നത്.

എസ്.പി.എൽ. സീരീസ് ഒന്നിൽ സ്ത്രീകൾ പുരുഷ പൗരന്മാർക്ക് തുല്യമായ ഇടം പങ്കിടുന്നതായി പറയുന്നുണ്ട്. പണ്ഡിറ്റ് രാമഭായി, റോക്കെയ്യാ സഖാവത് ഹോസൈൻ തുടങ്ങിയ പ്രധാനപ്പെട്ട സ്ത്രീകളുടെ സംഭവനകൾ ചർച്ച ചെയ്യപ്പെടുന്നതിനൊപ്പം വിജയിച്ച ചില സ്ത്രീകളുടെ നേട്ടങ്ങൾക്കപ്പുറം പോകാനുള്ള ഒരു വ്യത്യസ്ത ശ്രമം നടത്തുന്നുണ്ട്. വിവിധ സാമൂഹിക അന്തരീക്ഷത്തിൽ നിന്നുള്ള സാധാരണ സ്ത്രീകൾ അവരുടെ കുടുംബത്തിന്റെ വരുമാനത്തിലും, സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സാമൂഹിക സാമ്പത്തിക വികസനത്തിനും സജീവമായി സംഭാവന ചെയ്യുന്നതിന്റെ ഉദാഹരണങ്ങൾ പാഠപുസ്തകങ്ങളിൽ നിറഞ്ഞിരിക്കുന്നുണ്ട്. സാധാരണ ഒരു വീട്ടമ്മ (ശബ്നം ബാനു) എന്നുള്ളതിന് അപ്പുറം തോട്ടിപ്പണി, മീൻ പിടുത്തം (അരുണ) വീട്ടു ജോലിക്കാരി (മെലാനി) അലക്കുകാരി (അൻവരി) തേനിച്ച വളർത്തൽ (അനിത, ഘഅ കകക:38, ഫാക്ടറി തൊഴിലാളി പോലുള്ള തൊഴിൽ എടുക്കുന്ന, വരുമാനമുള്ള ഒരു അംഗമായി അവരെ ചിത്രികരിക്കുന്നു. അദ്ധ്യാപിക (മഞ്ജിത് കൗർ), സർക്കാർ ജീവനക്കാരി (യാസ്മിൻ), ബിസ്സിനസ് സംരംഭക (വന്ദന), അഭിഭാഷക(കമല റോയ്) തുടങ്ങി സ്ത്രീകൾ നിരവധി തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നതായി കാണാം.

ജോലി ചെയ്യുന്ന സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പലവിധ കഥകളിലൂടെ ആവിഷ്കരിക്കപ്പെടുന്നുണ്ട്. ഭൂരഹിതയും, അതെ സമയം കർഷക തൊഴിലാളിയും ആയ തുളസിയുടെയും, കൃത്യമായ വരുമാനം ഇല്ലാതെ, കുറഞ്ഞ വേതനത്തിൽ ജോലി ചെയുന്ന ഫാക്ടറി തൊഴിലാളിയായ നിർമലയുടെയും കഥകളുടെ ആവശ്യകതയും സൂചിപ്പിക്കുന്നുണ്ട്.

എസ്.പി.എൽ. സീരിസിൽ എങ്ങനെയാണ് ജൻഡർ സ്റ്റീരിയോടൈപ്പിംഗ് എങ്ങനെയാണ് ഒരു സാമൂഹ്യ നിർമ്മിതി ആകുന്നതെന്ന് മനസിലാക്കാനുള്ള ഒരു ഇടം നൽകപ്പെട്ടിട്ടുണ്ട്. ജൻഡർ സ്റ്റീരിയോടൈപ്പിങ്ങിലൂടെയും, വീട്ടമ്മ, പരിപാലക തുടങ്ങിയ പരിവേഷങ്ങൾ നൽകിയും സ്ത്രീയെ എങ്ങനെ തരംതാഴ്ത്തി ചിത്രികരിക്കുന്നുണ്ടെന്ന് ഒരു അപ്പർ -മിഡിൽ ക്ലാസ് വീട്ടമ്മയായ ജെസ്പ്രീ

തിന്റെയും, ഒരു വേലക്കാരിയായ മെലാനിയുടെയും കഥയിലൂടെ വെളിപ്പെടുന്നുണ്ട്. അതുപോലെ വീട്ടുജോലിയുടെ മാന്യതയും, ശ്രേഷ്ഠതയും ഊന്നിപ്പറയാൻ ഒരു ശ്രമം നടത്തിയിട്ടുണ്ട്.

ഇ.വി.എസ് ടെക്സ്റ്റ് ബുക്കുകളിൽ ഒന്നിൽ, ദീപാലി (വർക്ക് വീ ഡൂ) എന്ന ഒരു പെൺകുട്ടിയെപ്പറ്റി പറയുന്നുണ്ട്. ഒരു പച്ചക്കറി കച്ചവടക്കാരന്റെയും വീട്ടുജോലിക്കാരിയുടെയും മൂത്ത മകൾ ആയ ദീപാലിയിൽ ആണ് വീടിന്റെ മുഴുവൻ ഉത്തരവാദിത്തവും നിഷിപ്തമായിരിക്കുന്നത്. അവളുടെ മാതാപിതാക്കൾ ജീവിതത്തിന്റെ രണ്ട് അറ്റം കൂട്ടി കഷ്ടപെടുമ്പോൾ, വീട്ടിലെ പാചകം തൊട്ട് ശുചീകരണവും, ഇളയ കുട്ടികളെ പരിപാലിക്കുന്നത് വരെ ദീപാലിയാണ്. അത്രയും ശക്തമായ ഈ കഥ ജീവിതത്തിന്റെ കഠിനമായ യഥാർഥ്യത്തെ പറ്റിയും ദാരിദ്ര്യം പെൺകുട്ടികളെ എങ്ങനെ വിദ്യാഭ്യാസത്തിൽ നിന്നും മാറ്റിനിർത്തുന്നു എന്നതും പറയുന്നു. പാഠപുസ്തകങ്ങൾ പിന്നെ ചർച്ച ചെയ്യുന്നത് പുരുഷന്മാരിൽ നിന്നും വ്യത്യസ്തമായി സ്ത്രീകൾ എങ്ങനെയാണ് വീട്ടു ജോലിയും, ജോലി ഭാരവും കൊണ്ട് ഇരട്ട ഭാരം അനുഭവിക്കുന്നത് എന്നാണ്. ഇത് മനസിലാക്കാൻ ഹരിയാനയിലും, തമിഴ്നാട്ടിലും നടത്തിയ സർവ്വേയെ പറ്റി പരാമർശിക്കുന്നു. ഗാർഹിക പീഡനം, സ്ത്രീധനമരണം തുടങ്ങിയ ലിംഗപരമായ വിവേചനങ്ങളെ പറ്റിയുള്ള ഉദാഹരണങ്ങളും പരാമർശിക്കപ്പെടുന്നുണ്ട്.

**നിർമ്മിക്കപ്പെടുന്ന പൗരത്വം**

മുൻ വർഷങ്ങളിലെ എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങളിൽ (1975–2004) പൗരത്വം എങ്ങനെയാണ് ചുമതലകൾ എന്ന രീതിയിൽ കണക്കാക്കുകയും അവകാശങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങളെ കുറച്ചു കാണിക്കുകയും ചെയ്യുന്നത് എന്ന് മുകളിൽ പരാമർശിക്കുന്നുണ്ട്.

ഒരു രാഷ്ട്രത്തിന്റെ നിർമാണത്തിന് സംഭാവന നൽകുന്നതിനുതകുന്ന തരത്തിൽ ഗുണഗണങ്ങൾ വികസിപ്പിച്ചെടുക്കാനും അതുവഴി ഒരു ഉത്തരവാദിത്തമുള്ള, കർത്തവ്യബോധമുള്ള ഒരു പൗരനായി മാറാനും അത് വിദ്യാർത്ഥികളെയും ഓർമിപ്പിച്ചുകൊണ്ടേയിരിക്കുന്നു. മാത്രമല്ല ഈ പാഠപുസ്തകങ്ങളിൽ സ്റ്റേറ്റ് എപ്പോഴും അചഞ്ചലനായ, പിതൃത്വസ്വഭാവമുള്ള പരോപകാരിയായും എപ്പോഴും പൗരന്മാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വ്യവസ്ഥയായും ചിത്രികരിക്കുന്നുണ്ട്. അതുകൊണ്ട് സ്റ്റേറ്റ് മെഷീനറിയുടെ പ്രവർത്തനത്തിൽ സംഭവിക്കാവുന്ന വീഴ്ചകൾ /അപാകതകളെപ്പറ്റിയും, അല്ലെങ്കിൽ അത്തരം വിടവുകൾ എങ്ങനെയാകും ജനാധിപത്യത്തിൽ സർക്കാർ അഭിസംബോധന ചെയ്യുക എന്നതിനെക്കുറിച്ചുമുള്ള ചർച്ചകൾക്ക് ചെറിയ ഒരു സാധ്യത നിലനിൽക്കുന്നുണ്ട്.

**എസ്.പി.എൽ. പാഠപുസ്തകങ്ങളിൽ, സർക്കാർ വകുപ്പുകളിൽ നിന്ന് ഉണ്ടാകുന്ന വിവിധ പ്രവർത്തനങ്ങളുടെ വീഴ്ചയും, അതുവഴി പൗരന്മാരുടെ ആവശ്യമായ അവകാശങ്ങൾ നഷ്ടപെടുന്നതിന്റെയും നിരവധി ഉദാഹരണങ്ങൾ ഉൾപെടുത്തിട്ടിയിട്ടുണ്ട്. ചില കഥകളിൽ സ്റ്റേറ്റിന്റെ നിരുത്സകവും മനഃപൂർവമായ മനോഭാവവും കാണാം.**

**വെല്ലുവിളിക്കപ്പെടേണ്ട സാമൂഹിക അസമത്വം**

എസ്.പി.എൽ. സീരിസിൽ പൗരത്വം നിർവചിക്കപ്പെട്ടിരിക്കുന്നത് പൗരന്റെ അവകാശങ്ങളുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടാണ്. കേവലം രാഷ്ട്രീയ അവകാശങ്ങൾക്ക് അനുസൃതമായി മാത്രമായി പൗരത്വത്തെ നിർവ്വചിക്കാതെയും ഒരു പൗരന്റെ സാമൂഹിക സ്ഥാനം പരിഗണിക്കാതെയും പ്രായപൂർത്തിയായ എല്ലാ പൗരന്മാരെയും വോട്ട് രേഖപ്പെടുത്താൻ പ്രാപ്തരാകുക എന്ന ഉദ്യമമാണ് നടക്കുന്നത്. മറ്റൊരു വിധത്തിലുള്ള ഈ സമത്വത്തിന്റെ അടിസ്ഥാനത്തെ ഒരു പൗരന്റെ ജീവിതത്തിൽ നിലകൊള്ളുന്ന സാമൂഹിക സാമ്പത്തിക യാഥാർഥ്യങ്ങളും അസമത്വങ്ങളും വ്യത്യസ്യങ്ങളും ചോദ്യം ചെയ്യുന്നുണ്ട്.

**ഉത്തരം പറയേണ്ട ഭരണകൂടം**

എസ്.പി.എൽ. പാഠപുസ്തകങ്ങളിൽ, സർക്കാർ വകുപ്പുകളിൽ നിന്ന് ഉണ്ടാകുന്ന വിവിധ പ്രവർത്തനങ്ങളുടെ വീഴ്ചയും, അതുവഴി പൗരന്മാരുടെ ആവശ്യമായ അവകാശങ്ങൾ നഷ്ടപെടുന്നതിന്റെയും നിരവധി ഉദാഹരണങ്ങൾ ഉൾപെടുത്തിട്ടിയിട്ടുണ്ട്. ചില കഥകളിൽ സ്റ്റേറ്റിന്റെ നിരുത്സകവും മനഃപൂർവമായ മനോഭാവവും കാണാം. (ഫാക്ടറി തൊഴിലാളികളുടെയും, പൗരന്മാരുടെയും സുരക്ഷ ഉറപ്പു വരുത്തുന്നതിൽ ഉള്ള സ്റ്റേറ്റിന്റെ പരാജയം – (ഭോപ്പാൽ ഗ്യാസ് ദുരന്തത്തിന്റെ ഫോട്ടോസ്). ചില സന്ദർഭങ്ങളിൽ സ്റ്റേറ്റ് പൗരന്മാരുടെ അവകാശങ്ങൾക്ക് മേൽ കടന്നു കയറാൻ ബോ

ധപൂർവമായ നടപടികൾ സ്വീകരിക്കുന്നതും കാണാം (തവാ മത്സ്യ സംഘന്റെ കഥയിലെ വനവാസികളുടെ പോലെ).

**പാഠപുസ്തകങ്ങൾക്ക് ദേശീയ ഭാവനയിലെ പൗരത്വത്തിനെ രൂപപ്പെടുത്താൻ കഴിഞ്ഞേക്കും, പക്ഷേ ഒരു അദ്ധ്യാപകന്റെ/അധ്യാപികയുടെ കടമ എന്നുള്ള നിലയിൽ ആ അറിവ് വിദ്യാർഥിയിലേക്ക് പകർന്നുനൽകുക എന്നത് നിർണായകമാണ്. അതിനു തുടക്കം എന്ന നിലയിൽ, വിദ്യാർഥികൾക്ക് ക്ലാസ്സ്മുറികളിൽ വിവിധ വിഷയങ്ങളിൽ അവരുടെ ചിന്തകളും ആശയങ്ങളും പങ്കിടാനുള്ള ഒരിടം അദ്ധ്യാപകർ സൃഷ്ടിക്കുക എന്നുള്ളത് വളരെ പ്രധാനമാണ്.**

### വീണ്ടെടുക്കുന്ന അവകാശങ്ങൾ

പാഠപുസ്തകങ്ങളിൽ ശ്രദ്ധേയമായതെന്തെന്നാൽ പൗരന്മാരുടെ അവകാശങ്ങളെ പറ്റിയോ അല്ലെങ്കിൽ എങ്ങനെ അത്തരം അവകാശങ്ങൾ വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും നിഷേധിക്കപ്പെടുന്നു എന്നുള്ള ചർച്ചകളിലോ മാത്രം പരിമിതമല്ല പൗരത്വത്തിന്റെ പ്രാതിനിധ്യം. പകരം അത്തരം ചർച്ചകൾ എങ്ങനെയാണ് പൗരരുടെ അവകാശങ്ങളെ തിരിച്ചറിയാനും, വീണ്ടെടുക്കാനും സാധിക്കുക എന്ന തരത്തിലാണുള്ളത്. ഒരു പൗരൻ അയാളുടെ സാമൂഹിക വർഗ്ഗത്തിനു അപ്പുറം നിന്നുകൊണ്ട് അവരുടെ പ്രാതിനിധ്യം നിർവ്വഹിക്കുകയാണ്. ഉദാഹരണത്തിന് സ്ത്രീകൾ വ്യത്യസ്തമായ രീതിയിൽ അവരുടെ അവകാശങ്ങളെ വീണ്ടെടുക്കാൻ നിലവിലുള്ള സാമൂഹിക മാനദണ്ഡങ്ങളെയും, മുൻവിധികളെയും (രാമഭായി) വെല്ലുവിളിച്ചുകൊണ്ട് തികഞ്ഞ ഇച്ഛാശക്തിയിലൂടെ തങ്ങളുടെ ആഗ്രഹങ്ങളെ നേടിയെടുക്കാൻ ശ്രമിക്കുന്നതായി കാണിക്കുന്നു (ലക്ഷ്മി ലക്ര). നിരവധി സന്ദർഭങ്ങളിൽ, പൗരന്മാർ നിയമസഹായം തേടുകയും പോലീസ് പോലുള്ള സംസ്ഥാന സ്ഥാപനങ്ങളുടെ ഇടപെടൽ ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട് (തന്റെ ഭൂമി കയ്യേറിയ അയൽക്കാരനെതിരെ ലോക്കൽ പോലീസ് സ്റ്റേഷനിൽ എകണ്ഠ രജിസ്റ്റർ ചെയ്ത മോഹന്റെ കഥ. തങ്ങളുടെ അവകാശങ്ങൾ തടസപ്പെടുമ്പോൾ എല്ലാം അവർ ജുഡീഷ്യറിയെ സമീപിക്കുന്നു. ഒരു കർഷക തൊഴിലാളി ആയ ഹക്കീം ഷെയ്ഖ് ഒരു ഗുരുതരമായ അപകടത്തിനു ശേഷം സർക്കാർ ആശുപത്രിയിൽ തന്റെ ചികിത്സ നിഷേധിച്ചതിനെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി.

### കൂട്ടായ പ്രവർത്തനം

പൗരന്മാരുടെ മൗലികാവകാശങ്ങൾ വീണ്ടെടുക്കാനുള്ള മറ്റൊരു ശരിയായ മാർഗമെന്ന നിലയിൽ സഹകരണ സംഘങ്ങളും, സാമൂഹിക പ്രസ്ഥാനങ്ങളും രൂപീകരിക്കുക തുടങ്ങിയ കൂട്ടായ പ്രവർത്തനങ്ങളെ പാഠപുസ്തകങ്ങൾ ഉയർത്തിപ്പിടിക്കുന്നുണ്ട്. പാഠപുസ്തകങ്ങളിൽ വിദ്യാസമ്പന്നരായ മധ്യവർഗ്ഗവും അല്ലെങ്കിൽ സമൂഹത്തിലെ ഉയർന്ന മധ്യവർഗ്ഗവും സാമൂഹിക വിവേചനത്തിനെതിരെ നടത്തിയിട്ടുള്ള പോരാട്ടങ്ങളെ പറ്റി പരാമർശിക്കുന്നുണ്ട് (ഉദാ: ലോയേഴ്സ് കളക്റ്റീവും, ദേശിയ വനിതാ കമ്മിഷനും ഗാർഹിക പീഡന നിയമം നിയമമാക്കാൻ നടത്തിയ പോരാട്ടം ടജഘ ?: 46-48). ചിലപ്പോഴെല്ലാം, സാധാരണ പൗരന്മാർ, പ്രത്യേകമായി അരികുവത്കരിക്കപ്പെട്ട് ജീവിക്കുന്നവർ നടത്തുന്ന പൊതുറാലികളും, പ്രതിഷേധ ജാഥകളും, പൊതുജനങ്ങൾക്കുള്ള ഹിയറിങ്ങുകളും, ധർണകളും, തീയേറ്റർ, പാട്ട്, എഴുതുകൾ എന്നിവയിലൂടെ നടത്തുന്ന പരിപാടികൾ, അവരുടെ കൂട്ടായ മുന്നണി എന്നിവയെല്ലാം പ്രത്യേകം ആ കർഷകമായി പരാമർശിക്കുന്നുണ്ട്. പാഠപുസ്തകങ്ങളിൽ പരാമർശിച്ചിട്ടുള്ള ചില പ്രധാന ഉദാഹരണങ്ങളാണ് 'തവാ മത്സ്യസംഘി'ന്റെ കുടിയൊഴിപ്പിക്കപ്പെട്ട മധ്യപ്രദേശിലെ വനനിവാസികൾക്കു ഉപജീവനത്തിനുള്ള അവകാശത്തിനു വേണ്ടി നടത്തിയ പോരാട്ടവും, തുല്യ പൗരത്വത്തിനുള്ള അവകാശത്തിനു വേണ്ടി സ്ത്രീ പ്രസ്ഥാനങ്ങൾ നടത്തിയ പോരാട്ടങ്ങളും. എല്ലായ്പ്പോഴും ഇത്തരം പോരാട്ടങ്ങൾ വിജയിക്കുന്നതായി കാണുന്നില്ല. എന്നിരുന്നാലും, പാഠപുസ്തകങ്ങൾ പൗരന്മാരിൽ ഏതുതരത്തിലുള്ള അനീതിക്കും, അസമത്വത്തിനും എതിരെ ഉയർന്നു വരാനും, പോരാടാനുമുള്ള മനോഭാവവും അത്തരം പോരാട്ടങ്ങൾ നിയമാനുസൃതവും, ജനാധിപത്യത്തിന്റെ ആത്മാവും ആണെന്ന ബോധവും ഉണ്ടാക്കുന്നുണ്ട്. പൗരത്വം, പൗരത്വവിദ്യാഭ്യാസം എന്നിവയെപ്പറ്റിയുള്ള കാഴ്ചപ്പാടിൽ ഒരു മാറ്റം അടയാളപ്പെടുത്താൻ ഈ പാഠപുസ്തകങ്ങൾ ആശയപരമായി ശ്രമിക്കുണ്ട്.

### അദ്ധ്യാപകരുടെ പങ്ക്

പാഠപുസ്തകങ്ങൾക്ക് ദേശീയ ഭാവനയിലെ പൗരത്വത്തിനെ രൂപപ്പെടുത്താൻ കഴിഞ്ഞേക്കും, പക്ഷേ ഒരു അദ്ധ്യാപകന്റെ/അധ്യാപികയുടെ കടമ എന്നുള്ള നിലയിൽ ആ അറിവ് വിദ്യാർഥിയിലേക്ക് പകർന്നുനൽകുക എന്നത് നിർണായകമാണ്. അതിനു തുടക്കം എന്നനിലയിൽ, വിദ്യാർഥികൾക്ക് ക്ലാസ്സ്മുറികളിൽ വിവിധ വിഷയങ്ങളിൽ

അവരുടെ ചിന്തകളും ആശയങ്ങളും പങ്കിടാനുള്ള ഒരിടം അദ്ധ്യാപകർ സൃഷ്ടിക്കുക എന്നുള്ളത് വളരെ പ്രധാനമാണ്. വൈവിധ്യമാർന്നതും, ഒന്നിലധികം വീക്ഷണങ്ങളും ഉള്ള ഒരു ജനാധിപത്യരീതി സൃഷ്ടിക്കുകയും, നിശബ്ദമാക്കപെടുകയോ, ചോദ്യം ചെയ്യപ്പെടുകയോ ചെയ്യും എന്ന ഭയമില്ലാതെ വിദ്യാർഥികൾക്ക് കൈമാറ്റം ചെയ്യാൻ സാധിക്കുന്നതായ ഒരു അന്തരീക്ഷം സൃഷ്ടിക്കുക എന്ന ആശയം ആണ് മുൻനിർത്തപ്പെടുന്നത്.

വിദ്യാർഥികൾക്ക് അവർ പഠിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് അവരുടെ ജീവിതത്തെ അടിസ്ഥാനമാക്കിയുള്ള പ്രസക്തമായ ഉദാഹരണങ്ങളെ കൊണ്ടുവരാൻ അദ്ധ്യാപകൻ/അധ്യാപിക വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. പാഠപുസ്തകത്തിനപ്പുറം ഒരു ലോകം ഉണ്ടെന്ന ധാരണ വിദ്യാർഥികൾക് നൽകാൻ ഉള്ള ദൗത്യം ഒരു അദ്ധ്യാപകനിൽ/അധ്യാപികയിൽ നിക്ഷിപ്തമാണ്. അത്തരം സമ്പ്രദായങ്ങൾ ക്ലാസ്സ്മുറികളിലെ ചർച്ചയെ സമ്പന്നമാക്കുക മാത്രമല്ല, വസ്തുതകളെ കേവലം മന:പാഠമാക്കുന്നത് നിരുത്സാഹപ്പെടുത്തുകയും, ദീർഘകാലാടിസ്ഥാനത്തിൽ പഠനത്തെ ശക്തിപ്പെടുത്തുകയും ചെയ്യും.

വിദ്യാർഥികൾ പാഠപുസ്തകങ്ങളിൽ നിന്ന് മാത്രമല്ല പ്രിന്റ്, ഇലക്ട്രോണിക് മീഡിയ തുടങ്ങിയ പല സ്രോതസ്സുകളിൽ നിന്നും അറിവ് സമ്പാദിക്കും എന്ന ബോധ്യവും ഒരു അദ്ധ്യാപകന്/അധ്യാപികക്ക് ഉണ്ടാകേണ്ടതാണ്. അതുകൊണ്ടുതന്നെ, പ്രധാനപ്പെട്ട പ്രദേശിക, ദേശീയ വിഷയങ്ങളിൽ അദ്ധ്യാപകർ ബോധവാന്മാരായിരിക്കേണ്ടതും, പലവിധ ചർച്ചകളിലൂടെ വിമർശനാത്മകമായി ഇടപെടൽ നടത്താൻ അവർ പ്രാപ്തരാകേണ്ടതും പ്രധാനമാണ്.

എസ്.പി.എൽ ടെക്സ്റ്റ്ബുക്കിന്റെ ഒരു സീരിസിൽ (അദ്ധ്യാപകർക്കുള്ള ആമുഖം) അസമത്വങ്ങളായ ജാതി, ലിംഗം, വർഗം, മതം തുടങ്ങിയ പ്രത്യേകമായ അവസ്ഥ നിലനിൽക്കുന്നുണ്ടെന്നും അത്തരം വേർതിരിവുകൾ ക്ലാസ്സ്മുറികളിൽ സംഭവിക്കാനുള്ള സാധ്യത നിലനിൽക്കുന്നുണ്ടെന്നും പറയുന്നു. അതുകൊണ്ട് ഇത്തരം ഒരു സാഹചര്യം/ സന്ദർഭം മനസ്സിൽ വെച്ചുകൊണ്ട്, അത്തരം വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ, ക്ലാസ്സ് വിമർശനാത്മകമായി മാറാനാവശ്യമായ സംവേദനത്വം അധ്യാപകർക്കുണ്ടാവേണ്ടതുമുണ്ട്.

**ഉപസംഹാരം**

പാഠപുസ്തകങ്ങൾ സാംസ്കാരിക ഉപകരണങ്ങളാണ്. ഒരു രാഷ്ട്രത്തിന്റെ ഭാവനയെ രൂപപ്പെടുത്തുന്ന ശേഖരങ്ങളാണവ. 2005 ലെ 'National Curriculum FrameWork നെ പിന്തുടർന്ന് വന്ന 'ലുക്കിംഗ് അറൗണ്ട്' സീരീസും സോഷ്യൽ &പൊളിറ്റിക്കൽ ലൈഫ് ടെക്സ്റ്റ്ബുക്കും ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന മൂല്യങ്ങൾക്കൊപ്പം എങ്ങനെ പൗരത്വ വിദ്യാഭ്യാസം നേടാം എന്ന സങ്കല്പനത്തെ വിജയകരമായി തയ്യാറാക്കിയിട്ടുണ്ട്. മുകളിൽ വിശകലനം ചെയ്തതിൽ നിന്ന് രാഷ്ട്രം അഭിമുഖീകരിക്കുന്ന പൗരത്വം, ലിംഗപരമായ ആശങ്കകൾ എന്നിവ അഭിസംബോധന ചെയ്യപ്പെട്ട രീതിയും എല്ലാം മനുഷ്യാവകാശങ്ങളുടെ ചട്ടക്കൂടിൽ നിർമ്മിക്കപ്പെട്ടവയാണ് എന്ന് മനസ്സിലാക്കാം. ഒരു അദ്ധ്യാപകന്റെ/അധ്യാപികയുടെ മധ്യസ്ഥതയിലൂടെ ഈ ആശയങ്ങൾ ക്ലാസ്സ്മുറികളിൽ എങ്ങനെ വിനിമയം ചെയ്യപ്പെടും എന്നുള്ളതാണു ഇനി ശേഷിക്കുന്നത്.

*(അസിം പ്രേംജി സർവ്വകലാശാലയുടെ 'ലേണിംഗ് കർവ്' എഎന്ന മാസികയുടെ ഏപ്രിൽ 2001 ലക്കത്തിൽ പ്രസിദ്ധീകരിച്ചത്)*

**അവലംബം**

**അദ്വാനി ശാലിനി:** 2009. സ്കൂളിംഗ് ദ നാഷണൽ ഇമാജിനേഷൻ; എജുക്കേഷൻ ഇംഗ്ലീഷ് ആൻഡ് ദ ഇന്ത്യൻ മോഡേൺ.ന്യൂഡൽഹി.

**ബാത്ര,പൂനം:** 2010.സോഷ്യൽ സയൻസ് ലേണിംഗ് ഇൻ സ്കൂൾസ്: പെർസ്പെക്ടീവ്സ് ആൻഡ് ചലഞ്ചസ്. ന്യൂഡൽഹി. സേജ് പബ്ലിക്കേഷൻസ്.

**ഭോഗ്, ദീപ്തി**:2010 ടെക്സ്റ്റ് ബുക്ക് റെജിംസ് ആൻ ഓവറാൾ അനാലിസിസ്, ന്യൂഡൽഹി നിരന്തർ.

**ജെയിൻമനീഷ് :**2004.സിവിക്സ്, സിറ്റിസൺ & ഹ്യൂമൺ റൈറ്റ്സ്;സിവിക്സ് ഡിസ്കോഴ്സ് ഇൻ ഇന്ത്യ, കൺടംപററി എജുക്കേഷൻ ഡയലോഗ്.1(2).165198.

**ജയാൽ, നീരജഗോപാൽ** : 2013.സിറ്റിസൺഷിപ്പ് ആൻഡ് ഇറ്റ്സ് ഡിസ്കണ്ടന്റ്സ് ഇൻ ഇന്ത്യൻ ഹിസ്റ്ററി.റാനിഘട്, പെർമനന്റ് ബ്ലാക്ക്

**എൻ.സി.ആർ.ടി ടെക്സ്റ്റ് ബുക്കുകൾ:** നേഷണൽ കരിക്കുലം ഫ്രെയിം വർക്ക് ഫോർ സ്കൂൾ എജുക്കേഷൻ,2000 എൻ.സി.ആർ.ടി. ന്യൂഡൽഹി.

**നേഷണൽ കരിക്കുലം ഫ്രെയിംവർക്ക്:** 2005, എൻ.സി.ഇ.ആർ.ടി, ന്യൂഡൽഹി

ചർച്ചാവിഷയം



# ‘അവന്റെ കഥ’യിലെ ഝാൻസിറാണിയും ജ്യോതിബാ ഫൂലെയുടെ ഭാര്യയും

ലക്ഷ്മി ചന്ദ്രൻ സി. പി.
ഗവേഷക വിദ്യാർത്ഥി
ജെ.എൻ.യു, ന്യൂഡൽഹി





ജാതി, മത, പ്രാദേശിക, ദേശീയ, ഭാഷാപരമായ മുൻവിധികൾ നമ്മുടെ ചിന്തകളെയും ദൈനംദിന ജീവിതത്തെയും നമുക്ക് ചുറ്റുമുള്ള സഹജീവികളെയും ബാധിക്കും എന്ന അവബോധം വിദ്യാർത്ഥിനി/ത്ഥികളിൽ സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ ഉണ്ടാക്കി എടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. പക്ഷെ നമ്മുടെ സ്കൂൾ പാഠ്യപദ്ധതികളും പുസ്തകങ്ങളും അതിനു പ്രാധാന്യം നൽകുന്നില്ല എന്ന് തന്നെ പറയേണ്ടിവരും.

ചരിത്ര പാഠപുസ്തകങ്ങളിൽ കണ്ടുവരുന്ന ലിംഗ വിവേചനപരമായ ഭാഷയുടെ ഉപയോഗം, ലിംഗ സമത്വം സംബന്ധിച്ച പാഠപുസ്തകങ്ങൾ നിർമ്മിക്കുന്നവരുടെയും സമാഹരിക്കുന്നവരുടെയും ധാരണക്കുറവ് എന്നിവ സമൂഹത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഒന്നാണ്, പ്രത്യേകിച്ചും അത് ചരിത്രം പോലെയുള്ള ഒരു വിഷയമാണെങ്കിൽ. ഈ ലേഖനം പ്രധാനമായും ഐസിഎസ്ഇ ചരിത്ര പാഠ്യപദ്ധതി, അതിനനുസൃതമായി മാർക്കറ്റിൽ ലഭ്യമായ പാഠപുസ്തകങ്ങളിലുള്ള ലിംഗ അസമത്വപരമായ പരാമർശങ്ങൾ, ജൻഡറുമായി ബന്ധപ്പെട്ട പഠനങ്ങളുടെ അഭാവം എന്നിവയെക്കുറിച്ചുള്ള ഒരു അവലോകനമാണ്. സമൂഹത്തിൽ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ച സ്ത്രീകളെക്കുറിച്ച് പരാമർശിക്കുന്നതിലുപരി സ്ത്രീകളെക്കുറിച്ചുള്ള ചരിത്രരചനകളും ചർച്ചകളും കേരളത്തിലെ സ്കൂൾ-കോളേജ് വിദ്യാഭ്യാസ രംഗത്ത് നടക്കുന്നില്ല എന്ന ജെ. ദേവികയുടെ പരാമർശം ഈ സാഹചര്യത്തിലും യോജിക്കുന്നതായി കാണുന്നു.

‘ഹിസ്റ്ററി’ എന്ന വാക്കിന്റെ വ്യുൽപ്പത്തിക്ക് അനുസൃതമായി ആ വിഷയത്തെ നോക്കിക്കാണുകയും വിദ്യാർത്ഥി/നികൾക്ക് മനസിലാക്കി കൊടുക്കുക എന്നതും ഇന്നും ക്ലാസ് മുറികൾക്ക് അന്യമാണ്. അതായത്: ‘ഗവേഷണം’ അഥവാ ‘അന്വേഷണത്തിൽ നിന്നുള്ള അറിവ് എന്ന ‘ഹിസ്റ്ററി’ എന്ന പദത്തിന്റെ അർത്ഥം വിദ്യാർത്ഥികൾക്ക് എന്നും അന്യമാണ്. കാരണം പൊതുവെ ‘ഹിസ്റ്ററി’ എന്ന വിഷയത്തെ ‘ഹിസ് സ്റ്റോറി’ അഥവാ ‘അവ

ന്റെ കഥ' എന്ന് പഠിപ്പിക്കുന്ന രീതി മാറിയിട്ടില്ല എന്നുമാത്രമല്ല അത്തരം പുരുഷ മേധാവിത്വപരമായ പ്രവണതകൾ പാഠപുസ്തകങ്ങളിൽ വളരെയധികം കണ്ടു വരുന്നു.

ഐ.സി.എസ്.ഇ കൗൺസിൽ പാഠ്യപദ്ധതിക്ക് അനുസൃതമായ പാഠപുസ്തകങ്ങളോ മറ്റു പുസ്തകങ്ങളോ നിർദ്ദേശിക്കുന്നില്ല എന്നത് വലിയൊരു പോരായ്മയയാണ്. വിദ്യാർത്ഥി/നികളെ സംബന്ധിച്ചിടത്തോളം അവർ വിപണിയിൽ ലഭ്യമാകുന്ന പാഠപുസ്തകങ്ങളെ ആശ്രയിക്കേണ്ടിവരികയും ചെയ്യുന്നു. ഇത്തരം പാഠപുസ്തകങ്ങൾ കൂടുതലും അറിയപ്പെടുന്ന എഴുത്തുകാരുടെ കൃതികളിൽ നിന്നും പകർത്തിയതും ആണ്. എന്നാൽ ഈ പാഠ പുസ്തകങ്ങളിൽ വസ്തുതാപരമായ പിഴവുകൾ, വർഗീയവും ജാതിപരവും ലിംഗഭേദപരവുമായ പരാമർശങ്ങൾ വളരെ കൂടുതലായി കാണപ്പെടുന്നു എന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. സ്കൂൾ വിദ്യാർത്ഥി/നികൾക്കായി തയ്യാറാക്കിയ പാഠപുസ്തകങ്ങൾ യാതൊരുവിധത്തിലുള്ള അവലോകങ്ങൾക്കും വിധേയമാകുന്നില്ല എന്ന അപകടകരമായ വസ്തുതയാണ് ഇതിലൂടെ പ്രകടമാകുന്നത്. സ്കൂൾതലം മുതൽ തന്നെ ലിംഗസമത്വത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികളെ പഠിപ്പിക്കേണ്ടത് വളരെയധികം അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. അതിലുപരി ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. എന്നാൽ ചരിത്രത്തിന്റെ നിലവിലുള്ള പാഠ്യപദ്ധതിയുടെ സ്വഭാവവും വിപണിയിൽ ലഭ്യമായ പാഠപുസ്തകങ്ങളും നിലവാരവും കണക്കിലെടുക്കുമ്പോൾ, വിദ്യാർത്ഥികളെ പ്രത്യേകിച്ച് ആൺകുട്ടികളെ ബോധ്യപ്പെടുത്തുന്നത് വളരെ ബുദ്ധിമുട്ടാണ്. ബോർഡ് എക്സാം എഴുതുന്നവരെ സംബന്ധിച്ചിടത്തോളം പാഠപുസ്തകങ്ങളിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ നൂറു ശതമാനം ശരികളും 'വേദവാക്യങ്ങളും' ആകുന്ന സ്ഥിതിവിശേഷത്തിനുപരി ഇത്തരം പാഠപുസ്തകങ്ങൾ കുട്ടികളെ വളരെ മോശമായി ബാധിക്കുകയും ചെയ്യാം.

പത്താം ക്ലാസ് ചരിത്ര സിലബസും പാഠപുസ്തകവും ഉദ്ധരിച്ച് ക്ലാസ് റൂമിൽ ഉയരുന്ന ചില ചോദ്യങ്ങൾ 'ഝാൻസിറാണിയല്ലാതെ ഒരു സ്ത്രീയും ദേശീയ പ്രസ്ഥാനത്തിന് കാര്യമായ സംഭാവനകളൊന്നും ചെയ്തിട്ടുള്ളതായി പാഠപുസ്തകം പറയുന്നില്ല അവർ ഇന്ത്യൻ ചരിത്രത്തിൽ വലുതായ കാര്യങ്ങൾ ഒന്നും ചെയ്തിട്ടില്ല, ഞാൻ സ്ത്രീകളെ എന്തിന് തുല്യരായി പരിഗണിക്കണം?' എന്നായാൽ അതിൽ ഒട്ടും അത്ഭുതപ്പെടാൻ ഇല്ല. ഈ ചോദ്യത്തിന് ഒന്നിലധികം മാനങ്ങളുണ്ട്, ഒന്നാമതായി, സ്വാതന്ത്ര്യസമരത്തിലും രാഷ്ട്രനിർമ്മാണത്തിലും സ്ത്രീകളുടെ പങ്കാളിത്തത്തെ അഭിസംബോധന ചെയ്യുന്നതിൽ സിലബസ് പരാജയപ്പെട്ടു, രണ്ടാമതായി, ബോർഡ് പരീക്ഷയുടെ സമ്മർദ്ദം സ്വാതന്ത്ര്യ സമരത്തിലെ സ്ത്രീകളുടെ പങ്കാളിത്തം, 'ഝാൻസി റാണിയുടെ ഏതെങ്കിലും രണ്ട് സംഭാവനകൾ' എന്നതിലേക്ക് ചുരുങ്ങുന്നു. മൂന്നാമതായി, ചരിത്രം എന്ന വിഷയത്തിൽ ആഗോളതലത്തിൽ നടക്കുന്ന മാറ്റങ്ങളും ലിംഗഭേദവുമായി ബന്ധപ്പെട്ട ഗവേഷണങ്ങളിൽ സംഭവിക്കുന്ന പുതിയ സംഭവവികാസങ്ങളും വിദ്യാർത്ഥി/നികൾ അറിയാതെ പോകുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും ഇത്തരം മാറ്റങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ പരാജയപ്പെടുന്നതായി കാണാം.

ചരിത്ര പുസ്തകത്തിൽ ഇടംപിടിച്ച വളരെ ചുരുക്കം ചില സ്ത്രീകളിൽ ഒരാളാണ് സാവിത്രിബായ് ഫൂലെ. ഐ.സി.എസ്.ഇ പത്താംതരം പാഠ്യപദ്ധതിയുടെ ഭാഗമല്ലെങ്കിലും ചരിത്ര പാഠപുസ്തകങ്ങൾ സാവിത്രിബായ് ഫൂലെയെക്കുറിച്ച് പ്രതിപാദിച്ചു കാണുന്നു. പാഠപുസ്തകത്തിൽ തന്റെ ഭർത്താവിനോടൊപ്പം പ്രവർത്തിച്ച ഒരു ഭാര്യയായി മാത്രം ചിത്രീകരിച്ചിരിക്കുന്നതായി കാണാം. പ്രതിപാദന രീതിയിൽ കാണുന്ന ഇത്തരം പിഴവുകൾ പാഠപുസ്തകം നിർമിക്കുന്നവരുടെ പുരുഷാധിപത്യ മനോഭാവത്തെ തുറന്നു കാട്ടുന്നതാണ്. സാമൂഹിക പരിഷ്കരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിലൂടെ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച സാവിത്രിബായ് ഫൂലെയെപോലുള്ള സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട, പ്രത്യേകിച്ചും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി പൊരുതിയ സ്ത്രീയെ ജ്യോതിബാ ഫൂലെയുടെ ഭാര്യയെന്ന മേൽവിലാസത്തിൽ ഒതുക്കാനുള്ള ശ്രമമായി ഇതിനെ കാണേണ്ടിവരും.

സ്ത്രീയെ കുടുംബത്തിന്റെ അകത്തളങ്ങളിൽ ബന്ധിച്ചിടുവാനും കുടുംബത്തിലെ പുരുഷ ബന്ധുക്കളിലൂടെ മാത്രം പൊതുയിടങ്ങളിൽ അവതരിക്കുവാനുമുള്ള പുരുഷ മേധാവിത്വപരമായ ആശയം അടുത്ത തലമുറയിലേക്കു പകർന്നു കൊടുക്കുന്ന പ്രക്രിയക്ക് പാഠപുസ്തകങ്ങളും സാമൂഹിക പരിഷ്കാരത്തിനു ചുക്കാൻ പിടിച്ച വ്യക്തിത്വങ്ങളും ഉപയോഗിക്കപ്പെടുന്നു എന്ന നഗ്നമായ യാഥാർഥ്യങ്ങളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. സ്ത്രീകൾ എന്തൊക്കെ ചെയ്താലും കുടുംബമായിരിക്കണം അവരുടെ അടിസ്ഥാനയിടം എന്ന ആശയം പ്രചരിപ്പിക്കുവാനുള്ള ശ്രമമാണ് ഇതെന്നും പറയേണ്ടി വരും. അതിനായി ഉപയോഗിച്ചിരിക്കുന്ന മാതൃക സാവിത്രിബായ് ഫൂലെ ആണെന്നുള്ള വിരോധാഭാസവുമാണ് ഇവിടെ പ്രകടമാകുന്നത്. പാഠപുസ്തകങ്ങളിൽ കാണുന്ന ഇത്തരം തെറ്റായ പ്രവണതകൾ ലിംഗഭേദമന്യേ കുട്ടികളെ ബാധിക്കുകയും അവരുടെ സമൂഹത്തെയും ജീവിതത്തെയും കുറിച്ചുമുള്ള കാഴ്ചപ്പാടുകളെ ബാധിക്കുകയും ചെയ്യുന്നു.



**ഡോ: ജയശ്രീ എ.കെ.**
പ്രൊഫ. കമ്മ്യൂണിറ്റി മെഡിസിൻ
ഗവ. മെഡിക്കൽ കോളേജ്
കണ്ണൂർ

# ലിംഗപദവി മെഡിക്കൽ വിദ്യാഭ്യാസത്തിൽ



ഇപ്പോഴും അക്കാദമിക പേപ്പറുകളിലും പരീക്ഷാ പേപ്പറുകളിലും, ഒരു അത് പീഡിയാട്രിക്സ് ആയാലും ഫാർമക്കോളജി ആയാലും ഉദാഹരണങ്ങൾ പറയുമ്പോൾ 'അവൻ' അല്ലെങ്കിൽ 'ഹീ' ആയിട്ടായിരിക്കും. ഗൈനക്കോളജിയിൽ മാത്രമായിരിക്കും ഒരു പക്ഷേ 'ഷീ' ഉപയോഗിക്കുന്നത്. ഓരോ പ്രാവശ്യവും തിരുത്തുമ്പോഴും മറ്റുള്ളവരുടെ ചുണ്ടിൽ പരിഹാസത്തിന്റെ പുഞ്ചിരിക്കോണുകൾ കാണാം. അടുത്ത തവണ മാറുമായിരിക്കും എന്ന് വെറുതേ സമാധാനിക്കും. കഴിഞ്ഞ 30 വർമായെങ്കിലും കേരളത്തിൽ നമ്മൾ ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. അവിടെയും ഇവിടെയും ഏച്ചുകെട്ടലുകൾ പോലെ ചില മാറ്റങ്ങളുണ്ടാകുന്നു എന്ന് മാത്രം.

പൊതു വിദ്യാഭ്യാസത്തിൽ പോയിട്ട് മെഡിക്കൽ വിദ്യാഭ്യാസത്തിൽ പോലും ജെൻഡറും ലൈംഗികതയും കരിക്കുലത്തിന്റെ ഭാഗമല്ല എന്നത് ഇനിയും തുടരാനാവില്ല. കേരളത്തിലെ ചില യൂണിവേഴ്സിറ്റികൾ അദ്ധ്യാപകരുടെ തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഇതുൾപ്പെടുത്തിയിട്ടുണ്ട്. അത്രയും പോലും മെഡിക്കൽ വിദ്യാഭ്യാസത്തിൽ ഉണ്ടായിട്ടില്ല. സമഗ്രമായ ജെൻഡർ – സെക്ഷാലിറ്റി വിദ്യാഭ്യാസം എന്നത് ഇന്ന് ലോകനിലവാരത്തിൽ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. യുനെസ്കോ 2018ൽ ഇറക്കിയ ടെക്നിക്കൽ ഗൈഡൻസ് ഇതിന് അടിസ്ഥാനമായി ഉപയോഗിക്കാവുന്നതാണ്. തിരുവനന്തപുരത്ത് അച്യുത മേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസസിൽ ഡോ:സുന്ദരി രവീന്ദ്രന്റെ പഠനത്തിന്റെ ഭാഗമായി മെഡിക്കൽ ടെക്സ്റ്റ് ബു

ക്കുകളിലെ സ്ത്രീവിവേചനപരമായ ഭാഗങ്ങൾ കണ്ടെത്തുകയും പകരം മിക്ക വിഷയങ്ങളിലും ജെന്റർ സെൻസിറ്റീവ് ആയ ഭാഗങ്ങൾ ഉൾക്കൊള്ളിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് മഹാരാഷ്ട്ര ഹെൽത്ത് യൂണിവേഴ്സിറ്റി അവരുടെ കരിക്കുലത്തിൽ ഈ വിഷയം ഉൾക്കൊള്ളിച്ചു. ഇന്ത്യയിൽ 2019ൽ മെഡിക്കൽ കരിക്കുലം കൂടുതൽ രോഗീസൗഹൃദവും വിദ്യാർത്ഥി സൗഹൃദവും ആയി മാറ്റുന്നതിന് കോമ്പിറ്റൻസി ബേസ്ഡ് മെഡിക്കൽ എഡ്യൂക്കേഷൻ എന്ന തരത്തിൽ സമഗ്രമായ മാറ്റം കൊണ്ട് വരികയുണ്ടായി. ജെൻഡറിന് വേണ്ടി രണ്ട് മണിക്കൂർ മാറ്റി വച്ചിട്ടുണ്ടെന്നല്ലാതെ ഇപ്പോഴുള്ള കരിക്കുലത്തിന്റെ പോരായ്മകൾ പരിഹരിച്ച് ഓരോ വിഷയത്തിലും എങ്ങനെ ഇത് ഉൾചേർക്കാമെന്നതിനെ



ക്കുറിച്ച് കൃത്യമായി നിർദ്ദേശം നൽകിയിട്ടില്ല.

നമ്മുടെ നാട്ടിൽ പൊതുവേ സാധാരണക്കാരുടെ ഇടയിൽ ലിംഗവിവേചനത്തെക്കുറിച്ചുള്ള അവബോധം ഉയർന്നിട്ടുണ്ടെന്നു കാണാം. ലിംഗനീതിയെ പിന്തുണക്കുന്ന ഏതാനും നിയമങ്ങളും ഉണ്ടായിട്ടുണ്ടല്ലോ. ഡൊമസ്റ്റിക് വയലൻസ് പ്രിവെൻഷൻ ആക്ട്, പ്രിവൻഷൻ ഓഫ് സെക്ഷ്വൽ ഹരാസ്മെന്റ് അറ്റ് വർക്ക്പ്ലസ് ആക്ട് എന്നിവയൊക്കെ അനുസരിച്ച് ചില സ്ത്രീകളെങ്കിലും പരാതി നൽകാനൊക്കെ മുന്നോട്ടു വരുന്നുണ്ട്. ഇതിൽ പല സന്ദർഭങ്ങളിലും മെഡിക്കൽ പരിശോധനയും സർട്ടിഫിക്കറ്റുമൊക്കെ ആവശ്യമായി വരും. സ്ത്രീകളുടെ ശരീരത്തിന്റെ മേലുള്ള സ്വയം നിർണ്ണയാവകാശം, അബോർഷൻ, ഗർഭനിരോധനമാർഗ്ഗങ്ങൾ തുടങ്ങിയ പല കാര്യങ്ങളിലും പിതൃമേധാവിത്വപരമായ രക്ഷാകർതൃ മനോഭാവമാണ് നിലനിൽക്കുന്നത്. ഇതുമൂലം പലപ്പോഴും സ്ത്രീകൾക്ക് അവരുടെ അവകാശമെന്ന നിലക്ക് ആരോഗ്യസേവനങ്ങൾ ലഭ്യമാക്കാൻ സാധിക്കുന്നില്ല. ആരോഗ്യപ്രവർത്തകർക്ക് ഇതേപ്പറ്റി പരിശീലനം നൽകുകയും അവരുടെ കാഴ്ചപ്പാടിൽ മാറ്റം വരുത്തുകയും ചെയ്താൽ മാത്രമേ ഈ സ്ഥിതി മാറുകയുള്ളൂ. ലൈംഗികപീഡനത്തിന് വിധേയയായി വരുന്ന പെൺകുട്ടിയേയോ സ്ത്രീയേയോ നിയമത്തിന്റെ ഭാഗമായി ആരോഗ്യ പരിശോധനക്ക് വിധേയമാക്കുമ്പോൾ പാലിക്കേണ്ട പ്രോട്ടോകോൾ അടുത്ത കാലത്ത് സ്ത്രീസൗഹാർദ്ദപരമായി മാറ്റി എഴുതുകയുണ്ടായി. ആരോഗ്യ വിദഗ്ദ്ധരും സ്ത്രീ പ്രവർത്തകരും ചേർന്ന് വളരെയധികം ചർച്ചകൾക്ക് ശേഷമാണ് ഇതിന് അന്തിമ രൂപം നൽകിയത്. പക്ഷേ, ഇത് നടപ്പിൽ വരുത്തുമ്പോൾ അതിന്റെ കാതൽ ഉൾക്കൊണ്ട് പ്രയോഗിക്കണമെങ്കിൽ അവർക്കെല്ലാം വേണ്ട പരിശീലനം നൽകണം. ജെൻഡർ വിവേചനത്തെപ്പറ്റി അടിസ്ഥാന വിദ്യാഭ്യാസം കിട്ടിയില്ലെങ്കിൽ ഇത് ഏച്ചുകെട്ടൽ പോലെ ആവുകയേ ഉള്ളൂ.

ജെൻഡറുമായി ഏറ്റവും അടുത്ത് നിൽക്കുന്നതാണ് ലൈംഗികസ്വത്വം, ലൈംഗികചായ്‌വ് എന്നിവയെല്ലാം. കേരളത്തിൽ 2015 മുതൽ ട്രാൻസ്ജെൻഡർ പോളിസി നിലവിലുണ്ട്. ആരോഗ്യസ്ഥാപനങ്ങളിൽ അവരോടുള്ള വിവേചനം ഇല്ലാതാക്കാനും വേണ്ട സേവനങ്ങൾ ലഭ്യമാക്കാനും ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ പരിശീലനം നൽകണമെന്ന് പോളിസിയിൽ പറഞ്ഞിട്ടുണ്ട്. അതും ഫലപ്രദമാകണമെങ്കിൽ മെഡിക്കൽ വിദ്യാഭ്യാസം മുതൽ പരിശീലിക്കേണ്ടതുണ്ട്. ട്രാൻസ്ജെന്റർ വ്യക്തികൾ സ്വഭാവ വൈകല്യമുള്ളവരാണെന്നും, അത് മാറ്റിയെടുക്കേണ്ടതാണെന്നും ഒക്കെയുള്ള അബദ്ധ ധാരണകളാണ് ഇപ്പോഴും ചില ടെക്സ്റ്റ് ബുക്കുകളിൽ ഒക്കെയുള്ളത്. 2018 ൽ ഇന്ത്യയിൽ സ്വവർഗ്ഗരതി കുറ്റകരമല്ലാതാക്കി. എങ്കിലും മെഡിക്കൽ ടെക്സ്റ്റ് ബുക്കുകളിൽ ഇപ്പോഴും അത് പഴയതു പോലെ പ്രകൃതിവിരുദ്ധമായും കുറ്റകരമായും ചിത്രീകരിച്ചിരിക്കുന്നു. ലെസ്ബിയൻ സ്ത്രീകൾ നിംഫോമാനിയാക്കുകളും അസൂയാലുക്കളുമാണെന്നൊക്കെ തികച്ചും അശാസ്ത്രീയമായും മനുഷ്യത്വവിരുദ്ധമായുമാണ് ചില പുസ്തകങ്ങളിൽ പറഞ്ഞിട്ടുള്ളത്. ക്വിയർ വ്യക്തികൾ കൂടി അടങ്ങുന്ന വിദ്യാർത്ഥി സമൂഹത്തിനും ഇത് ആശയക്കുഴപ്പമുണ്ടാക്കുന്നു. ഈ സാഹചര്യവും അടിയന്തിരമായി കരിക്കുലത്തിൽ ജെന്റർ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഓർമ്മിപ്പിക്കുന്നു. ഈയടുത്ത കാലത്ത് മദ്രാസ് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെ പിന്തുടർന്ന് നാഷണൽ മെഡിക്കൽ കമ്മീഷൻ, ഒരു അഡ്വൈസറി ഇറക്കിയിട്ടുണ്ട്. അതിൽ ഇങ്ങനെ പറയുന്നു. "ക്ലിനിക്കൽ രോഗവിവരങ്ങൾ ശേഖരിക്കുന്നതിനെപ്പറ്റിയോ രോഗികളെ പരിശോധിക്കുന്നതിനെപ്പറ്റിയോ വാക്കുകൾ ഉപയോഗിക്കുന്നതിനെപ്പറ്റിയോ പഠിപ്പിക്കുന്നിടത്ത് ജെൻഡറോ സമാനമായ വിഷയ

ങ്ങളോ വരുന്നുണ്ടെങ്കിൽ, അത് എൽ.ജി.ബി.ടി.ക്യു.ഐ.എ+ കമ്മ്യൂണിറ്റിക്ക് അപമാനകരമോ വിഷമകരമോ ആകുന്ന തരത്തിൽ ചെയ്യാൻ പാടില്ലെന്ന് മെഡിക്കൽ യൂണിവേഴ്സിറ്റികളും കോളേജുകളും ഉറപ്പാക്കണം."

കമ്മ്യൂണിറ്റി മെഡിസിൻ ടെക്സ്റ്റ് ബുക്കിലെ (പാർക്ക് &പാർക്ക് 25ാംമത് എഡിഷൻ) ചില ഉദാഹരണങ്ങൾ പറയാം. ഒരു അദ്ധ്യായത്തിന്റെ ടൈറ്റിൽ തന്നെ 'മാൻ ആന്റ് മെഡിസിൻ' എന്നാണ്. മനുഷ്യൻ എന്ന് പറയുമ്പോൾ അത് 'പുരുഷൻ" ആണ് എന്ന നമ്മുടെ ഉള്ളിലെ ബോധം മൂലമാണ് ഇങ്ങനെ വരുന്നത്. അത് ബോധപൂർവ്വം മാറ്റാൻ ശ്രമിച്ചാലേ മാറുകയുള്ളൂ. ലൈംഗികരോഗങ്ങൾ ഉണ്ടാകാനുള്ള റിസ്കിനെ കുറിച്ച് പറയുമ്പോൾ അതിനുള്ള കാരണങ്ങളിൽ ചിലതായി സ്ത്രീകളുടെ ഉയർന്ന വിദ്യാഭ്യാസവും ഉയരുന്ന വിവാഹപ്രായവും എടുത്ത് പറയുന്നു. കുടുംബത്തെ കുറിച്ച് പറയുമ്പോൾ അതിലെ ലിംഗവിഭജനത്തെ അങ്ങനെ തന്നെ ഊട്ടി ഉറപ്പിക്കുന്ന വിവരണങ്ങളാണുള്ളത്. സ്ത്രീകൾ കുഞ്ഞുങ്ങളെ വളർത്തുകയും വീട് മാനേജ് ചെയ്യുകയും, പുരുഷന്മാർ അവർക്ക് വിദ്യാഭ്യാസം കൊടുക്കുകയും ചെയ്യുന്നു എന്നൊക്കെ പറയുകയും ലിംഗസമത്വത്തെക്കുറിച്ച് പറയാതിരിക്കുകയും ചെയ്യുന്നു. സ്ത്രീകളുടെ തടി കുറക്കാൻ ഉപദേശം നൽകുമ്പോൾ, അത് ഹൃദ്രോഗമുണ്ടാക്കും എന്ന് പറയുന്നതിനേക്കാൾ, തടി കുറയുമ്പോൾ നിങ്ങളുടെ വശ്യത കൂടും എന്ന് പറഞ്ഞാൽ അവരത് സ്വീകരിക്കും എന്നൊക്കെയുള്ള വിവേചനപരവും മുൻ വിധിയോടു കൂടിയതുമായ വിവരണങ്ങളുമുണ്ട്.



ഇതേ പോലെ ഓരോ വിഷയത്തിലുമുള്ള ടെക്സ്റ്റ് ബുക്കുകൾ പരിശോധിച്ച് അവ മാറ്റി എഴുതേണ്ടതുണ്ട്. ഗാർഹികപീഡനം, ലൈംഗികാതിക്രമം, ഗർഭനിരോധനം, അബോർഷൻ തുടങ്ങിയ വിഷയങ്ങളെല്ലാം തന്നെ ഒരു വശത്ത് ആരോഗ്യവും, അതേ സമയം ലിംഗവിവേചനവുമായും ബന്ധപ്പെട്ടിരിക്കുന്നതാണ്. ഈ വിഷയങ്ങൾ മനസ്സിലാക്കുന്നിടത്ത് ജെന്റർ അവബോധം കൂടിയേ കഴിയൂ. വിവിധ രോഗങ്ങൾ വ്യത്യസ്ത ലൈംഗിക വിഭാഗങ്ങളിൽ എത്രത്തോളം ഉണ്ടെന്നും അവ എങ്ങനെ ആ വിഭാഗത്തെ ബാധിക്കുന്നു എന്നും മനസ്സിലാക്കേണ്ടതുണ്ട്. സമൂഹത്തിൽ നില നിൽക്കുന്ന ജെന്ററിനെ സംബന്ധിച്ച വാർപ്പ് മാതൃകകൾക്ക് മെഡിക്കൽ വിദ്യാഭ്യാസം ആധികാരികത നൽകുന്നു. ലിംഗ ലൈംഗിക പരിവർത്തനം നടക്കുന്ന സമൂഹത്തിൽ അതിന്റെ പൊളിച്ചെഴുത്ത് അത്യന്താപേക്ഷിതമാണ്.



**ബിലു പദ്മിനി നാരായണൻ**
കവി, അധ്യാപിക
വിദ്യാഭ്യാസ പ്രവർത്തക

# അധ്യാപകപഠനപദ്ധതി ലിംഗനീതിപരമാവേണ്ടതുണ്ട്



സന്ദർഭം: 1

കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ക്ലാസ്സ് മുറി അടിച്ചുവാരി വൃത്തിയാക്കുന്നതിനുള്ള ചുമതലയേല്പിക്കുകയായിരുന്നു ക്ലാസ്സ് ടീച്ചർ. ചൂലെടുത്ത് അടിച്ചു വാരുന്നത് പെൺകുട്ടികൾ ഡെസ്ക്കും ബെഞ്ചും പിടിച്ചിടുന്നത് ആൺകുട്ടികൾ ഇതാണ് സ്കൂളുകളിലെ പൊതുരീതി. അതിൽ നിന്നു മാറി ആൺകുട്ടികളും അടിച്ചുവാരട്ടെ എന്ന് സമത്വ രീതിയിൽ ചിന്തിച്ച ടീച്ചർക്ക് പക്ഷേ എതിർപ്പാണ് കിട്ടിയത്. 'ആൺകുട്ടികൾ ചൂലെടുക്കുകയോ' എന്ന് പ്രായമുള്ള സ്ത്രീയായ ഓഫീസ് അസിസ്റ്റന്റ് മുതൽ ഈയിടെ ബിഎഡ് കഴിഞ്ഞിറങ്ങിയ പുതുതലമുറട്ടീച്ചർമാർ വരെ ചോദിച്ചു. 'എന്നെ വീട്ടിൽ ഇതൊന്നും ചെയ്യിക്കില്ല' എന്ന് ചില ആൺകുട്ടികളും പറഞ്ഞു.

സന്ദർഭം: 2

ലിംഗനീതി സംബന്ധമായ ഒരു ചർച്ച നടക്കുകയാണ് സ്കൂളിൽ. പതിവനുസരിച്ച് പിടിഎ അംഗങ്ങളും അധ്യാപകരും തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളുമൊക്കെയുണ്ട് യോഗത്തിൽ. ചർച്ച, സിദ്ധാന്തങ്ങളും സമർത്ഥനങ്ങളുമായി മുന്നോട്ട് പോകവേ പ്രതിനിധികളിലൊരാൾ ഒരു നിർദ്ദേശം വെച്ചു.നമ്മുടെ സ്കൂളിൽ ഒന്നാം ക്ലാസ് മുതൽ ആൺകുട്ടികളെയും പെൺകുട്ടികളെയും വേർതിരിച്ചിരുത്താതെ അക്ഷരമാലാക്രമത്തിലോ മറ്റോ ഇടവിട്ടിരുത്താമല്ലോ. അതിലൂടെ, വളരെ ചെറുപ്പത്തിൽത്തന്നെ ശരീരസംബന്ധമായ ജനാധിപത്യ ബോധം രൂപപ്പെടും. പെൺശരീരമെന്നത് മറ്റൊരു മനുഷ്യശരീരമാണെന്ന സമത്വബോധം ഉണ്ടാവും എന്നിങ്ങനെ അവർ പറഞ്ഞുവരികയായിരുന്നു.

പക്ഷേ, ഇതു കേട്ടപ്പോൾ കൂടിയിരുന്നവരിൽ നിന്ന് ചിരിയും പരിഹാസവുമാണ് പ്രതികരണമായി വന്നത്. 'അത്ര ഫെമിനിസമൊന്നും ഇവിടെ നടപ്പാവില്ല ടീച്ചറേ' യെന്ന താക്കീത് കലർന്നത്. ഈയൊരു പരിഹാസത്തിൽ മുന്നിട്ടു നിന്നത് സ്ത്രീകൾകൂടി ഉൾപ്പെടുന്ന അധ്യാപകരായിരുന്നു. 'പിള്ളേരെ രണ്ട് സൈഡിലാക്കി ഇരുത്തിയിട്ടുതന്നെ മാനേജ് ചെയ്യാൻ പറ്റുന്നില്ല. പുറത്ത് നിൽക്കുന്ന നിങ്ങൾക്ക് പലതുമിങ്ങനെ തോന്നും.തീയും

വെടിമരുന്നും കൂടി ഒന്നിച്ച് വെക്കുന്ന പോലെയാവും കാര്യങ്ങൾ' ഇങ്ങനെ പോകുന്നു അവിടെക്കേട്ട പരാമർശങ്ങൾ.

സന്ദർഭം:3

ഹയർസെക്കൻഡറി ക്ലാസ്സ് മുറിയിൽ പരിശോധനാസ്ക്വാഡ് ഇറങ്ങിയിരിക്കയാണ്. വേട്ടയ്ക്ക് പോകുന്നതു പോലെ കുട്ടികളുടെ ബാഗും മറ്റും തപ്പുന്ന ആഘോഷമാണ് ഈ പരിപാടി. സംശയാസ്പദവും അപകടകരവുമായ, ഒഴിവാക്കാൻ പറ്റാത്ത അപൂർവ്വം ചില സാഹചര്യങ്ങളിൽ അതായത് ലഹരിമരുന്നുപയോഗം പോലുള്ളവ നടന്നാൽ അങ്ങനൊരു പരിശോധന വേണ്ടി വന്നേക്കാം.പക്ഷേ, ലഭിക്കുന്ന വിവരങ്ങൾ രഹസ്യാത്മകത പാലിച്ചുകൊണ്ട് വേണം കൈകാര്യം ചെയ്യാൻ എന്ന പ്രാഥമിക ധാരണ പലപ്പോഴും ഇത്തരം തപ്പിയെടുക്കലുകളിൽ പാലിക്കപ്പെടാറില്ല. ഇക്കൂട്ടത്തിൽ സ്റ്റാഫ് റൂമിൽ കൂട്ടച്ചർച്ചയ്ക്കും വിധേയമാകുന്ന ഒന്നാണ് പ്രേമലേഖനങ്ങൾ. സ്റ്റാഫ് റൂമിലിരുന്ന് വ്യത്തികെട്ട പരാമർശങ്ങളോടെ കൈകാര്യം ചെയ്യപ്പെടാനാണ് അവയ്ക്ക് വിധി. മനഃശാസ്ത്രപരമായ കരുതലോടെ ഇടപെടേണ്ട ഇത്തരം കാര്യങ്ങൾ കഠിനവിചാരണക്ക് വിധേയമാകേണ്ട ഒരപരാധമായി മാറും അവിടെ. അധ്യാപകർ ന്യായാധിപരുമാവും.



സന്ദർഭം: 4

ഈയിടെ സ്കൂൾ തുറന്നപ്പോ നടന്നതാണ്. ധാരാളം ദളിത് വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു സ്കൂളിലെ ഉച്ചഭക്ഷണം കഴിഞ്ഞുള്ള വിശ്രമസമയത്ത് കൂട്ടത്തിൽ ഒരധ്യാപികയുടെ കമന്റാണ്. 'ഒക്കേത്തിനേം നോക്കുമ്പോ ഏതാണ്ട് ഗ്രാനൈറ്റിലേക്ക് നോക്കുന്ന പോലെയാണ്. പോരാഞ്ഞ് ഓരോ കടുക്കനും'. സവർണ്ണസമുദായത്തിൽപ്പെട്ട ഒരധ്യാപികയാണത് പറഞ്ഞത്. കേട്ടവരിൽ കൂട്ടച്ചിരിയുണ്ടായി. ചിലർ തലതാഴ്ത്തി മിണ്ടാതിരുന്നു. മറ്റു ചിലർ ഇത് തങ്ങളെ ബാധിക്കുന്നില്ലെന്ന മട്ടിലും. തികഞ്ഞ വംശീയതയാണ് അവർ പറഞ്ഞത്. നിറത്തിന്റെ പേരിലുള്ള കടുത്ത ദളിത് ആക്ഷേപം.

ഇത്തരം ചില സന്ദർഭങ്ങൾ ചൂണ്ടിക്കാണിച്ചത് നമ്മുടെ ആധ്യാപകസമൂഹത്തിന്റെ സാംസ്കാരിക/ രാഷ്ട്രീയ ഉള്ളടക്കം എത്ര ജീർണ്ണിച്ചതും മുന്നോട്ട് വളരാത്തതുമായ ഒന്നായാണ് ഇന്നും നിലനിൽക്കുന്നത് എന്ന് പറയാനാണ്. സിലബസിലും വിദ്യാർഥികളിലുമൊക്കെ ലിംഗനീതിപരമായ തിരുത്തലും പുതുക്കലും നടത്തുന്നതിനെപ്പറ്റി നാം ചിന്തിക്കുന്ന സമയമാണിത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തന്നെ ഇത്തരം ശ്രമങ്ങൾ തുടങ്ങിയിരുന്നെങ്കിലും പ്രായോഗികമായ തലത്തിൽ വളരാൻ അവയ്ക്ക് സാധിച്ചിരുന്നില്ല. മാത്രമല്ല, അടിസ്ഥാനപരമായിക്കാണേണ്ട ഒരു മേഖല അവിടെ വിസ്മരിക്കപ്പെടുകയാണെന്ന് തോന്നുന്നു. അത് അധ്യാപകപഠനമേഖലയാണ്.

അധ്യാപനപഠന സന്ദർഭങ്ങളിൽത്തന്നെ ജനാധിപത്യപരമായ മനോഭാവരൂപീകരണം അധ്യാപക സമൂഹത്തിൽ നടന്നാൽ മാത്രമേ ക്ലാസ്സ് മുറിയിൽ അതിന്റെ തുടർച്ചയുണ്ടാവൂ.അല്ലാത്ത പക്ഷം അവ കേവലം സിദ്ധാന്തങ്ങളായൊടുങ്ങും.

നമ്മുടെ ബി.എഡ്/ഡിഎൽ.എഡ് പരിശീലന കേന്ദ്രങ്ങളിൽ ഇപ്പോഴും അധ്യാപികമാരുടെ നിർബന്ധിതവേഷം സാരിയാണ്. അധ്യാപികമാർ ചുരിദാറിലോ മറ്റു വേഷങ്ങളിലോ എത്തിയാലും അധ്യാപകവിദ്യാർത്ഥികൾ പാരമ്പര്യസംരക്ഷകരായി തുടരേണ്ടി വരികയാണ്. പാഠാസൂത്രണം, പ്രോജക്ട് നിർമ്മാണം, പഠനസാമഗ്രികളുടെ നിർമ്മാണം തുടങ്ങിയവയിലൊന്നും തന്നെ ലിംഗസമത്വ സംബന്ധമായ തിരുത്തലുകളും പുതുസമീപനങ്ങളും ഇനിയും രൂപപ്പെട്ടിട്ടില്ല.

'നാരി നടിച്ചിടം നാരകം നട്ടിടം' എന്ന് ഇപ്പോഴും പഴഞ്ചൊല്ലായി പഠിപ്പിക്കുന്നതിൽ അപാകത തോന്നാത്തവരും അത് ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നവരുമായി കാലങ്ങളായി ഒരേ അച്ചിൽ വാർത്തെടുക്കുന്നവരായ നമ്മുടെ അധ്യാപകവിദ്യാർത്ഥികൾ മാറുന്നത് ദയനീയമാണ്. ഇവിടങ്ങളിലൊക്കെ 'ആശാനക്ഷരമൊന്ന് പിഴച്ചാൽ

അമ്പത്തൊന്നു പിഴക്കും ശിഷ്യന്' എന്നെഴുതിപ്പഠിക്കേണ്ടി വരുന്ന സാഹചര്യമാണുള്ളത് എന്നതാണ് സത്യം. അതുകൊണ്ട് കേരളത്തിലെ ലിംഗനീതിപഠനം പ്രധാനമായും ഉൾപ്പെടുത്തേണ്ട ഒരടിസ്ഥാനമേഖല അധ്യാപകപഠനമേഖലയാണ്. അല്ലെങ്കിൽ അധ്യാപകർക്കിടയിലെ അഥവാ ക്ലാസ്സ് മുറികളിലെ ലിംഗ/വിവേചനങ്ങൾ തലമുറയായി പകർന്നുകൊണ്ടേയിരിക്കും. അത് നടന്നു കൂടാ.

# അ ഫോർ അഭിമാനം, ആ ഫോർ ആദരവ്...





**എൻ.ജി.നയനതാര**
കവി, സാഹിത്യപ്രവർത്തക

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലൈംഗിക കുറ്റകൃത്യങ്ങൾക്കെതിരായ പ്രതികരണം എന്ന നിലയ്ക്കു മാത്രമല്ല ലൈംഗികവിദ്യാഭ്യാസം ചെറിയ ക്ലാസുകളിൽ നിന്നു തന്നെ ആരംഭിക്കുന്നതിനെക്കുറിച്ച് നാം സംസാരിക്കേണ്ടത്. നമ്മുടെ അദ്ധ്യാപനരീതിയുടെ പിഴവുകൾ തീർക്കുന്ന തരത്തിൽ സമഗ്രമായി മാറേണ്ടതാണ് ആ ചർച്ച. ഇത്രനാളും ഇതെല്ലാം സ്വാഭാവികമായല്ലേ അറിഞ്ഞത് എന്ന ചോദ്യമാണ് ലൈംഗികവിദ്യാഭ്യാസത്തെക്കുറിച്ചു സംസാരിക്കുമ്പോൾ ആദ്യം ഉയർന്നുവരുന്നത്. ഇതെല്ലാം എന്ന വാക്കിൽ പലപ്പോഴും ഉൾക്കൊള്ളുന്നത് മുതിർന്നവർ തമ്മിലുള്ള ലൈംഗികപ്രക്രിയ ആണ്. ലൈംഗികവിദ്യാഭ്യാസമെന്നു കേൾക്കുമ്പോൾ അതിനെ കേവലം ശാരീരികമായ ഒരു പ്രവൃത്തിയായി കാണുന്നതിന്റെ പരിമിതിയാണിത്. പക്ഷേ ശരിയായ രീതിയിൽ ആരംഭിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്താൽ, ഒരു സമൂഹത്തിന്റെ മുഴുവൻ ആരോഗ്യത്തെയും മനുഷ്യന്റെ അന്തസ്സിനെയും ഗുണകരമായി സ്വാധീനിക്കാൻ കഴിവുണ്ട് ഈ അക്കാദമികപ്രവർത്തനങ്ങൾക്ക്. ഇത് പ്രീ-പ്രൈമറി കാലം മുതൽ ആരംഭിക്കേണ്ടതാണ്. അക്ഷരം ചൊല്ലിപ്പഠിക്കുന്ന കാലത്ത്, ചില വലിയ രാഷ്ട്രീയശരികൾ കൂടി കുട്ടികൾ പഠിച്ചുതുടങ്ങേണ്ടതുണ്ട്.

പരസ്പരബഹുമാനം, വിവേചനമില്ലായ്മ, വ്യത്യസ്തതകളെ അംഗീകരിക്കാനുള്ള കഴിവ്- ഈ മൂന്നു കാര്യങ്ങളാണ് ലൈംഗികവിദ്യാഭ്യാസത്തിന്റെ അടിത്തറയായി വർത്തിക്കേണ്ടത്. പിൽക്കാലത്ത് ശരീരവും മനസ്സുമുൾപ്പെടുന്ന വലിയ ബന്ധങ്ങളിൽ അനുഭവപ്പെടുന്ന എല്ലാത്തരം തകർച്ചകളുടെയും പ്രധാനപ്പെട്ട കാരണം ഇതു മൂന്നുമാണെന്നു മനസ്സിലാക്കാൻ രണ്ടാമതൊന്നാലോചിക്കേണ്ടതില്ല. മനുഷ്യരുടെ ശാരീരികസവിശേഷതകളെ സവിശേഷതകളായിത്തന്നെ കാണാൻ കുട്ടികളെ ശീലിപ്പിക്കണം.

ശാരീരികമായ പോരായ്മകളെ കളിയാക്കുകയോ ഉയർത്തിക്കാട്ടുകയോ ചെയ്യുന്ന തരം ഉള്ളടക്കം നഴ്സറി പാട്ടുകളായോ കഥകളായോ പാഠങ്ങളായോ അവർക്കു മുന്നിൽ എത്തരുത്. ഏകീകൃത സി

ലബസ്സില്ലാത്ത പ്രീ-പ്രൈമറി ക്ലാസുകളിൽ അത്യന്തം ബുദ്ധിമുട്ടേറിയതാണ് ഈ ഫിൽട്ടറിംഗ്. വളരെ നിഷ്കളങ്കമായി പണ്ടു നാം കരുതിയ പാഠഭാഗങ്ങളും പാട്ടുകളും പോലും ലിംഗ-ജാതി-വർണ്ണ സ്റ്റീരിയോടൈപ്പുകളുടെ അരങ്ങാണ്. സൂക്ഷ്മമായ അനീതികളെ നോർമ്മലൈസ് ചെയ്യുമ്പോഴാണ് അവ സമൂഹത്തിൽ കൂടുതൽക്കൂടുതൽ വേരോടുന്നത്. ചായ കൊടുക്കുന്ന അമ്മയുടെയും പത്രം വായിക്കുന്ന അച്ഛന്റെയും ചിത്രങ്ങൾ പോലും ഇത്തരം സ്റ്റീരിയോടൈപ്പുകളെ എത്ര ആഴത്തിൽ കുഞ്ഞുമനസ്സുകളിൽ പതിപ്പിക്കുന്നുണ്ടെന്ന് നാം തിരിച്ചറിയുന്നില്ല. കുട്ടിക്കഥകളിൽ പോലും സാഹസികരായ ആൺകുട്ടികളെയും ശാന്തപ്രകൃതികളായ പെൺകുട്ടികളെയുമാണ് കാലാകാലങ്ങളായി വരച്ചിടുന്നത്. വിവേചനങ്ങളെയും അസമത്വത്തെയും തികച്ചും സ്വാഭാവികമെന്ന് മനസ്സിലാക്കാനാണ് ഈ ബാലപാഠങ്ങൾ കുട്ടികളെ പ്രേരിപ്പിക്കുന്നത്.

പ്രീ-പ്രൈമറി തലത്തിൽ വായിൽ തോന്നുന്നത് കോതയ്ക്കു പാട്ടെന്ന മട്ടിൽ എന്തും പഠിപ്പിക്കാമെന്ന രീതി സർക്കാർ തന്നെ മുൻകൈയെടുത്ത് മാറ്റേണ്ടതാണ്. മതസംഘടനകൾക്കും സ്വകാര്യവ്യക്തികൾക്കുമൊക്കെ യഥേഷ്ടം ആരംഭിക്കാവുന്ന നഴ്സറി സ്കൂളുകളിൽ കുട്ടികൾ എന്തെല്ലാമാണ് പഠിക്കുന്നത് എന്ന കാര്യത്തിൽ കൃത്യമായ ഒരു നിരീക്ഷണസംവിധാനം ആവശ്യമാണ്. പ്രീ-പ്രൈമറി തലത്തിലുള്ള പാഠപുസ്തകങ്ങളിൽ സർക്കാരിന് ഒരു നിയന്ത്രണവുമില്ലാത്ത നിലവിലെ അവസ്ഥ ഒട്ടും ആശാസ്യമല്ല.

**വേരിനു വേണം വളം**

കണക്കു പോലെ തന്നെയാണ് ലൈംഗികവിദ്യാഭ്യാസമെന്ന് മോണ്ട്ക്ലെയർ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽനിന്ന് ഈ വിഷയത്തിൽ പഠനം നടത്തിയ ഈവ ഗോൾഡ്ഫാർബും ലിസ ലീബർമാനും ചൂണ്ടിക്കാട്ടുന്നുണ്ട്. നേരത്തേ തുടങ്ങുകയും, പ്രായത്തിനനുസരിച്ച് വികസിക്കുകയും ചെയ്യുന്ന ഒരു പഠനപദ്ധതി ഇക്കാര്യത്തിലാവശ്യമാണ്. എട്ടാം ക്ലാസിൽ എണ്ണാൻ പഠിപ്പിക്കുംപോലെ അസംബന്ധമാണ് വൈകിമാത്രം തുടങ്ങുന്ന ലൈംഗികവിദ്യാഭ്യാസമെന്ന് അവർ പറയുന്നു (ഇതുവരെ അത് ആരംഭിച്ചിട്ടു കൂടിയില്ലാത്ത നമ്മുടെ നാടിനെ ഒന്നു താരതമ്യപ്പെടുത്തി നോക്കൂ).

എന്താവണം പ്രീ-പ്രൈമറി കുട്ടികളെ പഠിപ്പിക്കേണ്ട ആദ്യത്തെ പാഠം? തീർച്ചയായും അത് സ്വയവും മറ്റുള്ളവരെയും ബഹുമാനിക്കുക എന്നതാണ്. തന്റെയും മറ്റുള്ളവരുടെയും ശരീരം, അവ കൈകാര്യം ചെയ്യുമ്പോഴുള്ള മര്യാദകൾ, ആരോഗ്യകരമായ സൗഹൃദം, മറ്റുള്ളവരോട് ആദരവോടെ എങ്ങനെ ഇടപെടണം തുടങ്ങിയ കാര്യങ്ങൾ പ്രീ-പ്രൈമറി തലത്തിൽ തന്നെ പഠിപ്പിച്ചു തുടങ്ങണം. നാലും അഞ്ചും വയസ്സുള്ള കുഞ്ഞുങ്ങളെ വ്യക്തികളായിത്തന്നെ കണ്ട് അവരോട് പെരുമാറാൻ മാതാപിതാക്കളും അദ്ധ്യാപകരും ശീ

**ആണും പെണ്ണും എന്നതിനൊപ്പം ട്രാൻസ്ജെൻഡർ ഐഡന്റിറ്റിയെക്കുറിച്ചും ഈ പ്രായത്തിൽ വളരെ സ്വാഭാവികമായി കുട്ടികൾക്കു പറഞ്ഞുകൊടുക്കാം. അമ്മയും അച്ഛനും കുഞ്ഞും എന്നതിനപ്പുറമുള്ള കുടുംബരൂപങ്ങളെക്കുറിച്ച് പറയാം. ഒറ്റ വരയിലൂടെ ഓടുന്ന തീവണ്ടികളാണ് മനുഷ്യരെന്ന ധാരണ അവരുടെ മനസ്സിൽ ഉറയ്ക്കാതിരിക്കട്ടെ. സമൂഹത്തിന്റെ വൈവിദ്ധ്യങ്ങളോട് എത്ര നേരത്തേ നാമവരെ പരിചയപ്പെടുത്തുന്നുവോ, അത്രയും വലുതായിരിക്കും അവരുടെ മാനസികലോകം. വൈവിധ്യങ്ങളെ അംഗീകരിക്കാനും ആസ്വദിക്കാനും അവർ ശീലിക്കട്ടെ.**

ലിക്കുകയും വേണം. മറ്റൊരാളുടെ വ്യക്തിപരമായ സ്പേസ് ഉല്ലംഘിക്കാൻ പാടില്ലെന്ന പാഠം, കുഞ്ഞിന്റെ കാര്യത്തിലും നടപ്പിൽ വരുത്തണമെന്നർത്ഥം. ഇത്തരം ചെറിയ ചെറിയ പാഠങ്ങളിലാവണം, പിന്നീട് പരസ്പര ബഹുമാനാധിഷ്ഠിതമായ ബന്ധങ്ങളെക്കുറിച്ചുള്ള വലിയ വലിയ ചർച്ചകൾ ചെന്നെത്തേണ്ടത്.

ആണും പെണ്ണും എന്നതിനൊപ്പം ട്രാൻസ്ജെൻഡർ ഐഡന്റിറ്റിയെക്കുറിച്ചും ഈ പ്രായത്തിൽ വളരെ സ്വാഭാവികമായി കുട്ടികൾക്കു പറഞ്ഞുകൊടുക്കാം. അമ്മയും അച്ഛനും കുഞ്ഞും എന്നതിനപ്പുറമുള്ള കുടുംബരൂപങ്ങളെക്കുറിച്ച് പറയാം. ഒറ്റ വരയിലൂടെ ഓടുന്ന തീവണ്ടികളാണ് മനുഷ്യരെന്ന ധാരണ അവരുടെ മനസ്സിൽ ഉറയ്ക്കാതിരിക്കട്ടെ. സമൂഹത്തിന്റെ വൈവിദ്ധ്യങ്ങളോട് എത്ര നേരത്തേ നാമവരെ പരിചയപ്പെടുത്തുന്നുവോ, അത്രയും വലുതായിരിക്കും അവരുടെ മാനസികലോകം. വൈവിധ്യങ്ങളെ അംഗീകരിക്കാനും ആസ്വദിക്കാനും അവർ ശീലിക്കട്ടെ.

മറ്റുള്ളവരുടെ അന്തസിനെ അംഗീകരിക്കുന്നവർ ശാരീരികമായോ മാനസികമായോ വരെ ഉപദ്രവിക്കുന്നത് പൂർണ്ണമായും ഒഴിവാക്കും. ഒരു സ്പർശം കൊണ്ടുപോലും മറ്റൊരു ആളുടെ വ്യക്തിപരമായ സ്പേസിനെ മറികടക്കാൻ അത്തരത്തിലുള്ള വ്യക്തികൾ തയ്യാറാവുകയില്ല. ഈ അന്തസ്സ് ലിംഗ-ജാതിമത-വർഗ്ഗഭേദങ്ങളില്ലാതെ എല്ലാവർക്കും അവകാശപ്പെട്ടതാണെന്ന ബോദ്ധ്യം പ്രീ-പ്രൈമറി ക്ലാസ്സുകളിലെ കുട്ടികൾക്കു നൽകാൻ

ക്ലാസ്സ്റൂമുകൾ ശ്രദ്ധിക്കണം. ക്ലാസ്സ് റൂം എന്ന് എടുത്തു പറയാൻ കാരണം, പല വീടുകളും ഇന്നും രാഷ്ട്രീയശരികേടുകളുടെ അരങ്ങുകൾ തന്നെയാണെന്നതാണ്. ഒന്നോ രണ്ടോ വാക്കുകളിലൂടെ പോലും ജാതീയവും വംശീയവും ലിംഗപരവുമായ തെറ്റായ സന്ദേശങ്ങൾ കുട്ടികൾക്കുള്ളിലേക്കെത്തുന്നത് പലപ്പോഴും വീട്ടിനുള്ളിൽ നിന്നു തന്നെയാണ്. ഈ വിഷയത്തെ അവധാനതയോടെ, ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ടത് ക്ലാസ് മുറികൾ തന്നെയാവണം.

### ആകാംക്ഷകൾക്ക് വിലക്കിടേണ്ട

ശരീരത്തെക്കുറിച്ച് വലുതും ചെറുതുമായ ആകാംക്ഷകൾ കുട്ടികളിലുണ്ടാകുന്ന കാലമാണിത്. കൊച്ചുകുട്ടികൾ അവരുടെ ലൈംഗികാവയവങ്ങളിൽ സ്പർശിക്കുന്നത് വളരെ സാധാരണമാണ്. ഇതു കാണുന്ന ഉടനെ, അതിനെ കളിയാക്കുകയോ അങ്ങനെ ചെയ്യുന്നത് മോശമാണെന്നു പറയുകയോ ചെയ്യുന്നതും, ലൈംഗികാവയവങ്ങളെ കുട്ടിപ്പേരുകളുപയോഗിച്ച് വിശേഷിപ്പിക്കുന്നതും തെറ്റായ രീതിയാണ്. കഴിയുന്നതും ഇംഗ്ലീഷിലോ, മലയാളത്തിലോ സ്വകാര്യഭാഗങ്ങളെ അവയുടെ യഥാർത്ഥ പേരുകളിൽത്തന്നെ വിശേഷിപ്പിക്കുക. അവ സ്വകാര്യമായ ഇടങ്ങളാണെന്നും മറ്റുള്ളവരുടെ മുന്നിൽവച്ച് അവ സ്പർശിക്കുന്നത് ഉചിതമല്ലെന്നും കുട്ടികൾക്ക് മനസ്സിലാകുംപോലെ പറഞ്ഞുകൊടുക്കാം. ഇതേ ആകാംക്ഷ മറ്റുള്ളവരുടെ ശരീരത്തെക്കുറിച്ചും കുഞ്ഞുങ്ങൾക്കുണ്ടാകും. അമ്മയ്ക്കു മാത്രം എന്തുകൊണ്ടാണ് മുലകളുള്ളത്, അച്ഛന് എന്തിനാണ് താടി... എന്നിങ്ങനെ നൂറുനൂറു സംശയങ്ങൾ അവർ ചോദിക്കാനിടയുണ്ട്. ഒരു സംശയവും നിസ്സാരമെന്നു കരുതി തള്ളിക്കളയാതിരിക്കുക. അവരോട് എങ്ങനെ സംസാരിക്കണം എന്നറിയില്ലെങ്കിൽ, അതിനായി മാനസികമായി തയ്യാറെടുത്ത ശേഷം ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകുക.




ലൈംഗികവിദ്യാഭ്യാസം സ്കൂൾ തലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള രാജ്യങ്ങളിൽ പ്രീ-സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രധാനമായും നാലു കാര്യങ്ങളിലാണ് അവബോധം നൽകാൻ ശ്രദ്ധിക്കുന്നത്: 1) ശരീരത്തിലെ സ്വകാര്യവും അല്ലാത്തതുമായ ഭാഗങ്ങൾ 2) നല്ല സ്പർശം, മോശം സ്പർശം 3) വിശ്വാസത്തിലെടുക്കുന്ന മുതിർന്നൊരു വ്യക്തിയോട് എന്തും തുറന്നു പറയേണ്ടതിന്റെ ആവശ്യകത 4) അപരിചിതരോട് ഇടപെടുന്ന രീതി. ഈ നാലു ഘട്ടങ്ങൾ പൂർത്തിയാക്കുന്നതോടെ, ഒരു വ്യക്തി എന്ന നിലയിൽ സ്വയം ഒരു മതിപ്പും ആദരവും കുഞ്ഞിന് തന്നോടുണ്ടാവും. മറ്റുള്ളവരുടെ പക്കൽ നിന്ന് ന്യായവും മാന്യവും നീതിപൂർവ്വകവുമായ പെരുമാറ്റം അർഹിക്കുന്നയാളാണെന്ന ആ ബോദ്ധ്യം, ശാരീരികവും മാനസികവുമായ ഏതു കൈയേറ്റശ്രമങ്ങളെയും ചെറുത്തുതോൽപിക്കാനുള്ള കരുത്തും കുഞ്ഞിനു നൽകും. അടുത്ത ക്ലാസ്സുകളിൽ ആരോഗ്യകരമായ ബന്ധങ്ങളെക്കുറിച്ചൊക്കെ പഠിക്കുമ്പോൾ അവർക്ക് അടിത്തറയാകുന്നത് ഈ സ്വയംബോധം തന്നെയാവും.

വിദ്യാഭ്യാസത്തിന്റെ മുന്നോട്ടുപോക്കിനെക്കുറിച്ച് ആലോചിച്ചു തുടങ്ങുന്ന നിമിഷം മാറ്റിവയ്ക്കേണ്ടതാണ് പണ്ടൊക്കെ എല്ലാം എന്തു നന്നായിരുന്നുവെന്ന ഭൂതകാലക്കുളിർ. നാം പഠിച്ച പാഠപുസ്തകങ്ങളൊക്കെ നമുക്ക് ഗൃഹാതുരത കലർന്ന ഓർമ്മകളായിരിക്കും. പക്ഷേ ഇഴകീറി പരിശോധിച്ചാൽ, ലിംഗപരവും ജാതീയവും ശാരീരികവുമായ വിവേചനങ്ങളെ ഊട്ടിയുറപ്പിച്ച എത്രയോ പാഠങ്ങൾ നാം പഠിച്ചിട്ടുണ്ട്. ഇതൊന്നുമില്ലാത്ത ഒരു വിഡ്ഢിസ്വർഗ്ഗത്തിലേക്ക് കുട്ടികളെ കടത്തിവിടുകയാണോ വേണ്ടത് എന്ന ചോദ്യത്തിൽ പതിരില്ല, കാരണം ഒരു ടെക്സ്റ്റിനെ ശരിയായി വായിക്കാനുള്ള അവബോധം ഉണ്ടായശേഷം അവർക്കു ലഭിക്കുന്ന റിസോഴ്സുകളും അല്ലാത്തതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. സമൂഹത്തെക്കുറിച്ച് അറിവുകളും ധാരണകളും രൂപീകരിക്കുന്ന ആദ്യഘട്ടങ്ങളിൽ അവരിലേക്കെത്തുന്ന ഓരോ വാക്കും, ആരോഗ്യകരമായ സാമൂഹ്യബോദ്ധ്യങ്ങളെ ഊട്ടിയുറപ്പിക്കുന്നതാകണം എന്നു നാം ഉറപ്പാക്കണം. മുൻപ് സൂചിപ്പിച്ചപോലെ, ഇക്കാര്യത്തിൽ ആധികാരികമായും ഔദ്യോഗികമായും മുൻകൈയെടുക്കാൻ കഴിയുന്നത് സർക്കാരിനു മാത്രമാണ്. പല സിലബസ്സുകളിൽ പലതും പഠിക്കുന്ന പ്രീ-പ്രൈമറി കുട്ടികളെ പുരോഗമനോന്മുഖമായ ഒരു ഏകീകൃതസിലബസ്സിലേക്ക് കൊണ്ടുവരാൻ ഇനിയും വൈകിക്കൂടാ.



**എം.സുൽഫത്ത്**
സംഘടിത പത്രാധിപ സമിതി
അംഗം, സാമൂഹ്യ പ്രവർത്തക

# ഇന്ത്യൻ ഭരണഘടന ഏട്ടിലെ പശുവല്ല, യൂണിഫോമുകളിലുമുണ്ട് ലിംഗവിവേചനം

മതത്തിന്റെയോ ജാതിയുടെയോ ലിംഗത്തിന്റെയോ പേരിൽ ഒരു തരത്തിലുള്ള വിവേചനവും അനുവദിക്കാൻ പാടില്ലാത്ത വിധം ശക്തമാണ് ഇന്ത്യൻ ഭരണഘടന. എന്നാൽ അധികാര സ്ഥാനങ്ങളിലും മതനിയമങ്ങളിലും പാരമ്പര്യങ്ങളിലും കുടുംബഘടനയിലുമൊക്കെ 'അടിഞ്ഞുകൂടിയിട്ടുള്ള' പുരുഷാധിപത്യ മൂല്യബോധം ഭരണഘടനാവിരുദ്ധമായി അവളുടെ തുറസ്സുകളെയും അതിരുകളെയും നിർണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നുണ്ട്. പെൺശരീരത്തിനു മാത്രമല്ല പെൺവസ്ത്രങ്ങൾക്കും ഈ തുറസ്സുകളും അതിരുകളും ബാധകമാണ്. സദാചാരബോധങ്ങൾക്കും വിപണിക്കും അവൾ ഒരു ശരീരം മാത്രമാണ്. അരുതുകൾ കൊണ്ട് സദാചാരവും വിപണന തന്ത്രം കൊണ്ട് മൂലധനവും സ്ത്രീശരീരത്തെ നിയന്ത്രിച്ചു കൊണ്ടിരിക്കുമ്പോൾ വൈവിധ്യങ്ങളെക്കുറിച്ചും സൗന്ദര്യസങ്കല്പങ്ങളെക്കുറിച്ചും ന്യായീകരണങ്ങൾ ചമച്ചു കൊണ്ട് പൊതുബോധത്തിനനുസരിച്ച് മനസ്സിനെ പാകപ്പെടുത്താൻ വലിയൊരു വിഭാഗം സ്ത്രീകൾക്കും കഴിയുന്നുണ്ട്. ട്രെന്റുകളും ഫാഷനുകളും മാറ്റിക്കൊണ്ട് മൂലധനം തീരുമാനിക്കുന്ന വസ്ത്രം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെ സ്വേച്ഛയായുള്ള തന്റെ തെരഞ്ഞെടുപ്പാണ് തന്റെ വസ്ത്രം എന്ന പ്രതീതി സ്ത്രീകളിൽ സൃഷ്ടിച്ചെടുക്കുന്നതിൽ മൂലധനം വിജയിച്ചിട്ടുണ്ട്.

ആണിനും പെണ്ണിനും സ്വയം തെരഞ്ഞെടുക്കൽ സാധ്യതകളില്ലാത്തതാണ് യൂണിഫോം വസ്ത്രങ്ങൾ. 19-ാം നൂറ്റാണ്ടിൽ ജാതി, മത, വർഗ്ഗ ആഭിജാത്യത്തിന്റെ ചിഹ്നമായിരുന്നു വസ്ത്രം എങ്കിൽ ഇന്ന് സ്കൂൾ യൂണിഫോമുകൾ സ്കൂളിന്റെ ആഭിജാത്യത്തിന്റെയും മാനേജുമെൻറുകളുടെ മത സദാചാര ബോധ്യങ്ങളുടെയും ചിഹ്നമാണ്. കുട്ടികളുടെ അടിസ്ഥാനപരമായ മൗലികാവകാശങ്ങളിൽ ഒന്നാണ് സൗകര്യപ്രദമായതും വിവേചനങ്ങൾ അനുവദിക്കാത്തതുമായ വസ്ത്രം ധരിക്കാനുള്ള അവകാശം. അതു കൊണ്ട് സ്വയം തെരഞ്ഞെടുക്കൽ സാധ്യതകളില്ലാത്ത ഏകീകൃത വസ്ത്രം കുട്ടികൾക്കായി തീരുമാനിക്കുമ്പോൾ ശാസ്ത്രീയമായി രൂപകല്പന ചെയ്തതും ലിംഗവിവേചനം വളർത്താത്തതും ധരിക്കുന്നവർക്ക് ബാധ്യതയാകാത്തതും ആയിരിക്കണം സ്കൂൾ യൂണിഫോമുകൾ .ഹൈടെക് സൗകര്യങ്ങളോടെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയരുന്നു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറ്റവും ആധുനികമായ കാഴ്ചപ്പാടുകളായിരിക്കണം യൂണിഫോം വസ്ത്രങ്ങളുടെ കാര്യത്തിലും പിന്തുടരേണ്ടത്.



ആൺ പെൺ ട്രാൻസ് വിവേചനങ്ങളില്ലാതെ തുല്യതയുടെ അടിസ്ഥാനത്തിൽ പരസ്പരം ഇടപഴകി വളരേണ്ട, വളരാനുള്ള പരിശീലനം നല്കേണ്ട ഇടമാണ് വിദ്യാലയങ്ങൾ. പ്രീ പ്രൈമറി ക്ലാസ് മുതൽ ആൺകുട്ടി അവന്റെ യൂണിഫോം ധരിച്ച് ആത്മവിശ്വാസത്തോടെ യഥേഷ്ടം നിലത്ത് പടിഞ്ഞിരുന്നോ കളിയുപകരണങ്ങളിൽ കയറി മറിഞ്ഞോ സ്ലൈഡറിൽ നിരങ്ങിയോ തലകുത്തിമറിഞ്ഞോ ഒക്കെ കളിക്കുന്നത് കാണാം. പെൺകുട്ടികളാകട്ടെ യൂണിഫോം വസ്ത്രമായ ഫ്രോക്കിനേയോ പാവാടയെയോ നിയന്ത്രിച്ച് കാലുയർത്തുമ്പോഴും നിലത്തിരിക്കുമ്പോഴും സ്ലൈഡറിൽ നിരങ്ങുമ്പോഴും ഷഡ്ഢി കാണാതെ ശ്രദ്ധിച്ച് ആൺകുട്ടിയോടൊപ്പം തലകുത്തി മറിയാനോ കളിയുപകരണങ്ങളിൽ കയറാനോ ഉള്ള ത്വരയെ നിയന്ത്രിച്ച് അവസാനം കായിക വിനോദങ്ങളിൽ നിന്ന് തന്നെ അകന്നു മാറുന്നു .വളരെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ മാത്രം ശ്രദ്ധയിൽപ്പെടുന്ന ഇത്തരം വിവേചനങ്ങൾ പാഠ്യ പദ്ധതിയിൽ ഇല്ലാത്തഅടക്കവും ഒതുക്കവും പഠിപ്പിക്കാൻ കാലങ്ങളായി പുരുഷാധിപത്യ മൂല്യബോധം സൃഷ്ടിച്ചു വെച്ചതാണ്. ആ മൂല്യബോധത്തെ മറികടക്കാൻ വിദ്യാലയങ്ങൾക്കാകണം.

ട്രൗസറിന്റെ കാലം കഴിഞ്ഞാൽ ഏത് പ്രായത്തിലും ആൺയൂണിഫോമുകൾക്ക് ഒരു രൂപമേയുള്ളൂ. പാന്റ്സും ഷർട്ടും. പെൺകുട്ടികൾക്കാകട്ടെ ഏപ്രൺ ഫ്രോക്കിലും ഷർട്ടിലും തുടങ്ങി ഹാഫ് സ്കർട്ട്, മിഡി, ചുരിദാർ, ഡിവൈഡർ സ്കേർട്ട്, ഷാൾ, ഓവർകോട്ട് ,മക്കന, പർദ്ദ ..... ഇവയിലേതാണെങ്കിലും സ്വന്തം ശരീരത്തെക്കുറിച്ച് ഭയമോ, അപകർഷത യോ, ആശങ്കയോ, സൃഷ്ടിക്കുന്ന ഘടകങ്ങൾ ഉൾച്ചേർന്നിട്ടുണ്ടാവും. ഏത് പ്രവർത്തനത്തിൽ ഏർപ്പെടുമ്പോഴും ഒരു ശ്രദ്ധയും പരിഗണനയും ഈ വസ്ത്രങ്ങൾക്കു മേൽ പെൺകുട്ടികൾക്ക് വേണ്ടി വരുന്നുണ്ട്. പുരുഷ വസ്ത്രങ്ങളാകട്ടെ ധരിച്ചു കഴിഞ്ഞാൽ പിന്നെ പരിഗണനകളൊന്നും വേണ്ടാത്തതാണ്.മറിച്ച് പഠനപ്രവർത്തനം ,കളികൾ എന്നു വേണ്ട വിശ്രമ സമയങ്ങളിൽ പോലും ഈ പരിഗണനകൾ പെൺകുട്ടികളെ വിട്ടൊഴിയാറില്ല. (സ്ത്രീകളുടെ വ്യവസ്ഥാപിത വസ്ത്രങ്ങളെല്ലാം തന്നെ അത്തരത്തിലുള്ളതാണ്.)

സ്തന വളർച്ച മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടും മുമ്പേ അത് മറയ്ക്കാനുള്ള വഴികൾ മലയാളത്തിലെ ഒരു ‘വനിത ‘മാസിക പ്രസിദ്ധീകരിച്ചത് കണ്ടാൽ സ്ത്രീ ശരീരത്തിന്റെ തന്നെ ഭാഗമായ മനുഷ്യകുലത്തിനു തന്നെ പ്രാഥമിക ഭക്ഷണം ഉല്പാദിക്കുന്ന മുലകൾ വളർന്നു വരുന്നത് ഒരു അശ്ലീലമാണെന്ന് തോന്നും. (പ്രസവിക്കുന്നതു വരെ മുല വളർച്ച മുരടിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ ‘വനിത’ കണ്ടെത്താതിരുന്നത് ഭാഗ്യം). ഏറ്റവും ചെറിയ പ്രായത്തിലേ തന്നെ ഇതേ കാഴ്ചപ്പാടോടെ രൂപപ്പെടുത്തപ്പെട്ട ഒരു യൂണിഫോം വസ്ത്രമാണ് ഷർട്ടിന് മുകളിലൂടെയുള്ള ഏപ്രൺ ഫ്രോക്ക്. വസ്ത്രത്തെ ശ്രദ്ധിക്കാതെ

കാലുയർത്തി വെച്ച് ഇരിക്കാനോ ബസ്സിൽ കയറാനോ സ്വതന്ത്രമായി കായിക വിനോദങ്ങളിൽ ഏർപ്പെടാനോ അനുവദിക്കാത്ത ഞൊറിവെച്ച നല്ല ഭംഗിയുള്ള ഹാഫ് പാവാടകൾ ഉയർന്ന സ്റ്റാറ്റസ് അവകാശപ്പെടുന്ന സ്കൂളുകളുടെ പ്രത്യേകതയാണ്.ഈ പാവാടകൾ പെൺകുട്ടികൾക്ക് എത്ര മാത്രം ബാധ്യതയാണ്. ഈ ബാധ്യതയോടൊ

പ്പം ആൺനോട്ടങ്ങളെ പ്രതിരോധിക്കാൻ പാവാടയ്ക്കും പെറ്റിക്കോട്ടിനുമിടയിൽ വീണ്ടും ലഗിൻസെന്നൊരു വസ്ത്രം കൂടിയുണ്ട് ഇപ്പോൾ. അതായത് ഷർട്ട്, ഹാഫ് സ്കർട്ട്, പെറ്റിക്കോട്ട്, ബ്രാ ലഗ്ഗിൻസ്, ഷഡ്ഢി ഇത്രയും ചുമക്കണം.ഇരു തോളിലും പിൻ ചെയ്തു വെച്ച ഷാൾ എന്ന മേൽ മുണ്ടിന് ബസ്സ് യാത്രയിലെ തിക്കിലും തിരക്കിലും എവിടെയെങ്കിലും കുടുങ്ങി വലിഞ്ഞു കീറുന്നതു മുതൽ കായിക വിനോദങ്ങളിലും സ്പോർട്ട് സിലും പങ്കെടുക്കാതിരിക്കുന്നതിനുള്ള കാരണങ്ങളിൽ വരെ സ്ഥാനമുണ്ട്. മുന്നിലോ പിന്നിലോ ഷാളിന്റെ അറ്റം കൂട്ടിക്കെട്ടിവെച്ച് ഉച്ചഭക്ഷണപ്പാത്രം കഴുകുന്ന, സൈക്കിൾ ചവിട്ടുന്ന, ടോയ്ലറ്റിൽ പോകുന്ന, കായിക വിനോദങ്ങളിൽ പങ്കെടുക്കുന്ന പെൺകുട്ടികളുടെ ഈ വസ്ത്ര ബാധ്യതകൾ നാം ഗൗരവത്തിൽ എടുക്കാറില്ല. ജനനം മുതൽ വസ്ത്രത്തിന്റെ, നീണ്ട മുടിയുടെ ആഭരണങ്ങളുടെ അനാവശ്യ ബാധ്യതകൾ പേറാൻ പരിശീലിപ്പിക്കപ്പെ


അധ്യാപിക മുണ്ടും ഷർട്ടും ധരിച്ച് സ്കൂളിൽ

ട്ടവരാണല്ലോ സ്ത്രീകൾ. ആൺ വസ്ത്രങ്ങളായി അംഗീകരിക്കപ്പെട്ട വസ്ത്രങ്ങൾക്കില്ലാത്ത ബാധ്യതകൾ പെൺവസ്ത്രങ്ങൾക്കുണ്ട് എന്ന് തിരിച്ചറിയപ്പെടുന്നില്ലെന്ന് മാത്രമല്ല അവയെ കൂടുതൽ സങ്കീർണമാക്കുന്ന വിപണന തന്ത്രങ്ങളിൽ സ്ത്രീകൾ പെട്ടു പോവുകയും ചെയ്യുന്നുണ്ട് എന്നതാണ് വാസ്തവം. ക്ലാസ് മുറികളിലെ പഠന പ്രവർത്തന സമയങ്ങളിൽപ്പോലും സൂക്ഷ്മമായിനിരീക്ഷിച്ചാൽ രണ്ടായി മെടഞ്ഞിട്ട മുടിയെ, ഷാളിനെ, അയഞ്ഞ തട്ടത്തെ ഹാഫ് സ്കർട്ടിനെ പരിഗണിക്കാതെ പൂർണമായ ശ്രദ്ധ പഠനത്തിൽ കൊടുത്തു കൊണ്ട് ആൺകുട്ടികളെപ്പോലെ ഇരിക്കാൻ പെൺകുട്ടികൾക്ക്  കഴിയാറുണ്ടോ?


നഗ്നത മറയ്ക്കാനാണ് പൂർവ്വികർ വസ്ത്രം ഉപയോഗിച്ചു തുടങ്ങിയത്. നഗ്നതയ്ക്കും വസ്ത്രത്തിനും ശരീരത്തിന്റെ വളരെക്കുറഞ്ഞ ഒരു ഭാഗത്തിനേ പങ്കുണ്ടായിരുന്നുള്ളൂ .സമൂഹ വളർച്ചയ്ക്കിടയിൽ ജാതിയുടെയും മതത്തിന്റെയും പദവിയുടെയും ചിഹ്നങ്ങളായി വസ്ത്രം മാറിയെങ്കിലും ചിഹ്നങ്ങളെ നിലനിർത്താനുള്ള ബാധ്യത പുരുഷൻ കയ്യൊഴിയുകയും സ്ത്രീകളിൽ അടിച്ചേല്പിക്കുകയുമാണ് ഉണ്ടായത് .അതോടൊപ്പം ഏറ്റവും സൗകര്യപ്രദമായ വേഷത്തെക്കുറിച്ചുള്ള അന്വേഷണങ്ങളും തെരഞ്ഞെടുക്കലുകളും അവന് സാധ്യമാവുകയും അവന്റെ കാഴ്ചയ്ക്കും കാഴ്ചപ്പാടിനും അനുസരിച്ചുള്ള വേഷങ്ങൾ സ്ത്രീകൾക്ക് നിശ്ചയിക്കപ്പെടുകയുമാണുണ്ടായത്. ഉദാഹരണമായി 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അരയ്ക്ക് മുകളിലുള്ള ഭാഗം കേരളത്തിൽ ആണിനും പെണ്ണിനും നഗ്നതയായി തോന്നിയിരുന്നില്ല. അരയ്ക്ക് മുകളിലുള്ള ഭാഗം മറയ്ക്കേണ്ടതായി തോന്നിത്തുടങ്ങിയപ്പോൾ അവയുടെ രൂപകല്പനയിലുള്ള അന്വേഷണം ഒരു കൂട്ടർക്ക് സൗകര്യ വസ്ത്രത്തിലും ഒരു കൂട്ടർക്ക് സൗന്ദര്യവും സദാചാരവും ഉൾച്ചേർന്ന വസ്ത്രത്തിലും എത്തി..പൊതുബോധത്തിന്റെ ഈ പരിഗണനകളായിരിക്കരുത് ആധുനിക കാലത്ത് വിദ്യാലയങ്ങൾ സ്കൂൾ യൂണിഫോമുകൾ തെരഞ്ഞെടുക്കുമ്പോൾ ഉണ്ടാവേണ്ടത്. ചില കേന്ദ്രീയ വിദ്യാലയങ്ങളിലും പ്രൊഫഷണൽ കോഴ്സുകളിലും വിവേചനങ്ങളില്ലാത്ത യൂണിഫോം ധരിച്ച് ആത്മവിശ്വാസത്തോടെ നടക്കുന്ന കാഴ്ച ഇന്ന് സാധാരണമാണ്. ജെന്റർ ന്യൂട്രലായ വസ്ത്രങ്ങളും ഇന്ന് കേരളത്തിൽ വ്യാപകമാണ്. പൊതു വിദ്യാലയങ്ങളിൽ ഏർപ്പെടുത്തിയ സൗജന്യ യൂണിഫോം തുണികൾക്കുള്ള മാനദണ്ഡങ്ങളിൽ ഈ മാറ്റത്തിന് തുടക്കം കുറിക്കാവുന്നതാണ്. ഇലാസ്റ്റിക് വെച്ച ഷോർട്സുകൾ പാന്റ്സ്, ഷർട്ട് , ടീ ഷർട്ട് തുടങ്ങിയവ ജെൻഡർ ന്യൂട്രലായി ഉപയോഗിക്കാവുന്നവയാണ്. പോക്കറ്റുകളുള്ള വസ്ത്രങ്ങൾ ആൺകുട്ടികൾക്ക് മാത്രമല്ല പെൺകുട്ടികൾക്കും സ്വീകാര്യമാവണം. വസ്ത്രങ്ങളുടെ ശാസ്ത്രീയ രൂപകല്പനയെക്കുറിച്ചുള്ള ചർച്ചകൾ ഗൗരവത്തിൽ തന്നെ നടക്കേണ്ടതുണ്ട്.

പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും മാത്രമല്ലസാമൂഹ്യ വികാസപ്രക്രിയയിൽ സമത്വത്തെക്കുറിച്ചും ലിംഗനീതിയെക്കുറിച്ചും രൂപപ്പെട്ടു വരുന്ന ആധുനിക  കാഴ്ചപ്പാടുകൾക്കനുസരിച്ചായിരിക്കണം സ്കൂൾ യൂണിഫോമുകളും  .അതായത് പൊതുബോധത്തിന്റെ വസ്ത്ര സങ്കല്പങ്ങളിലുള്ള സ്ത്രീവിരുദ്ധതയും വിവേചനങ്ങളും പരിഷ്കരിക്കുന്നതിനും മാറ്റിത്തീർക്കുന്നതിനുമുള്ള പാഠശാലകൾ കൂടിയാകണം വിദ്യാലയങ്ങൾ.



**രാഖി രാഘവൻ**
അസി. പ്രൊഫസർ
ഇംഗ്ലീഷ് വിഭാഗം, പഴശ്ശിരാജ എൻ. എസ്.എസ്. കോളേജ്, മട്ടന്നൂർ

# Readings on Gender - കണ്ണൂർ സർവ്വകലാശാല ഇംഗ്ലീഷ് സിലബസിലെ ലിംഗപദവി വിചാരങ്ങൾ




കണ്ണൂർ സർവ്വകലാശാലയിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി 2017ൽ രൂപീകരിക്കപ്പെട്ട കരിക്കുലം റീസ്ട്രക്ചറിംഗ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ അഫിലിയേറ്റഡ് കോളജുകളിലെ യുജി/പിജി പ്രോഗ്രാമുകളുടെ കരിക്കുലം/സിലബസ് നവീകരണശില്പശാലകളും ചർച്ചകളും വിവിധ പഠനബോർഡുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടു.

സാമൂഹികനീതിയിലും ഗുണമേന്മയിലും അധിഷ്ഠിതമായ ഉന്നതവിദ്യാഭ്യാസപുരോഗതി ലക്ഷ്യമിടുന്ന സർവ്വകലാശാലയുടെ വിഷൻ/മിഷൻ രേഖയിൽ അടിസ്ഥാനപരമായി ഉൾച്ചേർക്കേണ്ടുന്ന സുപ്രധാന വിഷയങ്ങളിലൊന്നാണ് ലിംഗനീതി എന്ന് 2019 ലെ ഇംഗ്ലീഷ് കോമൺ കോഴ്സ് പഠനബോർഡിന്റെ പ്രാഥമികചർച്ചകളിൽ തന്നെ അഭിപ്രായമുയർന്നു വന്നിരുന്നു. കൂടാതെ, ബഹുസ്വരമൂല്യങ്ങളും ജനാധിപത്യ-മതേതര- പാരിസ്ഥിതിക ദർശനങ്ങളും ഉയർത്തിപ്പിടിക്കുന്നതാവണം സർവ്വകലാശാലയുടെ ദൗത്യം എന്നതിന്റെയും അടിസ്ഥാനത്തിൽ Program Outcomesൽ മേൽപറഞ്ഞ വിഷയങ്ങളെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് സർവ്വകലാശാലാ വിഷൻ/മിഷൻ സ്റ്റേറ്റ്മെന്റ് പുന:രൂപീകരണം ചെയ്തു.

ശാസ്ത്രീയയുക്തിക്കും വിമർശനചിന്തയ്ക്കും ഊന്നൽ നൽകിക്കൊണ്ടും സാമൂഹികപ്രശ്നങ്ങളെ പുരോഗമനാത്മവും ബഹുസ്വരവുമായ വീക്ഷണങ്ങളിലൂടെ സമീപിച്ചുകൊണ്ടും, ജനാധിപത്യപരമായ കാഴ്ചപ്പാടുകളും മൂല്യബോധങ്ങളും രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ബിരുദവിദ്യാഭ്യാസത്തിന്റെ അടിത്തറ.

അതുകൊണ്ടു തന്നെ, വിവിധ പ്രോഗ്രാമുകളിലെ വിദ്യാർത്ഥികൾ കോമൺ കോഴ്സിന്റെ ഭാഗമായി ഭാഷാ/മാനവിക വിഷയങ്ങളിൽ പഠിക്കേണ്ടുന്ന പുസ്തകങ്ങളുടെ ഉള്ളടക്കത്തിന് വളരെയധികം പ്രാധാന്യമുണ്ട്. സമൂഹത്തിലെ പൊതുവിഷയങ്ങളെക്കുറിച്ചുള്ള

ചർച്ചകളും സംവാദങ്ങളും ഏറ്റവും കൂടുതലായി നടക്കുന്ന/നടക്കേണ്ടുന്ന ഇടങ്ങളാണ് കോമൺ കോഴ്സ് ക്ലാസുകൾ എന്ന് നമുക്കറിയാം.

കണ്ണൂർ സർവ്വകലാശാലയുടെ യു ജി പ്രോഗ്രാമിലെ ഇംഗ്ലീഷ് കോമൺ കോഴ്സിൽ നാല് സെമസ്റ്ററുകളിലായി ആറ് പേപ്പറുകളാണ് നിർദ്ദേശിച്ചിട്ടുള്ളത്. Communicative English, Readings on Kerala, Readings on Life and Nature, Readings on Gender, Readings on Democracy and Secularism & Readings on Philosophy of Knowledge.

ഇതിൽ ഒന്നാം സെമസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള Multiple Modernities - Readings on Kerala എന്ന പുസ്തകം കേരള ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളെക്കുറിച്ചും ആധുനികകേരളത്തെ രൂപപ്പെടുത്തുന്നതിൽ നവോത്ഥാന പ്രസ്ഥാനങ്ങൾ വഹിച്ച അതിപ്രധാനമായ പങ്കിനെക്കുറിച്ചും വളരെ ആഴത്തിൽ പ്രതിപാദിക്കുന്നുണ്ട്. ശ്രീനാരായണ ഗുരുവിന്റെയും സഹോദരൻ അയ്യപ്പന്റെയും പൊയ്കയിൽ അപ്പച്ചന്റെയുമൊക്കെ രചനകളുടെ ഇംഗ്ലീഷ് വിവർത്തനം വായിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നതിലൂടെ വ്യത്യസ്തമായ ഒരു പഠനാനുഭവമാണ് വിദ്യാർത്ഥികൾക്ക് അനുഭവയോഗ്യമാവുന്നത്. വായനയിലൂടെയും ചർച്ചകളിലൂടെയും നമ്മുടെ നാടിന്റെ ചരിത്രത്തെ അറിയുന്നതിനൊപ്പം ഇംഗ്ലീഷ് ഭാഷാ നൈപുണ്യ വികസനവും സാധ്യമാവുന്നു എന്ന സവിശേഷതയും ഇതിലുണ്ട്.

രണ്ടാം സെമസ്റ്റർ യുജി പ്രോഗ്രാമിലെ ഇംഗ്ലീഷ് കോമൺ കോഴ്സിൽ Readings on Gender എന്ന പേപ്പറിന് നിർദേശിച്ചിട്ടുള്ള പാഠപുസ്തകമാണ് Plural Perspectives. സർവ്വകലാശാല വിഭാവനം ചെയ്യുന്ന course outcomes ന് അനുസൃതമായാണ് ഈ പാഠപുസ്തകം തയ്യാറാക്കിയിട്ടുള്ളത്. ജെൻഡറിനെക്കുറിച്ച് നിലനിൽക്കുന്ന സാമ്പ്രദായികധാരണകളെ ഈ പുസ്തകം വിമർശനാത്മകമായി സമീപിക്കുന്നു. വിവിധരാജ്യങ്ങളിലേയും പ്രദേശങ്ങളിലേയും രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് ലിംഗഭേദ ആശയങ്ങളെ വ്യത്യസ്തമായി സംബോധന ചെയ്യുന്നുണ്ട് ഈ പുസ്തകം. മുഖ്യധാരാചരിത്രവും അധികാരഘടനകളും സ്ത്രീകളേയും ട്രാൻസ്ജെൻഡർ സമൂഹങ്ങളേയും പാർശ്വവൽക്കരിക്കുകയും ജെൻഡർ ദ്വന്ദ്വങ്ങളും വാർപ്പ് മാതൃകകളും നിർമ്മിക്കുന്നതിൽ വഹിച്ച പങ്കിനെക്കുറിച്ചും ഈ പുസ്തകം ചോദ്യങ്ങളുന്നയിക്കുന്നു. കേവലമായ ആൺ/പെൺ ദ്വന്ദ്വങ്ങൾക്കുമപ്പുറം പലമടങ്ങായ, വ്യത്യസ്ത ഘടകങ്ങളുൾ ചേർന്ന വിഷയങ്ങളെ സന്നിവേശിപ്പിച്ച് കൊണ്ട് ക്ലാസ് മുറികളിൽ ജെൻഡർ പഠനങ്ങളിലെ മൗലികമായ വിഷയങ്ങളെ വിമർശനാത്മകമായി സമീപിക്കാൻ ഈ പുസ്തകം അധ്യാപക/വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നു എന്നത് ശ്രദ്ധേയമാണ്.

വ്യത്യസ്തമായ പശ്ചാത്തലങ്ങളിൽ നിന്നുള്ള എഴുത്തുകാരുടെ രചനാരീതിയിലൂടെയും വ്യതിരിക്തമായ പ്രതിപാദനശൈലികളിലൂടെയും അവരുടെ സവിശേഷമായ അനുഭവങ്ങളിലൂടെയുമുള്ള സഞ്ചാരം പരിചിതമല്ലാത്ത വിഷയങ്ങളേയും പ്രശ്നങ്ങളേയും കൂടുതൽ അടുത്തറിയാൻ വിദ്യാർത്ഥികൾക്ക് സാധ്യമാവുന്നു.

കേരളസമൂഹം പ്രത്യേകമായി അഭിമുഖീകരിക്കുന്ന ലിംഗഭേദ പ്രശ്നങ്ങളെ മനസിലാക്കി, നിത്യജീവിതത്തിൽ ജെൻഡർ സെൻസിറ്റീവും പൊളിറ്റിക്കലി കറക്റ്റുമായ പദപ്രയോഗങ്ങൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത വിദ്യാർത്ഥികൾക്ക് ബോധ്യപ്പെടാനുതകുന്ന രീതിയിലാണ് ഈ പുസ്തകത്തിലെ രചനകൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്.

രണ്ട് മൊഡ്യൂളുകളിലായി നാല് കവിതകൾ, നാല് ലേഖനങ്ങൾ, ഒരു ചെറുകഥ, ഒരു ജീവചരിത്രം., അങ്ങനെ 10 അധ്യായങ്ങളാണ് ആകെയുള്ളത്. കമലാദാസിന്റെ 'An Introduction' എന്ന കവിത, വിജില ചിറപ്പാടിന്റെ 'എന്റെ കൈക്കലത്തുണികൾ' എന്ന കവിതയുടെ ഇംഗ്ലീഷ് വിവർത്തനം 'Kitchen Rags', മീരാ വേലായുധൻ എഴുതിയ Dakshayani Velayudhan - A Biographical Sketch, ഇൻഡ്യൻ ഇംഗ്ലീഷ് സാഹിത്യകാരി ശശി ദേശ്പാണ്ഡെയുടെ 'Learning to be a Mother', ലളിതാംബിക അന്തർജനത്തിന്റെ 'ഇത് ആശാസ്യമാണോ' എന്ന കഥയുടെ ഇംഗ്ലീഷ് വിവർത്തനം 'Is this Desirable?', വിഖ്യാത അമേരിക്കൻ സാഹിത്യകാരി മായാ ഏയ്ഞ്ജലോവിന്റെ 'Still I Rise', ഉർദു കവയിത്രി കിഷ്വർ നഹീദിന്റെ 'I Am Not That Woman', ട്രാൻസ് ആക്ടിവിസ്റ്റ് ജി ഇമാൻ സെമ്മലറിന്റെ ലേഖനം 'Structural Violence and the Trans Struggle for Dignity,' മാധ്യമപ്രവർത്തകയും എഴുത്തുകാരിയുമായ അമ്മു ജോസഫിന്റെ 'Gender Justice and the Media', ഡോ. ഷീബ കെ. എം. ന്റെ 'Clothing Matters: Visiting the Melmundusamaram in Keralam' എന്നിവയാണ് ഈ പാഠപുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള രചനകൾ. കേരളത്തിനകത്തും പുറത്തും ജെൻഡർ വിഷയങ്ങളിൽ സജീവമായി ഇടപെട്ട് പ്രവർത്തിക്കുന്ന ആക്ടിവിസ്റ്റുകളുടേയും സാമൂഹികസാംസ്ക്കാരികസൈദ്ധാന്തിക മേഖലകളിൽ പ്രവർത്തിക്കുന്നവരുടേയും ഉപദേശനിർദ്ദേശങ്ങൾ ഈ പുസ്തകത്തിന്റെ നിർമാണത്തിൽ വളരെ വലിയ സ്വാധീനം വഹിച്ചിട്ടുണ്ട്.

ഓരോ പാഠത്തിനും തയ്യാറാക്കിയിട്ടുള്ള ചോദ്യങ്ങൾ ജെൻഡർ വിഷയങ്ങളെ വളരെ സൂക്ഷ്മമായി പരിശോധിക്കാനും വ്യതസ്തമായ പരിപ്രേക്ഷ്യങ്ങളിൽ നിന്ന് കൊണ്ട് ലിംഗനീതിയുടെ രാഷ്ട്രീയശരികളെക്കുറിച്ച് വ്യക്തതയുണ്ടാക്കാനും സഹായിക്കുന്ന രീതിയിലുള്ളതാണ്.

കഥകളിലൂടെ, കവിതകളിലൂടെ, ജീവിത വിവരണങ്ങളിലൂടെ, ചരിത്രപ്രധാനമായ ആഖ്യാനങ്ങളിലൂടെ, സ്ത്രീകളുടേയും ദളിത്, എൽ.ജി.ബി.ടി.

ക്യു.ഐ. സമൂഹങ്ങളുടെയും ജീവിതാനുഭവങ്ങളിലൂടെ, ദേശീയവും അന്തർദേശീയവും തദ്ദേശീയവുമായ പരിസരങ്ങളിലെ പുരുഷകേന്ദ്രീകൃതമായ സാമൂഹിക ഘടനകളെ വിശകലം ചെയ്യാനും മുഖ്യധാരാസമൂഹത്തിൽ നിന്ന് ഈ വിഭാഗങ്ങളെ അകറ്റി നിർത്തുന്നതിനെ ചോദ്യം ചെയ്യാനുമുള്ള ആർജ്ജവം വിദ്യാർത്ഥി സമൂഹത്തിൽ ഉണ്ടാക്കിയെടുക്കാൻ ഈ പുസ്തകവായനയിലൂടെ സാധിച്ചു എന്ന് വിദ്യാർത്ഥികൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു.

മാതൃത്വം എന്ന സങ്കൽപത്തേയും അതുമായി ബന്ധപ്പെട്ട മിത്തുകളേയും പൊളിച്ചെഴുതുന്ന ശശി ദേശ്പാണ്ഡെയുടെ 'Learning to be a Mother' എന്ന ലേഖനം അവസാനിക്കുന്നത് 'I'm a human being first, a mother next. Will that help? I like to think that it will' എന്ന വരികളോടെയാണ്. അമ്മ എന്നാൽ ത്യാഗത്തിന്റെയും സഹനശക്തിയുടെയും ഉദാത്തമാതൃക അല്ലെന്നും വിശേഷണങ്ങളിൽ ഞെരുങ്ങിയമർന്ന് മാനുഷികമായ അവകാശങ്ങളെല്ലാം ഹനിക്കപ്പെട്ട് ജീവിതം തള്ളിനീക്കുന്ന അമ്മമാർ നമ്മുടെ വീട്ടകങ്ങളിൽ തന്നെ ഉണ്ട് എന്ന തിരിച്ചറിവും ഉണ്ടായതായി നമ്മുടെ കുട്ടികൾ പറഞ്ഞ കാര്യം ഇവിടെ കുറിക്കട്ടെ.

രാഷ്ട്രീയത്തെക്കുറിച്ച് ഒരു ധാരണയുമില്ലാത്തവരാണ് സ്ത്രീകൾ എന്ന പതിവ് ആണധികാര പരിഹാസങ്ങളെ തച്ചുടക്കുന്ന തരം വാഗ്വാദങ്ങൾ കമലാദാസിന്റെ An Introduction എന്ന കവിത ചർച്ച ചെയ്യുമ്പോൾ ഉണ്ടാകാറുണ്ട് എന്ന് അദ്ധ്യാപക സുഹൃത്തുക്കൾ പലപ്പോഴും പറഞ്ഞിട്ടുണ്ട്. രാഷ്ട്രീയമെന്തെന്നറിയാത്ത എനിക്ക് അധികാരകസേരകളിലിരിക്കുന്ന ഒരോരുത്തരുടേയും പേരുകൾ ആഴ്ചകളുടേയും മാസങ്ങളുടേയും പേരുകൾ ഉരുവിടുന്ന പോലെ അയത്നലളിതമായി പറയാനാവും എന്ന് പറയുമ്പോൾ ലിംഗഭേദത്തിന്റെ രാഷ്ട്രീയം പറയാനാണ് ഞാൻ വന്നിരിക്കുന്നത് എന്ന് കമലാദാസ് ഉറക്കെ പ്രഖ്യാപിക്കുകയാണ്.

ലിംഗസമത്വം എന്നാൽ ആൺ/പെൺ, ആൺ/ട്രാൻസ് വർഗ്ഗങ്ങൾ തമ്മിലുള്ള പോരാട്ടമല്ല, മറിച്ച്, സമൂഹത്തിലെ എല്ലാതരം അനീതികൾക്കും അടിച്ചമർത്തലുകൾക്കുമെതിരേയുള്ള നിരന്തരസമരമാണ് എന്ന ആശയമാണ് ഈ പുസ്തകം മുന്നോട്ട് വെക്കുന്നത്. 'The issue of gender equality is not one between men and women, nor is it a battlefront with swords drawn between all heterosexual men on the one sude and heterosexual women and LGBTQI persons on the other. It is a struggle between those who believe in equality and equity on the one side and those who want to maintain domination on the other."

സാഹിത്യവായനയിലൂടെ, ക്ലാസ്മുറികളിലെ ചെറുതും വലുതുമായ ചർച്ചകളിലൂടെ, കലാലയങ്ങളിലെ സംവാദങ്ങളിലൂടെ, നിലനിൽക്കുന്ന ലിംഗ അസമത്വങ്ങൾക്ക് ആധാരമായ പ്രശ്നങ്ങളെ മനസിലാക്കാനും വിമോചനപരമായ വീക്ഷണം വളർത്തിയെടുക്കാനും സ്വാതന്ത്ര്യബോധവും ജനാധിപത്യമൂല്യങ്ങളും ഉൾച്ചേർന്ന സാമൂഹിക ഇടപെടലുകൾ നടത്താൻ പുതുതലമുറയെ സജ്ജമാക്കാനുമുള്ള  വലിയ ഉത്തരവാദിത്തം ഉന്നതവിദ്യാഭ്യാസ പാഠ്യപദ്ധതികളിലൂടെ സാക്ഷാത്കരിക്കപ്പെടേണ്ടതുണ്ട്.

സിലബസ്/കരിക്കുലം എന്നിവ  മാറ്റങ്ങൾക്കനുസൃതമായി നവീകരിക്കപ്പെട്ടെങ്കിൽ മാത്രമേ ഉന്നതവിദ്യാഭ്യാസം ലക്ഷ്യമിടുന്ന സാമൂഹികനീതിയും അവസരസമത്വവും സമഗ്രമായ പുരോഗതിയും കൈവരിക്കാൻ സാധിക്കുകയുള്ളൂ.

*ചില അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രതികരണങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.*

Plural Perspectives - Readings on Gender എന്ന പുസ്തകം ചരിത്രപരമായിത്തന്നെ ലിംഗപരമായ അവബോധനിർമ്മിതി ഉണ്ടാക്കിയെടുക്കുന്നതിൽ ശക്തമായി ഇടപെടുന്നുണ്ട്. സ്ത്രീ എന്നത് ഒരു പുരുഷനിർമ്മിത വ്യവഹാരമായി ആഘോഷിക്കപ്പെടുന്ന ആൺകോയ്മാബോധത്തിന്റെ മസ്തകത്തിൽ ആഞ്ഞു പതിക്കുന്ന കോടാലികൾ പോലെ തന്നെയാണ് മിക്ക രചനകളും. ട്രാൻസ്ജെൻഡർ സമൂഹം വെറുക്കപ്പെടേണ്ടവരല്ല, സ്ത്രീപുരുഷ ലിംഗസമത്വത്തിന്റെ കൂടെ പരിഗണിക്കപ്പെടേണ്ട ജൈവസ്വത്വം തന്നെയാണെന്ന് ആവർത്തിച്ച് ഓർമ്മപ്പെടുത്തുന്നു എന്നതുംശ്രദ്ധേയമാണ്. - **പ്രമോദ് വെള്ളച്ചാൽ** (ഇംഗ്ലീഷ് അദ്ധ്യാപകൻ & സിൻഡിക്കേറ്റ് മെമ്പർ, കണ്ണൂർ സർവ്വകലാശാല)

സമൂഹത്തിലെ പൊതുബോധനിർമ്മിതിക്ക് ആധാരമായ അധികാരവ്യവസ്ഥയെയും പാർശ്വവൽക്കരണത്തിന്റെ രാഷ്ട്രീയത്തെയും സൂക്ഷ്മ വിശകലനം ചെയ്യാനും വിമർശനാത്മകമായി സമീപിക്കാനും ഉതകുന്ന പാഠ്യവസ്തുക്കൾ ഉൾക്കൊള്ളുന്ന പുസ്തകമാണ് Plural Perspectives- Readings on Gender. മുൻകാലങ്ങളിൽ സ്ത്രീവാദ പഠനങ്ങൾ വരെ മാത്രമായിരുന്നു പഠന മേഖലയെങ്കിൽ ഈ പുസ്തകം ട്രാൻസ്ജെന്റർ സമൂഹത്തെക്കൂടി പഠനമേഖലയിൽ ഉൾപ്പെടുത്തുന്നുണ്ട്. - **സോന പി.** അദ്ധ്യാപിക & സെനറ്റ് മെമ്പർ, കണ്ണൂർ സർവ്വകലാശാല.

സ്ത്രീകളേയും ദളിതരേയും എൽ.ജി.ബി.ടി. ക്യൂ.ഐ. സമൂഹങ്ങളേയും പാർശ്വവൽക്കരിക്കുന്ന സാമൂഹികക്രമത്തെ അട്ടിമറിക്കുന്ന വിപ്ലവാത്മക ഇടപെടൽ (**അക്ഷയ**)

സമകാലിക പ്രാധാന്യമുള്ള ഗൗരവമേറിയ വിഷയത്തിന്റെ സത്യസന്ധമായ ആവിഷ്ക്കാരം (**അജയ് രാഗ്**)

ലിംഗ അനീതികളെ തുറന്ന് കാട്ടുന്ന, അരികുവത്ക്കരണത്തിന്റെ നിഗൂഢതകളെ വെളിച്ചത്ത് കൊണ്ട് വരുന്ന പുസ്തകം (**വൈഷ്ണവ് വി.**)

ജെൻഡർ സാഹിത്യത്തിന്റെ ഏടുകളിലൂടെയുള്ള അതിതീവ്രവും മനോഹരവുമായ യാത്ര (**ആര്യ**)

*- ബിരുദവിദ്യാർത്ഥികൾ (പഴശ്ശിരാജ എൻ.എസ്.എസ് . കോളജ് മട്ടന്നൂർ, കണ്ണൂർ)*





**ഡോ. ആരതി പി.എം.**
അസിസ്റ്റന്റ് പ്രൊഫസർ
സ്കൂൾ ഓഫ് ഇന്ത്യൻ
ലീഗൽതോട്ട്
മഹാത്മഗാന്ധി സർവ്വകലാശാല

# നിയമപഠനവും ലിംഗനീതിയും

പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിൽ നിയമരംഗത്തും സാമൂഹിക രംഗത്തും വിപ്ലവാത്മകങ്ങളായ മാറ്റങ്ങൾ വരുത്തിയ അടിസ്ഥാന മനുഷ്യാവകാശ പ്രമാണങ്ങൾ ആഴത്തിൽ പരിശോധിക്കുമ്പോൾ അവയിൽ ഒന്നിലും തന്നെ ലിംഗനീതി ഒരു പ്രതിപാദ്യവിഷയമായതായി കാണുന്നില്ല. അമേരിക്കൻ ഡിക്ലറേഷൻ ഓഫ് ഇൻഡിപെൻഡസിന് ശേഷം 144 വർഷങ്ങളും ഫ്രഞ്ച് ഡിക്ലറേഷൻ ഓഫ് റൈറ്റ്സ് ഓഫ് മാൻ ആൻഡ് ഓഫ് ദ സിറ്റിസെൺ-ന് ശേഷം 160 വർഷങ്ങളും കാത്തിരിക്കേണ്ടി വന്നു സ്ത്രീകൾക്ക് വോട്ടകാശത്തിനായി. ഇന്നത്തെ ക്ലാസ് മുറികളിൽ മനുഷ്യാവകാശ നിയമങ്ങളുടെ ചരിത്രം പഠിപ്പിക്കുമ്പോൾ വിദ്യാർത്ഥികൾ അത്ഭുതപ്പെടുന്ന കാര്യമാണത്.

ലിംഗപരമായ തുല്യതയും മുഖ്യധാരാവത്കരണവും കുടുംബത്തിനകത്തും പുറത്തും നിയമത്തിൽ തന്നെയും ആധുനിക സമൂഹത്തിന്റെ പ്രധാന അടയാളപ്പെടുത്തലുകളായി മാറിയ കാലം കൂടിയാണ് കഴിഞ്ഞ ഒരു നൂറ്റാണ്ട്. വ്യവസായവത്ക്കരണം സാധ്യമാക്കിയ ഉത്പാദന പ്രക്രിയയിലെ വൻതോതിലുള്ള സ്ത്രീപങ്കാളിത്തവും സാർവ്വത്രികസമത്വത്തിനായി നടന്ന രാഷ്ട്രീയ പോരാട്ടങ്ങളുമാണ് സമ്മതിദാനം, സ്വത്ത്, വിദ്യാഭ്യാസം, തുടങ്ങിയ അവകാശങ്ങൾ സ്ത്രീകളുടേതുകൂടിയാക്കിത്തീർക്കുന്നത്. എന്നാൽ നിലവിലുള്ള നിയമവിദ്യാഭ്യാസം ഈ പ്രക്രിയയെ ആഴത്തിൽ പഠിക്കുന്നതോ പഠിക്കാൻ ഉതകുന്നതോ അല്ല.മാത്രമല്ല, ലിംഗനീതിയിലധിഷ്ഠിതമായ ക്രിയാത്മക വിമർശനങ്ങൾ നിർമ്മിക്കുന്നതിന് നമ്മുടെ ക്ലാസ് മുറികളെ പര്യാപ്തമാക്കുന്നുമില്ല. സമകാലിക ജനാധിപത്യ സമൂഹങ്ങളിൽ സ്വാതന്ത്ര്യം, സാമൂഹിക നീതി, തുല്യത തുടങ്ങിയ മൂല്യങ്ങളുടെ പ്രതിനിധാനം കൂടി വിദ്യാഭ്യാസം ചെയ്യുന്നുണ്ട്. സാമൂഹിക മാറ്റത്തിനുള്ള ഉപാധി കൂടിയായി വിദ്യാഭ്യാസരംഗത്തെ സവിശേഷമായി ഉന്നത വിദ്യാഭ്യാസ രംഗത്തെ മനസിലാക്കാം. ഈയർത്ഥത്തിൽ നിയമ വിദ്യാഭ്യാസ മേഖലയെ പരിശോധിക്കുമ്പോൾ വളരെ പരിമിതമായേ ലിംഗനീതി മൂല്യങ്ങൾ വിദ്യാഭ്യാസഘടനയിലും ഉള്ളടക്കത്തിലും സാധ്യമായിട്ടുള്ളൂ എന്ന് വിലയിരുത്തേണ്ടി വരും. ലിംഗനീതി പോരാട്ടങ്ങളുടെ പ്രയോഗ തലത്തിലുള്ള സുപ്രധാന പ്രവർത്തന മേഖലയായി കൂടിയായി വിദ്യാഭ്യാസം മാറുന്നു. Covention on Elimination of All Forms of Discrimination Against Women (1979), Beijing Declaration and Platform for Action (1995) തുടങ്ങിയ അന്തരാഷ്ട്ര നിയമങ്ങളൊക്കെയും തുല്യനീതിക്കായുള്ള പോരാട്ടത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അടിവരയിട്ട് പറയുന്നു.

നിയമവിദ്യാഭ്യാസരംഗത്തെ ലിംഗതുല്യതയുടെ മുഖ്യധാരാവത്കരണത്തിന് പല തലങ്ങളിലുള്ള ഇടപെടലുകൾ ആവശ്യമാണ്. ബോധന ശാസ്ത്രം, സ്ഥാപനം, വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം എന്നി

വയിലുള്ള കാതലായ മാറ്റങ്ങൾ ഇതാവശ്യപ്പെടുന്നു. ഈ ലേഖനം മൂന്ന് തലങ്ങളിലാണ് ഈ വിഷയത്തെ സമീപിക്കുന്നത്.

1. നിയമവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി അനുപാതം.

2. ബോധനമാർഗ്ഗങ്ങളിലെ ആണത്ത രീതികൾ.

3. പാഠ്യപുസ്തകങ്ങളിലെ സ്ത്രീവിരുദ്ധതയും ലൈംഗിക ന്യൂനപക്ഷങ്ങളോടുള്ള അവഗണനയും.

**വിദ്യാർത്ഥി അനുപാതം:**

ലോകത്തെമ്പാടുമുള്ള ഫെമിനിസ്റ്റ് ചിന്തകർ നിയമ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലിംഗഅനീതി എങ്ങനെ പരിഹരിക്കാം എന്ന് പല തരം ആലോചനകൾ നടത്തിയിട്ടുണ്ട്. സ്വതസിദ്ധമായി തന്നെ ആണത്ത സ്വഭാവം കൈവരിച്ച ഒരു തൊഴിൽ മേഖല എന്ന നിലയിൽ തുടക്കം മുതൽ തന്നെ സ്ത്രീകൾക്ക് അപ്രാപ്യവും സ്ത്രീകളെ അകറ്റി നിർത്തുന്നതുമായ ഒന്നായിരുന്നു നിയമ വിദ്യാഭ്യാസ രംഗം. അമേരിക്കയിലെ സുപ്രസിദ്ധ അഭിഭാഷകരും സുപ്രീം കോടതി ജഡ്ജിയുമായിരുന്ന റൂത്ത് ബൈഡർ ഗിൻസ്ബെർഗ് (ആർ.ബി.ജി) 1956-ൽ ഹാർവാർഡ് ലോ സ്കൂളിൽ നിയമപഠനത്തിന് ചേ



റൂത്ത് ബൈഡർ ഗിൻസ്ബെർഗ്

രുമ്പോൾ അഞ്ഞൂറ് പുരുഷന്മാരും ഒൻപത് സ്ത്രീകളുമായിരുന്നു ആ ക്ലാസ്മുറിയിലുണ്ടായിരുന്നത്. അന്ന് ഹാർവാർഡ് ലോ സ്കൂളിലെ ഡീൻ ആർ.ബി.ജി അടക്കമുള്ള ഈ ഒൻപത് പെൺകുട്ടികളേയും അത്താഴവിരുന്നിനായി ക്ഷണിച്ചിട്ട് ചോദിച്ചത് -Why are you at Harvard Law School, taking the place of a man? എന്നായിരുന്നു. പിന്നീട് യു.എസ് ചരിത്രത്തിലെ തന്നെ ഏറ്റവും പ്രശസ്തതയായ ജൂറിസ്റ്റായിത്തീർന്ന റൂത്ത് ഗിൻസ്ബർഗ് പ്രശസ്തമായ രീതിയിൽ നിയമവിദ്യാഭ്യാസം പൂർത്തിയാക്കി ന്യൂയോർക്ക് മഹാനഗരത്തിൽ ജോലി അന്വേഷിച്ച് ചെല്ലുമ്പോൾ പുരുഷന്മാർ മാത്രം നിറഞ്ഞിരുന്ന ഒരു വക്കീൽ ഓഫീസും അവരെ ജോലിക്കെടുത്തില്ല. അൻപതുകളുടെ അവസാനമായിരുന്നു അത്. അക്കാലത്ത് കേരളത്തിൽ ബാരിസ്റ്ററായിരുന്ന കെ.ആർ.ഗൗരി ഐക്യകേരളത്തിന്റെ ആദ്യ നിയമസഭയിൽ മന്ത്രിയും കേരള ചരിത്രത്തിന്റെ മഹത്തായ ആദ്യ ജനകീയ നിയമം നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കിയ ജനപ്രതിനിധിയുമായിരുന്നു.

നാൽപതുകളിൽ കെ.ആർ.ഗൗരി നിയമവിദ്യാർത്ഥിയായിരിക്കേ തന്നെ കേരളത്തിലെ കൊച്ചിയിലും തിരുവിതാംകൂറിലും നിയമസഭയിൽ തിരഞ്ഞെടുപ്പിലൂടെ ജയിച്ച സ്ത്രീകൾ അംഗങ്ങളായി



കെ.ആർ.ഗൗരി

രുന്നു. അതിൽ പിന്നീട് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി അംഗമായിരുന്ന ദാക്ഷായണി വേലായുധ നടക്കമുള്ളവരുടെ പേര് എടുത്ത് പറയേണ്ടതാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപതിറ്റാണ്ടിൽ തിരുവിതാംകൂറിൽ സ്ത്രീയായത് കൊണ്ട് കോളേജിൽ ശാസ്ത്ര ബിരുദക്ലാസിൽ പ്രവേശനം നിഷേധിക്കപ്പെട്ട മേരി പുന്നൻ ലൂക്കോസ് ഇംഗ്ലണ്ടിൽ പോയി മെഡിക്കൽ ബിരുദം നേടി തിരിച്ച് വന്നപ്പോഴേയ്ക്കും നാട് മാറിയിരുന്നു. 1916-ൽ അവർ മെഡിക്കൽ കോളേജിൽ സർജൻ ജനറൽ അഥവാ വകുപ്പ് മേധാവിയായി. പിന്നീടവർ നിയമസഭാംഗവുമായി. ഇന്ത്യയിലെ ആദ്യത്തെ വനിതാ ഹൈക്കോടതി ജഡ്ജിയും കേരളത്തിൽ നിന്ന് അക്കാലത്തുണ്ടായി, അന്ന ചാണ്ടി. ഡോ.മേരി പുന്നൻ ലൂക്കാസ് മെഡിക്കൽ കോളേജിലെ വകുപ്പ് മേധാവിയും അന്നാ ചാണ്ടി ഹൈക്കോടതി ജഡ്ജിയും ആകു



അന്ന ചാണ്ടി

ന്ന കാലത്ത് അമേരിക്കയിലോ യൂറോപ്പിലോ സമാനപദവിയിൽ ഒരു സ്ത്രീയും ഉണ്ടായിരുന്നില്ല. സ്ത്രീ സ്വാതന്ത്ര്യത്തിന്റെയും മുന്നേറ്റത്തിന്റെയും മാതൃകയും മാനദണ്ഡവും അമേരിക്കയും യൂറോപ്പുമാകുന്ന കാലത്ത് ഈ ചരിത്രം നമ്മൾ ഓർക്കേണ്ടതാണ്.

അമ്പതുകളിലും അറുപതുകളിലും കേരളത്തിലെ നിയമ ക്ലാസ് മുറികളിൽ പുരുഷന്മാരായിരുന്നു ഭൂരിപക്ഷമെങ്കിൽ തൊണ്ണൂറുകളിലെത്തുമ്പോഴേയ്ക്കും അനുപാത നിരക്കിൽ സ്ത്രീകൾ മുന്നിലെത്തി. ചരിത്രത്തിന്റെ ആനുകൂല്യം വിദ്യാർത്ഥിനീപങ്കാളിത്തം മെച്ചപ്പെടുത്തി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം ദശകമാകുമ്പോഴേയ്ക്ക് ലൈംഗിക ന്യൂനപക്ഷങ്ങളും നിയമപഠനത്തിനായി പരിമിതമായ തോതിലെങ്കിലും എത്തി കാമ്പസുകളെ വൈവിധ്യവത്കരിച്ചു. അവർ മൂട്ട് കോർട്ട് ഉൾപ്പെടെയുള്ള പാഠ്യപരിപാടികളിൽ കഴിവ് തെളിയിക്കുകയും മികച്ച രീതിയിൽ പരീക്ഷകൾ പാസ്സാവുകയും ചെയ്തു. എന്നാൽ ക്ലാസ് മുറികളിലെ ഈ മികവ് അഭിഭാഷകവൃത്തിയിൽ പ്രവേശിക്കുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം സഹായകമായില്ല എന്ന് മാത്രമല്ല, വിവേചനപരമായ നിരവധി അനുഭവങ്ങൾ നൽകുകയും ചെയ്തു. വേതനത്തിലുള്ള സ്ത്രീ പുരുഷ വ്യത്യാസം, അപ്രാപ്യമായ മേൽക്കോടതികളിൽ പ്രാക്ടീസ്, പല സീനിയർ പുരുഷ അഭിഭാഷകരും തങ്ങളുടെ ജൂനിയർമാരായ സ്ത്രീകളെ തിരഞ്ഞെടുക്കാൻ കാണിക്കുന്ന വിമുഖത ഒക്കെ ഇന്നും തുടരുന്നത് തൊഴിൽ മേഖലയിലേയ്ക്ക് വരുന്ന സ്ത്രീകൾക്ക് അഭിഭാഷകവൃത്തി അവരുടെ ചോയ്സ് ആയി മാറാത്തതിൽ പ്രധാന കാരണങ്ങളാണ്. നിയമവിദ്യാഭ്യാസം പൂർത്തിയാക്കി മറ്റ് പല മേഖലകളിലും തൊഴിലെടുക്കുന്നവരാണ് വിദ്യാർത്ഥിനികളിൽ ഏറെയും.

അഥവാ റൂത്ത് ഗിൻസ് ബർഗിന് അമ്പതുകളുടെ ഒടുവിൽ ന്യൂയോർക്കിലുണ്ടായിരുന്ന അതേ സാഹചര്യമാണ് ഇപ്പോഴും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിനും ഇവിടെയുള്ളത്. സാമൂഹിക പുരോഗതിയുടെ ചില അടയാളങ്ങൾ ആദ്യകാലങ്ങളിൽ നമ്മൾ പ്രകടിപ്പിച്ചത് അപവാദം മാത്രമായി നിലനിന്നു. ഇന്ത്യയിലെ ആദ്യ വനിത ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന ലീല സേത്ത് തന്റെ അഭിഭാഷക വൃത്തിയുടെ ആരംഭകാലത്തുണ്ടായ ഒരനുഭവം പിന്നീട് പറഞ്ഞിട്ടുണ്ട്. ജൂനിയർ എന്ന നിലയിൽ തന്നെ ജോലിക്കെടുക്കണം എന്ന് ഒരു മുതിർന്ന അഭിഭാഷകനോട് ആവശ്യപ്പെട്ടപ്പോൾ വിവാഹം കഴിക്കേണ്ട പ്രായമല്ലേ, വിവാഹം കഴിഞ്ഞ ശേഷം വരൂ എന്നായിരുന്നുവത്രേ പ്രതികരണം. വിവാഹിതയാണ് എന്ന് പറഞ്ഞപ്പോൾ കുട്ടികൾ വേണ്ടേ എന്നും കുട്ടിയുണ്ട് എന്ന് പറഞ്ഞപ്പോൾ കുട്ടിയെ ഒറ്റയ്ക്കാക്കേണ്ടി വരില്ലേ എന്നും സീനിയർ ആശങ്കപ്പെട്ടു. രണ്ട് കുട്ടികളുടെ അമ്മയാണ് എന്ന് പറഞ്ഞപ്പോൾ മനസില്ലാ മനസോടെ 'പ്രാക്ടീസ് ചെയ്യണമെന്ന് ഇത്രയും നിർബന്ധ ബുദ്ധിയുണ്ടെങ്കിൽ ശരി' എന്ന് പറഞ്ഞാണ് ജോലിക്ക് പ്രവേശിപ്പിച്ചത്. അഭിഭാഷകയിരുന്ന കെ.ആർ.ഗൗരി കേരളത്തിന്റെ ആദ്യ മന്ത്രിയായിട്ടും അന്നാചാണ്ടി ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഹൈ



ലീല സേത്ത്


ക്കോടതി ജഡ്ജിയായിട്ടും ഒരു നൂറ്റാണ്ടിനിപ്പുറവും ഒരു സമൂഹമെന്ന നിലയിൽ നാം ലിംഗനീതിയിൽ ഒരു പടവ് പോലും മുന്നോട്ട് പോയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഹൈക്കോടതികളിലും സുപ്രീം കോടതികളിലും ജഡ്ജിമാരെ നിയമിക്കുന്നതിലും ഇതേ വിവേചനം ഇക്കാലമത്രയും തുടർന്നു. സമീപകാലത്ത് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് 'കോടതികളിൽ അമ്പതുശതമാനം വനിതാ ജഡ്ജിമാരുണ്ടാകണം' എന്ന് ആവശ്യപ്പെട്ടതിനെ ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ. എന്നാൽ ഉന്നത വിദ്യാഭ്യാസ ഗവേഷണ രംഗങ്ങളിൽ സ്ത്രീകളുടെ സജീവമായ സാന്നിധ്യം സമകാലിക സവിശേഷതയാണ്.

### ബോധന മാർഗ്ഗത്തിലെ ആൺ രീതികൾ

നിയമ വിദ്യാഭ്യാസ രംഗത്തെ പ്രധാന ബോധനമാർഗ്ഗങ്ങളിലൊന്ന് സോക്രട്ടിക് മെത്തേഡാണ്. ചോദ്യോത്തരങ്ങളും തർക്കങ്ങളും അധ്യയന രീതിയായി മാറുന്ന ഒരു സമ്പ്രദായമാണിത്. താർക്കികതയിലൂന്നിയുള്ള വാദപ്രതിവാദങ്ങൾ ക്ലാസ് മുറികളിൽ പൊതുവായി ആണത്തത്തിന്റെ പ്രകടനമായാണ് തീരാറുള്ളത്. ചോദ്യം ചോദിക്കാനുള്ള കഴിവാണ് ഈ സമ്പ്രദായത്തിൽ വിദ്യാർത്ഥികളുടെ മികവ് പരീക്ഷിക്കുന്നതിനുള്ള അടിസ്ഥാനം. കുടുംബങ്ങളിലും പൊതുവിടങ്ങളിലും ചോ

ദ്യം ചെയ്യാതെയും അച്ചടക്കമുള്ളതുമായ ജീവിതം നയിക്കാനായി ശീലിപ്പിക്കപ്പെട്ടിട്ടുള്ള പെൺകുട്ടികളെ സംബന്ധിച്ചടത്തോളം ശ്രമകരമായ ഒന്നായി ക്ലാസ് മുറികൾ അപ്പോൾ മാറുകയും ചെയ്യുന്നു. അധ്യാപകരാകട്ടെ പലപ്പോഴും പെൺകുട്ടികളെ പരിഹസിക്കുന്നതിനും അധമബോധം സൃഷ്ടിക്കുന്നതിലേയ്ക്കുമാണ് സോക്രട്ടിക് രീതിയിലുള്ള ബോധനമാർഗ്ഗത്തിൽ ഇടപെടാറുള്ളത്. ക്ലാസ് മുറികളിൽ ആശയതലങ്ങളിൽ മികച്ച ചോദ്യങ്ങൾ ചോദിക്കുന്ന പെൺകുട്ടികൾ അതിന്റെ അവതരണ തലത്തിൽ ആണത്ത സമ്പ്രദായം പിൻപറ്റാത്തതിനാൽ തന്നെ അവരുടെ ചോദ്യങ്ങൾ മികച്ചതായി പലപ്പോഴും സോക്രട്ടിക് രീതിയിൽ മനസിലാക്കാതെ പോവുകയും ചെയ്യുന്നു.

പലതരത്തിലുള്ള നിയമവിഷയങ്ങളിൽ വകുപ്പുകൾ വിശദീകരിക്കുന്നതിനായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്ന ഒരു പ്രധാന ബോധനോപാധി ഉദാഹരണങ്ങളാണ്. ശിക്ഷാ നിയമം, കരാർ നിയമം, തെളിവ് നിയമങ്ങൾ ഇവയിലൊക്കെ തന്നെയും ക്ലാസ് മുറികളിൽ ഉദാഹരണങ്ങളായി ഏറിയ പങ്കും വിശദീകരിക്കുന്ന സന്ദർഭങ്ങൾ അങ്ങേയറ്റം സ്ത്രീ വിരുദ്ധവും ആൺനോട്ടങ്ങളിൽ ഉറച്ചതുമാണ്. നിലനിൽക്കുന്ന ലിംഗവാർപ്പുമാതൃകകളെ ക്ലാസ് മുറികളിൽ പുനരാവിഷ്കരിക്കുന്ന ഇത്തരം ഉദാഹരണങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗം എന്ന നിലയിലാണ് ക്ലാസ് മുറികളിൽ അവതരിപ്പിക്കപ്പെടാറുള്ളത്. അത് ചോദ്യം ചെയ്യപ്പെടാത്ത യാഥാർത്ഥ്യങ്ങൾ പോലെ അവശേഷിക്കപ്പെടുകയും ചെയ്യാറാണ് പതിവ്. വലപ്പോഴുങ്കിലും അത്തരം മാതൃകകളെ ചോദ്യം ചെയ്യുന്ന ശബ്ദങ്ങളുയർന്നാൽ അതിനെ ക്രൂരമായ പരിഹാസങ്ങളാൽ നിശബ്ദമാക്കുകയാണ് പതിവ്. അധ്യാപകർക്കായുള്ള ലിംഗനീതി ബോധനമാർഗ്ഗങ്ങളെ കുറിച്ചുള്ള ക്ലാസുകളിൽ നിരന്തരമായി സൂചിപ്പിക്കാറുള്ള ഒരു കാര്യം ബലാത്സംഗത്തേക്കാൾ ക്രൂരമാണ് പല കോടതി മുറികളിലേയും ബലാത്സംഗ വിചാരണകൾ എന്നാണ്. എന്നാൽ ചില അധ്യാപകർ ശിക്ഷാനിയമം പഠിപ്പിക്കുമ്പോൾ ആ ക്ലാസ് മുറികളിലെ അനുഭവങ്ങളും വ്യത്യസ്തമല്ല.




സാങ്കല്പിക കോടതികൾ, അതിലെ വിചാരണ സമ്പ്രദായങ്ങൾ, എഴുത്ത് രീതികൾ എന്നിവ അഭ്യസിപ്പിക്കുന്നതിനായാണ് കരിക്കുലത്തിന്റെ തന്നെ ഭാഗമായി 'മൂട്ട് കോർട്ട്' സമ്പ്രദായം പ്രചാരം നേടുന്നത്. മൂട്ട് കോർട്ട് സമ്പ്രദായം ബോധനമാർഗ്ഗമായി മാറുമ്പോൾ, ആദ്യഘട്ടങ്ങളിൽ പലപ്പോഴും കോടതിമുറികളുടെ ആവർത്തനങ്ങളാണ് സൃഷ്ടിക്കുന്നത്. കോടതി മുറികളിലെന്ന പോലെ മൂട്ട് കോർട്ടിലും പലതലങ്ങളിലുള്ള അപരവത്കരണം പെൺകുട്ടികൾ നേരിടാറുണ്ട്. മൂട്ട് കോർട്ട് മത്സരങ്ങളിൽ ദീർഘദൂരം യാത്ര ചെയ്ത് പങ്കെടുക്കേണ്ട സാഹചര്യങ്ങളിൽ, മികച്ച അവതാരകർ പെൺകുട്ടികളാകുമ്പോഴും, കോളേജ് തലങ്ങളിൽ തിരഞ്ഞെടുക്കപ്പെടുക അവരായിരിക്കില്ല. ഇന്ന് ഈ അവസ്ഥകൾക്ക് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എന്നതിൽ തർക്കമില്ല.

### മാറേണ്ടുന്ന പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും

പാഠപുസ്തകങ്ങളുടെ ഉള്ളടക്കം പലതലങ്ങളിലുള്ള ജെൻഡർ ഓഡിറ്റിങ്ങിന് സമീപകാലത്ത് വിധേയമായിട്ടുണ്ട്. ജെൻഡർ സെൻസിറ്റീവ് ആയ ഭാഷയും ഉള്ളടക്കവും, സിലബസിൽ ഉൾചേർന്ന സ്ത്രീ വിരുദ്ധമായ ആശയങ്ങൾ, ലിംഗവാർപ്പ് മാതൃകയുടെ പുനരാവർത്തനമായ ഉദാഹരണങ്ങൾ എന്നിവ ഈ അക്കാദമിക് ഇടപെടലുകളുടെ പ്രധാന ഉത്കണ്ഠകളാണ്. കൊളോണിയൽ നിയമങ്ങളായ ക്രിമിനൽ പ്രൊസീജ്യർ കോഡ്, സിവിൽ പ്രൊസീജ്യർ കോഡ്, ഇന്ത്യൻ ശിക്ഷാ നിയമം, തെളിവ് നിയമം, കരാർ നിയമങ്ങൾ, ടോർട്ട് നിയമം തുടങ്ങിയവയുടെ ഭാഷയിൽ, ഇതര സാമൂഹ്യശാസ്ത്ര മേഖലകളിൽ ഇക്കാലത്ത് കൈവരിച്ചിട്ടുള്ള ലിംഗനീതി, ഒരു തരത്തിലും സ്പർശിച്ചിട്ടേ ഇല്ല. എല്ലാ ഉദാഹരണങ്ങളും പുരുഷലിംഗ വചനങ്ങൾ മാത്രമായ പാഠപുസ്തകങ്ങളാണ് ഇന്നും ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നത്. വ്യക്തിനിയമങ്ങളാകട്ടെ (സ്വത്തവകാശം, വിവാഹം) അവയിലുൾചേർന്ന സ്ത്രീ വിരുദ്ധതയുടെ അപഗ്രഥനം പാഠ്യപദ്ധതിയുടെ ഭാഗം ആകുന്നുമില്ല.

ജൻഡർ ന്യൂട്രൽ ഭാഷയിലാണ് നിയമശാസ്ത്രം കാലങ്ങളായി പഠിപ്പിക്കുന്നത് എന്നതാണ് പൊതുധാരണ. എന്നാൽ പുരുഷൻ നിർമ്മിച്ച ഒന്നാണ് നിയമം എന്നും സ്ത്രീകളുടേയും ഇതര ലിംഗവിഭാഗങ്ങളിൽ പെട്ടവരുടേയും അനുഭവങ്ങളുടെ അദൃശ്യവത്കരണവും തിരസ്കരണവും ഇതിലുൾച്ചേർന്നിട്ടുണ്ട് എന്നും വായിക്കപ്പെടാതെ പോകുന്ന യാഥാർത്ഥ്യമാണ്. കാതറീൻ മക്യൂനൻ തന്റെ പ്രശസ്തമായ Toward Feminist Jurisprudence എന്ന ലേഖനത്തിൽ നിലനിൽക്കുന്ന നിയമശാസ്ത്രത്തെ പുരുഷാധിപത്യ നിയമശാസ്ത്രം എന്ന് മനസിലാക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നു. പുരുഷാധിപത്യ ഭരണകൂടം അതിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും നിയമസാധുത ഉറപ്പിക്കുന്നതിനും സ്ത്രീ വിരുദ്ധത അദൃശ്യവത്കരിക്കുന്നതിനുമാണ് എക്കാലമത്രയും അതിന്റെ 'നിഷ്പക്ഷ ഭാവം' ഉപയോഗിച്ചിട്ടുള്ളത്. അത് തിരിച്ചറിഞ്ഞറിഞ്ഞുകൊണ്ട്, ബദൽ നിയമശാസ്ത്രവും രീതിശാസ്ത്രവുമായാണ് ഫെമിനിസ്റ്റ് ജൂറിസ്പുഡൻസ് കഴിഞ്ഞ അഞ്ചു പതിറ്റാണ്ടുകളിൽ മുന്നേറിയിട്ടുള്ളത്.

'Asking Women's Question' എന്നത് മൂന്ന് തലങ്ങളിലായാണ് ഫെമിനിസ്റ്റ് ജൂറിസ്പ്രൂഡൻസിൽ കരോൾ സ്മിത്ത് ഉൾപ്പെടെയുള്ള ചിന്തകർ മുന്നോട്ട് വയ്ക്കുന്നത്. നിയമങ്ങളിലെ ഉള്ളടക്കത്തി




കരോൾ സ്മിത്ത്

ലെ സ്ത്രീ വിരുദ്ധത മനസിലാക്കുകയാണ് ഒന്നാമത്തേയത്. അതിനായി എത്രമാത്രം സ്ത്രീ അനുഭവങ്ങൾ നിയമങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്, അഥവാ എത്രമാത്രം സ്ത്രീ അനുഭവങ്ങളുടെ അഭാവമാണ് ഒരോ നിയമങ്ങളിലും ഉള്ളത് എന്ന രീതി ശാസ്ത്രം വികസിപ്പിച്ചു. നിയമ നിർവ്വഹണ പ്രക്രിയയിലെ സ്ത്രീ വിരുദ്ധതയെ അടയാളപ്പെടുത്തലായിരുന്നു അതിന്റെ രണ്ടാം തലം. മൂന്നാമതായി സ്ത്രീകളിലും സമൂഹത്തിലും അവബോധം വളർത്തുക എന്നതാണ്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിൽ വിമെൻസ് ക്വസ്റ്റിൻ എന്നത് ലിംഗനീതിയുടെ വിശാല അർത്ഥത്തിൽ എൽ.ജി.ബി.ടി.ക്യു എന്ന തലത്തിലേയ്ക്ക് അതിനെ വളർത്താൻ ഫെമിനിസ്റ്റ് ജൂറിസ്പ്രൂഡൻസിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ കഴിഞ്ഞ ഒരു ദശാബ്ദക്കാലം കോടതികളിൽ ഉണ്ടായ ലൈംഗിക ന്യൂനപക്ഷ അധികാരം അംഗീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി നടന്ന ജുഡീഷ്യൽ ഇടപെടലുകളെ, ഈ വെളിച്ചത്തിൽ വേണം വിലയിരുത്താൻ.


ലിംഗനീതി അവകാശബോധസമരങ്ങളുമായി അഭേദ്യമായ കൊടുക്കൽ വാങ്ങൽ ബന്ധങ്ങൾ നിലവിലുള്ള ഒരു വിദ്യാഭ്യാസമേഖലയാണ് നിയമരംഗം. പൊതുസമൂഹത്തിലുള്ള രാഷ്ട്രീയവും സാമൂഹ്യവുമായ സംവാദങ്ങളോട് നിയമവിദ്യാഭ്യാസം തുറസ് കാട്ടുന്നില്ലെങ്കിൽ കാലഹരണപ്പെട്ട വിദ്യാഭ്യാസ രീതിയായി അത് മാറുമെന്നത് മാത്രമല്ല, പൊതുനീതി ബോധം എന്ന ആശയത്തെ തന്നെയാണ് അത് അട്ടിമറിക്കുക. മെച്ചപ്പെട്ട വിദ്യാഭ്യാസ സമ്പ്രദായം എന്നത് കാലത്തിനോടുള്ള നീതി പുലർത്തുന്ന ഒന്നാവണമെങ്കിൽ ലിംഗനീതി ഉറപ്പുവരുത്തുക എന്നത് പ്രാഥമികമാണ്. ഇന്ത്യൻ സാഹചര്യത്തിൽ വർഗ്ഗ,ജാതി,പ്രദേശിക,മതങ്ങളൊക്കെ പരസ്പരബന്ധിതമാണെന്നിരിക്കേ അതിന്റെ സങ്കീർണ്ണാർത്ഥത്തിൽ ലിംഗനീതിയെ മനസിലാക്കാനുള്ള ഇടപെടലുകളാണ് നിയമവിദ്യാഭ്യാസ രംഗത്ത് ഉണ്ടാകേണ്ടത്.

**പുരുഷാധിപത്യ ഭരണകൂടം അതിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും നിയമസാധുത ഉറപ്പിക്കുന്നതിനും സ്ത്രീ വിരുദ്ധത അദൃശ്യവത്കരിക്കുന്നതിനുമാണ് എക്കാലമത്രയും അതിന്റെ 'നിഷ്പക്ഷ ഭാവം' ഉപയോഗിച്ചിട്ടുള്ളത്. അത് തിരിച്ചറിഞ്ഞറിഞ്ഞുകൊണ്ട്, ബദൽ നിയമശാസ്ത്രവും രീതിശാസ്ത്രവുമായാണ് ഫെമിനിസ്റ്റ് ജൂറിസ്പുഡൻസ് കഴിഞ്ഞ അഞ്ചു പതിറ്റാണ്ടുകളിൽ മുന്നേറിയിട്ടുള്ളത്.**

**'Asking Women's Question' എന്നത് മൂന്ന് തലങ്ങളിലായാണ് ഫെമിനിസ്റ്റ് ജൂറിസ്പ്രൂഡൻസിൽ കരോൾ സ്മിത്ത് ഉൾപ്പെടെയുള്ള ചിന്തകർ മുന്നോട്ട് വയ്ക്കുന്നത്. നിയമങ്ങളിലെ ഉള്ളടക്കത്തിലെ സ്ത്രീ വിരുദ്ധത മനസിലാക്കുകയാണ് ഒന്നാമത്തേയത്.**



സി.എസ്.ചന്ദ്രികയുടെ പ്രണയകാമസൂത്രത്തിന് കവിത ബാലകൃഷ്ണൻ വരച്ചത്



**കവിത ബാലകൃഷ്ണൻ**
ചിത്രകാരി, കലാനിരൂപക

# കലാവിദ്യാർത്ഥിനിയിൽ നിന്ന് കലാകാരിയിലേക്കുള്ള സാമൂഹിക ദൂരം

കലാവിദ്യാഭ്യാസത്തിലെ ലിംഗപൗരത്വം സാമൂഹ്യജീവിതത്തിൽ പൊതുവേ കാണുന്ന ലിംഗവിവേചനത്തിന്റെ പല സ്വഭാവങ്ങളും പേറുമെങ്കിലും അതിന്റെ നേർ പ്രതിഫലനമല്ല. കാരണം, ആധുനികകല എന്ന വ്യവഹാരം നൽകുന്ന ഒരു വിമോചക സ്വഭാവം പലപ്പോഴും ഫൈൻ ആർട്സ് കോളേജുകളിൽ ഒരു ബാഹ്യലക്ഷണമായിട്ടെങ്കിലും നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ഓരോ വിദ്യാർത്ഥിനിയും ആന്തരികമായ ഒരു അന്വേഷണത്തിലേക്ക് എത്തിപ്പെടാൻ വേണ്ടി സ്വന്തം ശീലങ്ങളിൽ പുറമേക്കു കാണും വിധം തന്നെ വലിയ മാറ്റം വരുത്താൻ പ്രേരിപ്പിക്കപ്പെടും.

ഇരുപതാം നൂറ്റാണ്ടിൽ ഗവ. ഫൈൻ ആർട്സ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആണരശുമേഖലകളായിരുന്നു എന്നതൊരു വാസ്തവമാണ്. കായികശേഷി കൂടുതൽ വേണ്ടതായ ശിൽപ്പകല തിരഞ്ഞെടുത്തവരുടെ എണ്ണം  കൈവിരലിലൊതുങ്ങും, നൂറ്റാണ്ടാകെ പരതിയാലും. കൊളോണിയൽ ആർട്ട് സ്ക്കൂൾ മാതൃകയിൽ കൈത്തൊഴിൽ, സുകുമാരകല എന്നിങ്ങനെ കോഴ്സുകൾ വിവേചിച്ചുനിന്ന

കാലമുണ്ടായിരുന്നു. അന്നത്തെ ഗ്രൂപ്പ് ഫോട്ടോകളിൽ വിദ്യാർത്ഥിനികളെ കാണുകയും ചെയ്യും. പക്ഷേ മികച്ച കുടുംബിനിയാകാനുള്ള തുന്നൽവേലയാണ് പലരുടെയും പഠനവിഷയമെന്നു കാണാം. എണ്ണച്ചായവിദ്യയൊക്കെ ആണുങ്ങൾക്കായിരുന്നു. പെൺകുട്ടികളും സ്വാംശീകരിച്ചിരുന്ന ഇത്തരം വിവേചനങ്ങൾ ഇന്ന് അവസാനിച്ചു.

ഏകദേശം 2010നു ശേഷം കേരളത്തിലെ ഫൈൻ ആർട്സ് കോളേജുകളിൽ  പെൺകുട്ടികളുടെ എണ്ണം താരതമ്യേന വർദ്ധിച്ചിട്ടുണ്ട് എന്ന കാര്യം ആശാവഹമാണ്. എന്നിട്ടും വിദ്യാർത്ഥിനികളെ 'കലാകാരികൾ' ആക്കുന്ന സാമൂഹിക പ്രക്രിയ വളരെ ശോഷിച്ച ഒന്നാണ്. കലാവിദ്യാഭ്യാസ സ്ഥാപനം പൊളിച്ചെഴുതിയ വ്യക്തിത്വവുമായി പുറത്തിറങ്ങുന്ന പെൺകുട്ടികൾ പലരും ആ പരിണാമത്തിന് സഹായകമായ ഒരു സാമൂഹിക പിന്തുണ നേടാൻ പ്രയാസപ്പെടുന്നു.

ഈയടുത്ത് കേരളചരിത്രത്തിലാദ്യമായി ഒരു ദൃശ്യകലാകാരിക്കൂട്ടായ്മ ഉണ്ടായി. (Collective of Women in Visual Art). നിലവിൽ അതൊരു വാട്സ്ആപ്പ് ഗ്രൂപ്പ് മാത്രമാണ്. കോവിഡുകാലത്ത് രൂപമെടുത്തത്. പക്ഷേ ഈ കൂട്ടായ്മ കൂട്ടായി ചർച്ച ചെയ്ത് ഗവൺമെന്റിൽ സമർപ്പിച്ച ഒരു മെമോറാണ്ടമുണ്ട്. 'കലാകാരി'യുടെ സമകാലിക സാമൂഹിക സാഹചര്യങ്ങളെപ്പറ്റി അതിൽ പറയുന്ന കാര്യങ്ങളിങ്ങനെയാണ് :



ഈ സമൂഹത്തിലെ കനത്ത സ്ത്രീവിവേചനത്തെ അതിജീവിക്കുന്ന കലാകാരികളുടെ സംഖ്യ 150നു താഴെ മാത്രമേ ഉള്ളൂ. അതിൽതന്നെ കലയെ ഒരു മുഴുവൻ സമയ പ്രവൃത്തിയായിക്കണ്ട് സ്റ്റുഡിയോ പ്രാക്ടീസ് ചെയ്യുന്നവർ നാൽപതോളവും വരും. ഇതിൽ തന്നെ സ്വന്തം കല വിപണനം ചെയ്ത് സ്വയം പര്യാപ്തരായി ജീവിക്കാൻ സാധിക്കുന്നവർ 20നു താഴെയേ വരൂ. ഇതിന് ഞങ്ങൾക്ക് വ്യക്തമായി കാണാവുന്ന ചില കാരണങ്ങളുണ്ട്.

ഏറ്റവും മുഖ്യമായിട്ടുള്ളത് പൊതുജീവിതത്തിൽ സ്ത്രീയുടെ വ്യക്തിവികാസത്തിന് അനുകൂലമായ പങ്കാളിത്തമില്ല. അതിനാൽത്തന്നെ കലയുമായി ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളിലും തീരുമാനമെടുക്കാനും നടപ്പാക്കാനുമുള്ള  അധികാരവുമില്ല. കലാമേഖല പൊതുവേ പിന്തുടരുന്നത് പാരമ്പര്യമായ രീതിയിലുള്ള അധികാരഘടന (പുരുഷാധികാര കേന്ദ്രീകൃതം) തന്നെയാണ്. സർഗ്ഗാത്മകമായ അന്വേഷണങ്ങളുള്ള സ്വതന്ത്രബുദ്ധിയായ സ്ത്രീക്കുമേൽ സമൂഹം ബോധപൂർവ്വം അടിച്ചേൽപ്പിക്കുന്ന, സദാചാര പ്രശ്നങ്ങളാൽ നിരന്തരം വേട്ടയാടുന്ന ജീവിതവും  പുരുഷകേന്ദ്രീകൃത മൂല്യങ്ങളാൽ ശ്വാസം മുട്ടിക്കുന്ന ഗാർഹിക ജീവിതവും കർമരംഗത്ത് നിരന്തരം പാർശ്വവൽക്കരണ- അദൃശ്യവത്കരണ-നിശ്ശബ്ദവൽക്കരണതന്ത്രങ്ങളുടെ പ്രയോഗങ്ങൾ വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇന്ന് നിലകൊള്ളുന്ന മൂല്യവ്യവസ്ഥയിൽ തികച്ചും സങ്കുചിതമായൊരു 'കുടുംബിനി' നിർവചനത്തിൽ മാത്രമായി ഒതുങ്ങാതെ ഏതു തുറയിലും പ്രവർത്തിക്കുന്ന സ്ത്രീകൾ, കൃത്യമായ സാമൂഹിക പിന്തുണയില്ലാത്തതിന്റെ പേരിൽ സ്വയം ഒതുങ്ങുകയോ ഒതുക്കപ്പെടുകയോ ചെയ്യുന്ന സാഹചര്യമുണ്ട്.



**രജിതാ രവി**
ഗവേഷക
ശ്രീശങ്കരാചാര്യ
സംസ്കൃതസർവ്വകലാശാല
കാലടി

# കരുതൽ വേണം കലയിലും



സാഹിത്യത്തിനുള്ളിലെ സവിശേഷ സന്ദർഭങ്ങളുടെയോ പ്രമേയങ്ങളുടെയോ ചിത്രീകരണമാണ് ഇല്ലസ്ട്രേഷൻ. ഒരേസമയം കൃതിയുടെ വായനയും വ്യാഖ്യാനവുമാണ് അവയുടെ രേഖാചിത്രങ്ങൾ അഥവാ ഇല്ലസ്ട്രേഷനുകൾ. എഴുത്തുകാരനും വായനക്കാരനുമിടയിൽ ഒരു ചിത്രകാരൻ പ്രവർത്തിക്കുന്നുണ്ട്. അഥവാ എഴുത്തിനും വായനയ്ക്കുമൊപ്പം ഒരു ചിത്രംകൂടി പ്രവർത്തിക്കുന്നു. ആർട്ട് ഗാലറികളോ ചിത്രപ്രദർശനങ്ങളോ പ്രാപ്യമല്ലാത്ത സാധാരണജനങ്ങളെ ചിത്രകലയുമായി ബന്ധിപ്പിച്ചിരുന്നത് സാഹിത്യമാസികകളിലും ആനുകാലികങ്ങളിലും മറ്റും വരുന്ന ചിത്രീകരണങ്ങളാണ്.ചിത്രകലയെ കൂടുതൽ ജനകീയമാക്കുന്നതിൽ ഇവ വലിയ പങ്ക് വഹിച്ചിട്ടുണ്ടെന്നു പറയാം. സാഹിത്യസന്ദർഭത്തേക്കാൾ തെളിഞ്ഞുകിടക്കുന്ന ചിത്രങ്ങളെ ആസ്വദിക്കുന്ന തരത്തിൽ കാഴ്ചയുടെ സംസ്കാരം പരിപോഷിപ്പിക്കപ്പെട്ടു. 'വരച്ചുവെച്ചതുപോലെ' തുടങ്ങിയ പ്രയോഗങ്ങൾ അവയുടെ ഉയർന്ന മാനം കാണിച്ചുതരുന്നവയാണ്. ചിത്രകഥാപുസ്തകങ്ങളിലെയും ബാലപ്രസിദ്ധീകരണങ്ങളിലെയും ചിത്രീകരണങ്ങളിലൂടെയാണ് കുട്ടികൾ വായനയുടെയും ആസ്വാദനത്തിന്റെയും ലോകത്തെത്തുന്നത്. ഇവിടെ ചിത്രങ്ങൾ വായനയെയും ഭാവനയെയും എളുപ്പമാക്കുന്ന മാർഗങ്ങൾ കൂടിയാണ്. മനുഷ്യർ, ജന്തുജാലങ്ങൾ, പ്രകൃതി, കെട്ടിടങ്ങൾ തുടങ്ങി അമാനുഷികശക്തികളെക്കുറിച്ചുവരെ ആദ്യത്തെ രൂപമാതൃകകൾ കുട്ടികൾ സ്വായത്തമാക്കുന്നത് ഇത്തരം ചിത്രീകരണങ്ങളിൽനിന്നുമാണ്. ഇങ്ങനെ മനസിൽ ശേഖരിക്കപ്പെടുന്ന രൂപങ്ങളാണ് പിന്നീട് മറ്റൊരവസരത്തിൽ മറ്റൊരു കഥയിലോ സന്ദർഭത്തിലോ അവർ എടുത്തുപയോഗിക്കുന്നത്.

ഔപചാരികവിദ്യാഭ്യാസത്തിന്റെ ഭാഗമാകുന്നതോടെ കുട്ടികൾ പാഠപുസ്തകങ്ങളിലേക്ക് കടക്കുന്നു. പ്രൈമറി ക്ലാസുകളിലെ ചിത്രീകരണങ്ങൾ കുട്ടികളെ പാഠത്തിലേക്കും പഠനപ്രക്രിയയിലേക്കും ആകർഷിക്കുവാനും ഭാവനയുണർത്തുവാനും ഉദ്ദേശിച്ചുള്ളതാണ്. അപരിചിതമായ അനുഭവങ്ങളെ സങ്കൽപിച്ചെടുക്കാനും അനുഭവിച്ചറിഞ്ഞവയെ ഓർത്തെടുക്കാനും പാഠഭാഗങ്ങളിലെ ചിത്രീകരണങ്ങൾ സഹായിക്കുന്നു. ആ പാഠഭാഗത്തുടനീളം അതിലെ ചിത്രീകരണങ്ങളാണ് അവരുടെ മാതൃക. ഉയർന്ന ക്ലാസുകളിലെത്തുമ്പോൾ പഠനസഹായി എന്നതിൽക്കവിഞ്ഞ് അവ ആസ്വാദനതലത്തിലേക്കെത്തുകയും പാഠഭാഗത്തിന്റെ അനുബന്ധമായി നിൽക്കുകയും ചെയ്യുന്നു. നിരന്തരം ഈ ചിത്രീകരണങ്ങൾ കാണുന്നുണ്ടെന്നതിനാൽ പാഠം കഴിഞ്ഞാലും ദീർഘകാലം ഇവ മനസിൽ ആഴത്തിൽ പതിഞ്ഞുകിടക്കും. പിന്നീട് പാഠ

ത്തേക്കാൾ വേഗത്തിൽ ആ ചിത്രങ്ങൾ മനസിലേക്ക് ഓടിയെത്തുന്നത് അതുകൊണ്ടാണ്. ആനുകാലികങ്ങളിലെയും മറ്റും ചിത്രീകരണങ്ങൾ പോലെ ക്ഷണികാസ്വാദനമല്ല അവിടെ നടക്കുന്നതെന്ന് ചുരുക്കം.

ഭാഷാപാഠപുസ്തകങ്ങളിൽ, വിശേഷിച്ചും മാതൃഭാഷയായ മലയാളം പാഠപുസ്തകങ്ങളിൽ വരുന്ന പാഠഭാഗങ്ങൾ സാഹിത്യകൃതികളാണ്. സാമൂഹികവും സാംസ്കാരികവുമായ മൂല്യവ്യവസ്ഥകൾ കുട്ടികളിലേക്ക് വിനിമയം ചെയ്യുന്നത് മുഖ്യമായും ഭാഷാപാഠപുസ്തകങ്ങളിലൂടെയാണ്. സാമൂഹ്യവൽക്കരണപ്രക്രിയവഴി, നിലവിലിരിക്കുന്ന സമൂഹത്തിന് ആവശ്യമായ രീതിയിൽ കുട്ടികളെ വാർത്തെടുക്കുന്ന പ്രക്രിയയാണ് ഇവിടെ യഥാർത്ഥത്തിൽ നടക്കുന്നത്. അതുകൊണ്ടുതന്നെ സമൂഹത്തെക്കുറിച്ചും മനുഷ്യരെക്കുറിച്ചും ജെൻഡറിനെക്കുറിച്ചും ജെൻഡർ റോളുകളെക്കുറിച്ചും പാർശ്വവൽകൃത വിഭാഗത്തെക്കുറിച്ചുമെല്ലാം നിലവിലിരിക്കുന്ന പിതൃമേധാവിത്ത സമൂഹം കാല




ങ്ങളായി പിന്തുടർന്നുപോരുന്ന വിശ്വാസങ്ങൾ പാഠപുസ്തകങ്ങളിലും കടന്നുവരുന്നുണ്ട്. അവയിലെ ചിത്രീകരണങ്ങളും അതുതന്നെ ആവർത്തിച്ചുറപ്പിക്കുന്നു. വീട്, കുടുംബം, വൃത്തി, ആരോഗ്യം, ഭക്ഷണശീലം, തൊഴിൽ തുടങ്ങിയവയെക്കുറിച്ചുമെല്ലാം ഇതേ പരമ്പരാഗത ചിന്താഗതികൾ തന്നെയാണ് പിന്തുടരുന്നത്.

സന്ദർഭങ്ങളും കഥാപാത്രങ്ങളും സാഹിത്യത്തിന്റേതായി നിൽക്കുമ്പോഴും ഒരു കലാസൃഷ്ടി എന്ന നിലയിൽ അതിൽ നിന്നും സ്വതന്ത്രമായ സ്വത്വവും നിലനിൽപും ചിത്രീകരണങ്ങൾക്കുണ്ട്. കാണിയെ,കാഴ്ചയെ സ്വാധീനിക്കുന്നതിൽ പങ്കുണ്ടെന്നതിനാൽ ഭാഷേതരവ്യവഹാരങ്ങളെന്ന നിലയിൽ അവ വിനിമയം ചെയ്യുന്ന ആശയങ്ങളെയും പ്രതിനിധാനം ചെയ്യുന്ന മൂല്യവ്യവസ്ഥയെയും വിശകലനം ചെയ്യേണ്ടതുണ്ട്. സന്ദർഭങ്ങളുടെയും കഥാപാത്രങ്ങളുടെയും തെരഞ്ഞെടുപ്പ്, ചിത്രീകരണത്തിന്റെ സ്വഭാവം തുടങ്ങിയവയെല്ലാം അതിന്റെനിർണ്ണായക ഘടകങ്ങളാണ്.

രണ്ടാം ക്ലാസിലെ മലയാളം പാഠപുസ്തകത്തിലെ 'കുട്ടിപ്പുര' എന്ന പാഠഭാഗത്തിൽ ചേർത്തിരിക്കുന്ന ചിത്രീകരണങ്ങൾ പരിശോധിച്ചാൽ അവയെങ്ങനെയാണ് ദൃശ്യതയെ തിരുമാനിക്കുന്നതെന്നു കാണാം. കുട്ടിപ്പുര വേണമെന്നുള്ള സാവിത്രിക്കുട്ടിയുടെ ആഗ്രഹം ആശാരി വേലുവിനെക്കൊണ്ട് അച്ഛൻ സാധിപ്പിച്ചുകൊടുക്കുന്നതാണ് പാഠഭാഗം. ഒന്നാമത്തെ ചിത്രത്തിന്റെ സന്ദർഭവും അതുതന്നെ.

'അച്ഛൻ ഉമ്മറത്തെ ചാരുകസേരയിലിരുന്നു' എന്ന വാക്യത്തെ ചിത്രത്തിലാക്കിയതായി കാണാം. തൊട്ടുപിന്നിൽ നിൽക്കുന്ന മകളുമുണ്ട്. മറ്റൊരു ചിത്രം തോർത്തുമുണ്ടെടുത്ത് സാരിയായി ധരിച്ചുകളിക്കുന്ന മകളുടേതാണ്. വേലു ആശാരി പണിത കുട്ടിപ്പുരയ്ക്കരികിൽ നിൽക്കുന്ന കുട്ടിയാണ്. (ഉമ്മറത്ത് ചാരുകസേരയിൽ വിസ്തരിച്ചിരിക്കുന്ന അച്ഛനും, സാരിയുടുത്ത്, അച്ഛനും അമ്മയും മക്കളുമുള്ള കളിവീട് കിനാവുകാണുന്ന പെൺകുട്ടിയും ഇപ്പോഴും പാഠഭാഗമായി വരുന്നതിന്റെ ഔചിത്യം ഒന്നുകൂടി ആലോചിക്കേണ്ടതുണ്ട്). എന്നാൽ ഈ വരുന്ന മൂന്നു ചിത്രങ്ങളിലെവിടെയും കുട്ടിപ്പുര പണിത വേലുആശാരിയെ നമുക്ക് കാണാനാവില്ല. ചിത്രത്തിന്റെ സന്ദർഭത്തിൽ അയാളുണ്ടായിരിക്കുകയും ചിത്രത്തിൽ ഒഴിവാക്കപ്പെടുകയും ചെയ്യുന്നു. പാഠത്തിലും അയാളെക്കുറിച്ച് പറയുന്നത് 'വീടുംകുടിയുമൊന്നുമില്ലാത്ത വേലു' എന്നാണ്. അച്ഛന്റെയും മകളുടെയും ദൃശ്യതയോടൊപ്പം തന്നെ ചർച്ച ചെയ്യേണ്ടതാണ് വേലു ആശാരിയുടെ ആദൃശ്യതയും.

വ്യക്തിശുചിത്വം, ആരോഗ്യശീലങ്ങൾ തുടങ്ങിയവയെക്കുറിച്ച് അവബോധമുണർത്തുന്നതിനാണ് ഇതേ പാഠപുസ്തകത്തിലെ തന്നെ 'നാടിനെ രക്ഷിച്ച വീരബാഹു' എന്ന പാഠഭാഗം ലക്ഷ്യമിടുന്നത്. 'തീറ്റയോടുതീറ്റ. പെരുവയറൻ രാജാവിന് ഒരേയൊരു വിചാരം മാത്രം,തിന്നണം തിന്നണം...' എന്നാണ് പാഠം തുടങ്ങുന്നതുതന്നെ. നിരത്തിവെച്ച ഭക്ഷണവിഭവങ്ങൾക്കുമുന്നിലിരുന്ന് ഭക്ഷണം കഴിക്കുന്ന സ്ഥൂലപ്രകൃതിയായ രാജാവിന്റേതാണ് ഇതിനൊപ്പമുള്ള ഒരുചിത്രം. ഭക്ഷണം കഴിച്ച് അസുഖക്കാരനായ രാജാവിനെ ചികിത്സിച്ച് മെലിഞ്ഞ,'സിക്സ്പാക്കുള്ള' നല്ല രാജാവാക്കി മാറ്റിയെടുക്കുന്നതാണ് പാഠവും ചിത്രങ്ങളും. പാഠത്തിന്റെ ഉദ്ദേശം നല്ലതാണെങ്കിലും അതിന് തെരഞ്ഞെടുത്ത മാർഗം അത്ര നിഷ്കളങ്കമല്ല. ഒരു വ്യക്തിയുടെ ശരീരപ്രകൃതിയെ നിർണയിക്കുന്നത് പാരമ്പര്യവും രോഗവുമടക്കം പല ഘടകങ്ങളാണ്. അതിലൊന്നുമാത്രമാണ് ഭക്ഷണശീലം എന്നിരിക്കെ ശരീരത്തെ സംബന്ധിച്ചും രോഗത്തെ സംബന്ധി

ച്ചും തെറ്റായ ധാരണകൾ കുട്ടികളിലെത്തിക്കാനും സ്ഥൂലപ്രകൃതിയായ കുട്ടികളിൽ അപകർഷതയുണ്ടാക്കുവാനും ഈ പാഠം ഇടയാക്കും. നന്നായി ഓടിച്ചാടിക്കളിക്കുകയും ശരീരത്തിനാവശ്യമായ ഭക്ഷണവും വെള്ളവും കഴിക്കുകയും ചെയ്യേണ്ട പ്രായത്തിൽ കുട്ടികളുടെ മുന്നിലെത്തുന്ന ഭക്ഷണം കഴിച്ച് വണ്ണംവെച്ച് അസുഖബാധിതനായിരിക്കുന്ന രാജാവിന്റെ ചിത്രം നല്ല മാതൃകയല്ല. മറ്റൊന്നി




**സമൂഹത്തിൽ നിലനിൽക്കുന്ന ജെൻഡർ റോളുകളെക്കുറിച്ച് ചെറുപ്രായം മുതലേ കുട്ടികളെ പരിശീലിപ്പിക്കുന്നത് വീടുകളിൽ തന്നെ കാണാം. അതിനെ ആവർത്തിച്ചുറപ്പിക്കുന്നതാണ് പാഠപുസ്തകങ്ങളും. രണ്ടാംക്ലാസ് മലയാളം പാഠപുസ്തകത്തിലെ 'അറിഞ്ഞുകഴിക്കാം' എന്ന പാഠം സമീകൃതാഹാരത്തെക്കുറിച്ചും ശരിയായ ഭക്ഷണശീലത്തെക്കുറിച്ചും ചർച്ചചെയ്യുന്നതാണ്. ഒരു ചിത്രത്തിൽ ആഹാരം തയ്യാറാക്കി മേശമേൽ ഒരുക്കിവെച്ച് എല്ലാവരെയും ഭക്ഷണം കഴിക്കാൻ വിളിക്കുന്ന സാരിയുടുത്ത ഒരു സ്ത്രീയാണ്.**

നെ പരിഹസിച്ചോ കുറ്റപ്പെടുത്തിയോ താരതമ്യം ചെയ്തോ കുട്ടികളിൽ നല്ല ശീലങ്ങൾ വളർത്താമെന്ന ധാരണയും തിരുത്തപ്പെടേണ്ടതാണ്.

സമൂഹത്തിൽ നിലനിൽക്കുന്ന ജെൻഡർ റോളുകളെക്കുറിച്ച് ചെറുപ്രായം മുതലേ കുട്ടികളെ പരിശീലിപ്പിക്കുന്നത് വീടുകളിൽ തന്നെ കാണാം. അതിനെ ആവർത്തിച്ചുറപ്പിക്കുന്നതാണ് പാഠപുസ്തകങ്ങളും. രണ്ടാംക്ലാസ് മലയാളം പാഠപുസ്തകത്തിലെ 'അറിഞ്ഞുകഴിക്കാം' എന്ന പാഠം സമീകൃതാഹാരത്തെക്കുറിച്ചും ശരിയായ ഭക്ഷണശീലത്തെക്കുറിച്ചും ചർച്ചചെയ്യുന്നതാണ്. ഒരു ചിത്രത്തിൽ ആഹാരം തയ്യാറാക്കി മേശമേൽ ഒരുക്കിവെച്ച് എല്ലാവരെയും ഭക്ഷണം കഴിക്കാൻ വിളിക്കുന്ന സാരിയുടുത്ത ഒരു സ്ത്രീയാണ്. മറ്റൊരു ചിത്രത്തിൽ കുടുംബാംഗങ്ങളെല്ലാവരും ഇരുന്ന് ഭക്ഷണം കഴിക്കുന്നതാണ്. അതിൽ ഈ സ്ത്രീ മാത്രം കഴിക്കാതെ നിന്ന് വിളമ്പിക്കൊടുക്കുന്നു. ഇതേ വീടിന്റെ അടുക്കളയിൽ നിൽക്കുന്ന ഈ സ്ത്രീയും ഒരു വൃദ്ധയുമുള്ള വേറൊരു ചിത്രംകൂടി വരുന്നുണ്ട്. ഭക്ഷണമൊരുക്കലും വിളമ്പലും അടുക്കളയുമെല്ലാം സ്ത്രീകൾക്കുമാത്രം ഉഴിഞ്ഞുവെച്ചിരിക്കുന്ന പൊതുധാരണയെ ഊട്ടിയുറപ്പിക്കുന്നതാണ് ഈ ചിത്രങ്ങൾ. കുടുംബത്തിലെ ജോലികൾ കുടുംബാംഗങ്ങളെല്ലാം പങ്കിട്ടു ചെയ്യേണ്ടതാണെന്നും ആണിനും പെണ്ണിനും വെവ്വേറെ ജോലികളൊന്നുമില്ലെന്നും കുടുംബത്തിനുള്ളിൽ ജനാധിപത്യമുണ്ടാവേണ്ടതാണെന്നുമുള്ള ചർച്ചകളും തിരുത്തലുകളും നിരന്തരം നടന്നുകൊണ്ടിരിക്കുന്ന ഒരു കാലത്താണ് ഇത്രയും പുരോഗമനവിരുദ്ധവും സ്ത്രീവിരുദ്ധവുമായ ആശയങ്ങൾ പാഠപുസ്തകങ്ങൾ വഴി പ്രചരിപ്പിക്കുന്നത്.

ഇതിനോടൊപ്പം വിമർശിക്കപ്പെടേണ്ടതാണ് സ്ത്രീയെ എന്നും കണ്ണീരും കയ്യുമായി നിൽക്കുന്ന അബലയും പരിഭവക്കാരിയുമൊക്കെയായി അവതരിപ്പിക്കുന്ന കാലാകാലങ്ങളായി നിലനിന്നുപോ



രുന്ന രീതിയും. ഹയർസെക്കന്ററി രണ്ടാം വർഷം മലയാളം പാഠപുസ്തകത്തിലെ 'കണ്ണാടി കാൺമോളവും','ഗൗളിജൻമം', 'കൊള്ളിവാക്കല്ലാതൊന്നുമില്ല' തുടങ്ങിയ പാഠങ്ങളിലെ ചിത്രീകരണങ്ങൾ ഇത്തരത്തിലാണ് സ്ത്രീകളെ അവതരിപ്പിക്കുന്നത്. ആത്മാഭിമാനത്തിന്റെ പേരിൽ പ്രതികരിക്കുന്ന ശകുന്തളയും ശീലാവതിയുമടങ്ങുന്ന സ്ത്രീ

## 7. അറിഞ്ഞു കഴിക്കാം







കൾ പാഠസന്ദർഭത്തിൽനിന്നും കണ്ടെടുക്കാമെങ്കിലും കണ്ണുനീർപൊഴിച്ച് വിലപിക്കുന്ന സ്ത്രീകളായി മാത്രം അവരെ അവതരിപ്പിക്കുന്ന ശീലം ഇവിടെ വിട്ടുപോകുന്നില്ല. വലിയൊരു നീതിനിഷേധം നടത്തി ഇത്തരം ദുരവസ്ഥകളിലേക്ക് തള്ളിവിട്ട ദുഷ്യന്തനോ ഉഗ്രതപസോ ഒന്നും യാതൊരു ഭാവവ്യത്യാസവുമില്ലാതെ സുരക്ഷിതരായി കാഴ്ചയ്ക്കകത്തും പുറത്തും സുരക്ഷിതരായി നിൽക്കുന്നു. പ്രതിസ്ഥാനത്തുനിൽക്കുന്ന പുരുഷൻമാരെയോ വ്യവസ്ഥയെയോ കുറിച്ച് മൗനം പാലിക്കുകയും ചിത്രംകൊണ്ടുപോലും നോവിക്കാതിരിക്കുകയും അതേസമയം ഇരയാക്കപ്പെട്ട സ്ത്രീകളെയും അവരുടെ കണ്ണുനീരിനെയും നിരന്തരം പിൻതുടരുകയും ചെയ്യുന്ന സാമൂഹ്യവ്യവസ്ഥിതിയുടെ പരിച്ഛേദം തന്നെയാണ് ഇത്തരം ചിത്രീകരണങ്ങളും.

സമൂഹത്തിന്റെ പൊതുധാരണകളുടെയും മൂല്യവ്യവസ്ഥയുടെയും ആവർത്തനങ്ങളും സാമാന്യവൽക്കരണവുമാണ് പാഠപുസ്തകങ്ങളിലും നടക്കുന്നത്. ദുർബലരും പാർശ്വവൽക്കൃതരുമായ ജ

**സമൂഹത്തിന്റെ പൊതുധാരണകളുടെയും മൂല്യവ്യവസ്ഥയുടെയും ആവർത്തനങ്ങളും സാമാന്യവൽക്കരണവുമാണ് പാഠപുസ്തകങ്ങളിലും നടക്കുന്നത്. ദുർബലരും പാർശ്വവൽക്കൃതരുമായ ജനത അതുകൊണ്ടുതന്നെ അവരുടെ വിഷയമേയാകുന്നില്ല. ട്രാൻസ്ജെൻഡർ കമ്യൂണിറ്റി, ചേരിയിലും കുടിലുകളിലും കഴിയുന്നവർ, വീടോ വാഹനമോ മറ്റു സൗകര്യങ്ങളോ ഇല്ലാത്തവർ, സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർ,അച്ഛനോ അമ്മയോ രണ്ടുപേരുമോ ഇല്ലാത്ത കുട്ടികൾ, ശാരീരികമോ മാനസികമോ ആയ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഇവരെല്ലാമടങ്ങിയ വലിയൊരു വിഭാഗം ഈ സമൂഹത്തിലുണ്ട്.**

നത അതുകൊണ്ടുതന്നെ അവരുടെ വിഷയമേയാകുന്നില്ല. ട്രാൻസ്ജെൻഡർ കമ്യൂണിറ്റി, ചേരിയിലും കുടിലുകളിലും കഴിയുന്നവർ, വീടോ വാഹനമോ മറ്റു സൗകര്യങ്ങളോ ഇല്ലാത്തവർ, സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർ,അച്ഛനോ അമ്മയോ രണ്ടുപേരുമോ ഇല്ലാത്ത കുട്ടികൾ, ശാരീരികമോ മാനസികമോ ആയ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഇവരെല്ലാമടങ്ങിയ വലിയൊരു വിഭാഗം ഈ സമൂഹത്തിലുണ്ട്. സമൂഹത്തിൽ അവർ നേരിടുന്ന അവഗണനയും നീതിനിഷേധവും ഇരട്ടിപ്പിക്കുന്നതരത്തിലാകരുത് ക്ലാസ് മുറികൾ. അവരും പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാണെന്നിരിക്കെ അവരെക്കൂടി ഉൾക്കൊള്ളുന്ന, അനുഭാവപൂർവ്വം പരിഗണിക്കുന്ന തലത്തിലേക്ക് പാഠപുസ്തകങ്ങളും മാറേണ്ടതുണ്ട്. വീട്, കുടുംബം, ലിംഗപദവി, ലിംഗനീതി, അവസരതുല്യത തുടങ്ങിയവയെക്കുറിച്ചെല്ലാം ബഹുസ്വരവും ജനാധിപത്യപരവുമായ ചർച്ചകൾ സമൂഹത്തിൽ നടക്കുന്നുണ്ട്. നിലവിലിരിക്കുന സ്ത്രീവിരുദ്ധവും മനുഷ്യവിരുദ്ധവുമായ ധാരണകൾ തിരുത്തുന്നതിനുള്ള ശ്രമങ്ങൾ കുട്ടികളിലും ചെറുപ്പം മുതലേ നടത്തേണ്ടതുണ്ട്. സാമൂഹ്യവൽക്കരണവും വിദ്യാഭ്യാസപ്രക്രിയയും പുരോഗമനപരമാവേണ്ടതുണ്ട്. അതൊരു കൂട്ടായ പരിശ്രമംകൂടിയാണ്. അപ്പോൾ മാത്രമാണ് അതിന്റെ വിജയവും സാധ്യമാകുന്നത്.



റസീന കെ.കെ.
അധ്യാപിക,
ജി.ജി.എച്ച്.എസ്.എസ്, മലപ്പുറം

# ഉൾച്ചേരൽ വിദ്യാഭ്യാസത്തിലെ ഉൾച്ചേർച്ചക്കുറവുകൾ



വ്യത്യസ്ത സ്വത്വമുള്ള ജനവിഭാഗങ്ങളുടെ സാമൂഹികപരമായ ഉയർച്ചയാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യം വെക്കുന്നത്. തുല്യതയുള്ള സമൂഹനിർമ്മിതിയും, വ്യക്തികളുടെ സ്വയം നിർണ്ണയാവകാശവും ഉറപ്പു വരുത്തുന്നതാവണം വിദ്യാഭ്യാസം.അതിനോടൊപ്പം നീതി, ബഹുമാന്യത, പരസ്പരവിശ്വാസം എന്നിവ സ്വാഭാവികമായി രൂപപെടേണ്ടതാണ്.

സമൂഹത്തിന്റെ ജനാധിപത്യവൽകരണം പൂർത്തിയാക്കുന്നത് ഈ പ്രക്രിയയിലൂടെയാണ്.അതുകൊണ്ട് തന്നെ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലെ ജനാധിപത്യവത്കരണത്തിൽ വ്യത്യസ്ത സ്വത്വമുള്ള ജനതകളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലുമുള്ള ജനാധിപത്യവത്ക്കരണത്തിലൂടെ മാത്രമേ ഇത് സാധ്യമാവുകയുള്ളു.

വിവേചനത്തിന്റെ ആദ്യ അനുഭവം ജന്മം നൽകിയവരിൽ നിന്നുതന്നെ നേരിടാൻ സാധ്യതയുള്ള വിഭാഗമാണ് അംഗപരിമിതർ. എം.എച്ച്.ആർ.ഡി 2009 സ്റ്റാസ്റ്റിക്സ് പ്രകാരം എട്ടു മില്യൺ കുട്ടികൾക്ക് ലോകത്ത് വിദ്യാഭ്യാസത്തിന് അവസരംലഭിക്കുന്നില്ല. ഈ കണക്കിൽ പെടുന്ന പ്രധാന വിഭാഗമാണ് ഏതെങ്കിലും തരത്തിൽ അംഗപരിമിതരായ വ്യക്തികൾ. 1974ൽ ക്ഷേമ മന്ത്രാലയം അംഗ പരിമിതരായവർക്ക് തുല്യ അവസരം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ ഐ.ഇ.ഡി.സി (ഇന്റഗ്രൽ എഡ്യൂക്കേഷൻ ഫോർ ഡിസേബിൾഡ് ചിൽഡ്രൻ) പദ്ധതി ആരംഭിച്ചു.1986 ൽ നാഷണൽ എഡ്യൂക്കേഷൻ പോളിസിയിലാണ് ഇൻക്ലൂസീവ് എഡ്യൂക്കേഷൻ എന്ന ആശയം അവതരിപ്പിക്കപെടുന്നത്. ഡിസേബിൾഡ് ആയ വിദ്യാർത്ഥികളെ ഏബിൾ ആയവർക്കൊപ്പം ക്ലാസ്സ് മുറികളിൽ ഇരുത്തി ഡിസേബിൾഡ് ആയവരിൽ ഗുണപരമായ മാറ്റം ഉണ്ടാകുക എന്നതാണ് ഇൻ

ക്ലൂസീവ് എഡ്യൂക്കേഷന്റെ പ്രാഥമിക ലക്ഷ്യം. ഇൻക്ലൂസീവ് എഡ്യൂക്കേഷൻ എന്ന ഇംഗ്ലീഷ് പ്രയോഗത്തിന് നിഘണ്ടു പരമായി അർത്ഥം ശരിയാവുന്ന ഉൾച്ചേരൽ വിദ്യാഭ്യാസമെന്ന പദമാണ് പൊതുവിൽ ഉപയോഗിക്കുന്നത്. സമവാസര വിദ്യാഭ്യാസം, സങ്കലിത വിദ്യാഭ്യാസം എന്നൊക്കെ കുറേ കൂടി അർത്ഥവ്യാപ്തി നൽകുന്ന വാക്കുകളും മലയാളത്തിൽ ഉപയോഗിക്കുന്നുണ്ട്.

പഠന പിന്നാക്കാവസ്ഥയുള്ളവർ, പഠന വൈകല്യമുള്ളവർ, ഓട്ടിസം, സെറിബ്രൽ പാൾസി, സ്പാസ്റ്റിസം, സ്പാസ്റ്റിക് ക്വാഡ്രിപ്ലെഗിയതുടങ്ങിയ പ്രയാസമുള്ളവർ, മാനസിക വൈകല്യമുള്ളവർ, ബുദ്ധിമാന്ദ്യമുള്ളവർ, കാഴ്ച പരിമിതിയുള്ളവർ, കേൾവിക്കുറവുള്ളവർ, ശാരീരിക വൈകല്യമുള്ളവർ –എന്നിവരൊക്കെ സി.ഡബ്ല്യു.എസ്.എൻ. (ചിൽഡ്രൻ വിത്ത് സ്പെഷ്യൽ നീഡ്സ്) പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളായി കണക്കാക്കുന്നു.

പഠന പിന്നാക്കാവസ്ഥ മാത്രമുള്ള കുട്ടികൾ പഠനത്തിൽ പിന്നിലാവുമെങ്കിലും പൊതുവെ സ്വന്തം കാര്യങ്ങൾ ചെയ്യാൻ പ്രാപ്തരാണ്. ലേണിംഗ് ഡിസ്ലെക്സിയ പോലുള്ള പ്രശ്നം അനുഭവിക്കുന്നവരും ചെറിയ പിന്തുണകൾ കിട്ടിയാൽത്തന്നെ സാധാരണയായി മുന്നോട്ട് വരാൻ സാധിക്കുന്നവരാണ്.നേരിയ സെറിബ്രൽ പാൾസി ഉള്ളവർക്കും പിന്തുണ ലഭിച്ചാൽ പഠനപ്രവർത്തനം ഏറെക്കുറെ സാധ്യമാണ്.

ഓട്ടിസം, കടുത്ത സെറിബ്രൽ പാൾസി,കടുത്ത മാനസിക വൈകല്യങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ ഉള്ള കുട്ടികൾക്കു സാധാരണ പഠനപ്രവർത്തനങ്ങൾ വളരെ പ്രയാസകരമൊ, അസാധ്യമോ ആണ്.വ്യക്തി കേന്ദ്രീകൃത ബോധനവും പരിപാലനവും സംരക്ഷണവുമാണ് ഇത്തരക്കാർക്ക് വേണ്ടത്.പാഠ്യവിഷയങ്ങൾ പഠിക്കുക എന്നതിനെകാളുപരിയായി , സ്വഭാവത്തെ ചിട്ടപ്പെടുത്താനാണ് അവർക്ക് മുഖ്യമായും പരിശീലനവും സഹായവും വേണ്ടത്.ഇവർ പ്രാപ്ത്യാനുസരണം സ്പെഷ്യൽ സ്കൂളുകളോ റെഗുലർ സ്കൂളുകളോ തിരഞ്ഞെടുക്കുകയാണ് പതിവ്.ബ്രെയിൽ ലിപിയോ അടയാള ഭാഷകളോ സ്പെഷ്യൽ സ്കൂളുകളിൽ പഠിച്ചശേഷം സാധാരണ സ്കൂളുകളിലേയ്ക്ക് മാറുന്നവരും, ഹോം ബേസ്ഡ് സ്റ്റഡി തിരഞ്ഞെടുക്കുന്നവരും ഉണ്ട്.

ഡിസ്‌ലക്സിയ ഡിസ്ഗ്രാഫിയ പോലുള്ള ലേണിങ് ഡിസബിലിറ്റി പോലും തിരിച്ചറിയാനും വേണ്ടവിധത്തിൽ പരിഹരിക്കുവാനും ഉള്ള സൗകര്യമില്ലായ്മയും,സമയകുറവും എല്ലാത്തിനും ഉപരിയായി ഈ കാര്യങ്ങളിലുള്ള അധ്യാപകരുടെ അവബോധമില്ലായ്മയും ഉൾച്ചേരൽ വിദ്യാഭ്യാസം നേരിടുന്ന വലിയ വെല്ലുവിളിയാണ്. ഉൾച്ചേരൽ വിദ്യാഭ്യാസത്തെപ്പറ്റിയുള്ള കൃത്യവും വ്യക്തവുമായ ധാരണ അധ്യാപകർക്ക് നൽകുന്ന യാതൊരു പ്രവർത്തങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. പഠനപ്രവർത്തനങ്ങളിലെ അനുരൂപീകരണമെങ്ങനെയാണ് നടക്കേണ്ടതെന്ന സംശയങ്ങൾ അവഗണിക്കപെടുന്നു. അധ്യാപക പരിശീലന പരിപാടികളിൽ ഉൾച്ചേരൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മൊഡ്യൂളുകൾ പഠനവിഷയമാവരുണ്ടെങ്കിലും അനുഭവാധിഷ്ഠിതമായി അത് വിനിമയം ചെയ്യപ്പെടുന്നില്ല.

നിരന്തരം അപരവത്കരിക്കപ്പെടുന്ന ഈ ജനതയെ ഭിന്ന ശേഷി എന്നാണ് വിദ്യാഭ്യാസ രംഗത്ത് പൊതുവിൽ പരാമർശിക്കുന്നത്. ഈ പ്രയോഗത്തെ തന്നെ തങ്ങളോടുള്ള അവഗണയുടെ പ്രതിഫലനയാണ് ഹാരിസ് ഹില്ലിനെ പോലുള്ള ആക്റ്റീവിസ്റ്റുകൾ കാണുന്നത്. ഡിസേബ്ൾഡ് ആയ ആളുകളെ ഡിഫറെന്റ്ലി ഏബ്ൾഡ് എന്ന് വിളിക്കപെടുമ്പോൾ ഏബിൾ ആയിരിക്കുക എന്നത് ഒരിക്കൽ കൂടി മഹത്തവത്കരിക്കപ്പെടുന്നു. ഡിസബിലിറ്റിയെ കാൽപ്പനികവത്ക്കരിച്ചുകൊണ്ട് ആരോഗ്യമായിരിക്കുക എന്നത് അടിച്ചമർത്തലിന്റെ ടൂൾ ആയി ഉപയോഗിക്കപെടുന്ന പ്രയോഗമാണ് ഡിഫ്റന്റ്‌ലി ഏബ്ൾഡ് എന്ന് ഹാരിസ് ഹിൽ പറയുന്നു.

ബിഎഡ് തലത്തിൽ സൈൻ ലാംഗ്വേജും, ബ്രെയിൻ ലിപിയുമെങ്കിലും ഉൾപെടുത്തിയാൽ സി.ഡബ്ല്യു.എസ്.എൻ. വിദ്യാർത്ഥികളോടുള്ള അധ്യാപക ഇടപെടൽ കൂടുതൽ എളുപ്പവും ഗുണപ്രധവുമായി മാറും. സി.ഡബ്ല്യു.എസ്.എൻ. കുട്ടികൾക്കായി ഐ.ഇ.ഡി.സി. റിസോഴ്സ് ടീച്ചർ എന്ന പേരിൽ സ്പെഷ്യൽ അധ്യാപകർ ഓരോ സ്കൂളിലും നിയമിക്കപെടുന്നുണ്ട്. ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി അധ്യാപകർക്ക് ട്രെയിനിങ് നൽകുക എന്നതാണ് സ്പെഷ്യൽ അധ്യാപകരുടെ നിയുക്ത ജോലി എങ്കിലും, പ്രായോഗിക തലത്തിൽ അവർ സി.ഡബ്ല്യു.എസ്.എൻ. വിദ്യാർത്ഥികൾക്കായുള്ള പരിശീലകർ ആയാണ് മിക്കയിടത്തും പ്രവർത്തിക്കുന്നത്. പ്രത്യേക പരിശീലനം ലഭിച്ച ടീച്ചർമാരുടെ സഹായത്തോടുകൂടി സാധാരണ ക്ലാസ്സുകളിൽ അംഗപരിമിതരായവരുടെ വിദ്യാഭ്യാസം നടത്തുവാനും അത്തരം കാര്യങ്ങളിൽ സാധാരണ ടീച്ചർമാർക്ക് ഉപദേശ – നിർദ്ദേശങ്ങൾ നൽകുവാനും പര്യാപ്തമായ വിധത്തിൽ സ്പെഷ്യൽ അധ്യപകരെ പരിശീലനം നൽകി സ്കൂളുകളിൽ സ്ഥിര സംവിധാനം ഏർപ്പെടുത്തുവാനും നാളിതുവരെ വിദ്യാഭ്യാസ വകുപ്പിന് സാധിച്ചിട്ടില്ല. സ്ഥിര നിയമനമല്ലാത്തതിനാൽ സ്പെഷ്യൽ അദ്ധ്യാപകരുടെ മുഴുവൻ സമയസേവനം സി.ഡബ്ല്യു.എസ്.എൻ. വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുമില്ല.

ഡിസേബിൾഡ് വ്യക്തികളേയും അവരുടെ അനുഭവ പരിസരങ്ങളേയും ഭാഷ, ബോധന രീതി, നിത്യോപയോഗ സാധനങ്ങൾ തുടങ്ങി എല്ലാ സാംസ്കാരിക ഇടങ്ങളിൽ നിന്നും അബോധമായി പുറന്തള്ളുന്ന ഏബിളിസ്റ്റ് സാംസ്കാരിക പരിസരത്തു നിന്നും രൂപപ്പെട്ട ഉൾച്ചേരൽ വിദ്യാഭ്യാസത്തിന് അതിന്റെതായ പോരായ്മകൾ ഉണ്ട്.നട്ടെല്ല് വളക്കാതിരിക്കുക, സ്വന്തം കാലിൽ നിൽക്കു

ക, കണ്ണ് തുറന്നു കാണുക, ബധിര കർണ്ണങ്ങളിൽ പതിക്കുക, നിവർന്നു നിൽക്കുക തുടങ്ങി സിസ് ഹെറ്ററോസെക്ഷ്വൽ നോൺ-ഡിസേബിൾഡ് വ്യക്തികളുടെ ഐഡന്റിറ്റിയെ ചോദ്യം ചെയ്യുന്ന ഭാഷ പ്രയോഗങ്ങൾ നിരവധിയാണ്. നിവർന്നു നിൽക്കാൻ ആവാത്തവരും പല ശാരീരിക പരിമിതികളാൽ മേല്പറഞ്ഞ ഭാഷ പ്രയോഗത്തിന് പുറത്ത് നില്കുന്നവരും ആയ എല്ലാവരും 'മനുഷ്യന്യൂനർ' ആണെന്നുള്ള മനുഷ്യ വിരുദ്ധ ഏബിളിസ്റ്റ് ചിന്ത രൂപ പെടുത്തിയതാണ് നമ്മുടെ പൊതുബോധം. ഈ പൊതു ബോധ നിർമ്മിതി മുൻ നിർത്തി വിഭാവനം ചെയ്ത പാഠപുസ്തകങ്ങളും, പഠന സമ്പ്രദായവും, പഠനൊപകരണങ്ങളുമാണ് ഉൾച്ചേരൽ വിദ്യാഭ്യാസം നേരിടുന്ന പ്രതിസന്ധി. സി.ഡബ്ല്യു.എസ്.എൻ. വിദ്യാർത്ഥികളെ വിദ്യാലയങ്ങളിൽ എത്തിക്കാനായി എന്നതല്ലാതെ അവർക്കു വേണ്ടി പഠനപ്രക്രിയയോ പഠന രീതിയോ ഒരു തരത്തിലുള്ള മാറ്റവും വരുത്താൻ ഇക്കാലം വരെ സാധിച്ചിട്ടില്ല. കേൾവിക്ക് പരിമിതികൾ ഉള്ള വിദ്യാർത്ഥി പൊതു ക്ലാസ്സ് മുറികളിൽ കേട്ടു പഠിക്കുകയും, എഴുതാൻ പരിമിതികൾ ഉള്ള വിദ്യാർത്ഥി പരീക്ഷകൾ എഴുതി വിജയിക്കേണ്ടതുമായ സംവിധാനമാണ് നിലനിൽക്കുന്നത്.പരീക്ഷക്ക് സഹായികളെ (സ്ക്രൈബ്) ഏർപ്പെടുത്തുന്നതിനു പകരം അംഗ പരിമിതരോട് സൗഹാർദ്ദപരമായ സമീപനങ്ങൾ പരീക്ഷനടത്തിപ്പിലടക്കം നിലവിൽ വന്നിട്ടില്ല.

വൈകല്യങ്ങൾ ഉള്ളവർക്ക് ഉപയോഗിക്കതക്ക ടോയ്ലെറ്റുകളും, വിദ്യാലയത്തിനകത്തു ചലന സ്വാതന്ത്ര്യം ഉറപ്പാകും വിധം റാമ്പുകളും ലിഫ്റ്റുകളും വിദ്യാലയങ്ങളിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.ബഹുനില കെട്ടിടങ്ങളിൽ ഗ്രൗണ്ട് ഫ്‌ലോറിനു മുകളിലേക്കുള്ള യാതൊരു സൗകര്യവും അനുഭവിക്കാൻ മിക്ക സി.ഡബ്ല്യു.എസ്.എൻ. വിദ്യാർത്ഥികൾക്കും അവസരം നഷ്ടപെടുന്നു.കേരളത്തിലെ പൊതു വിദ്യാലയങ്ങൾ പുതുക്കി പണിതു ഹൈടെക് സംവിധാനങ്ങൾ ഒരുക്കിയപ്പോഴും കെട്ടിടങ്ങൾ അംഗപരിമിത സൗഹാർദപരമായിട്ടില്ല എന്നത് ദുഃഖകമായ വസ്തുതയാണ്.


പൂർണ്ണ ആരോഗ്യമുള്ള ഹെട്രോ നോർമറ്റീവ് ആളുകൾകളുടെ സഹതാപമോ സഹായമോ അർഹിക്കുന്നവരായി മാത്രമേ കഥകളിലും ചിത്രീകരണത്തിലും ഉദാഹരണങ്ങളിൽ പോലും അംഗപരിമിതരായ വ്യക്തികൾക്ക് പാഠഭാഗങ്ങളിൽ ഇടമുള്ളു. സി.ഡബ്ല്യു.എസ്.എൻ. വിഭാഗത്തെ പരാമർശിക്കുന്ന നിരവധി കഥകൾ പാഠപുസ്തകങ്ങളിൽ ഉണ്ട്.പക്ഷെ സമഭാവനയുടെയും തുല്യതയുടെയും അടയാളപെടുത്തലുകൾ ഉള്ള പാഠ ഭാഗങ്ങൾ തീരെ കുറവാണ് എന്ന് കാണാം.

എട്ടാം ക്ലാസിലെ ഉറുദു പാഠപുസ്തകത്തിൽ, മൂന്നാം അദ്ധ്യായത്തിൽ ആഹിസ്ഥ ചലിയെ എന്ന പാഠത്തിന്റെ തുടർ പ്രവത്തനത്തിൽ ഒരു കുട്ടി പാലത്തിലൂടെ വളരെ പതുക്കെ നടക്കുകയും അതുമൂലം ട്രാഫിക് ബ്ലോക്ക് ഉണ്ടാവുകയും ചെയ്യുന്നതായി പറയുന്നുണ്ട്. ട്രാഫിക് ബ്ലോക്ക് ശ്രദ്ധിച്ച പോലീസുകാരൻ എന്തിനാണ് ഇത്രപതുക്കെ നടന്നുകൊണ്ട് മറ്റുള്ളവർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയത് എന്ന് ചോദിച്ചപ്പോൾ അവൻ പാലത്തിലേക്ക് കേറുന്ന ഇടത്തുള്ള ഒരു ബോർഡ് ചൂണ്ടി കാണിച്ചു കൊടുത്തു'പതുക്കെ പോവുക 'എന്നായിരുന്നു ആ ബോർഡ്. വിഡ്ഢി എന്നും ഭീരു എന്നും വിശേഷണം നിൽകികൊണ്ട് പാഠപുസ്തകത്തിൽ ഒരു ബാലനെ അവതരിപ്പിക്കുന്ന ഈ തുടർ പ്രവർത്തനം എന്ത് നീതി ബോധമാണ് മുന്നോട്ട് വെക്കുന്നത് ? ഇത്തരത്തിൽ പരിഹാസം വിതറുന്നില്ല എങ്കിലും, ആരോഗ്യമുള്ള ശരീരങ്ങളുടെ സഹതാപം കലർന്ന പരിഗണനക്ക് അർഹമാവേണ്ടവരാണ് അംഗപരിമിതർ എന്ന് സൂചിപ്പിക്കുന്ന രചനകൾക്ക് മാത്രമേ നിലവിൽ പാഠപുസ്തകങ്ങളിൽ ഇടം കിട്ടിയിട്ടുള്ളു.

റിസൾട്ട് മുൻ നിർത്തി ചില വിദ്യാലയങ്ങൾ CWSN വിദ്യാർത്ഥികളെ സ്വീകരിക്കാൻ വിമുഖത കാണിക്കാറുണ്ട്. എങ്കിലും, CWSN വിഭാഗത്തോട് സമൂഹത്തിൽ നിലനിന്നിരുന്ന വിമുഖത മാറ്റാൻ ഏറെക്കുറെ സഹായിച്ചു എന്നതാണ് ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ പ്രധാന മെച്ചം. സ്വന്തം സഹപാഠികളിൽ നിന്നുള്ള സ്നേഹവും സഹകരണവും ഇത്തരക്കാരിലെ പ്രശ്നങ്ങളെ കുറച്ചൊക്കെ ലഘൂകരിക്കുന്നുണ്ട്. ഇവർ സമൂഹത്തിന്റെ സ്വാഭാവിക ഭാഗമാണന്ന പൊതു ബോധം സൃഷ്ടിക്കുവാനും ഈ പദ്ധതിക്ക് സാധിച്ചിട്ടുണ്ട്.

രക്ഷിതാക്കൾക്കുള്ള ബോധവത്കരണ പരിപാടികളും കാര്യക്ഷമമാവേണ്ടതുണ്ട്. ഇത്തരക്കാരിലെ ലൈംഗിക അഭിരുചികളെ മനസിലാകുന്നതിലും മറ്റും വികലമായ കാഴ്ചപ്പാടുകൾ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്.ആ കാഴ്ചപാടുകൾക്ക് മാറ്റം വരുവാൻ ഉതക്കുന്ന വിധത്തിൽ ഇണടച വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പരിശീലനം നൽകേണ്ടതുണ്ട്. തീരെ അവഗണിക്കപ്പെടുന്ന മേഖലയാണ് സി.ഡ.ബ്ല്യു.എസ്.എൻ വിദ്യാർത്ഥികളുടെ വൈകല്യങ്ങളെ മുതലെടുത്തു നടക്കുന്ന ലൈംഗിക അതിക്രമങ്ങൾ. ബുദ്ധി മാന്ദ്യം പോലുള്ളവ സംഭവിച്ച കുട്ടികൾക്ക് മേൽ നടക്കുന്ന ലൈംഗിക അതിക്രമങ്ങൾ മറ്റേതൊരാൾക്ക് മേലുണ്ടാവുന്ന അതിക്രമങ്ങളെക്കാളും റിപ്പോർട്ട്ചെയ്യപ്പെടാതെ പോവുന്നു .ശരീരത്തെ കുറിച്ചുള്ള ബോധം ഇവരുടെ രക്ഷിതാക്കൾക്കു നൽകുക എന്നത് അടിയന്തിര ശ്രദ്ധ വേണ്ട കാര്യമാണ്.

2009 ൽ നടപ്പിലായ വിദ്യാഭ്യാസ അവകാശ നിയമം അംഗപരിമിതരുടെ കാര്യത്തിൽ നിർദ്ദേശിച്ച, അംഗപരിമിതരുടെ താമസസ്ഥലത്തുനിന്നും ഒന്നു മുതൽ മൂന്ന് കി.മീ വരെ അകലത്തിൽ പ്രാഥമിക, സെക്കണ്ടറി വിദ്യാഭ്യാസം സൗകര്യപ്പെടുത്തിയിരിക്കണം എന്ന നിർദ്ദേശം നിയമം പോലും പ്രാബല്യത്തിൽ വന്ന് ഒരു ദശകം പിന്നിട്ടിട്ടും നടപ്പിലായിട്ടില്ല. ഉൾച്ചേരൽ വിദ്യാഭ്യാസമെന്ന അടിയന്തിര ശ്രദ്ധ അർഹിക്കുന്ന പദ്ധതി നടപ്പിൽ വന്നു ഇരുപത്തി അഞ്ചു വർഷങ്ങൾ പിന്നിട്ടിട്ടും അതിന്റെ പൂർണ്ണതയിലേക്ക് എത്തിയിട്ടില്ല എന്നതാണ് വാസ്തവം.



**നിഷി ജോർജ്ജ്**
കവി, അധ്യാപിക
കാലടി സംസ്കൃസർവ്വകലാശാല, പയ്യന്നൂർ

# ലിംഗനീതി കോളേജ് കരിക്കുലത്തിൽ



പാലാ സെന്റ് തോമസ് കോളേജ് വിദ്യാർത്ഥിനിയായ നിധിനമോളെ സഹപാഠി കഴുത്തറുത്തു കൊലപ്പെടുത്തിയ സംഭവത്തെ തുടർന്ന് അടുത്ത അധ്യയന വർഷം മുതൽ ലിംഗനീതി കോളേജ് കരിക്കുലത്തിന്റെ ഭാഗമാക്കുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ.ബിന്ദു പ്രസ്താവിക്കുകയുണ്ടായി.

ക്യാമ്പസുകളിൽ പെൺകുട്ടികളുടെ സാന്നിധ്യത്തിനും ഇടപെടലുകൾക്കും ആൺ പെൺ സൗഹൃദങ്ങൾക്കും കൂടുതൽ ദൃശ്യതയുണ്ടായതായി പൊതുവേ വിലയിരുത്താവുന്ന ഒരു സാഹചര്യമുള്ളപ്പോഴാണ് അതിനോടൊപ്പം തന്നെ ആണധികാരപ്രകടനങ്ങളും വിവേചനങ്ങളും ക്രൂരമായ അതിക്രമങ്ങളും നിലനിൽക്കുന്നു എന്നതും അംഗീകരിക്കേണ്ടി വരുന്നത്. മറ്റ് പൊതു ഇടങ്ങളെക്കാൾ ജനാധിപത്യത്തിന്റെയും തുല്യതയിലേക്കുള്ള മുന്നേറ്റങ്ങളുടെയും സാധ്യതകളും സംവാദങ്ങളും ഏറ്റവും നിലനിൽക്കുന്ന ഇടങ്ങളായി മാത്രമല്ല മറ്റ് പൊതു ഇടങ്ങളിലേക്ക് പുരോഗമന ആശയങ്ങളേയും പ്രയോഗങ്ങളേയും പ്രസരിപ്പിക്കുന്ന ഇടങ്ങളായിരിക്കാൻ കൂടി വിദ്യാഭ്യാസ മേഖലയ്ക്ക് കഴിയേണ്ടതാണ്. പ്രത്യേകിച്ചും അതിന്റെ ഉയർന്ന തലമായ കോളേജ് വിദ്യാഭ്യാസമേഖലയിൽ. എന്നാൽ ഇത്തരം ഇടങ്ങളും അടഞ്ഞ ഇടങ്ങളായി നില നിൽക്കുകയും മറ്റ് പൊതു ,സ്വകാര്യ ഇടങ്ങളുടെ യാഥാസ്ഥിതിക നില പിൻപറ്റുകയും ചെയ്യുന്നത് നിരാശയുണ്ടാക്കുന്നു. വായനയുടെയും നിരീക്ഷണങ്ങളുടെയും പരീക്ഷണങ്ങളുടെയും വിശകലനങ്ങളുടെയും അറിവന്വേഷണങ്ങളുടെയും നിഗമനങ്ങളുടെയുമൊക്കെ ഇടങ്ങളായി വികസിക്കേണ്ട കലാലയ അന്തരീക്ഷം മുൻവിധികളുടെയും ശീലങ്ങളുടെയും യാഥാസ്ഥിതിക ധാരണകളുടെയും മാറ്റമില്ലാത്ത ഇടങ്ങളായി നിൽക്കുന്നു എന്നത് പരിഹരിക്കപ്പെടേണ്ടതാണ്. അതിനാൽ തന്നെ ലിംഗനീതിയുടെയും തുല്യതയുടെയും അന്തരീക്ഷം കലാലയത്തിനുള്ളിൽ നിന്ന് രൂപപ്പെടുത്തിയെടുക്കുന്നതിനായി കരിക്കുലം എങ്ങനെ പരിഷ്ക്കരിക്കാം എന്ന് ഗൗരവത്തിൽ ആ

ലോചിക്കേണ്ടതുണ്ട്.

കോത്താരി കമ്മീഷന്റെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഇന്ദിരാഗാന്ധി 1968 ലാണ് ആദ്യ ദേശീയ വിദ്യാഭ്യാസ നയം (National Policy on Education) പ്രഖ്യാപിക്കുന്നത്. 1986 ലെ പുതു ദേശീയ വിദ്യാഭാസ നയം (എൻ.ഇ.പി 1986) അസമത്വങ്ങളെ തുടച്ചു നീക്കുന്നതിനും വിദ്യാഭ്യാസത്തിന് തുല്യ അവസരങ്ങളുണ്ടാക്കുന്നതിനും പ്രാധാന്യം കൊടുത്തു. ഈ ഘട്ടത്തിൽ തന്നെ തുല്യതയ്ക്ക് വേണ്ടിയുള്ള വിദ്യാഭ്യാസം എൻ.ഇ.പിയുടെ പ്രധാന ലക്ഷ്യമാണ്. സ്ത്രീയുടെ ജീവിതാവസ്ഥയിൽ മാറ്റം വരുത്തുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യത്തിലൂന്നിയ ഈ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ലക്ഷ്യങ്ങളായിരുന്നു സ്ത്രീ സാക്ഷരത വർദ്ധിപ്പിക്കുക ,വിമൻസ് സ്റ്റഡീസ് പ്രോത്സാഹിപ്പിക്കുക , സാങ്കേതിക / തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പിക്കുക എന്നിവ . ഈ ലക്ഷ്യങ്ങളിൽ മുന്നേറിയിട്ടുണ്ട് എന്ന് പൊതുവെ പറയാമെങ്കിലും തുല്യതയിലേക്ക് ഇനിയും ദൂരമേറെയുണ്ട്. സ്ത്രീകളുടെ വിദ്യാഭ്യാസത്തിലുള്ള മുന്നേറ്റം തൊഴിലിടങ്ങളിലെ തുല്യ പ്രാതിനിധ്യമായോ പൊതു ഇടങ്ങളിലെ തുല്യാവസരങ്ങളോ ഇടപെടലുകളോ ആയോ ഇനിയും മാറിയിട്ടില്ല. ഉന്നത വിദ്യാഭാസ സ്ഥാപനങ്ങളിൽ തന്നെ തുല്യ ഇടപെടലുകൾക്കും മുന്നേറ്റങ്ങൾക്കുമുള്ള അവസരം പെൺകുട്ടികൾക്ക് ഉണ്ടായിട്ടുമില്ല.

2015ൽ ഇന്ത്യൻ ഹയർ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് ഇറക്കിയ ഉത്തരവിൽ, ഭരണഘടനയുടെ ആർട്ടിക്കിൾ 15 ൽ പറഞ്ഞിട്ടുള്ള ലിംഗ പദവീസമത്വം ഉറപ്പാക്കുന്നതിനായും സ്കൂളുകളിലും കോളേജുകളിലും പെൺകുട്ടികളെ / സ്ത്രീകളെ ബഹുമാനത്തോടെയും തുല്യതയോടെയും കാണുന്ന അന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നതിനായും ആൺ/പെൺ ലീഡർമാരെ ജെൻഡർ ചാമ്പ്യൻസായി നിയമിക്കണമെന്ന് പറയുന്നു. ലിംഗ പദവീ പരമായ തുല്യത സൃഷ്ടിക്കുന്നതിനായി ഈ ജെൻറർ ചാമ്പ്യൻസ് മുൻകൈ എടുക്കണമെന്നും ഇവരുടെ നേതൃത്വത്തിൽ കലാലയങ്ങളിൽ ചർച്ചകളും സംവാദങ്ങളും ബോധവൽക്കരണ പരിപാടികളും സംഘടിക്കണമെന്നും, പോലീസ്, നിയമ സംവിധാനങ്ങളെക്കുറിച്ച് ഇവരിലൂടെ അറിവു പകരുകയും പ്രചരിപ്പിക്കുകയും ചെയ്യണമെന്നും ഉത്തരവിൽ പറയുന്നുണ്ട്. ഈ ജെന്റർ ചാമ്പ്യന്മാരുടെ ഉത്തരവാദിത്വങ്ങളും അവരെ തെരഞ്ഞെടുക്കേണ്ട വിധവുമെല്ലാം ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഇതൊന്നും പ്രയോഗത്തിൽ വന്നിട്ടില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളായ തൊഴിലാളികൾക്കും വിദ്യാർത്ഥിനികൾക്കുമെതിരായ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും ലിംഗപദവീ സംവേദനത്തിനുമായി 2015ലെ യുജിസി റെഗുലേഷൻ പ്രകാരം യൂണിവേഴ്സിറ്റികളിലും കോളേജുകളിലും ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റികളും സ്പെഷൽ സെല്ലുകളും രൂപീകരിക്കാൻ യു.ജി.സി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ എന്തെങ്കിലും പരാതിവരുമ്പോൾ അപ്പപ്പോൾ രൂപീകൃതമാകുന്ന കമ്മിറ്റികളാണ് പല കോളേജുകളിലുമുള്ളത്. എൻ.എ.എ.സി ഗ്രേഡിംഗിനു വേണ്ടിയുള്ള കടലാസ് കമ്മിറ്റികളാണ് പല കലാലയങ്ങളിലും ഇത്തരം കമ്മിറ്റികൾ . കമ്മിറ്റികൾ കാര്യക്ഷമമായ ഇടങ്ങളിൽ തന്നെ പരാതികൾ വരുമ്പോൾ നേരിടുക എന്നതല്ലാതെ സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചെടുക്കാനുള്ള പ്രവർത്തനങ്ങളില്ല. കഴിഞ്ഞ 2 വർഷമായി കേരളത്തിലെ മുഴുവൻ ആർട്സ് ആന്റ് സയൻസസ് കോളേജിലും 'ജീവനി' എന്ന പേരിൽ സൈക്കോളജി അപ്രന്റീസ് നിയമനം നടക്കുന്നുണ്ട് . വിദ്യാർത്ഥിനികൾ വീട്ടിലോ കലാലയങ്ങളിലോ നേരിടുന്ന മാനസിക ശാരീരിക പീഡനങ്ങൾ പങ്ക് വെക്കാനും പരിഹരിക്കാനുമുള്ള സാധ്യതകൾ ഇതിലൂടെയും തുറന്നു വെക്കപ്പെടുന്നുണ്ട്. നിർഭാഗ്യവശാൽ ഇതും പല കലാലയങ്ങളിലും ഫലപ്രദമായി തീർന്നിട്ടില്ല.



ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവുമായ ബൗദ്ധികവുമായ ആരോഗ്യവും വളർച്ചയും സ്ത്രീ സൗഹൃദാന്തരീക്ഷവും ലക്ഷ്യമിട്ടു കൊണ്ടുള്ള പല പദ്ധതികളും നിലവിലുണ്ടെങ്കിലും ഇവയൊന്നും ലിംഗപദവീ തുല്യതയുടെ അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ ഉതകുന്നില്ല എന്ന് പറയേണ്ടി വരുന്നു. അക്രമ സ്വഭാവമുള്ള ആണിന്റെയും വിനീതവിധേയ സ്വഭാവ

**കലാലയാന്തരീക്ഷത്തിന്റെ അകത്തും പുറത്തും തുല്യ പദവിയുള്ള വ്യക്തികളായി ഇടപെടാൻ ഇത് പെൺകുട്ടികളെ പര്യാപ്തരാക്കണം. ഇതിനായുള്ള മാനസികവും ശാരീരികവും ബൗദ്ധികവുമായ വികാസം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഉണ്ടാകുന്ന വിധമാകണം കലാലയാന്തരീക്ഷവും പാഠ്യപദ്ധതിയും. പെൺകുട്ടികളെ ബോധവൽക്കരിക്കുകയും ശാക്തീകരിക്കുകയും ചെയ്തതു കൊണ്ടു മാത്രം നടപ്പിക്കാൻ സാധിക്കുന്ന ഒന്നല്ല ഇത്. മാറിയ / മാറാൻ സന്നദ്ധരായ പെൺകുട്ടികളെയും മാറാത്ത / മാറാൻ സന്നദ്ധരല്ലാത്ത ആൺകുട്ടികളെയുമാണ് ഇപ്പോൾ പൊതുവേ കാണുന്നത്.**

മുള്ള പെണ്ണിന്റെയും സ്റ്റീരിയോടൈപ്പുകൾ പ്രബല മാതൃകയായി നിൽക്കുന്ന സമൂഹത്തിന്റെ മാറാത്ത പരിച്ഛേദങ്ങളായി നിർഭാഗ്യവശാൽ ക്യാമ്പസുകളും നിലനിൽക്കുന്നു. മാറ്റം ഉണ്ടായിട്ടേയില്ല എന്നല്ല. അറിവിന്റെ ഉല്പാദന വിതരണ കേന്ദ്രമായി വിഭാവനം ചെയ്യപ്പെടുന്ന സർവ്വകലാശാലകൾ യാഥാസ്ഥിതിക സമൂഹത്തിന്റെ ജെന്റർ മുൻവിധികളിൽ നിന്ന് ഏറെയൊന്നും മുന്നേറിയിട്ടില്ല എന്നാണ്. ശരീരഭാഷ, വസ്ത്രധാരണം, ജെന്റർ റോളുകൾ എന്നിവയിലെല്ലാം ഈ മുൻവിധികൾ പ്രവർത്തിക്കുന്നത് ക്യാമ്പസുകളിലും കാണാം . ഇത് ആണിനെയും പെണ്ണിനെയും എന്ന പോലെ ക്യാമ്പസുകളിലെ ലിംഗ / ലൈംഗിക ന്യൂനപക്ഷങ്ങളേയും പ്രതിസന്ധിയിലാക്കുന്നുണ്ട്. അധ്യാപകരും സിലബസുമെല്ലാം ലിംഗപദവീപരമായ ഇത്തരം മുൻവിധികളെ നിലനിർത്തുന്നതിൽ പങ്ക് വഹിക്കുന്നുണ്ട്.

യാഥാസ്ഥിതിക സാമൂഹ്യ സാഹചര്യങ്ങളിൽ നിന്ന് അത് തന്നെ ശീലിച്ച് വളർന്നു വരുന്ന കുട്ടികൾ ലിംഗപദവി സംബന്ധമായി നില നിൽക്കുന്ന മുൻവിധിയോടു കൂടിയ ആശയങ്ങളും പ്രയോഗങ്ങളും സ്കൂളുകളിൽ നിന്നും ശീലമാക്കിയാൽ കോളേജ് തലത്തിൽ അവരെ മാറ്റി മറിച്ചെടുക്കുക എളുപ്പമല്ല. അതുകൊണ്ടു തന്നെ ലിംഗനീതി സംബന്ധമായി സ്കൂളുകളിൽ നിന്ന് തന്നെ കിട്ടേണ്ട പാഠങ്ങളുടെ തുടർച്ചയായിരിക്കണം കലാലയങ്ങളിലെ അനുബന്ധ ലിംഗനീതി പാഠങ്ങളും. കലാലയാന്തരീക്ഷത്തിന്റെ അകത്തും പുറത്തും തുല്യ പദവിയുള്ള വ്യക്തികളായി ഇടപെടാൻ ഇത് പെൺകുട്ടികളെ പര്യാപ്തരാക്കണം. ഇതിനായുള്ള മാനസികവും ശാരീരികവും ബൗദ്ധികവുമായ വികാസം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഉണ്ടാകുന്ന വിധമാകണം കലാലയാന്തരീക്ഷവും പാഠ്യപദ്ധതിയും. പെൺകുട്ടികളെ ബോധവൽക്കരിക്കുകയും ശാക്തീകരിക്കുകയും ചെയ്തതു കൊണ്ടു മാത്രം നടപ്പിക്കാൻ സാധിക്കുന്ന ഒന്നല്ല ഇത്. മാറിയ / മാറാൻ സന്നദ്ധരായ പെൺകുട്ടികളെയും മാറാത്ത / മാറാൻ സന്നദ്ധരല്ലാത്ത ആൺകുട്ടികളെയുമാണ് ഇപ്പോൾ പൊതുവേ കാണുന്നത്. സമൂഹത്തിൽ അധികാര പദവിയുടെ സൗകര്യങ്ങളനുഭവിക്കുന്ന ഏത് വിഭാഗം മനുഷ്യരിലും അത് അതേപടി നിലനിർത്താൻ ആഗ്രഹിക്കുന്നവരുണ്ടാവുക സ്വാഭാവികമാണ്. അതേ സമയം ഏത് വ്യവസ്ഥയിലും അതിന്റെ ദോഷങ്ങളും നഷ്ടങ്ങളും അനുഭവിക്കേണ്ടി വരുന്ന മനുഷ്യർ മാറ്റത്തിനായി നിലകൊള്ളുകയും ചെയ്യും. പിതൃമേധാവിത്വത്തിന്റെ സംരക്ഷകരായിരിക്കുന്ന സ്ത്രീകൾ പോലും തങ്ങളുടെ സുരക്ഷിതത്വത്തേയും സാമൂഹ്യ പദവിയേയും മുൻനിർത്തിയുള്ള ഭയങ്ങളാൽ കൂടിയാണ് തൽസ്ഥിതി തുടരാനാഗ്രഹിക്കുന്നത്. തങ്ങളുടെ സ്വാതന്ത്ര്യവും തുല്യ നിലയിലുള്ളതുമായ ഇടപെടലുകൾ സ്വാഭാവികമായി അംഗീകരിക്കപ്പെടുന്ന അവസ്ഥയിൽ മാറ്റത്തിന് അവർ മടിക്കുകയുമില്ല. പിതൃമേധാവിത്വം സൃഷ്ടിച്ചെടുക്കുന്ന ആൺ പെൺ മാതൃകകളേക്കുറിച്ചും അധികാരം സ്വത്വ രൂപീകരണത്തിൽ എങ്ങനെ ഇടപെടുന്നു എന്നതിനെക്കുറിച്ചും ആൺകുട്ടികളും പെൺകുട്ടികളും മനസ്സിലാക്കേണ്ടതുണ്ട്. സ്കൂളുകളിൽ നൽകുന്ന ലളിത പാഠങ്ങളുടെയും പ്രയോഗങ്ങളുടെയും തുടർച്ചയിൽ കൂടുതൽ ഗഹനമായ പാഠങ്ങളിലേക്കും ലിംഗ പദവീപരമായ തുല്യത ലക്ഷ്യമാക്കുന്ന പ്രയോഗങ്ങളിലേക്കും കോളേജ് വിദ്യാർത്ഥികൾ എത്തേണ്ടതുണ്ട്.

2007 ൽ രൂപീകൃതമായ കേരള സ്റ്റേറ്റ് ഹയർ എഡ്യുക്കേഷൻ കൗൺസിലിന്റെ നിർദ്ദേശം അനുസരിച്ച് 2009–10 ൽ കേരളത്തിലെ സർവ്വകലാശാലകളിൽ (കേരള യൂണിവേഴ്സിറ്റിയിൽ 2010 ൽ )ക്രഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം ഏർപ്പെടുത്തിയതിന്റെ ഭാഗമായി നടന്ന സിലബസ് പരിഷ്ക്കരണത്തിൽ ലിംഗപദവി, ജാതി, പരിസ്ഥിതി, ഭരണഘടന തുടങ്ങിയ വിഷയങ്ങൾക്ക് സിലബസിൽ കൂടുതൽ പ്രാധാന്യം കിട്ടി. ഇത് ഈ വിഷയങ്ങളെക്കുറിച്ച് കുട്ടികൾക്ക് കൂടുതൽ അവബോധമുണ്ടാകുന്നതിന് സഹായകരമായിട്ടുണ്ട്. എങ്കിലും എല്ലാ യൂണിവേഴ്സിറ്റികളിലും എല്ലാ വിഷയങ്ങളിലും ഈ സിലബസ് പരിഷ്ക്കരണം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടെന്ന് പറയാൻ സാധിക്കില്ല. സർവ്വകലാശാലകളിലെ സിലബസ് നിശ്ചയിക്കുന്ന ബോർഡ് ഓഫ് സ്റ്റഡീസിലെ അംഗങ്ങളുടെ രാഷ്ട്രീയവും തുല്യതയെക്കുറിച്ചുള്ള നിലപാടുകളും വരെ വിദ്യാർത്ഥികളുടെ ഭാവി നിശ്ചയിക്കുന്നതിൽ പങ്ക് വഹിക്കുന്നുണ്ട്.

നിലവിലെ ബിരുദ പഠനത്തിൽ മെയിൻ വിഷ

യത്തോടൊപ്പം ഇംഗ്ലീഷും മലയാളവും കോമൺ കോഴ്സായി പഠിപ്പിക്കുന്നുണ്ട് .കേവല ഭാഷാ പഠനം മാത്രമല്ല ഇത്.  ഭാവനകളെ രൂപപ്പെടുത്തുന്നതിലും സാംസ്കാരിക നിർമ്മിതികളെ ഉറപ്പിച്ചെടുക്കുന്നതിലും സാഹിത്യ പാഠങ്ങൾ പങ്ക് വഹിക്കുന്നുണ്ട്. അതു കൊണ്ടു തന്നെ  വിദ്യാർത്ഥികൾക്ക് പഠിക്കാനായി നൽകുന്ന സാഹിത്യ പാഠങ്ങൾ തെരഞ്ഞെടുക്കുമ്പോൾ അവയുടെ സാഹിത്യ മണ്ഡലത്തിലെ സ്ഥാനമോ സ്വീകാര്യതയോ സൗന്ദര്യാത്മകതയോ മാത്രം മാനദണ്ഡമായി സ്വീകരിക്കുന്നത് ഉചിതമായിരിക്കില്ല. ഉദാഹരണത്തിന് ഡിഗ്രി കോമൺ കോഴ്സ് മലയാളത്തിന്റെയും മലയാളം മെയിനിന്റെയും സിലബസിൽ പ്രാചീന കവിത്രയത്തിലൊരാൾ എന്ന നിലയിൽ ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിലെ ഭാഗങ്ങൾ ഉൾപ്പെടുത്താറുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റി മലയാളം മെയിൻ സിലബസിൽ മുൻ വർഷങ്ങളിൽ കൃഷ്ണഗാഥയിലെ ഹേമന്തലീല എന്ന ഭാഗം പഠിക്കാനുണ്ടായിരുന്നു ( 2019ലെ സിലബസ് പരിഷ്ക്കരണത്തിൽ ഇത് മാറ്റി മറ്റൊരു ഭാഗം ചേർത്തു ). ഹേമന്ത ലീല എന്ന ഭാഗത്ത് തങ്ങളുടെ ചേല അപഹരിച്ച കൃഷ്ണനോട് ചേല തരാൻ യാചിച്ച് നിൽക്കുന്ന ഗോപികമാരുടെ ചിത്രം വളരെ വിശദമായി ചെറുശ്ശേരി അവതരിപ്പിക്കുന്നുണ്ട്. കൈകൂപ്പി നിന്നാൽ ചേലതരാമെന്ന് കൃഷ്ണൻ പറഞ്ഞതു പ്രകാരം, നഗ്നരായ ഗോപികമാർ കണ്ണടച്ച് ഒറ്റക്കൈ കൊണ്ട് ശരീരം മറച്ച് മറുകൈ മാത്രം കൂപ്പി നിൽക്കുമ്പോൾ രണ്ടു കൈ കൊണ്ടും വന്ദിക്കണമെന്ന് പറയുന്ന കൃഷ്ണനെയും ലജ്ജയാൽ വലഞ്ഞ ഗോപികമാരെയും ആസ്വദിച്ചവതരിപ്പിക്കുകയാണ് ചെറുശ്ശേരി ഈ ഭാഗത്ത്.

'പാതി വിരിഞ്ഞൊരു പൂക്കളിൽ തേനുണ്ടു
പാരം വിളങ്ങുന്ന വണ്ടുതന്റെ
ലീലയെപ്പൂണ്ടു പുളച്ചുതുടങ്ങീത –
ന്നീലക്കാർവർണ്ണന്തൻ കണ്ണു രണ്ടും
നാരിമാർപാണികൾ നാഭിക്കൽ ചെല്ലുമ്പോൾ
'കൂറകൾ വാങ്ങുവി' നെന്നു ചൊന്നാൻ.
'പാണികൾ കാട്ടാതെ നിങ്ങളിങ്ങാരുമേ
കൂറകൾ നല്കു ചൊല്ലെങ്ങനെ ഞാൻ?'
കൈകളെക്കാട്ടിന ബാലികമാരെല്ലാം
'വൈകൊല്ല' യെന്നപ്പൊളൊന്നു ചൊന്നാൻ."

എന്നിങ്ങനെ നീളുന്ന ഈ പാഠഭാഗത്തെ വർണ്ണനകൾ പഠിപ്പിക്കുമ്പോൾ അതിലെ ആൺനോട്ടങ്ങളെക്കുറിച്ചും സ്ത്രീയെ സുന്ദര ശരീരമായി നിർമ്മിച്ചെടുക്കുന്നതിൽ സാഹിത്യവും സാഹിത്യേ തരവുമായ ഭാവനകൾക്കുള്ള പങ്കിനെയും കുറിച്ച് ടീച്ചർക്ക് വിശദീകരിക്കുകയോ വിശദീകരിക്കാതിരിക്കുകയോ ചെയ്യാം .ചെറുശ്ശേരിയുടെ വർണ്ണനാ പാടവം വിശദീകരിക്കുക എന്നോ ഗോപികമാരുടെ പരിഭ്രമങ്ങൾ വിവരിക്കുക എന്നോ ഉള്ള ചോദ്യത്തിന് വിദ്യാർത്ഥി ഈ വിവരണങ്ങളൊക്കെ പഠിച്ച് ഉത്തരം എഴുതേണ്ടതായും വരും. ഇത്തരം സാഹചര്യങ്ങളിൽ ഭാവനകളിൽ പ്രവർത്തിക്കുന്ന അധികാരങ്ങളെയും മേൽനോട്ടങ്ങളെയും ശരീരത്തിന്റെ

**ലൈംഗികതയെ സംബന്ധിച്ച ലിഖിതവും അലിഖിതവുമായ പല ഭാവനകൾ ചേർന്ന് രൂപപ്പെടുന്നതാണ് ആണിന്റെയും പെണ്ണിന്റെയും ലൈംഗികതാ സംബന്ധമായ അറിവുകൾ . ആൺ കുട്ടികൾ ചെറിയ പ്രായത്തിൽ തന്നെ വീടിനു പുറത്തുള്ള ലോകവുമായി ഇടപെടുകയും ലൈംഗികതയേയും ആണത്തത്തെയും കുറിച്ചുള്ള പറച്ചിലുകളും വിശ്വാസങ്ങളും സ്വാംശീകരിക്കുകയും ചെയ്യുന്നുണ്ട് . അന്ധവിശ്വാസങ്ങളും അധികാരങ്ങളും കൂടിച്ചേർന്നു കിടക്കുന്ന ഈ ലൈംഗിക അറിവുകളിൽ ശാസ്ത്രീയതയുടെയും യാഥാർത്ഥ്യത്തിന്റെയും വെളിച്ചം കടത്തിവിട്ട് ഇതിനെ തിരുത്തേണ്ടതുണ്ട്.**

യും സ്വത്വത്തിന്റെയും രൂപീകരണത്തിൽ ഇവ വഹിക്കുന്ന പങ്കിനേയും കുറിച്ചുള്ള വിമർശന പാഠങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടു മാത്രമേ ഇത്തരം പാഠങ്ങൾ പഠിപ്പിക്കാവൂ. പാഠപുസ്തകങ്ങൾക്കു പുറത്തെ ലോകത്തുള്ള കാഴ്ച്ചകളിലും കേൾവികളിലും  അധിക വായനകളിലും ഇത്തരം വിശകലനങ്ങൾ വിദ്യാർത്ഥികളെ വഴി നടത്തും.

ലൈംഗികതയെ സംബന്ധിച്ച ലിഖിതവും അലിഖിതവുമായ പല ഭാവനകൾ ചേർന്ന് രൂപപ്പെടുന്നതാണ് ആണിന്റെയും പെണ്ണിന്റെയും ലൈംഗികതാ സംബന്ധമായ അറിവുകൾ . ആൺ കുട്ടികൾ ചെറിയ പ്രായത്തിൽ തന്നെ വീടിനു പുറത്തുള്ള ലോകവുമായി ഇടപെടുകയും ലൈംഗികതയേയും ആണത്തത്തെയും കുറിച്ചുള്ള പറച്ചിലുകളും വിശ്വാസങ്ങളും സ്വാംശീകരിക്കുകയും ചെയ്യുന്നുണ്ട് . അന്ധവിശ്വാസങ്ങളും അധികാരങ്ങളും കൂടിച്ചേർന്നു കിടക്കുന്ന ഈ ലൈംഗിക അറിവുകളിൽ ശാസ്ത്രീയതയുടെയും യാഥാർത്ഥ്യത്തിന്റെയും വെളിച്ചം കടത്തിവിട്ട് ഇതിനെ തിരുത്തേണ്ടതുണ്ട്. പുരുഷന്റെ ആസ്വാദന വസ്തുവായി സ്ത്രീ ശരീരത്തെയും സ്ത്രീ ശരീരത്തിൽ  നിലനിൽക്കുന്ന ഒന്നായി ലൈംഗികതയേയും അവതരിപ്പിക്കുന്ന പാഠങ്ങൾ വിമർശനാത്മകമായി പഠിപ്പിക്കുന്നതോടൊപ്പം  പരസ്പര താല്പര്യത്തോടെയും സമ്മതത്തോടെയുമുള്ള കൂടിച്ചേരലിന്റെ സൗന്ദര്യത്തെ മനസ്സിലാക്കുന്നതിന് സഹായകരമായ പാഠങ്ങൾ  കൂട്ടിച്ചേർക്കുകയും വേണം. ലൈംഗിക വിദ്യാഭ്യാസം എന്ന് കേൾക്കുമ്പോഴെ സദാചാര വാളുമായി ചാടിയിറങ്ങുന്നവരും പരിഹസിക്കുന്നവരു

മായ ഒരു വിഭാഗത്തെ സംബന്ധിച്ച് ലൈംഗിക വിദ്യാഭ്യാസമെന്നത് ലൈംഗിക ബന്ധത്തിലേർപ്പെടുന്നതെങ്ങനെ എന്ന് പഠിപ്പിച്ചു കൊടുക്കൽ മാത്രമാണ്. സ്കൂളുകളിൽ തന്നെ തുടങ്ങേണ്ട ലൈംഗിക വിദ്യാഭ്യാസം കോളേജുകളിൽ ലൈംഗികതയെ സംബന്ധിച്ച പല നിലപാടുകളും വിമർശനാത്മക പഠനങ്ങളും ഉൾപ്പെടുത്തി തുടരേണ്ടതുണ്ട്.

ജീവശാസ്ത്രത്തോടും ചരിത്രത്തോടും സാംസ്കാരത്തോടും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ലൈംഗികതാപഠനങ്ങൾ കോളേജുകളിൽ മറ്റ് വിഷയങ്ങളുടെ ഭാഗമായോ പ്രത്യേക വിഷയമായോ ചേർക്കണം.

സംസ്കൃത നാടകകൃത്തായ ഭാസന്റെ കൃതികളും ബിരുദതലത്തിലെ മലയാളം സിലബസിൽ ഉൾപ്പെടുത്തി കാണാറുണ്ട്. ബ്രാഹ്മണരെ ദൈവങ്ങളായി കാണുന്ന, പല ജാതി മനുഷ്യർക്കും പല നിയമങ്ങളും ശിക്ഷാവിധികളും അംഗീകരിക്കുന്ന , ജാതി വ്യവസ്ഥയെ പിന്തുണയ്ക്കുന്ന നിലപാടുകളുള്ള ഇത്തരം കൃതികൾ പഠിപ്പിക്കുമ്പോഴും ആ കാലഘട്ടത്തെ വിമർശനാത്മകമായി വിലയിരുത്തുന്ന പാഠങ്ങളും വിശകലനങ്ങളും അതോടൊപ്പം ചേർക്കേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ പൊതു വിജ്ഞാനവും സാമൂഹ്യബോധവും വർദ്ധിക്കാനുതകുന്നതും വിമർശനാത്മക പഠനങ്ങളും വിശകലനങ്ങളും നടത്താൻ വിദ്യാർത്ഥികളെ പര്യാപ്തരാക്കുന്നതുമായ പാഠങ്ങളും ജാതി, മത, ലിംഗ, വർണ്ണ വർഗ്ഗ അധികാരങ്ങളെക്കുറിച്ചും അവയുടെ സ്ഥൂലവും സൂക്ഷ്മവുമായ പ്രയോഗങ്ങളെക്കുറിച്ചും ബോധ്യപ്പെടുത്തുന്നതും ജനാധിപത്യത്തിന്റെയും തുല്യനീതിയുടെയും സമത്വത്തിന്റെയും ആശയങ്ങൾ വിദ്യാർത്ഥികളിൽ ഉറപ്പിക്കാനുതകുന്നതുമായ പാഠഭാഗങ്ങൾ നിലവിലെ കോമൺ കോമൺ കോഴ്സ് പാഠഭാഗങ്ങൾക്കൊപ്പം കൂട്ടിച്ചേർക്കുകയോ അല്ലെങ്കിൽ ഒരു പ്രത്യേക പേപ്പറായി തന്നെ എല്ലാ ബിരുദ വിദ്യാർത്ഥികളും പഠിക്കുന്ന നിലയിൽ കോളേജ് തല സിലബസിൽ ഉൾപ്പെടുത്തുകയോ ചെയ്യണം.

പൊതു ഇടങ്ങൾ പുരുഷന്റെയും ഗാർഹിക ഇടങ്ങൾ സ്ത്രീയുടേതുമായിരിക്കുന്നത് ഉചിതമായി കരുതുന്ന പൊതുബോധം കലാലയാന്തരീക്ഷത്തിലും പ്രവർത്തിക്കുന്നുണ്ട്. അച്ചടക്കമുള്ള ക്ലാസ്സുകളിൽ അടങ്ങിയിരുന്ന് പഠിക്കുന്ന പെൺകുട്ടികളാണ് അവിടെ മാതൃകാ വിദ്യാർത്ഥിനികൾ .ആൺകുട്ടികളുടെ അച്ചടക്കമില്ലായ്മകൾ വിദ്യാലയങ്ങളിൽ കുറേയൊക്കെ അനുവദനീയമാണ്. ബ്രാഹ്മണാധിപത്യ സാമൂഹ്യ സംവിധാനത്തിൽ പല ജാതികൾക്ക് പല ശിക്ഷകളുണ്ടായിരുന്നതിന് സമാനമായി ലിംഗാധികാര സംബന്ധമായ ഇത്തരം ന്യായവിധികളെയും കാണേണ്ടതുണ്ട്. ആൺകുട്ടിയിൽ നിന്നും പെൺകുട്ടിയിൽ നിന്നും സംഭവിക്കുന്ന ഒരേ അച്ചടക്കമില്ലായ്മകളിൽ പെൺകുട്ടികൾ കൂടുതലായി ശിക്ഷിക്കപ്പെടുകയോ നിയന്ത്രിക്കപ്പെടുകയോ ചെയ്യുന്ന സാഹചര്യമുണ്ട്. ശിക്ഷിക്കുകയോ ശാസിക്കുകയോ ചെയ്യാതിരിക്കുമ്പോഴും

**ആൺകുട്ടിയിൽ നിന്നും പെൺകുട്ടിയിൽ നിന്നും സംഭവിക്കുന്ന ഒരേ അച്ചടക്കമില്ലായ്മകളിൽ പെൺകുട്ടികൾ കൂടുതലായി ശിക്ഷിക്കപ്പെടുകയോ നിയന്ത്രിക്കപ്പെടുകയോ ചെയ്യുന്ന സാഹചര്യമുണ്ട്. ശിക്ഷിക്കുകയോ ശാസിക്കുകയോ ചെയ്യാതിരിക്കുമ്പോഴും പെൺകുട്ടികളിൽ നിന്ന് അനുസരണം മാത്രം പ്രതീക്ഷിക്കുന്ന വിധത്തിലുള്ള മിതമായ, അത്ര ദൃശ്യമല്ലാത്ത അധികാരപ്രയോഗങ്ങൾ വിടർന്നു വികസിക്കുന്നതിൽ നിന്ന് പെൺകുട്ടികളെ തടയുന്നുണ്ട്. അവരുടെ ആത്മവിശ്വാസം തകർക്കുന്നുണ്ട്.**

പെൺകുട്ടികളിൽ നിന്ന് അനുസരണം മാത്രം പ്രതീക്ഷിക്കുന്ന വിധത്തിലുള്ള മിതമായ, അത്ര ദൃശ്യമല്ലാത്ത അധികാരപ്രയോഗങ്ങൾ വിടർന്നു വികസിക്കുന്നതിൽ നിന്ന് പെൺകുട്ടികളെ തടയുന്നുണ്ട്. അവരുടെ ആത്മവിശ്വാസം തകർക്കുന്നുണ്ട്.

കുറേ വർഷങ്ങളായി കോളേജിൽ അതിഥി അധ്യാപികയായി പ്രവർത്തിക്കുന്ന ഒരാളെന്ന നിലയിൽ കഴിവുള്ള പല പെൺകുട്ടികളും ആത്മവിശ്വാസക്കുറവുകൊണ്ട് പല കാര്യങ്ങളിലും പിൻവലിയുന്നത് കാണാനിടയായിട്ടുണ്ട്. കുറച്ചു നാൾ മുമ്പ് കോളേജിൽ നടത്തിയ ഒരു പ്രസംഗ മത്സരത്തിൽ കുട്ടികളുടെ പ്രാതിനിധ്യം കുറവായതുകൊണ്ട് പല കുട്ടികളെയും വിളിച്ചു കൊണ്ടുവന്നു പങ്കെടുപ്പിക്കുകയുണ്ടായി. ആൺ കുട്ടികൾ എണ്ണത്തിൽ കുറവായ ക്യാമ്പസിൽ മത്സരത്തിൽ പങ്കെടുക്കാൻ അധികം നിർബന്ധിക്കാതെ തന്നെ അവരെത്തി. പെൺകുട്ടികളെ അവിടെ എത്തുന്നതിനായും പങ്കെടുക്കുന്നതിനായും കൂടുതൽ നിർബന്ധിക്കേണ്ടി വന്നു. എന്നാൽ സംസാരിച്ചു തുടങ്ങിയപ്പോഴാകട്ടെ നന്നായി സംസാരിച്ചതും ഒന്നും രണ്ടും സ്ഥാനങ്ങൾ ആ മത്സരത്തിൽ നേടിയെടുത്തതും പെൺകുട്ടികളാണ്. സ്കൂളുകളിൽ തന്നെ സാഹിത്യ സമാജങ്ങളിലും മറ്റും കുട്ടികളുടെ കലാവാസനകൾ പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ടെങ്കിലും മുതിരുന്നതോടെ പെൺകുട്ടികൾ സ്വശരീരവുമായി ബന്ധപ്പെട്ട അനേകം അബദ്ധ ധാരണകളിൽ പെടുന്നു. ലജ്ജാശീലരായ പെൺ മാതൃകകളും ഒ

തുക്കത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങളും അടക്കത്തെക്കുറിച്ചുള്ള പ്രതീക്ഷകളും കൂടിച്ചേർന്ന് അവരെ സ്വയം ഉൾവലിയുന്നവരാക്കുന്നു. ഇതിൽ നിന്ന് പുറത്തു വന്ന് ശരീര ഭയങ്ങളിൽ നിന്ന് മോചിതരാകുന്നതിനും ആരോഗ്യമുള്ള ശരീരവും ആരോഗ്യകരമായ ആൺ പെൺ ബന്ധങ്ങളും നിർമ്മിച്ചെടുക്കുന്നതിനും കോളേജുകളിലും കായിക വിനോദങ്ങൾക്ക് അവസരമുണ്ടാകണം. സമൂഹം പെൺകുട്ടികളുടെ സൗന്ദര്യത്തിന് കൊടുക്കുന്ന അധിക പരിഗണനകൾ കൊണ്ട് ആരോഗ്യ കാര്യങ്ങളിൽ അശ്രദ്ധയുള്ളവരായും പെൺകുട്ടികൾ മാറുന്നുണ്ട്. മാനസികവും ശാരീരികവുമായ ആരോഗ്യമാണ് ഭാവി ജീവിതത്തിൽ അവർക്ക് സൗന്ദര്യത്തെക്കാൾ പ്രയോജനകരമായിത്തീരുക എന്നതിനാൽ കായിക വിനോദങ്ങൾക്കും വ്യായാമങ്ങൾക്കുമായി ആഴ്ച്ചയിൽ ഒരു പീരിഡ് എങ്കിലും നീക്കിവെക്കണം. നിലവിൽ കോളേജുകളിലെല്ലാം തന്നെ വലിയ പ്ലേ ഗ്രൗണ്ടുകൾ ഉണ്ടെങ്കിലും സ്പോർട്സ് കോട്ടയിൽ അഡ്മിഷൻ കിട്ടുന്ന കുട്ടികൾ മാത്രമാണ് ഇത് ഉപയോഗപ്പെടുത്തുന്നത്.

മനസ്സിന്റെയും ശരീരത്തിന്റെയും മേൽ നിയന്ത്രണം ശീലിപ്പിക്കുന്ന വ്യായാമമുറകൾ ആൺകുട്ടികൾക്കും അത്യാവശ്യമാണ്. റോജിൻ തോമസ് സംവിധാനം ചെയ്ത 'ഹോം' സിനിമയിൽ പറയുന്നതു പോലെ വീട്ടിൽ മാത്രമല്ല, സമൂഹത്തിലും ഇംപെർഫെക്ട് ആയിരിക്കാൻ ആണിന് സ്വാതന്ത്ര്യമുണ്ട്.

വീട്ടിൽ മാത്രമല്ല പലപ്പോഴും പുറം ലോകത്തും തങ്ങളുടെ വികാരവിചാരങ്ങളെ മറ്റുള്ളവർക്ക് ഉപദ്രവമോ പ്രയാസമോ ഉണ്ടാകുമോ എന്ന ചിന്തയോ പരിഗണനയോ ഇല്ലാതെ തുറന്നു വിടാൻ ആണിന് മടിയില്ല . അത് പൊതുവേ അനുവദിച്ചു കൊടുക്കുന്ന വ്യവസ്ഥയാണ് നമ്മുടേത്. അതു കൊണ്ടു തന്നെ അപരനെക്കുറിച്ചുള്ള കരുതലും കരുണയുമുള്ള മനുഷ്യരാവാൻ മാനസികവും ശാരീരികവുമായ പരിശീലനങ്ങൾ കൂടുതൽ ആവശ്യമുള്ളത് ആൺകുട്ടികൾക്കാണ്.

വിവാഹവുമായി ബന്ധപ്പെട്ട് നിലവിലുള്ള രീതികളിൽ പെൺകുട്ടിയുടെ സൗന്ദര്യത്തിന് പ്രഥമ പരിഗണന കിട്ടുന്ന സാഹചര്യമാണ് ഉള്ളത്. പരസ്യങ്ങൾ ഇതിനെ ബലപ്പെടുത്തുന്നു. വിവാഹത്തിന്റെ ഒരു ദിവസം രാജകുമാരിയെപ്പോലെ പ്രത്യക്ഷപ്പെടുക എന്നത് പെൺകുട്ടികൾക്ക് ലക്ഷ്യവും സ്വപ്നവുമായിത്തീരുന്ന സാഹചര്യമുണ്ട്. സ്ത്രീധനം പോലുള്ള ദുരാചാരങ്ങൾക്കെതിരായി ക്യാമ്പസിൽ ഇപ്പോൾ പ്രചാരണം നടക്കുന്നതായി കാണുന്നുണ്ട്. പണം കൊടുക്കുന്നതിന് പകരം അത്രയും സ്വർണ്ണം കൊടുക്കുകയോ വാങ്ങുകയോ ചെയ്യാമെന്ന് ചിന്തിച്ചാൽ ഈ പ്രശ്നം അവസാനിക്കുന്നില്ല. സ്ത്രീധനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യാതിരിക്കുക എന്ന് തീരുമാനിക്കുന്നതിന്റെ അടിസ്ഥാനം സ്ത്രീയുടെ വ്യക്തിത്വത്തെ അംഗീകരിക്കലായിരിക്കണം. എന്റെ ഇഷ്ടങ്ങൾ, എന്റെ താല്പര്യങ്ങൾ എന്നൊക്കെയുള്ള ചിന്തകൾ മാത്രമല്ല ഞാൻ എന്ന ചിന്ത പോലും സ്ത്രീയെ സംബന്ധിച്ച് അഹങ്കാരമായി കണക്കാക്കപ്പെടുന്ന സാഹചര്യം നിലവിലുണ്ട്. അതിനാൽ തന്നെ പെൺകുട്ടികൾക്ക് സാമ്പത്തിക സ്വയംപര്യാപ്തതയുള്ള ,സ്വന്തം ഇഷ്ടങ്ങളും താല്പര്യങ്ങളുമുള്ള വ്യക്തികളായിത്തീരുക എന്നത് ബുദ്ധിമുട്ടായിരിക്കുന്ന സാഹചര്യമുണ്ട്. സിനിമയിലെ പ്രണയരംഗങ്ങളുടെ കാല്പനിക സൗന്ദര്യം മാത്രമായിട്ടല്ലാതെ വിദ്യാർത്ഥികൾ ജീവിതത്തെ മനസ്സിലാക്കേണ്ടതുണ്ട്. വിവാഹം, കുടുംബം ,സന്താനോത്പാദനം ,സന്താനനിയന്ത്രണം, തുടങ്ങിയ വിഷയങ്ങളെക്കുറിച്ചെല്ലാം വിദ്യാർത്ഥികൾക്ക് അറിവുണ്ടാകണം. ശാരീരിക മാനസിക പീഡനങ്ങളെ തിരിച്ചറിയുന്നതിനും നേരിടുന്നതിനുമുള്ള പിന്തുണാ സംവിധാനങ്ങളെക്കുറിച്ച് അവർ മനസ്സിലാക്കണം. നിയമസഹായം തേടേണ്ടതെങ്ങനെ എന്ന പ്രായോഗിക അറിവ് അവർക്ക് ലഭിക്കണം. ഇക്കാര്യങ്ങളിൽ അവർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും പിന്തുണയും നൽകാൻ കോളേജ് അന്തരീക്ഷത്തിന് കഴിയണം.

ക്ലാസ്സ് മുറികൾക്കുള്ളിലും പുറത്തും ഉത്തരവാദിത്തങ്ങൾ കൂടുതൽ ഏൽപ്പിച്ചു കൊടുക്കാറുള്ളത് ആൺകുട്ടികൾക്കാണ്. ഇത്തരം ശീലങ്ങൾ മാറ്റിയെടുത്താലെ വിദ്യാർത്ഥിസംഘടനകളിലും അക്കാദമി കേതര മേഖലകളിലും നേതൃസ്ഥാനത്തേക്ക് വരാൻ പെൺകുട്ടികൾക്ക് കഴിയൂ. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ചെയർപേഴ്സൺ സ്ഥാനത്തൊക്കെ പെൺകുട്ടികൾ കടന്നു വരുന്നുണ്ടെങ്കിലും സംഘടനയുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതും നടപ്പിലാക്കുന്നതും ആൺകുട്ടികളാണ്. ആൺകുട്ടികളുടെ എണ്ണം ക്യാമ്പസുകളിൽ കുറഞ്ഞു വരുന്ന സാഹചര്യത്തിലും ഈ സ്ഥിതിക്ക് മാറ്റമില്ല. ക്ലാസ് മുറികൾക്കുള്ളിലെ ഉത്തരവാദിത്തങ്ങൾ മാത്രമാണ് പൊതുവേ പെൺകുട്ടികളെ ഏൽപ്പിക്കുന്നത്. പലവിധമായ കഴിവുകളുള്ള ധാരാളം പെൺകുട്ടികൾ നമ്മുടെ കലാലയങ്ങളിലുണ്ട്. നാളെ ചെന്നു കയറേണ്ട വീടുകളെ മെച്ചപ്പെട്ട നിലയിൽ അലങ്കരിച്ചു വെക്കേണ്ടവരല്ല ഈ പെൺകുട്ടികൾ . അതിനായുള്ള പരിശീലനക്കളരികളോ അതുവരെ സമയം കളയാനുള്ള ഇടങ്ങളോ അല്ല കോളേജുകൾ. നല്ല വ്യക്തികളും നല്ല സാമൂഹ്യ ജീവികളുമായി വിദ്യാർത്ഥികളെ മാറ്റാനുതകുന്ന നിലയിൽ പാഠപുസ്തകങ്ങളും കലാലയാന്തരീക്ഷവും മാറ്റിയെടുക്കേണ്ടതാണ്. ലിംഗനീതി കരിക്കുലത്തിന്റെ ഭാഗമാക്കുക എന്നത് അതിലേക്കുള്ള സുപ്രധാന ചുവടുവെപ്പായിരിക്കും.

ചർച്ചാവിഷയം



വിനയ എൻ.എ.
സ്ത്രീവിമോചക പ്രവർത്തക
വനിതാസെൽ എസ്.ഐ. തൃശ്ശൂർ

# പോലീസ് പരിശീലന പദ്ധതിയും തൊഴിൽ വിഭജനവും ലിംഗവിവേചനപരമാണ്



ഭരണകൂടത്തിന്റെ നീതി നിർവഹണ വിഭാഗമായ പോലീസ് വിഭാഗത്തിലേക്കുള്ള പരിശീലനപദ്ധതിയിൽ ലിംഗവിവേചനം വളരെയധികം പ്രകടമാണെന്ന് കാണാം. തീർച്ചയായും ജെൻഡർ സെൻസിറ്റിവിറ്റി ട്രെയിനിംഗ് ഏറ്റവുമധികം ആവശ്യമുള്ള വിഭാഗമാണ് പോലീസ് മേഖല. പോലീസ് അക്കാദമിയിൽ നൽകുന്നത് ലിംഗ വിവേചനമില്ലാതെ ഒരേ തരം ട്രെയിനിംഗ് എന്നാണ് പറയപ്പെടുന്നതെങ്കിലും രണ്ടു തരം ഡ്രസ്സ് കോഡാണ് ഇപ്പോഴും ആണിനും പെണ്ണിനുമുള്ളത്. ഇൻഡോർ ക്ലാസ്സുകളിൽ നൽകുന്ന യൂനിഫോമുകളിലും ലിംഗ വ്യത്യാസം പ്രകടമാണ്. പുരുഷൻമാർക്ക് ഫിസിക്കൽ ട്രെയിനിംഗ് സമയത്ത് ട്രൗസറനുവദിക്കുമ്പോൾ സ്ത്രീകൾക്ക് പാന്റ്സ് നിർബന്ധമാണ്. പുരുഷന്മാർ പാന്റ്സ് ധരിക്കുമ്പോഴാകട്ടെ സ്ത്രീകൾക്ക് ആർമി മാതൃകയിലുള്ള പച്ച കാലുറകളിടേണ്ടി വരും. തൊഴിൽ നിർവഹണ സമയത്തെ കാക്കി യൂനിഫോമിലുള്ള വ്യത്യാസം നിലവിൽ എടുത്തുകളഞ്ഞെങ്കിലും പരിശീലന നേരത്തെ ഈ തരംതിരിവുകൊണ്ട് എന്താണുദ്ദേശിക്കുന്നത്?

വസ്ത്രധാരണത്തിലും ട്രെയിനിംഗ് പാറ്റേണിലുമുണ്ടാവുന്ന ഈ വ്യത്യാസം അനാവശ്യമായി തൊഴിലിനെ ലിംഗവൽക്കരിക്കാനും പൊതുബോധത്തിലൂന്നിയ ശരീരബോധം വളർത്താനുമേ ഉതകുകയുള്ളൂ. പോലീസിൽ ആണിന് അനുവദിക്കാത്ത മുടി പെണ്ണിന് അനുവദിക്കുന്നതും ഇതായിത്തന്നെയാണ് കാണാനാവുക. തീർത്തും ജെൻ

ഡർ ന്യൂട്രൽ ആയ പരിശീലനപദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ് ശരിയായ വഴി. അത്തരം മനോഭാവത്തോടുകൂടിത്തന്നെയാണ് പോലീസ് സേനയിലേക്ക് ഉദ്യോഗാർത്ഥികളും കടന്നു വരേണ്ടത്.ഇത്തരം വിഷയങ്ങളൊക്കെ അവയർഹിക്കുന്ന പ്രാധാന്യത്തോടെ ചർച്ച ചെയ്യപ്പെടുന്നു പോലുമില്ല എന്നത് ദയനീയമാണ്.

വേറൊന്ന് ഇലക്ഷൻ തുടങ്ങിയ ഗൗരവസ്വഭാവമുള്ള  ഉത്തരവാദിത്തങ്ങളിൽ സ്പെഷൽ പോലീസ് എന്നറിയപ്പെടുന്ന പ്രത്യേക ടീമിൽ പെൺകുട്ടികളെ ഉൾപ്പെടുത്താറില്ല എന്നതാണ്. അധികം ചുമതലയും അധികവരുമാനവും നൽകപ്പെടുന്ന ഇത്തരം പ്രത്യേക സംവിധാനങ്ങളിൽ പെൺകുട്ടികൾ ഒഴിവാക്കപ്പെടുന്നത് തീർച്ചയായും ചോദ്യം ചെയ്യപ്പെടേണ്ട തികഞ്ഞ അന്യായമാണ്.

**ഇലക്ഷൻ തുടങ്ങിയ ഗൗരവസ്വഭാവമുള്ള  ഉത്തരവാദിത്തങ്ങളിൽ സ്പെഷൽ പോലീസ് എന്നറിയപ്പെടുന്ന പ്രത്യേക ടീമിൽ പെൺകുട്ടികളെ ഉൾപ്പെടുത്താറില്ല എന്നതാണ്. അധികം ചുമതലയും അധികവരുമാനവും നൽകപ്പെടുന്ന ഇത്തരം പ്രത്യേക സംവിധാനങ്ങളിൽ പെൺകുട്ടികൾ ഒഴിവാക്കപ്പെടുന്നത് തീർച്ചയായും ചോദ്യം ചെയ്യപ്പെടേണ്ട തികഞ്ഞ അന്യായമാണ്.**



ഒരേ തരം പരിശീലനം നൽകുന്നു എന്നവകാശപ്പെടുമ്പോഴും പല തൊഴിൽ സാഹചര്യങ്ങളിൽ നിന്നും പെൺകുട്ടികളെ നിർബന്ധമായി മാറ്റി നിർത്തുന്നതിലെ വിവേചനവും തിരിച്ചറിയപ്പെടാതെ പോകരുത്.

പോലീസ് പരിശീലനത്തിലെ ഒരു പ്രധാന മേഖലയാണ് ക്വൊസ്റ്റ്യനിംഗ് അഥവാ ഇന്ററോഗേഷൻ. വളരെയധികം മിടുക്കും സാമർത്ഥ്യം ആവശ്യമുള്ള ഒരു ഏരിയയാണിത്. ശരിക്കും ഇന്റലിജൻസിന്റെ ഒരു കലയാണിത്. കുറ്റവാളികളിൽ കുടുതൽ വരുന്ന പുരുഷന്മാരാണെന്ന കാരണത്താൽ ഈ ഉത്തരവാദിത്തത്തിൽ നിന്നും സ്ത്രീകളെ അകറ്റി നിർത്താറുണ്ട്. മണിക്കൂറുകളോ ദിവസങ്ങളോ നീണ്ടുനിൽക്കുന്ന ഈ പ്രക്രിയയിൽ ഭാഗഭാക്കാനോ പരിശീലനം നേടാനോ സ്ത്രീകൾക്ക് ഇതു കാരണം അവസരം നിഷേധിക്കപ്പെടുകയാണ്.

സ്ത്രീകൾക്ക് ഇത് സാധ്യമല്ലെന്നോ കുറ്റത്തെ സംബന്ധിച്ച രഹസ്യാത്മകത സൂക്ഷിക്കാനോ കഴിയില്ല എന്ന പൗരാണികമായ വിഡ്ഢിത്തമല്ലാതെ ഇതിന് മറ്റെന്തെങ്കിലും ന്യായമുള്ളതായറിയില്ല. ഇതോടൊപ്പം, പോലീസിലെ ഡ്രൈവർമാർ,  എസ്കോർട്ട് പൈലറ്റ്, സ്പെഷ്യൽ ബ്രാഞ്ച്, വിജിലൻസ്,ഡോഗ് സ്ക്വാഡ്, ബാന്റ് സെറ്റ് എന്നിങ്ങനെ പല മേഖലകളിലു തസ്തികകളിലുമുള്ള സ്ത്രീസാന്നിധ്യത്തിന്റെ അഭാവത്തെയും ഈ നിലയിൽത്തന്നെ കാണുകയും  പരിശീലനപദ്ധതിയുടെയുടെയും തൊഴിലവസരങ്ങളുടെയും ലിംഗപരമായ വിവേചനമായിത്തന്നെ പ്രാധാന്യത്തോടെ മനസ്സിലാക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ പദ്ധതികളിലെ ജെൻഡർ ഓഡിറ്റിംഗിനൊപ്പം സവിശേഷശ്രദ്ധയോടെ തിരുത്തപ്പെടേണ്ട കാര്യമാണിത്.




# ലൈംഗിക വിദ്യാഭ്യാസം കേരളത്തിൽ



**ഡോ.ഷിംന അസീസ്**
ആരോഗ്യപ്രവർത്തക
എഴുത്തുകാരി

വനിതാ കമ്മീഷൻ അധ്യക്ഷ കേരളത്തിൽ ലൈംഗികവിദ്യാഭ്യാസം അത്യാവശ്യമാണെന്ന് പറഞ്ഞത് മുതൽ ചർച്ചകൾ തുടങ്ങിക്കഴിഞ്ഞു. വിദ്യാഭ്യാസത്തിന്റെയും ലോകപരിചയത്തിന്റെയും പേരിൽ അഹങ്കരിക്കുന്ന മലയാളി ഈ വിഷയത്തിൽ എടുക്കുന്ന നിലപാടാകട്ടെ, തീർത്തും വൈരുധ്യങ്ങൾ നിറഞ്ഞതാണ്.

ലൈംഗികവിദ്യാഭ്യാസമെന്നാൽ എന്തോ മോശമായ കാര്യം എന്ന ധാരണയാവാം, ഈ വാർത്ത വന്ന ഓൺലൈൻ പോസ്റ്റുകൾക്ക് കീഴിൽ മുഴുവൻ അത്രയേറെ ആഭാസകരമായ കമന്റുകളും ചർച്ചകളുമായിരുന്നു നടന്നത്. എന്താണ് ലൈംഗികവിദ്യാഭ്യാസം എന്നും അതിന്റെ ആവശ്യകത എന്താണെന്നും സമൂഹം തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുന്ന കമന്റുകൾ തന്നെ!.

ലൈംഗികവിദ്യാഭ്യാസം ഒരു മനുഷ്യൻ ജനിക്കുമ്പോൾ മുതൽ മരിക്കുന്നത് വരെ വിവിധ ഘട്ടങ്ങളിലായി അവശ്യഘടകമായ ഒന്നാണ്. തൻറെ ശരീരം തനിക്കു സ്വന്തമാണ് എന്നും അതിലെ ഓരോ അവയവങ്ങളുടെ ശരിയായ പേരും, അതറിയേണ്ടതിന്റെ പ്രാധാന്യവും 'വേണ്ട' എന്ന് പറയുന്നതിന്റെ ആവശ്യവും മനുഷ്യന്റെ ലൈംഗികവ്യവസ്ഥ എന്താണെന്നും എങ്ങനെ പ്രവർത്തിക്കുന്നുവെന്നുമെല്ലാം ഇതിൽ ഉൾക്കൊള്ളുന്നു. ഇത് കൂടാതെ കുടുംബം, ബന്ധങ്ങൾ, സൗഹൃദം, പ്രണയം, ചർച്ചകൾ, തീരുമാനങ്ങൾ, അഭിപ്രായം പറയൽ എന്നിങ്ങനെ ഒരുപാട് വിഷയങ്ങൾ സമഗ്ര ലൈംഗികതാ വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്.

ഇത്രയൊക്കെ ഉപയോഗപ്രദമായ കാര്യങ്ങൾ എങ്കിൽ എന്തിനാണ് ലൈംഗിക വിദ്യാഭ്യാസം ഇത്രയേറെ എതിർക്കപ്പെടുന്നത്? ലൈംഗികത എന്നാൽ എന്തോ നിഗൂഢമായ കാര്യമാണ് എന്നും അശ്ലീലമാണ് എന്നുമുള്ള ചിന്തയുമാവാം ഇതിനു കാരണം. ഇതോടൊപ്പം തന്നെ, കൃത്യമായ രീതിയിൽ ഈ വിഷയങ്ങളുടെ അടിത്തറയെക്കുറിച്ച് ധാരണ ഇല്ലാത്തതും, കുട്ടികളെ ലൈംഗികബന്ധത്തിലേർപ്പെടാൻ പഠിപ്പിക്കുന്നതാണോ എന്ന തെറ്റായ ആശങ്കയും ഇവിടെയുണ്ടാവാം.

ഇതിന്റെയെല്ലാം ഭവിഷ്യത്തുകൾ സമൂഹം അനുഭവിക്കേണ്ടി വരുന്നത് പലരൂപത്തിലാണ്. കുടുംബത്തിൽ നിന്നു തുടങ്ങുന്ന ആൺപെൺ വേർതിരിവുകളിലും, പ്രണയം നിരസിക്കുമ്പോഴുള്ള അതിക്രമങ്ങളിലും, ട്രാൻസ്ജെണ്ടർ സമൂഹം നേരി

ടുന്ന ദുരനുഭവങ്ങളിലുമൊക്കെയായി ഇത് ചുറ്റി ലും നിറഞ്ഞു നിൽക്കുന്നുണ്ട്. ഇത്തരം പ്രശ്ന ങ്ങൾക്കെല്ലാമുള്ള ഉത്തരമാണ് പ്രായാനുസൃതമാ യി നൽകപ്പെടുന്ന ശരിയായ രീതിയിലുള്ള ലൈം ഗികവിദ്യാഭ്യാസം.

ജനിച്ചയുടൻ കുഞ്ഞിന് സ്വന്തം ശരീരം എന്ന ബോധ്യം നൽകിത്തുടങ്ങുന്ന രക്ഷിതാവിൽ നി ന്നും തുടങ്ങുന്ന ഒന്നാണ് ലൈംഗികവിദ്യാഭ്യാസം. മൂല്യങ്ങൾ, ബന്ധങ്ങൾ, ശരീരം, സ്വകാര്യത, തീ രുമാനങ്ങൾ എന്ന് തുടങ്ങി ലൈംഗികതയുമായി ബന്ധപ്പെട്ട ഭൂരിപക്ഷം വിഷയങ്ങളിലും ആദ്യഗു രു രക്ഷിതാക്കൾ തന്നെയാണ്. സ്കൂളിൽ എത്തു ന്ന കുട്ടികൾക്ക് കാര്യങ്ങൾ പറഞ്ഞുകൊടുക്കേ ണ്ട ചുമതല അധ്യാപകർക്കുമുണ്ട്. സങ്കടകരമാ യ കാര്യം, പ്രാഥമികക്ലാസുകളിലെല്ലാം തന്നെ ശ രീരാവയവങ്ങൾ പഠിപ്പിക്കുന്ന പാഠങ്ങളിൽ ലൈം ഗികാവയവങ്ങളുടെ പേരുകൾ സൗകര്യപൂർവ്വം ഒ ഴിവാക്കിയിരിക്കുന്നു എന്നതാണ്. ഇതിനു പുറമേ ഭഗമോ ലിംഗമോ അല്ലെങ്കിൽ ഈ അവയവങ്ങ ളെയോ ലൈംഗികവ്യവസ്ഥയെയോ സംബന്ധിക്കു ന്ന ഏതു ചോദ്യത്തിനും ഉത്തരം മിക്കപ്പോഴും അ വ്യക്തമായിരിക്കും. അതല്ലെങ്കിൽ ഒരു ശാസനയി ലോ പരിഹാസത്തിലോ ഒതുങ്ങും. ചോദ്യത്തിനു ഉത്തരം ലഭിക്കാത്ത കുട്ടി സ്വാഭാവികമായും ആ ഉത്തരങ്ങൾ തേടി മറ്റു സ്രോതസ്സുകളിൽ ചെന്നേ ക്കാം. ചിലപ്പോൾ അവിടെ അപകടങ്ങൾ പതിയി രിക്കുന്നുമുണ്ടാകാം. ഇവിടെയാണ് ലൈംഗികവി ദ്യാഭ്യാസം എപ്പോൾ, എങ്ങനെ തുടങ്ങാം എന്ന ചോദ്യം പ്രസക്തമാകുന്നത്.

വീടുകളിൽ ലൈംഗികവിദ്യാഭ്യാസം തുടങ്ങേ ണ്ടത് കുഞ്ഞ് ജനിച്ച ഉടൻ തന്നെയാണ്. ഇത്തിരി കുഞ്ഞിനോടും രക്ഷിതാക്കൾക്ക് കുഞ്ഞിന്റെ അ വയവങ്ങളുടെ ശരിയായ പേരും ആർക്കൊക്കെ കു ഞ്ഞിനെ തൊടാം എവിടെയൊക്കെ തൊടാം എ ന്നുമെല്ലാം പറഞ്ഞു തുടങ്ങാം. സംസാരിച്ചു തുട ങ്ങിയ കുട്ടിയോട് ഇത് കുറച്ചു കൂടി വിശദമായി പറഞ്ഞു കൊടുക്കണം. എങ്ങനെ നോ പറയണം എന്നതും സ്വകാര്യതയെ പറ്റിയുമെല്ലാം ഉള്ള വി ശദീകരണങ്ങൾ ഈ പ്രായത്തിൽ ആകാം.

സ്കൂളിൽ ഏറ്റവും ചെറിയ ക്ലാസിൽ തന്നെ കൺസെന്റും സേഫ് ആയ ടച്ചും അല്ലാത്ത സ് പർശവും എല്ലാം പറഞ്ഞു കൊടുക്കണം. പാഠപു സ്തകങ്ങളിൽ ഈ വിഷയങ്ങൾ ചർച്ചയാകണം. ഓരോ വർഷത്തെ പാഠപുസ്തകത്തിലും പ്രായ ത്തിന് അനുസരിച്ച് അവർക്കുണ്ടാകാവുന്ന ചോ ദ്യങ്ങൾക്ക് ഉത്തരങ്ങൾ ഉണ്ടാവണം. ഇതേ സം ബന്ധിക്കുന്ന സാഹിത്യരചനകളും ശാസ്ത്രരച നകളും എല്ലാം ഇതിൽ ഉൾക്കൊള്ളണം.

മറ്റൊരു കാര്യം ചർച്ചയാകേണ്ടത്, ഇപ്പോഴുള്ള പുസ്തകങ്ങളും അവയിലെ ഉള്ളടക്കവും മതിയോ എന്നതാണ്. പോരാ എന്നത് തന്നെയാണ് ഉത്ത രം. കുട്ടി കൗമാരം എത്തിയതിനു ശേഷം ജീവ ശാസ്ത്രപുസ്തകത്തിൽ ഒരു പാഠത്തിലെ ഇത്തി രിവാക്കുകൾ മാത്രമായിട്ടല്ല ലൈംഗികത ചർച്ചയാ


**സ്കൂളിൽ ഏറ്റവും ചെറിയ ക്ലാസിൽ തന്നെ കൺസെന്റും സേഫ് ആയ ട ച്ചും അല്ലാത്ത സ്പർശവും എല്ലാം പ റഞ്ഞു കൊടുക്കണം. പാഠപുസ്തക ങ്ങളിൽ ഈ വിഷയങ്ങൾ ചർച്ചയാക ണം. ഓരോ വർഷത്തെ പാഠപുസ്തക ത്തിലും പ്രായത്തിന് അനുസരിച്ച് അ വർക്കുണ്ടാകാവുന്ന ചോദ്യങ്ങൾക്ക് ഉ ത്തരങ്ങൾ ഉണ്ടാവണം. ഇതേ സംബന്ധി ക്കുന്ന സാഹിത്യരചനകളും ശാസ്ത്രര ചനകളും എല്ലാം ഇതിൽ ഉൾക്കൊള്ള ണം.**

കേണ്ടത്. ലൈംഗിക പ്രത്യുല്പാദന വ്യവസ്ഥയെ യോ പീഡനങ്ങൾ തടയുന്നതിനെ കുറിച്ചോ മറ്റോ രണ്ടു വാക്ക് പഠിപ്പിച്ചു മിണ്ടാതിരിക്കൽ അല്ല ലൈം ഗിക വിദ്യാഭ്യാസം. അത് പോലും ഇത് ചർച്ചയാ കാറില്ല, പകരം 'വീട്ടിൽ പോയി വായിച്ചോളൂ' എ ന്ന് പറഞ്ഞു വിടുകയാണ് പതിവെന്നത് മറ്റൊരു ദുഃഖസത്യം. അങ്ങനെ അല്ലാത്ത അധ്യാപകർ ഇ ല്ലെന്നല്ല, വിരളമാണ് എന്നാണ്. വിവിധ ജെൻഡർ, അവയുടെ പ്രാധാന്യം, ലൈംഗികവ്യവസ്ഥയുടെ ഘടനയും പ്രവർത്തനവും, ബന്ധങ്ങൾ, കുടുംബം, മൂല്യങ്ങളും ആദർശങ്ങളും അവക്ക് ജീവിതത്തിൽ ഉള്ള പ്രാധാന്യവും, അനുമതി നൽകൽ, ലൈംഗി ക അതിക്രമങ്ങൾ, അവ തടയാനുള്ള വഴികൾ, അതിരുകൾ എന്ന് തുടങ്ങി ഏറെ കാര്യങ്ങൾ ഇ വിടെ ഉൾക്കൊള്ളേണ്ടതായുണ്ട്.

ഇതോടൊപ്പം, ഈ വിഷയം പഠിപ്പിക്കാനുള്ള പ്രത്യേക പരിശീലനം അധ്യാപകർ അടക്കമുള്ള ട്രെയിനർമാർക്ക് നൽകേണ്ടതായിട്ടുണ്ട്. ഓരോരു ത്തരുടെയും ചിന്താഗതികൾ അല്ല, മറിച്ച് ഒരു സി ലബസിൽ ഉൾക്കൊള്ളുന്ന കൃത്യമായ കാര്യങ്ങൾ ആവണം ഈ പാഠങ്ങളിലൂടെ കുഞ്ഞുങ്ങളിൽ എ ത്തേണ്ടത്.

സമയാസമയം ഈ വിഷയങ്ങൾ ആവർത്തി ച്ച് കുട്ടികളുടെ മനസ്സിൽ ഈ പോയിന്റുകൾ ഊ ട്ടിയുറപ്പിക്കാൻ അധ്യാപകരെ കൊണ്ട് സാധിക്ക ണം. കുട്ടികൾ വിശ്വസിക്കുന്ന മുതിർന്നവർ ആ കാനും ആവശ്യം വന്നാൽ അവരുടെ സംശയങ്ങൾ ദൂരീകരിക്കാനും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യാനും അധ്യാപകർക്ക് സാധിക്കണം.

വളരെ കുറച്ചു മണിക്കൂറുകൾ മാത്രം ഒരു ചട ങ്ങ് പോലെ ചെയ്തു പോകേണ്ടതല്ല ലൈംഗിക വിദ്യാഭ്യാസ ക്ലാസുകൾ. മറിച്ച്, ഇതൊരു ജീവിത ശൈലി രൂപീകരണം ആണ്. അത്ര തന്നെ പ്രാ ധാന്യവും പ്രാമുഖ്യവും നൽകി തന്നെ വേണം ഈ പദ്ധതി ആസൂത്രണം ചെയ്യാനും, നടപ്പിൽ വരുത്താനും.




# അരൂപികൾ



അലീന ആകാശമിഠായി

പറഞ്ഞാൽ ആരും വിശ്വസിക്കില്ല.
പണ്ട്, സ്കൂളിൽ പഠിക്കുമ്പോൾ
അദൃശ്യർ ആകാനുള്ള കഴിവ്
ഞങ്ങൾക്ക് ഉണ്ടായിരുന്നു.
ക്ലാസ് മുറിയിലേക്ക്
കാലെടുത്തു വച്ചാൽ മതി.
ഞങ്ങൾ അരൂപികളാകും.

ഒരു ഫോട്ടോൺ പോലും
ഞങ്ങളെ തട്ടി പ്രതിഫലിക്കില്ല.
ഞങ്ങൾക്കു ചുറ്റുമുള്ള വായു
ഒരു കമ്പനവുമില്ലാതെ നിശ്ചലമാകും.
വിശന്നാലോ,
വയറു വേദനിച്ച് കരഞ്ഞാലോ
ആരുമറിയില്ല.
ആരും കാണാതെ, കേൾക്കാതെ
ഉച്ചയൂണിന് പുറത്തേക്കിറങ്ങി
സ്റ്റാഫ് റൂമിനു മുന്നിലെ
ഓറഞ്ചു പൂക്കൾ പെറുക്കി
മടിയിൽ വെക്കും.

വർഷത്തിലൊരിക്കൽ,
പ്യൂൺ നോട്ടീസുമായി വരുന്ന
ഒരേയൊരു ദിവസമൊഴിച്ച്.
അന്ന് ഞങ്ങളാണ് ഈ ലോകത്ത്
ഏറ്റവും ദൃശ്യമായവർ.
എല്ലാ കണ്ണുകളും കാതുകളും
ഒരുമിച്ച് ഞങ്ങളിലേക്ക് തിരിയും



**ജൂലി ഡി.എം.**
ഹയർസെക്കൻഡറി അധ്യാപിക
തിരുവനന്തപുരം

# അദ്ധ്യാപകർക്ക് എന്തിനാണ് ജെൻഡർ സെൻസിറ്റിവിറ്റി ട്രെയിനിങ്?



ഒരു ജനാധിപത്യ സമൂഹത്തിൽ ജീവിക്കുന്നതിന് ആവശ്യമായ മനോഭാവങ്ങളും ധാരണകളും നിലപാടുകളും തിരിച്ചറിവുകളും ആർജിച്ചെടുക്കേണ്ട പ്രാഥമിക കേന്ദ്രങ്ങളാണ് വിദ്യാലയങ്ങൾ. ജനാധിപത്യ സാമൂഹ്യജീവിതത്തിന് കുട്ടികളെ പ്രാപ്തരാക്കുന്നതിന് കൂടി വേണ്ടിയാവണം പാഠ്യപദ്ധതി രൂപകല്പന ചെയ്യേണ്ടത് .ഒപ്പം തുല്യനീതി, അവസരസമത്വം, പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള സവിശേഷ പരിഗണന, ജനാധിപത്യം, മതേതരത്വം, സ്വാതന്ത്ര്യം തുടങ്ങിയ മൂല്യങ്ങളോട് പ്രതിബദ്ധത പുലർത്തുന്നതുമാവണം പാഠ്യപദ്ധതി. ജനാധിപത്യത്തെ ഒരു രാഷ്ട്രീയദർശനം എന്നതിലുപരി ഒരു ജീ

വിത ദർശനമായി സ്വാംശീകരിക്കുകയും അതിനനുസരിച്ച് ജീവിക്കാനുള്ള സന്നദ്ധതയും ശേഷികളുമുള്ള പൗരന്മാരാക്കി കുട്ടികളെ മാറ്റുന്നതിന് പര്യാപ്തവുമായ പാഠ്യപദ്ധതിയാണ് ജനാധിപത്യ പാഠ്യപദ്ധതി. ഇത്തരം ജനാധിപത്യ പാഠ്യ പദ്ധതിക്ക് അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ജനാധിപത്യ വിദ്യാലയങ്ങളിലെ ക്ലാസ് മുറികളിൽ നിന്ന് വിവേചനരഹിതമായ പരിഗണന എല്ലാ കുട്ടികൾക്കും ലഭിക്കണം. അത് ഉറപ്പാക്കാനുള്ള ധാർമിക ഉത്തരവാദിത്വം നിർവഹിക്കേണ്ടത് അധ്യാപകരാണ്. അത് സാധ്യമാകണമെങ്കിൽ അധ്യാപകർക്ക് ഭരണഘടനയോടും അത് ഉയർത്തുന്ന മൂല്യങ്ങളോടും അചഞ്ചലമായ കൂറും വിശ്വാസവും ഉണ്ടാവണം. ഒപ്പം ഉയർന്ന സാമൂഹിക ബോധവും മാനവികതയുമുണ്ടാവണം.മതം ,ജാതി , വർണം ,ലിംഗം , തുടങ്ങിയ പരിഗണനകൾ അധ്യാപകരെ തീണ്ടരുത് . ഇപ്പറഞ്ഞവയിന്മേലുള്ള പരിഗണനകളും വിവേചനങ്ങളും നമ്മുടെ വിദ്യാലയാന്തരീക്ഷത്തെ ബാധിച്ചിട്ടില്ല എന്ന് പറയുന്നത് വലിയൊരു കളവായിരിക്കും. സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നും പുറന്തള്ളപ്പെട്ട ലിംഗനീതി എന്ന ആശയം വിദ്യാലയ അന്തരീക്ഷത്തിൽ എങ്ങനെ പ്രത്യക്ഷത്തിൽ തന്നെ നിഷേധിക്കപ്പെടുന്നു എന്നും അതിന് വളം വച്ചു കൊടുക്കുന്നവരായി അധ്യാപകർ മാറുന്നതെങ്ങനെയെന്നുമാണ് ഇവിടെ പരിശോധിക്കുന്നത് .

### നിലവിലെ അധ്യാപക സമൂഹത്തിന്റെ ധാരണകളും നിലപാടുകളും

1 . ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യ മൂല്യങ്ങൾ കുട്ടികളിൽ എത്തിക്കേണ്ടവരാണ് തങ്ങൾ എന്ന ബോധ്യം ബഹുഭൂരിപക്ഷം അധ്യാപകർക്കും ഇല്ല.

2 . ഭരണഘടനയും ജനാധിപത്യവുമെല്ലാം സോഷ്യൽസയൻസ് / പൊളിറ്റിക്സ് - പഠിപ്പിക്കുന്ന അധ്യാപകരുടെ മേഖലകൾ ആണെന്നാണ് നല്ലൊരു ശതമാനം അധ്യാപകരും കരുതുന്നത്.

3 . പാഠപുസ്തകങ്ങളുടെ ഉള്ളടക്കങ്ങൾ കുട്ടികളിൽ എത്തിക്കുന്നതോടൊപ്പം ദശാബ്ദങ്ങളായി തങ്ങൾ പേറി നടക്കുന്ന അളിഞ്ഞ സദാചാരമൂല്യങ്ങൾ കുട്ടികളിൽ അടിച്ചേൽപ്പിക്കുക എന്നതും തങ്ങളുടെ സുപ്രധാന ചുമതലയാണെന്ന് ബഹുഭൂരിപക്ഷം അധ്യാപകരും കരുതുന്നു.

4. ശാസ്ത്രം പഠിക്കുന്നത് മാർക്ക് കിട്ടാനും ജോലി കിട്ടാനുമാണെന്ന് ധരിച്ച ഒരു വിഭാഗം ശാസ്ത്ര അധ്യാപകർ അശാസ്ത്രീയതയും അന്ധവിശ്വാസങ്ങളും ജീവിത മൂല്യങ്ങളായി ഉയർത്തിപ്പിടിക്കുന്നത് തങ്ങളുടെ മൗലികാവകാശം ആണെന്ന് കരുതുന്നു.

5. ഭരണഘടന ചില പ്രത്യേക വിഭാഗങ്ങൾക്ക് നൽകുന്ന സംവരണാനുകൂല്യം കാലഹരണപ്പെട്ടതും അടിയന്തരമായി നിർത്തലാക്കേണ്ടതുമാണെന്നാണ് നല്ലൊരു ശതമാനം അധ്യാപകരുടെയും ധാരണ.

6. ആദിവാസി ദളിത് വിഭാഗങ്ങളിലെ കുട്ടികൾ സ്കോളർഷിപ്പിനായി മാത്രമാണ് സ്കൂളുകളിൽ എത്തുന്നത് എന്ന സവർണ ബോധ്യങ്ങൾ പല അധ്യാപകരെയും ഭരിക്കുന്നു.

7. കുടുംബവും മതവും സമൂഹവും ഊട്ടി വളർത്തുന്ന പാട്രിയാർക്കൽ ബോധ്യങ്ങളാണ് ബഹുഭൂരിപക്ഷം അധ്യാപകരെയും നയിക്കുന്നത് .

8 . ആണും പെണ്ണും മാത്രമല്ല ട്രാൻസ് വിഭാഗങ്ങൾ കൂടി ഉൾപ്പെടുന്നതാണ് സമൂഹമെന്നൊ ജനാധിപത്യവിദ്യാഭ്യാസ മെന്നൊ ഉള്ള സാമാന്യ ധാരണ പോലും ഇല്ലാത്തവരാണ് ബഹുഭൂരിപക്ഷം അധ്യാപകരും .

മേൽപ്പറഞ്ഞ ധാരണകളും നിലപാടുകളും ഒരു ജനാധിപത്യ പരിഷ്കൃത സമൂഹത്തിലെ അധ്യാപകർക്ക് ഉണ്ടാകുന്നത് അത്യന്തം അപകടകരമായതിനാൽ അവ പരിഹരിക്കുന്നതിനാവശ്യമായ അധ്യാപക പരിശീലനങ്ങളും തുടർ പരിശീലനങ്ങളും ഉണ്ടാകേണ്ടതാണ് .

ആണധികാര മൂല്യങ്ങൾ ഒരു സാമൂഹ്യ നിർമിതി ആയിരിക്കുന്നത് കൊണ്ട് തന്നെ അതിനെ സാമൂഹികമായി മാത്രമേ നേരിടാനും തകർക്കാനും കഴിയൂ. അതിനുതകുന്ന ഏറ്റവും മികച്ച സാമൂഹിക സ്ഥാപനമെന്ന നിലയ്ക്ക് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ സർക്കാർ നേതൃത്വത്തിൽ തന്നെ നടക്കേണ്ടതുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 14 വിഭാവനം ചെയ്യുന്ന ലിംഗസമത്വം യാഥാർഥ്യമാവണമെങ്കിൽ പാഠ്യപദ്ധതിയിലും പാഠപുസ്തകങ്ങളിലും ബോധന രീതികളിലും മാത്രമല്ല ഇവ കുട്ടികളിലേക്കെത്തിക്കുന്ന അധ്യാപകരിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടത് അത്യാവശ്യമാണ്. നിർഭാഗ്യവശാൽ സമൂഹം നിഷ്കർഷിക്കുന്ന ആണധികാര സദാചാര നിയമങ്ങളുടെ സംരക്ഷണം ഏറ്റെടുത്തു നടപ്പാക്കുന്നവരാണ് നല്ലൊരു ശതമാനം അധ്യാപകരും.

ജ്ഞാന വിനിമയത്തിലെ പ്രധാന കണ്ണി എന്ന നിലയിലും പഠനത്തിലും ഉന്നമനത്തിലും സ്വഭാവരൂപീകരണത്തിലും തുടങ്ങി കുട്ടികളുടെ സർവതോന്മുഖമായ വികാസത്തിലും മുഖ്യപങ്കുവഹിക്കുന്നവർ എന്ന നിലയിലും അധ്യാപകർ ആൺ മേധാവിത്വ പ്രവണതകൾക്ക് ഒരുതരത്തിലും വിധേയപ്പെടുന്നവരാകരുത്. പക്ഷെ കുടുംബത്തിലും സമൂഹത്തിലും പിടിമുറുക്കിയിരിക്കുന്ന പുരുഷാധിപത്യ വ്യവസ്ഥയിലൂടെ കടന്നുവരുന്നവർ എന്ന നിലയ്ക്ക് ചിന്തയിലും സ്വഭാവത്തിലും പെരുമാറ്റത്തിലുമെല്ലാം പാട്രിയാർക്കിയുടെ സ്വാധീനമുള്ള വിഭാഗം തന്നെയാണ് അധ്യാപകരും. ഭരണഘടനയോടും പഠിച്ച ബോധനശാസ്ത്രത്തോടും തൊഴിൽ ധാർമികതയോടും ഉള്ളതിനേക്കാൾ കൂറും വിശ്വാസവും അധ്യാപക സമൂഹം അറിഞ്ഞോ അറിയാതെയോ വ്യവസ്ഥയോട് പുലർത്തുന്നുണ്ട്.പാട്രിയാർക്കിയുടെ അലിഖിത നിയമങ്ങളാണ് വിദ്യാലയങ്ങളിലും നടപ്പിലാക്കി വരുന്നത്. ആണും പെണ്ണും എന്ന വേർതിരിവ് കുടുംബത്തിൽ നിന്ന് പകർന്നു കിട്ടിയാലും ഇല്ലെങ്കിലും അതൊരു യാ

ഥാർത്ഥ്യമായി കുട്ടികൾ അറിഞ്ഞു തുടങ്ങുന്നത് സ്കൂളുകളിൽ എത്തുന്നതോടുകൂടിയാണ്. ക്ലാസ് റൂമുകളിലെ ഇരിപ്പ് , യൂണിഫോം , കളിസ്ഥലങ്ങളിലെ വേർതിരിവ് , അസംബ്ലിയിലെ നിൽപ്പ് , ഹാജർ ബുക്കിലെ തരംതിരിവ് , ചില സ്കൂളുകളിലെങ്കിലും സ്കൂൾ ഡയറികളിൽ നൽകിയിരിക്കുന്ന ആൺകുട്ടിക്കും പെൺകുട്ടിക്കുമുള്ള പ്രത്യേകം പ്രത്യേകം നിർദ്ദേശങ്ങൾ എന്നിവയിലൂടെ കുട്ടികളിലെ ആൺ-പെൺ ബോധ്യങ്ങളിൽ മേൽ കീഴ് നില നിശ്ചയിച്ചുറപ്പിക്ക പ്പെടുന്നുണ്ട്.

തൊഴിൽ ധാർമികത അനുസരിച്ച് ജാതി, മതം, വർഗം, വർണം, സാമ്പത്തികനില, ഭാഷ , ലിംഗം, ജന്മസ്ഥലം എന്നീ പരിഗണനകളില്ലാതെ നീതി , പക്ഷപാത രഹിത്യം എന്നീ മൂല്യങ്ങളെ ബഹുമാനിക്കുന്ന ആളാകണം അധ്യാപകൻ എന്നുണ്ട്. മേൽപ്പറഞ്ഞ പരിഗണനകളിൽ വിദ്യാലയാന്തരീക്ഷത്തെ കൃത്യമായി വിഭജിക്കുന്നത് ലിംഗ പരിഗണനകളാണെന്ന് കാണാം. ക്ലാസ് റൂമുകളിൽ കുട്ടികളെ രണ്ടു വശങ്ങളിലായി തരംതിരിച്ച് ഇരുത്തുന്നതിൽ തുടങ്ങി കളിസ്ഥലങ്ങളിലും ഭക്ഷണം കഴിക്കുന്നിടത്തും അസംബ്ലിയിലും ഇൻറർവെൽ സമയത്തും സ്കൂൾ വിട്ടു പുറത്തു പോകുമ്പോഴുമൊക്കെ കൃത്യമായി ലിംഗം തിരിച്ച് ഇടങ്ങൾ നിശ്ചയിച്ച് നൽകുന്നുണ്ട് .ഹാജർ ബുക്കിൽ അക്ഷരമാലാക്രമത്തിൽ ആൺകുട്ടികളുടെ പേര് എഴുതിയതിനു ശേഷം മാത്രം പെൺകുട്ടികളുടെ പേര് എഴുതുന്ന രീതി കോടതി ഉത്തരവനുസരിച്ച് റദ്ദാക്കപ്പെട്ടിട്ടുള്ളതാണെങ്കിലും ബഹുഭൂരിപക്ഷം സ്കൂളുകളിലും പഴയ 'ആചാരം' തുടരുന്നതായി കാണാം .അഡ്മിഷൻ രജിസ്റ്ററിലും ട്രാൻസ്ഫർ സർട്ടിഫിക്കറ്റിലും രക്ഷ കർത്താവായി പിതാവിൻറെ പേര് മാത്രം എഴുതുന്ന രീതിയും ആചാരബദ്ധമെന്നേ പറയാൻ കഴിയൂ . അങ്ങനെ എഴുതാനായി പ്രത്യേകിച്ച് സർക്കാർ ഓർഡർ ഉള്ളതായി അറിയില്ല. സർക്കാർ ഓർഡർ ഇല്ലെങ്കിലും പാട്രിയാർക്കിയുടെ ഓർഡർ ശക്തവും അലംഘനീയവുമാണെന്നാണ് ഇക്കാര്യങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത്. സ്കൂളുകളിലെ അച്ചടക്കവും ആഭിജാത്യവും സദാചാരപരതയും കൊട്ടിക്കേറുന്നത് സ്കൂൾ യൂണിഫോമുകളിലാണെന്ന് കാണാം. സ്കൂൾ യൂണിഫോമിൻറെ കളറും വേഷരീതിയും മാത്രമല്ല തയ്പ്പിക്കുന്ന രീതിയും കോട്ട് വേണമോ വേണ്ടയോ എന്നതും ചുരിദാറിന്റെ കയ്യുടെ ഇറക്കം , സ്ലിറ്റിന്റെ നീളം തുടങ്ങി സൂക്ഷ്മാംശങ്ങളി ലെല്ലാം സ്കൂളിന്റെ ഡിസിപ്ലിൻ കമ്മിറ്റി തീരുമാനമെടുത്തു നടപ്പിലാക്കും . കുട്ടികളുടെ സ്വകാര്യത മാനിച്ച് സ്കൂളിൽ വച്ച് തന്നെ പരിഹരിക്കാവുന്ന വിഷയങ്ങളെ ലോകം മുഴുവൻ അറിയിച്ച് ഭൂകമ്പമാക്കി മാറ്റിയാണ് പ്രൈവറ്റ് മാനേജ്മെൻറ് സ്കൂളുകൾ തങ്ങളുടെ അന്തസ്സും ആഭിജാത്യവും നിലനിർത്തുന്നത് . പല സ്കൂളുകളും കുട്ടികൾക്കായി നൽകുന്ന സ്കൂൾ ഡയറിയിലെ നിയമാവലികളും നിർദേശങ്ങളും വായിച്ചാൽ അത് സ്കൂൾ ഡയറിയാണോ അതോ , ജയിൽ പുള്ളികൾക്കായുള്ള ജയിൽ ഡയറി ആണോ എന്ന സംശയം ആർക്കും ഉണ്ടാവും . ചില സ്കൂളുകളിലെങ്കിലും അധ്യാപകർക്കായി ആൺ-പെൺ സ്റ്റാഫ് റൂമുകൾ വെവ്വേറെ തന്നെയുണ്ട്. അധ്യാപകർ ശാസ്ത്രത്തോടും ഭരണഘടനയോടും ജനാധിപത്യ സങ്കല്പങ്ങളോടും പ്രൊഫഷണൽ എത്തിക്സിനോടും ഉള്ളതിനേക്കാൾ കൂറും വിശ്വാസവും തങ്ങളുടെ വിശ്വാസങ്ങൾക്കും ആചാരങ്ങൾ



ക്കും നൽകുന്നത് കാര്യങ്ങളെ കൂടുതൽ ഗുരുതരമാക്കി മാറ്റും.

കേരളത്തിലെ അധ്യാപക സമൂഹത്തിൽ 70 ശതമാനവും സ്ത്രീകൾ ആണെന്നിരിക്കെ നമ്മുടെ സ്റ്റാഫ് റൂമുകൾ എത്രത്തോളം സ്ത്രീ സൗഹാർദ്ദപരമാണ് എന്ന കാര്യവും ചർച്ച ചെയ്യേണ്ടതാണ്. സമൂഹത്തിൽ നിറഞ്ഞുനിൽക്കുന്ന സ്ത്രീവിരുദ്ധ പ്രവണതകളുടെ ചെറിയ സങ്കേതങ്ങളാണ് ബഹുഭൂരിപക്ഷം സ്റ്റാഫ് റൂമുകളും. ജൻഡർ സെൻസിറ്റീവായി ചിന്തിക്കുന്ന അധ്യാപകർ മിക്കപ്പോഴും ഒറ്റപ്പെട്ടു പോകുന്ന അവസ്ഥയും നിലവിലുണ്ട്. സ്ത്രീവിരുദ്ധത എന്താണെന്ന് തന്നെ അറിയാത്തവർ പറയുന്ന സ്ത്രീവിരുദ്ധമായ തമാശകളും പരിഹാസങ്ങളും ആഘോഷമാക്കുന്ന ഇടങ്ങളായി അവ മാറി പ്പോകുന്നുണ്ട് .ഇത്തരം പ്രവണതകളെ തിരിച്ചറിഞ്ഞ് പ്രതിഷേധിക്കുകയും പ്രതിരോധിക്കുകയും ചെയ്യേണ്ട അധ്യാപികമാർ പോലും നിശ്ശബ്ദത പാലിക്കുകയോ കൈയടിച്ചു പ്രോത്സാഹിപ്പിക്കുകയോ ചെയ്യുകയാണ് പതിവ്. അധ്യാപകരുടെ സോഷ്യൽ മീഡിയ ഗ്രൂപ്പുകളിലെ നുരഞ്ഞു പൊന്തുന്ന സ്ത്രീവിരുദ്ധ പോസ്റ്റുകളും അവയ്ക്ക് കിട്ടുന്ന നിറഞ്ഞ സ്വീകാര്യതയും ആശങ്കയുണ്ടാക്കുന്നതാണ് .സ്ത്രീവിരുദ്ധത , ബോഡി ഷെയ്മിങ് , ട്രാൻസ് വിരുദ്ധത എന്നിവ തിരിച്ചറിയാൻ പോലും കഴിയാത്തവരായി നല്ലൊരു വിഭാഗം അധ്യാപകർ മാറുന്നു എന്നത് വലിയ നിരാശ ഉണ്ടാക്കുന്നുണ്ട് . സ്ഥാപനമേധാവികളായി സ്ത്രീകൾ വരുന്ന സ്ഥാപനങ്ങളിൽ എന്തെങ്കിലും പാളിച്ചകൾ സംഭവിച്ചാൽ കൃത്യസമയത്ത് തന്നെ , അത് മേധാവി സ്ത്രീയായതുകൊണ്ടാണെന്ന പൊതുബോധം വണ്ടി വിളിച്ച് പാഞ്ഞു വരുന്നത് കാണാം . സംഗതി തിരിച്ചാണെങ്കിൽ വിദ്യാലയാന്തരീക്ഷത്തിൽ ഇതൊക്കെ സ്വാഭാവികം എന്ന് പറഞ്ഞ് പൊതുബോധം പൊത്തിലൊളിക്കും . ഒരു വിദ്യാഭ്യാസ സ്ഥാപനത്തെക്കുറിച്ച് ഒരു അധ്യാപകൻ പറഞ്ഞ പരാതി 'അവിടെ പെൺഭരണമാണ് 'എന്നത്രെ! ഭരിക്കേണ്ട ഇടങ്ങളിൽ പെണ്ണുങ്ങളിരുന്നാൽ ചൊറിച്ചിൽ വരുന്നവരോട് മാറിയിരുന്ന് ചൊറിയാൻ പറയാനേ തൽക്കാലം നിവൃത്തിയുള്ളൂ. കേരളത്തിലെ അധ്യാപികമാർ സാരി ധരിച്ച് മാത്രം സ്ഥാപനങ്ങളിൽ എത്തിയിരുന്ന കാലത്ത് വേഷത്തിൽ പരിഷ്കരണം വരുത്തിയ അധ്യാപികമാർ കേട്ട സദാചാരപ്പഴികൾക്ക് കണക്കില്ല .സ്ത്രീകളുടെ വസ്ത്രധാരണം അവരുടെ സ്വാതന്ത്ര്യവും സൗകര്യവും ആണെങ്കിലും അതിൽ തീരുമാനമെടുക്കാനുള്ള കുത്തക തങ്ങൾക്കാണെന്ന ആൺ ബോധ്യങ്ങൾക്ക് തൽക്കാലം താടിക്ക് കൈയ്യും കുത്തിയിരിക്കാനേ പറ്റൂ.

സ്ത്രീകളെക്കുറിച്ചുള്ള ഒട്ടുമിക്ക നിയമങ്ങളും ചർച്ച ചെയ്യുന്ന നമ്മുടെ വിദ്യാലയങ്ങളിൽ 2013 ൽ പുറത്തിറങ്ങിയ The Sexual Harassment of Women at Workplace ( Prevention , Prohibition and Redressal ) Act നെക്കുറിച്ച് കേട്ടുകേൾവി പോലുമില്ലെന്നതിൽ ഒട്ടും അതിശയിക്കേണ്ട കാര്യമില്ല. .പത്തോ അതിൽകൂടുതലോ സ്ത്രീകൾ തൊഴിലെടുക്കുന്ന എല്ലാ സ്ഥാപനങ്ങളിലും lnternal Complaints Committee (ICC) രൂപീകരിക്കാനായി നമുക്കിനിയും എത്രയോ നൂറ്റാണ്ട് ബാക്കിയുണ്ട്!

ആൺ, പെൺ ട്രാൻസ്ജെൻഡർ എന്നീ മൂന്നു വിഭാഗങ്ങളിൽ ആണിനെയും പെണ്ണിനെയും മാത്രമേ വിവേചനങ്ങളോടെ അഭിസംബോധന ചെയ്യാൻ നമ്മുടെ വിദ്യാഭ്യാസത്തിനായിട്ടുള്ളു. ട്രാൻസ് വിഭാഗങ്ങളെ മനസ്സിലാക്കുന്നതിനോ അവർ കൂടി ഉൾപ്പെടുന്നതാവണം നമ്മുടെ വിദ്യാഭ്യാസമെന്ന് തിരിച്ചറിയുന്നതിനോ നമ്മുടെ അധ്യാപക സമൂഹത്തിന് കഴിഞ്ഞിട്ടില്ല. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ സ്കൂൾ വിദ്യാഭ്യാസ വകുപ്പിൻറെ ഭാഗമായി ഉണ്ടായിട്ടുമില്ല. അതുകൊണ്ട് ട്രാൻസ് വിഭാഗങ്ങളെക്കൂടി ഉൾക്കൊള്ളുന്ന പരിഷ്കരിച്ച പാഠ്യപദ്ധതി ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. അടിസ്ഥാനപരമായി തൻറെ ജൻഡർ എന്താണെന്ന് തീരുമാനിക്കുന്നത് ആ വ്യക്തി തന്നെ ആണെന്നിരിക്കെ നമ്മുടെ സ്കൂൾ / ഹയർ സെക്കൻഡറി തലത്തിൽ ട്രാൻസ് വിഭാഗത്തിൽപ്പെടുന്ന ഒരു കുട്ടി തന്റെ ജെൻഡർ വെളിപ്പെടുത്തി അഡ്മിഷൻ എടുത്താൽ സിസ് ജെൻഡറിനകത്ത് (ആൺ/പെൺ) മാത്രം കുടുങ്ങിക്കിടക്കുന്ന അധ്യാപക വിദ്യാർത്ഥി സമൂഹത്തിൽ നിന്ന് ആ കുട്ടി നേരിടേണ്ടിവരുന്ന മാനസിക പ്രയാസങ്ങൾ എത്രയാണെന്ന് ഊഹിക്കാൻ പോലുമാവില്ല. സമൂഹം ഓരോ ജെൻഡറിനും കൽപ്പിച്ചു കൊടുത്ത സദാചാര പാഠങ്ങളാണ് അവർക്കിടയിൽ അസമത്വം സൃഷ്ടിക്കുന്നത്. കുടുംബവും മതവും സമൂഹവും പഠിപ്പിച്ചു വിടുന്ന സദാചാര പാഠങ്ങൾ ആവർത്തിച്ചുറപ്പിക്കുന്ന സാമൂഹ്യസ്ഥാപനങ്ങളല്ല സ്കൂളുകളെന്ന് കുറഞ്ഞപക്ഷം അധ്യാപകർ എങ്കിലും മനസ്സിലാക്കണം. ആ മനസ്സിലാക്കൽ പ്രക്രിയ സ്വയമേവ സംഭവിക്കില്ല എന്നതുകൊണ്ട് കൃത്യമായ പരിശീലനവും ഫലപരിശോധനയും വേണം . ജെൻഡർ എന്നത് ആണും പെണ്ണും മാത്രമല്ലെന്നും ഈ രണ്ടു വിഭാഗത്തിന്റെയും സൗന്ദര്യത്തെക്കൂടി ആവാഹിക്കുന്ന മറ്റൊരു വലിയ വിഭാഗത്തെ കൂടി ഉൾക്കൊള്ളുന്ന ഒരു സ്പെക്ട്രമാണെന്നും ഇതുവരെ തിരിയാത്ത അധ്യാപകരുണ്ടെങ്കിൽ അത് ബോധ്യപ്പെടുത്തിക്കൊടുക്കാനുള്ള ഉത്തരവാദിത്വം വിദ്യാഭ്യാസവകുപ്പിനുണ്ട്. എല്ലാ ലിംഗ വിഭാഗങ്ങൾക്കും തുല്യനീതി എന്നതാണ് ജനാധിപത്യ സർക്കാരുകളുടെ പൊതുനയം. അതുകൊണ്ടുതന്നെ ലിംഗനീതിയെയും ലിംഗ സമത്വത്തെയും കുറിച്ചുള്ള മാറിയ ബോധ്യങ്ങൾ അധ്യാപകരിലും കുട്ടികളിലും പൊതുസമൂഹത്തിലും എത്തേണ്ടതുണ്ട്. ലിംഗനീതി ഒരു പുരോഗമന ജനാധിപത്യ സമൂഹത്തിന്റെ മുഖമുദ്രയാണെന്നിരിക്കെ അത് സാധ്യമാക്കാനുള്ള ശ്രമങ്ങൾ തുടങ്ങാൻ ഇനിയും വൈകരുത്. പുരോഗമന ആശയങ്ങൾ പിന്തുടരുന്ന പല രാജ്യങ്ങളിലും ജെൻഡർ പ്രൈമറി തലം മുതൽ പഠനവിഷയമാണ് എ

ന്നുള്ള കാര്യം നമുക്ക് മാതൃകയാകേണ്ടതുണ്ട്.

ആൺകുട്ടി എങ്ങനെ ആയിരിക്കണം , പെൺകുട്ടി എങ്ങനെ ആയിരിക്കണം എന്നുള്ള സദാചാര ക്ലാസുകൾ സിലബസിന് പുറത്തുള്ളതാണെങ്കിലും അത്തരം ക്ലാസ്സെടുക്കുന്നതിനായി പ്രത്യേകിച്ച് പ്രതിഫലമൊന്നും ലഭിക്കുന്നില്ല എങ്കിലും നല്ലൊരു ശതമാനം അധ്യാപകരും അത്തരം പാഠങ്ങൾ പകർന്നു നൽകുന്നതിൽ അതീവ തല്പരരാണ്. പഠന പ്രവർത്തനങ്ങളിലും കുട്ടികളുടെ സർവതോന്മുഖമായ വളർച്ചയിലും കാര്യമായ ശ്രദ്ധ പുലർത്താത്തവർ പോലും പെൺകുട്ടികൾക്ക് മാത്രമായി സദാചാര പാഠങ്ങൾ പകർന്നു കൊടുക്കുന്നതിൽ അതീവ ശ്രദ്ധവച്ചു പുലർത്താറുണ്ട്. ആൺകുട്ടികളുടെ സോഷ്യൽ മീഡിയ ഉപയോഗത്തിൽ അത്രതന്നെ ആശങ്ക പ്പെടാത്തവർ പെൺകുട്ടികളുടെ സോഷ്യൽ മീഡിയ ഉപയോഗത്തെക്കുറിച്ച് അത്യന്തം ആശങ്കാകുലരാണ്. പി.ഇ.ടി. ക്ലാസ് സമയം ആൺകുട്ടികൾ കായിക വിനോദത്തിനായി ഉപയോഗിക്കുമ്പോൾ മിക്ക സ്കൂളുകളിലും പെൺകുട്ടികൾ ക്ലാസ് റൂമുകളിൽ തന്നെ ഒതുങ്ങി ക്കൂടാൻ നിർബന്ധിതരാകുന്നു.

അടക്കവും ഒതുക്കവും വിധേയത്വവും വീട്ടിൽ നിന്നും സമൂഹത്തിൽ നിന്നും സ്കൂളുകളിൽ നിന്നും പരിശീലിപ്പിക്കപ്പെടുന്ന പെൺകുട്ടികൾക്കായി നടത്തപ്പെടുന്ന കരാട്ടെ , തായ്കൊണ്ട തുടങ്ങിയ ആയോധന കലാ പരിശീലനങ്ങൾ പോലും അവരിൽ പ്രതിരോധത്തിന്റെ ഊർജ്ജം നിറയ്ക്കണമെന്നില്ല. തുല്യത എന്ന സങ്കല്പത്തെ കുറിച്ച്, ലിംഗനീതിയെക്കുറിച്ച് ,സാമാന്യ ധാരണ പോലുമില്ലാത്ത അധ്യാപകർക്ക് അവ കുട്ടികൾക്ക് പകർന്നു കൊടുക്കാനാവില്ല . അരുതുകളുടെ , വിലക്കുകളുടെ രുചി അറിഞ്ഞിട്ടില്ലാത്ത ആൺകുട്ടികൾ തങ്ങളുടെ ആവശ്യങ്ങൾ എപ്പോഴെങ്കിലും നിരസിക്കപ്പെടുമ്പോൾ അന്യ ജീവനപഹരിക്കാൻ പോലും കൂസലില്ലാത്തവരായി മാറുന്നത് വലിയ വിപത്തിൻറെ സൂചനയാണ്. അത്തരക്കാരെ ന്യായീകരിക്കാനും അവർ ചെയ്യുന്ന ക്രൂരതകളെ നിസ്സാരവൽക്കരിക്കാനും പൊതുസമൂഹത്തിൽ നിന്നെന്ന പോലെ മാധ്യമങ്ങളുടെ ഭാഗത്തുനിന്നും ശ്രമങ്ങളുണ്ടാകുന്നത് നാം എത്തിച്ചേർന്നിരിക്കുന്ന ദുരന്ത മുഖത്തെ കൂടുതൽ വ്യക്തമാക്കുന്നുണ്ട് . ഭാവി സമൂഹം ക്ലാസ് മുറികളിലാണെന്ന് പ്രസംഗിക്കുകയും വർത്തമാനകാലത്തിൽ ഇരുന്നുകൊണ്ട് ഭാവി സമൂഹമാകേണ്ടവരെ വ്യവസ്ഥയാകുന്ന ഭൂതത്തിൽ കെട്ടിയിടുകയും ചെയ്യുന്നവരായി അധ്യാപകർ മാറരുത് . അദ്ധ്യാപകൻ ഒരു അധികാര രൂപമായി മാറുമ്പോൾ വിദ്യാലയം എന്ന സ്ഥാപനത്തിലെ ജനാധിപത്യ സങ്കല്പങ്ങൾ അട്ടിമറിക്കപ്പെടുകയാണ് ചെയ്യുന്നത്. പുരുഷൻ സർവതന്ത്ര സ്വതന്ത്രനാണെന്നും സ്ത്രീ അടിമയാണെന്നും പുരുഷാധികാരം സ്വാഭാവികമായി നടപ്പിലാക്കേണ്ട ഒന്നാണെന്നും പഠിച്ചു വച്ചിരിക്കുന്ന അധ്യാപകരിൽ നിന്ന് തുല്യതയുടെ , ലിംഗനീതിയുടെ പാഠങ്ങൾ കുട്ടികൾക്ക് പകർന്നു കിട്ടില്ല. പുരുഷാധിപത്യ മൂല്യവ്യവസ്ഥയാൽ നിയന്ത്രിക്കപ്പെടുന്ന കുടുംബത്തിലും സമൂഹത്തിലും സ്ത്രീവിരുദ്ധ നിലപാടുകൾ തികച്ചും സ്വാഭാവികമായിത്തന്നെ അംഗീകരിക്കപ്പെടുമ്പോൾ അവയെ തിരുത്തേണ്ട സാമൂഹ്യ സ്ഥാപനങ്ങളായി വിദ്യാലയങ്ങൾ മാറേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. തുല്യതയുടെ , ലിംഗനീതിയുടെ , പരസ്പര ബഹുമാനത്തിന്റെ സഹവർത്തിത്വത്തിന്റെ ബാലപാഠങ്ങൾ കുടുംബത്തിൽ നിന്ന് കിട്ടിയിട്ടില്ലാത്ത കുട്ടികൾക്ക് അവ പകർന്നു നൽകുന്ന പ്രാഥമിക കേന്ദ്രങ്ങളായി വിദ്യാലയങ്ങൾ മാറണമെങ്കിൽ അവിടെ അധ്യാപനം നടത്തുന്നവർ ആദ്യം മാറേണ്ടതുണ്ട്. ആ മാറ്റം സ്വയമേവ സംഭവിക്കുകയില്ല എന്നതിന് നമ്മുടെ വിദ്യാഭ്യാസത്തിന്റെ തുടക്കം മുതൽ ഇന്നുവരെയുള്ള അധ്യാപക സമൂഹം തെളിവ് നൽകും. അസമത്വങ്ങളും അനീതികളും സൃഷ്ടിക്കുന്ന , തികച്ചും ജനാധിപത്യവിരുദ്ധവും മനുഷ്യ വിരുദ്ധവുമായ പുരുഷാധിപത്യം എന്ന അധികാര വ്യവസ്ഥ ഉണ്ടാക്കുന്ന കെടുതികളെ തങ്ങൾ വ്യാപരിക്കുന്ന വിദ്യാലയാന്തരീക്ഷത്തിൽനിന്ന് ഇല്ലാതാക്കാൻ അധ്യാപകർക്ക് കഴിയേണ്ടതുണ്ട്. അതുകൊണ്ട് വിദ്യാലയങ്ങളിൽ നടത്തിവരുന്ന പെൺകുട്ടികൾക്ക് മാത്രമായുള്ള സദാചാര ക്ലാസ്സുകളും സാരോപദേശങ്ങളും നമുക്ക് മതിയാക്കാം. അതിന്റെ ഭാഗമായി ആദ്യം അധ്യാപകർക്ക് ജെൻഡർ സെൻസിറ്റിവിറ്റി ക്ലാസുകൾ നൽകാം. ആണും പെണ്ണും പരസ്പരം മനസ്സിലാക്കേണ്ടത് എങ്ങനെയെന്നും ബഹുമാനിക്കുകയും സഹവർത്തിത്വത്തോടെ പുലരുകയും ചെയ്യേണ്ടത് എങ്ങനെയെന്നും ഇതര ലൈംഗിക വിഭാഗങ്ങളെ ഉൾക്കൊള്ളുകയും ചേർത്തു നിർത്തുകയും ചെയ്യേണ്ടതെങ്ങനെയെന്നും ആദ്യം മനസ്സിലാക്കേണ്ടത് അധ്യാപകരായതിനാൽ ആദ്യ ജൻഡർ സെൻസിറ്റിവിറ്റി ക്ലാസുകൾ അവർക്കാകട്ടെ. ഒപ്പം സ്ഥാപന മേധാവികൾക്കും പാഠപുസ്തക കമ്മിറ്റികളിലെ വിദഗ്ദ്ധർക്കും ഇത് അത്യാവശ്യമാണ്.

**ആൺകുട്ടി എങ്ങനെ ആയിരിക്കണം , പെൺകുട്ടി എങ്ങനെ ആയിരിക്കണം എന്നുള്ള സദാചാര ക്ലാസുകൾ സിലബസിന് പുറത്തുള്ളതാണെങ്കിലും അത്തരം ക്ലാസ്സെടുക്കുന്നതിനായി പ്രത്യേകിച്ച് പ്രതിഫലമൊന്നും ലഭിക്കുന്നില്ല എങ്കിലും നല്ലൊരു ശതമാനം അധ്യാപകരും അത്തരം പാഠങ്ങൾ പകർന്നു നൽകുന്നതിൽ അതീവ തല്പരരാണ് .**

ചർച്ചാവിഷയം





**കുസുമം ജോസഫ്**
പരിസ്ഥിതി പ്രവർത്തകയും
റിട്ട.കോളജധ്യാപികയുമാണ്.മേധാപട്കർ
നയിക്കുന്ന NAPM ന്റെ കേരളത്തിൽ
നിന്നുള്ള ദേശീയ് പ്രതിനിധി.

# വേണം ഒരു ഹരിത കരിക്കുലം



കുഞ്ഞുങ്ങൾക്ക് സ്കൂൾ അന്യമായ രണ്ടു വർഷങ്ങളാണ് കടന്നുപോകുന്നത്.സ്കൂൾ തുറക്കുന്നതിനെപ്പറ്റി ചിന്തിക്കുമ്പോഴും ചെറിയ ക്ലാസ്സിലെ കുട്ടികളെ വിദ്യാലയങ്ങളിലേക്ക് പ്രതീക്ഷിക്കുന്നില്ല.അവർക്കും സ്കൂൾ അനുഭവം പ്രധാനമാണ്. ഒന്നിച്ചിരിക്കുക, കളികളിലൂടെ പഠിക്കുക,ടീച്ചറിൽ നിന്ന് കേട്ടും കണ്ടും മനസ്സിലാക്കുക ഇതൊക്ക നിഷേധിക്കപ്പെടുകയാണ്. കോവിഡ് മഹാമാരി, മുഴുവൻ മനുഷ്യരുടെയും സഞ്ചാരത്തിനു നിയന്ത്രണം കൊണ്ടുവന്നപ്പോൾ അപരരോട് സാമൂഹ്യ അകലം പാലിക്കാൻ നിർബന്ധിതരായ കുട്ടികൾ വീടിന്റെ നാല് ചുവരുകൾക്കുള്ളിൽ തടവിലാക്കപ്പെട്ടു. പ്രകൃതി ദുരന്തങ്ങൾ എന്ന് നമ്മൾ സാധാരണ വിവക്ഷിക്കുന്ന അതിവർഷം, അത്യുഷ്ണം, കൊടുങ്കാറ്റ്, കടൽക്ഷോഭം,ഉരുൾപൊട്ടൽ എന്നിവയെല്ലാം പോലെ മറ്റൊരു പ്രകൃതിദുരന്തം തന്നെയാണ് കോവിഡ് മഹാമാരി.

എന്താണ് തങ്ങളുടെ ജീവിതത്തിൽ, ചുറ്റുപാടിൽ സംഭവിക്കുന്നത് എന്ന് കുട്ടികൾ തിരിച്ചറിയണം.ഈ ഭൂമിയിൽ തന്റെ നിലനിൽപ്പ് ദുഷ്ക്കരമാക്കുന്ന ഓരോ പ്രതിഭാസത്തേയും തിരിച്ചറിഞ്ഞു തന്നെ ജീവിക്കണം.ചുറ്റുമുള്ള പ്രകൃതിയെ മനസ്സിലാക്കാൻ, വെല്ലുവിളികൾ ഏറ്റെടുക്കാൻ,ദുരന്തങ്ങളെ സാധ്യമായിടത്തോളം പ്രതിരോധിക്കാൻ തുടങ്ങി അനിവാര്യമായവയെ നേരിടാനും മറികടക്കാനും കുട്ടികളെ പ്രാപ്തരാക്കണം.അതിനു പാഠ്യപദ്ധതിയിൽ പരിസ്ഥിതിവിഷയം ഗൗരവത്തോടെ ഉൾപ്പെടുത്തണം.

യുനെസ്കോ 2021 മെയ് 17 മുതൽ 19 വരെ നടത്തിയ കോൺഫറൻസ് (World Conference on Education for Sustainable Development ) ന് ശേഷം പുറത്തിറക്കിയ പഠനത്തിൽ (Learn for your Planet) പരിസ്ഥിതി വിഷയങ്ങൾ എങ്ങനെയാണ് വിദ്യാഭ്യാസപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് എന്ന് വിശദമായി ചർച്ച ചെയ്യുന്നു. യു എൻ, അംഗരാജ്യങ്ങളിലെ വിദ്യാഭ്യാസ വിദഗ്ധരുമായും അധ്യാപകരുമായും സാധാരണ ജനങ്ങളുമായും സുദീർഘമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഈ പാൻഡെമിക് കാലത്തും പ്രധാന വിഷയമായി ഭൂരിഭാഗം മനുഷ്യരും വിചാരിക്കുന്നത് കാലാവസ്ഥ വ്യതിയാനവും ജൈവവൈവിധ്യ തകർച്ചയും ആണ്. ലോകത്ത് ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തിയ വർഷമാണ് 2020. ലക്ഷക്കണക്കിന് ജീവവർഗ്ഗങ്ങൾ ഭൂമിയിൽ നിന്നും അപ്രത്യക്ഷമായി. മനുഷ്യവർഗ്ഗം ഇപ്പോഴത്തെ നിലയ്ക്കുള്ള ഉപയോഗം തുടർന്നാൽ 2050 ആകുമ്പോഴേക്കും നമ്മുടെ ആവശ്യങ്ങൾക്ക് ഇതുപോലുള്ള മൂന്നു ലോകങ്ങൾ വേണ്ടിവരും.അന്ന് ജീവിക്കേണ്ടത് ഇപ്പോഴത്തെ കുട്ടികളാണ്.അവർ ഇപ്പോൾ തന്നെ വരാനിരിക്കുന്ന ഭവിഷ്യത്ത് തിരിച്ചറിയണം ഇപ്പോൾ തുടരുന്ന ജീവിതരീതി നിലനിൽപ്പിന് പുതുക്കുന്നതല്ല എന്നും ജീവിതക്രമത്തിൽ ലോകമാകെ വലിയ മാറ്റങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട് എന്നും മനസ്സിലാക്കേണ്ടതുണ്ട്. ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണം അമിതമായ വ്യവസായവൽക്കരണവും ധനാർത്തിയുമാണ് എന്നും അറിയണം. മാറ്റം അനിവാര്യമാണ് എന്നിരിക്കെ അത് സാധ്യമാക്കിയത് കൃത്യമായ പരിസ്ഥിതി വിദ്യാഭ്യാസത്തിലൂടെ തന്നെയാണ്.

ഓരോ രാജ്യത്തെയും ഭരണകർത്താക്കൾ- നയങ്ങൾ രൂപീകരിക്കുന്നവർ തുടങ്ങിയവരെല്ലാം വേണ്ടരീതിയിൽ പരിസ്ഥിതി വിദ്യാഭ്യാസം ലഭിക്കാത്തവരാണ്.ആ പരിമിതി അവരുടെ വികസന കാഴ്ചപ്പാടുകളിൽ വ്യക്തവുമാണ്.ലോകമാകെ ഒരു ദുരന്ത മുഖത്ത് നിൽക്കുമ്പോഴും വമ്പൻ പദ്ധതികൾ രൂപീകരിക്കുന്നതിനെ പറ്റിയാണ് അധികാരികളുടെ ആലോചന. ആഗോളതാപനത്തിന്റെ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭയാനകമായ ദുരന്തങ്ങൾ അനുഭവിച്ചു തുടങ്ങിയിട്ടും അത് തിരിച്ചറിയാനുള്ള വിവേകം അധികാരികൾക്ക് ഉണ്ടാകുന്നില്ല.ഭീമൻ നിർമ്മാണങ്ങളിൽ നിന്ന്- പാരിസ്ഥിതിക ആഘാതങ്ങളുണ്ടാക്കുന്ന പ്രവൃത്തികളിൽ നിന്ന് ഒരടി പിറകോട്ടു മാറാൻ തയ്യാറാവാതെ നിൽക്കുന്ന ഭരണാധികാരികളെ തിരുത്താൻ സന്നദ്ധരായ, സജ്ജരായ ഒരു തലമുറ ഉണ്ടായി വരണം.

**ഗ്രേറ്റ തെൻബർഗ്:**

സ്വീഡനിലെ ഗ്രേറ്റ തെൻബർഗ് എന്ന വിദ്യാർഥിനി അധികാരത്തിനു നേരെ വിരലുയർത്താൻ, ക്ഷോഭിക്കാൻ തയ്യാറായി പുതുതലമുറയുടെ പ്രതീക്ഷയായി ഉയർന്നുവന്നു കഴിഞ്ഞു. അമേരിക്കൻ പ്രസിഡണ്ടിനു നേരെ ജ്വലിക്കുന്ന നോട്ടത്തോ




ടെ ഗ്രേറ്റ പ്രതികരിക്കുന്നത് മുഴുവൻ മനുഷ്യകുലത്തിനും വേണ്ടിയാണ്.നിങ്ങൾ ഞങ്ങളുടെ ഭാവി നശിപ്പിച്ചു കളഞ്ഞു എന്നാണ് ഗ്രേറ്റ മുതിർന്നവരോട് പ്രതികരിക്കുന്നത്. ഭാവിയെപ്പറ്റി പ്രതീക്ഷയില്ലാതെ ഞങ്ങളെന്തിന് പഠിക്കണമെന്ന്അവൾ ചോദിക്കുന്നു.കുട്ടികൾക്ക് അവകാശപ്പെട്ട ലോകത്തിന് മുതിർന്നവർ തീയിട്ടിരിക്കുന്നു എന്നാണ് ഗ്രേറ്റ പറഞ്ഞിരിക്കുന്നത്.ഈ അവബോധത്തിലേക്ക് മുഴുവൻ മനുഷ്യരെയും എത്തിക്കാനുള്ള ശ്രമമാണ് വെള്ളിയാഴ്ചകളിൽ സ്കൂൾ ഉപേക്ഷിച്ച് *Friday's* *for Future* എന്ന പേരിൽ നടത്തുന്നത്.ഇപ്പോൾ ഉള്ളതിനേക്കാൾ പ്രാധാന്യം പരിസ്ഥിതി വിഷയങ്ങൾക്ക് പാഠ്യപദ്ധതിയിൽ നൽകേണ്ടതിന്റെ ആവശ്യകത നമ്മൾ ഉൾക്കൊള്ളണം.

**അധ്യാപകർ**

പാഠ്യപദ്ധതിയിൽ പരിസ്ഥിതി വിഷയം ഉൾപ്പെടുത്തിയത് കൊണ്ടുമാത്രം പരിസ്ഥിതിക അവബോധത്തിലേക്കെത്തും എന്ന് വിശ്വസിക്കാനാവില്ല.അതുണ്ടാക്കി തീർക്കുന്നതിൽ അധ്യാപകർക്കും വലിയ പങ്ക് വഹിക്കാനുണ്ട്.യഥാർത്ഥത്തിൽ അധ്യാപക വിദ്യാർത്ഥികളുടെ (Teacher's Training Programme ) കരിക്കുലത്തിൽ ആണ് ആദ്യം പരിസ്ഥിതി പഠനം ഉൾപ്പെടുത്തേണ്ടത്. കാലാവസ്ഥാ വ്യതിയാനം എന്താണ്, എത്ര ശക്തമായ പ്രത്യാഘാതങ്ങളുണ്ടാക്കും മുതലായവയെപ്പറ്റിയുള്ള ധാരണ അധ്യാപകർക്ക് ഉണ്ടായാലേ കുട്ടികളെ പാരിസ്ഥിതിക ജാഗ്രതയിലേക്ക് നയിക്കാൻ അവർക്ക് സാധിക്കൂ. അധ്യാപകരും മറ്റ് സ്കൂൾ അധികൃതരും പ്രത്യേക താത്പര്യമെടുത്ത് ക്ലാസ് മുറിക്ക് പുറത്ത് പ്രകൃതി പഠനത്തിന് അവസരം ഒരുക്കണം.ചെറിയ ക്ലാസുകളിൽ കുട്ടികൾ ഇപ്പോൾ തന്നെ ചുറ്റുമുള്ള പ്രകൃതിയെ പഠിക്കുന്നുണ്ട്. പക്ഷികളെയും, മൃഗങ്ങളെയും, മരങ്ങളെയും,പുഴയെയും ഉൾപ്പെടുത്താതെ പഠനം സാധ്യമല്ലല്ലോ. പക്ഷേ തുടർന്നുള്ള ക്ലാസുകളിൽ ആനുപാതികമായ വളർച്ച പരിസ്ഥിതി പഠനത്തിൽ സംഭവിക്കുന്നില്ല. സസ്യജന്തു ശാസ്ത്രത്തിലും ജോഗ്രഫിയിലും ഉൾപ്പെടുന്ന പരിമിതമായ പ്രകൃതി/ പരിസ്ഥിതി വിജ്ഞാനം കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികൾ നേരിടാൻ പര്യാപ്തമല്ല.

ഓരോ പ്രദേശത്തെയും സൂക്ഷ്മമായ കാലാവസ്ഥ, പ്രകൃതി,കൃഷി,ഭക്ഷ്യവസ്തുക്കൾ, ജലാശയങ്ങൾ ഇവയൊക്കെ നേരിട്ട് കണ്ടറിയാൻ അവസരമൊരുക്കണം. മലിനീകരണം നിയന്ത്രിക്കാനും മാലിന്യ സംസ്കരണം ഉറവിടങ്ങളിൽ തന്നെ നടത്താനും ഉതകുന്ന പാഠങ്ങൾ ഉൾപ്പെടുത്തണം. ഓരോ സ്കൂളും കാലാവസ്ഥാ സൗഹൃദപരമാകണം.അതിനുതകുന്ന ഹ്രസ്വകാല/ ദീർഘകാല പരിപാടികൾ പാഠ്യപദ്ധതിയിൽ തന്നെ ഉൾപ്പെടുത്തണം. പ്രകൃതി അറിവിൽ പുഴകൾക്കും വനങ്ങൾക്കും ഒപ്പം പ്രകൃതി ദുരന്തം സംഭവിച്ച ഇടങ്ങൾ കൂടി ഉൾപ്പെടുത്തണം. മനുഷ്യന്റെ ജീവഹാനികൊപ്പം പക്ഷിമൃഗാദികളുടെ ജീവഹാനിയും ജൈവ വൈവിധ്യത്തകർച്ചയും മേൽമണ്ണു നഷ്ടപ്പെടലും കണ്ടറിയണം. ഗോത്ര സമൂഹത്തിന്റെ പരമ്പരാഗതമായ ജൈവവൈവിധ്യ സംരക്ഷണ സംസ്കൃതി മനസ്സിലാക്കാനും ആദരിക്കാനും പഠിക്കണം.

ഒക്ടോബർ 31 COP 26 ഗ്ലാസ്ഗ്രായിൽ ആരംഭിക്കുകയാണ്. IPPC (Inter Governmental Panal on Climate change) റിപ്പോർട്ട് വന്ന് മാസങ്ങൾക്ക് ഉള്ളിലാണ് 190 രാജ്യങ്ങളിലെ പ്രമുഖർ COP 26 ൽ ഒത്തുചേരുന്നത്.കാലാവസ്ഥാ വ്യതിയാനത്തിന് കാരണമായ ആഗോളതാപനം കുറച്ചുകൊണ്ടുവരാൻ രാജ്യങ്ങൾ സ്വീകരിക്കേണ്ട കർശന നടപടികളാണ് മീറ്റിങ്ങിൽ ചർച്ച ചെയ്യുന്നത്.അവിടെയും വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവരേണ്ട മാറ്റങ്ങൾ ചർച്ചയാവുക തന്നെ ചെയ്യും.

ചർച്ചാവിഷയം



ഡോ അശ്വതി കുഞ്ഞുമോൻ
അധ്യാപിക, ഗവേഷക

# സ്കൂൾ വിദ്യാഭ്യാസവും പുനർനിർമ്മിക്കപ്പെടുന്ന ലിംഗ-അസമത്വവും



ജൻഡർ എന്നത് തികച്ചും ഒരു സാമൂഹ്യ നിർമ്മിതിയാണ്.ആണും പെണ്ണും തമ്മിലുള്ള ജീവശാസ്ത്രപരമായ വ്യത്യാസമാണ് ലൈംഗികതയെ നിർവചിച്ചിരിക്കുന്നത്. എന്നാൽ സ്ത്രീലിംഗവും പുരുഷലിംഗവും തമ്മിലുള്ള സാമൂഹികമായി ഉൽപ്പാദിപ്പിക്കുന്ന വ്യത്യാസങ്ങളെയാണ് ലിംഗഭേദം അഥവാ ജൻഡർ. സമൂഹം ഓരോ ജൻഡറിൽ നിന്നും പ്രതീക്ഷിക്കുന്ന പ്രത്യേക ജീവിതരീതികളും പെരുമാറ്റചട്ടങ്ങളും ആണ് ഓരോ ജൻഡറിനെയും വ്യത്യസ്തമാക്കുന്നത്. എന്ന് മാത്രമല്ല ആ രീതികൾ പുനർനിർമ്മിച്ചു കൊണ്ടിരിക്കുന്നതിനു സമൂഹം അതിന്റെതായ സാമൂഹിക രീതികളും അവലംബിച്ചു പോരുന്നു. പൂർണമായ അർത്ഥത്തിൽ മറ്റൊരു പദം മലയാളത്തിൽ ലഭ്യമല്ലാത്തതിനാലും 'ജൻഡർ' എന്ന പദം ആണ് ഈ പ്രബന്ധത്തിലുടനീളം ഉപയോഗിച്ചിട്ടുള്ളത്.

സമൂഹം അംഗീകരിച്ച രീതിയിൽ ഓരോ ജൻഡറും തുടർന്നു കൊണ്ട് പോകുന്നതിനു ഏറ്റവും സൗകര്യപ്രദമായ ഇടങ്ങളാണ് നമ്മുടെ വിദ്യാലയങ്ങളും കുടുംബങ്ങളും മാധ്യമങ്ങളും തുടങ്ങിയവ. ഈ രീതികളെ ജനിച്ചു വീഴുന്ന കുഞ്ഞു വരെ എത്രയോ എളുപ്പത്തിൽ ആണ് സ്വായത്തമാക്കുന്നത് . ഇവിടെയാണ് വിദ്യാലയങ്ങൾ , കുടുംബം, ,മാതാപിതാക്കൾ തുടങ്ങിയവയുടെ പ്രാധാന്യം. ഓരോ കുട്ടിക്കും പ്രായം കൂടുന്തോറും ഈ അറിവ് ദൃഢമായി കൊണ്ടിരിക്കുന്നു. ആ കുട്ടിയുടെ ചുറ്റിനുമുള്ള മുഴുവൻ വ്യക്തികൾക്ക് ഇതിൽ തുല്യ ഉത്തരവാദിത്വം ഉണ്ട് . ഒരേ പ്രായത്തിലുള്ള സൗഹൃദങ്ങളിലും ഏറ്റവും കൂടുതൽ ഇടപഴകുന്ന ഇടങ്ങളിലും സാമൂഹ്യ നിർമ്മിതിയുടെ ഈ നേർകാഴ്ച കാണാം . ഗവേഷണത്തിൽ ബാരി തോൺ (1993) കണ്ടെത്തിയതുപോലെ, സമപ്രായക്കാരിൽ നിന്നാണ് പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും സാമൂഹികവൽക്കരണം പ്രോത്സാഹിപ്പിക്കപ്പെടുന്നത് . ഇത്തരം പഠനങ്ങളെ ആധാരമാക്കിക്കൊണ്ടു ഈ പ്രബന്ധം ചർച്ച ചെയുന്നത് വിദ്യാലയങ്ങൾ എങ്ങനെയാണ് ലിംഗപരമായ വ്യത്യാസങ്ങൾ പുനരുല്പാദിക്കുന്നത് എന്നതാണ്.

ഒരു കുട്ടിയുടെ സാമൂഹികത നിർമിക്കുന്നതിൽ,

കുടുംബം കഴിഞ്ഞാൽ പ്രധാനപ്പെട്ട പങ്കു വഹിക്കുന്നത് വിദ്യാലയം തന്നെയാണ്. ആധുനികസമൂഹത്തിൽ സംസ്കാരം നിലനിർത്തുന്നതിനുമുള്ള പ്രധാന സ്ഥാപനമാണ് സ്കൂളുകൾ. അവ അതിജീവനത്തിന് ആവശ്യമായ ഉപകരണങ്ങൾ നൽകുകയും അറിവും മൂല്യങ്ങളും ഭാവി തലമുറകൾക്ക് കൈമാറുകയും ചെയ്യുന്നു. ഫലത്തിൽ, നമ്മുടെ സംസ്കാരത്തിന്റെ തുടർച്ചയും അനുഭവവും സ്കൂൾ നമുക്ക് നൽകുന്നു; ഒരു സമൂഹത്തിന്റെ മൂല്യങ്ങളും വിശ്വാസങ്ങളും മാനദണ്ഡങ്ങളും പരിപാലിക്കുകയും അടുത്ത തലമുറയ്ക്ക് കൈമാറുകയും ചെയ്യുന്നത് അവയെക്കുറിച്ച് പഠിപ്പിച്ചുകൊണ്ട് മാത്രമല്ല, മറിച്ച് വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പ്രവർത്തനത്തിൽ തന്നെ സംസ്കാരത്തിന്റെ ഈ ഘടകങ്ങൾ ഉൾക്കൊള്ളുന്നതിലൂടെയുമാണ്.

ഓരോ സ്കൂളിനും അവരുടേതായ ജൻഡർരീതികളും മാനങ്ങളുമുണ്ട്. ഈ രീതികൾ തീരുമാനിക്കുന്നത് ഒരു പക്ഷെ അവരുടെ സ്കൂൾ അധികാരികളോ, മതമോ , അതുമല്ലെങ്കിൽ മറ്റേതെങ്കിലും നിയന്ത്രണ മേഖലകളോ ആകാം. അതിൽ വ്യക്തികൾ, നിയമങ്ങൾ, ദിനചര്യകൾ, പ്രത്യേക സമ്പ്രദായങ്ങൾ എന്നിവ ഉൾപ്പെടുന്നു. ജൻഡർ വേർതിരിച്ചുള്ള സ്കൂൾ വിദ്യാഭ്യാസ പ്രക്രിയ മാത്രം അല്ല, യൂണിഫോം, പാഠ്യ പദ്ധതി , ഓരോ ജൻഡറിനും ആവശ്യമായ വ്യത്യസ്തമായ പെരുമാറ്റം എന്നിവയും ഈ പറഞ്ഞ അധികാരികളുടെ പ്രതീക്ഷക്കു അനുസരിച്ചു നടപ്പാക്കപ്പെടുന്നു (ബാർട്ട്ലെറ്റും ബസ്റ്റണും, 2007).

ജൻഡർരീതികളുടെ പുനരുല്പാദനം ചർച്ച ചെയ്യാൻ തുടങ്ങിയിട്ട് ഒരു പതിറ്റാണ്ടു കഴിഞ്ഞു. ജൻഡർ നോക്കിയുള്ള നിറം തീരുമാനിക്കുന്നതു മുതൽ തുടങ്ങുന്നു 'സാമൂഹിക ജൻഡർ പുനരുല്പാദനം' എങ്കിൽ, കേരളത്തിൽ വിദ്യാലയങ്ങളിൽ ഇത് അറ്റന്റൻസ് രജിസ്റ്റർ മുതൽ ആണ് കാണാൻ കഴിയുക. കാലാകാലങ്ങളായി പിന്തുടരുന്ന രീതിയാണ് അറ്റൻഡൻസ് രജിസ്റ്ററിൽ ജൻഡർ അനുസരിച്ചു കുട്ടികളെ വേർതിരിച്ചു നിർത്തുന്നത്. ഇനിയും കാണാൻ കഴിയും ഈ രീതിയുള്ള വേർതിരിവ്. ഇത് കുട്ടികളിൽ തന്നെ അറിയാതെയോ അറിഞ്ഞോ നമ്മൾ പറഞ്ഞു കൊടുക്കുന്നത് വ്യത്യസ്ത ജൻഡറുകൾ ഇടപഴകാൻ പാടുള്ളതല്ല എന്ന്.

ഈ വേർതിരിവ് തുടർന്നങ്ങോട്ടുള്ള ക്ലാസ്റൂമിലെ ഓരോ രീതികളിലും പ്രതിഫലിക്കുന്നുണ്ട്. സീറ്റിങ് മുതൽ സ്കൂളിലെ ഓരോ കാര്യങ്ങളിൽ കുട്ടികൾ അറിയാതെ തന്നെ ഒരേ ജൻഡർ ഇടങ്ങളിലേക്ക് ഒതുങ്ങുന്നു. ഈ പ്രവണത പിന്നീടങ്ങോട്ടുള്ള ഉയർന്ന ക്ലാസ്സുകളിലും കാണാൻ കഴിയുന്നു എന്നതാണ് വാസ്തവം. ഇന്ന് കുട്ടികളുടെ ഇടയിൽ ജൻഡർ വ്യത്യാസമില്ലാതെ ആശയവിനിമയം നടത്താൻ കഴിയുന്നുണ്ട് എന്ന് പറയുമ്പോഴും, ആൺകുട്ടികളുടെ ഇടയിലേക്ക് പെൺകുട്ടിക്ക് കടന്നു ചെല്ലുവാൻ സാധിക്കുന്നുണ്ടോ ? ഒരു കൂട്ടം പെൺകുട്ടികളുടെ ഇടയിലേക്ക് കടന്നു ചെല്ലുന്ന ആൺകുട്ടികളെ കളിയാക്കുന്ന പ്രവണത സർവസാധാരണമാണ്. ഈ രീതിയിലുള്ള വ്യത്യസ്ത പെരുമാറ്റം, അതായതു സമൂഹം നിഷ്കർഷിക്കുന്ന രീതിക്കു എതിരായുള്ള ഓരോ ചുവടുവെപ്പുകളും മനസിലാക്കാനും അംഗീകരിക്കാനും സാധിക്കാത്തത് ഈ വിവേചനം തന്നെയാണെന്ന് നിസ്സംശയം പറയാം.

ക്ലാസ്റൂമിന് അകത്തു മാത്രമല്ല, അനൗപചാരികമായ പരിപാടികളിലും കുട്ടികൾ ജൻഡർ വ്യത്യാസമില്ലാതെ ഇടപഴകാൻ സ്കൂൾ അധികാരികളും അധ്യാപകരും അനുവദിക്കുന്നില്ല എന്നതാണ് സത്യാവസ്ഥ. ഈ സാഹചര്യം ഗവണ്മെന്റ് സ്കൂളിലും പ്രൈവറ്റ് സ്കൂളിലും ഒരുപോലെ കണ്ടു വരുന്ന സംഗതിയാണ്.

ഇനി ഇടവേളകളിൽ കുട്ടികളുടെ ആശയവിനിമയവും ഇടപെടലുകളുംഎന്ന വിഷയം പരിശോധിക്കാം. ഗവേഷണവുമായി നടത്തിയ ഫീല്ഡ വർക്കിൽ നേരിട്ട് കണ്ടു ബോധ്യപ്പെട്ടത് ഒരേ ജൻഡർ വിദ്യാർത്ഥികളാണ് കൂടുതൽ നേരം ഇടപഴകുന്നത് എന്നതാണ് . ഈ വ്യത്യാസങ്ങൾ പ്രതിഫലിക്കുന്ന മറ്റൊരു മേഖല സ്പോർട്സ് ആൻഡ് ആർട്സ് ആണ്. ഭൂരിഭാഗം സ്കൂളുകളും ജൻഡർ വ്യത്യസ്ത കലാകായിക ഇനങ്ങളാണ് കൂടുതലും നടത്തുന്നത്. ബയോളോജിക്കലി വിശദീകരണം നല്കാൻ കഴിയുന്ന വ്യത്യാസം ഉണ്ടെന്നു പറഞ്ഞാലും, അതിനെ മറികടക്കാൻ ഉള്ള ഒരു അവസരം സ്കൂൾ അധികൃതരുടെയും അധ്യാപകരുടെയും ഭാഗത്തു നിന്ന് ഉണ്ടാവുന്നില്ല എന്നതാണ് വാസ്തവം. അതില് മുഖ്യമായ പങ്കു വഹിക്കുന്നത് മാതാപിതാക്കൾ തന്നെയാണ് എന്നതാണ് മറ്റൊരു സത്യാവസ്ഥ.

ഹെഡ് ഗേൾ /ബോയ് എന്നിവ തിരഞ്ഞെടുക്കുന്ന രീതികളിൽ മുതൽ നമ്മൾക്ക് ഈ വ്യത്യാസം കാണാൻ സാധിക്കും. ഇത് ക്ലാസ്റൂമിലും ഒരേപോലെ കാണുന്നതാണ്. ആൺകുട്ടികൾക്ക് കൊടുക്കുന്ന അതെ ഉത്തരവാദിത്തം ആവില്ല പെൺകുട്ടികളെ ഏൽപ്പിക്കുന്നത്. പ്രത്യേകിച്ച് പണം സംബന്ധമായ കാര്യങ്ങൾ ഏൽപ്പിക്കുന്നത് പെൺകുട്ടികളെയും, അതിൽ ആൺകുട്ടികളെ ഒഴിവാക്കുന്ന രീതികളും കാണാറുണ്ട്. തികച്ചും വീട്ടമ്മമാരായ സ്ത്രീകൾ പണം കൈകാര്യം ചെയുന്ന ആ പഴയ രീതിയാണ് ഈ വേർതിരിച്ചുള്ള ഉത്തരവാദിത്വം ഓർമിപ്പിക്കുന്നത്. അത് പോലെ ക്യാമ്പസ്സിന് പുറത്തു പോയി ചെയ്യാനുള്ള എന്തെങ്കിലും ഉത്തരവാദിത്തം ആണെങ്കിൽ അത് ആൺകുട്ടികളെ ഏൽപ്പിക്കുന്നു .

അധ്യാപകർ തമ്മിലുള്ള ഇടപഴകലിലും ഇത്തരത്തിലുള്ള വിവേചനം പ്രകടമാണ്. അവരെയും ഒരു തരത്തിൽ ഈ ജൻഡർ നിയന്ത്രണം വലയം ചെയുന്നു എന്നതാണ് വാസ്തവം. നിങ്ങൾ ഒരു സ്റ്റാഫ്റൂമിലേക്കു കയറി ചെന്നാൽ കാണാം ഈ രീതികൾ. ഗവേഷണവുമായി ബന്ധപെട്ടു നടത്തിയ ഒട്ടുമിക്ക സ്കൂളിലും കണ്ട ഒരു നിരീക്ഷണം കൂടിയാണിത്. ആൺകുട്ടികളോട് ഇടപഴ

കുന്നതിൽ അധ്യാപികമാരെ നിയന്ത്രിക്കുന്ന മേലധികാരികളും ഉള്ള കേരളത്തിലെ വിദ്യാലയങ്ങളിൽ , അധ്യാപകർക്കും വിമോചനപരമായി പ്രവർത്തിക്കാൻ പരിധിയുണ്ടെന്നുള്ളതാണ് സത്യാവസ്ഥ. ഇതെല്ലാം വിദ്യാർത്ഥികളെ സാരമായി ബാധിക്കുന്നുണ്ട് എന്നതാണ് സത്യം. കുട്ടികളുടെ മുഖ്യ റോൾ മോഡൽ  അധ്യാപകർ ആയിരിക്കും, അതുകൊണ്ടു തന്നെ അവർ നിലനിർത്തി പോരുന്ന രീതികളും ജീവിതചര്യകളും അവർ പഠിപ്പിക്കുന്ന വിദ്യാർത്ഥികളിൽ പ്രതിഫലിക്കും എന്നതിൽ യാതൊരു തർക്കമില്ല. ഈ അധ്യാപകരും ജൻഡർ റീപ്രൊഡക്ഷന്റെ ഇരകൾ ആണല്ലോ, അത് കൊണ്ട് തന്നെ അതവരുടെ  ഓരോ നിർദേശങ്ങളിലും ഇടപഴലുകളിലും  എല്ലാം ഇത്  പ്രതിഫലിക്കുന്നു.

ഈ പറഞ്ഞ പ്രവർത്തനങ്ങൾ കൂടാതെ , വ്യത്യസ്ത ഇടങ്ങൾ അതായതു വാഷ് റൂം, റസ്റ്റ് റൂം, വെയ്റ്റിംഗ് റൂം മുതലായ സ്കൂളിലെ ഇടങ്ങൾ പറഞ്ഞു വെക്കുന്നത് തന്നെ ജൻഡർ നിയന്ത്രിത ഇടപഴകലുകളാണ്  എന്നതിന് യാതൊരു സംശയവുമില്ല . ജൻഡർ തിരിച്ചു സ്കൂളിൽ കയറാനുള്ള വ്യത്യസ്ത സ്റ്റെയർകേസ്, അതു പോലെ തന്നെ ജൻഡർ വേർതിരിച്ചു കൈകഴുകാൻ ഉള്ള സ്ഥലം മുതലായ വ്യത്യസ്തയിടങ്ങൾ പ്രത്യക്ഷത്തിൽ തന്നെ കാണാവുന്ന വിദ്യാലയങ്ങളുള്ള  നമ്മുടെ കേരളത്തിൽ, ജൻഡർ എന്നത് പൊതു ചർച്ചയ്ക്ക് വിധേയമാക്കേണ്ട സംഗതിയാണ്. അതുകൊണ്ടു തന്നെയാണ് ആൻ ഓക്ൾലെ (1975) പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒരു യാതൊരു വ്യത്യാസമില്ലാതെ ഇന്നും നമ്മുടെ സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.

ഈ വ്യത്യാസം കുട്ടികളുടെ സ്വഭാവ നിർമ്മിതിയിലും കാണാം. അതിനു ഉത്തമ ഉദാഹരണം ആണ് കുട്ടികളുടെ ഇന്റർനെറ്റ് ഉപയോഗം, സ്വന്തം ആയി ഇമെയിൽ ഉള്ളത്; 61 ശതമാനം ആൺകുട്ടികൾ ഇന്റർനെറ്റ് ഉപയോഗം ഉണ്ട് എന്ന് പറയുമ്പോൾ, പെൺകുട്ടികളുടെ ഇടയിൽ വെറും 38 ശതമാനം ആണ്. ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ ഇടയിൽ നടന്ന ഗവേഷണത്തിൽ ആണ് ഇത് വെളിവായത്. സോഷ്യൽ നെറ്റ്വർക്കിങ് ഉപയോഗവും ആൺകുട്ടികളിൽ തന്നെയാണ് കൂടുതലും കാണുന്നത്. കമ്പ്യൂട്ടർ പഠിപ്പിക്കുന്ന അദ്ധ്യാപിക തന്നെ അഭിപ്രായപ്പെട്ടത് പെൺകുട്ടികൾക്ക് ആണ് ടെക്നോളജി സംബന്ധം ആയ കാര്യങ്ങൾ മനസിലാക്കാൻ ബുദ്ധിമുട്ട് എന്നാണ് . മാതാപിതാക്കളുടെ അഭിപ്രായത്തിലും അവർ പെൺകുട്ടികൾക്ക് ആണ് കൂടുതൽ നിയന്ത്രണങ്ങൾ വെക്കുന്നത്. സൗഹൃദത്തിന്റെ കാര്യത്തിലും ഒരേ ജൻഡർ ഉള്ള സൗഹൃദങ്ങൾ ആണ് ഭൂരിഭാഗവും. അധ്യാപകരും അത് ശരി വെക്കുന്നുണ്ട്, മാതാപിതാക്കളുടെ അഭിപ്രായവും അത് തന്നെ. സൗഹൃദ നിയന്ത്രണങ്ങൾ കൂടുതൽ നേരിടുന്നത് പെൺകുട്ടികൾ തന്നെ, അതും അധ്യാപകരിൽ നിന്ന് തന്നെ. ഒരു ഗവണ്മെന്റ് സ്കൂൾ അദ്ധ്യാപിക തന്നെ പറഞ്ഞതാണ്, അവരുടെ വിദ്യാർത്ഥികളെ ജൻഡർ നിഷ്പക്ഷമായി  ഇടപഴകാൻ സമ്മതിക്കാറില്ല എന്നത്. അധ്യാപകർ അതിനു തരുന്ന വിശദീകരണം അവർക്കു നേരിട്ടോ സ്കൂളിലോ ഉണ്ടായിട്ടുള്ള അനുഭവങ്ങളിൽ നിന്നാണ് അങ്ങനെ ഒരു നിലപാടെടുക്കാൻ കാരണമെന്നാണ് . ഹേതു എന്തുതന്നെയായാലും പ്രത്യക്ഷമായോ  പരോക്ഷമായോ അധ്യാപകരുടെ രീതികൾ ഒരേ ജൻഡർ ഇടപെടലുകൾ പ്രോത്സാഹിപ്പിക്കുന്നതിന് കാരണമാവുന്നു എന്ന് മാത്രമല്ല ഇതര ജൻഡർ ഇടപെടലുകളെ പ്രത്യക്ഷമായോ പരോക്ഷമായോ നിയന്ത്രിക്കുകയും ചെയുന്നു .

യൂണിഫോമിന്റെ കാര്യത്തിലും ഇതേ ജൻഡർ വ്യത്യാസം കാണാം. മിക്ക വിദ്യാലയങ്ങളും യൂണിഫോമിൽ നിർബന്ധമാക്കുന്ന കാര്യമാണ് പെൺകുട്ടികൾക്ക് ഓവർ കോർട്ട് അല്ലെങ്കിൽ ഷാൾ.  കളർ ഡ്രസ്സ് ഉപയോഗിക്കാൻ അനുവദിക്കുന്ന  ദിവസങ്ങളിലും ഈ നിയന്ത്രണം ഉണ്ട്. ആൺകുട്ടികളെ അപേക്ഷിച്  പെൺകുട്ടികൾക്ക് ആണ് വസ്ത്രധാരണരീതിയിൽ നിയന്ത്രണം  കൂടുതൽ . ആൺകുട്ടികൾ എടുത്തു പറഞ്ഞ ജൻഡർ വ്യത്യാസം അധ്യാപകരുടെ പെരുമാറ്റ രീതികളിൽ നിന്നാണ്. അധ്യാപകർക്ക് പെൺകുട്ടികളോട് കൂടുതൽ പക്ഷപാതം ഉണ്ടെന്നും, ഒരേ തെറ്റ് പെൺകുട്ടികൾ ചെയ്താൽ കിട്ടുന്ന ശിക്ഷയേക്കാൾ തുലോം കൂടുതലാണ് അത് ആൺകുട്ടികളുടെ ഭാഗത്തു നിന്നുണ്ടാവുമ്പോൾ കിട്ടുന്നത്. എന്നാൽ പെൺകുട്ടികൾ മുന്നോട്ടു വച്ച സമ്മർദ്ദം, അവർക്കു നേരിടുന്ന കൂടുതൽ നിയന്ത്രണങ്ങളും ഇടപെടലുകളും അധ്യാപകരുടെ ഭാഗത്തു നിന്നും ഉണ്ടാവുന്നു എന്നതാണ്. അതെ സമയം ആൺകുട്ടികൾക്ക് ഈ തരത്തിൽ നിയന്ത്രണങ്ങൾ അധ്യാപകരിൽ നിന്നും കുറവാണെന്നും അഭിപ്രായപ്പെട്ടു. പെൺകുട്ടികൾക്ക് ഉള്ളത് പോലെ സംരക്ഷണവും പരിഗണയും ആൺകുട്ടികൾക്ക് ലഭ്യമാവുന്നില്ല എന്നതാണ് മനസിലാക്കുന്നത്. ആൺകുട്ടികൾ കരയാൻ പാടില്ല  എന്ന് പറഞ്ഞു തുടങ്ങുന്നു അവരെ സ്ട്രോങ്ങ് ആയി വളർന്നു വരേണ്ട ആവശ്യകത മുൻനിർത്തിയുള്ള സമ്മർദ്ദം.  അത്   പോലെ പെൺകുട്ടികൾക്ക് കരയാം എന്നുള്ള സാമൂഹ്യവത്കരണവും ഇതിനു ഉദാഹരണം ആണ്. ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന കാര്യം ആണ് ആൺകുട്ടികളുടെ കുറ്റവാസന (ക്രൈം ടെൻഡൻസി).  ഒരു പരിധി വരെ വിദ്യാലയങ്ങളും അധ്യാപകരും മാതാപിതാക്കളും സമൂഹവും അതിനു കാരണക്കാർ ആണ്. പെൺകുട്ടികളെ പോലെ തന്നെ ആശങ്കയും സമ്മർദ്ദവും ഒക്കെ ഉള്ളവർ ആണ് ആൺകുട്ടികളും. അവർക്കു വേണ്ട വിധത്തിൽ പരിഗണന നൽകാത്തതാണ്  ഇതിനു കാരണം .

മേല്പറഞ്ഞ നിരീക്ഷണങ്ങളും പ്രതികരണങ്ങളും എംഫിൽ ഗവേഷണത്തിനും ജവഉ ഗവേഷണത്തിനുമായി കേരളത്തിലെ  ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കിടയിൽ  നടത്തിയ പഠന

ങ്ങളിൽ നിന്നാണ്. 100 ശതമാനം സ്കൂളുകളിലും ജൻഡർ വ്യത്യസ്ത സ്പേസ് നിലനിൽക്കുന്നു എന്ന് തന്നെ ആണ് ഫലം. പ്രവർത്തന രീതികളിലുള്ള മാറ്റം ഓരോ വിദ്യാലയങ്ങളെ വ്യത്യസ്തമാക്കുന്നു എന്നതിനപ്പുറം ജൻഡർ നിർമ്മിതിയും ലക്ഷ്യവുമെല്ലാം എല്ലായിടത്തും ഒന്ന് തന്നെ.

**കേരളവും വിദ്യാലയങ്ങളും ജൻഡർ ഇടങ്ങളും**

കേരളത്തിലെ ഓരോ വിദ്യാലയങ്ങൾക്കും ആ വിദ്യാലയത്തിന്റേതായ സാംസ്കാരിക ചട്ടക്കൂടുണ്ട്. ഈ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് വിദ്യാർത്ഥികൾക്കുള്ളിൽ ലിംഗവ്യത്യാസ മനോഭാവം സൃഷ്ടിക്കുന്നതിൽ വിദ്യാലയങ്ങൾ പ്രമുഖ പങ്ക് വഹിക്കുന്നു. സാമൂഹീകവൽക്കരണത്തിലൂടെ വിദ്യാലയത്തിന്റേതായ ഔദ്യോഗിക പെരുമാറ്റചട്ടം, സാംസ്കാരിക സവിശേഷതകൾ മുതലായ ആശയങ്ങൾ വിദ്യാർത്ഥികളിലേക്ക് കൈമാറ്റം നടത്തുവാൻ ശ്രമിക്കുന്നതും വിദ്യാലയങ്ങൾ തന്നെയാണ്. ഇത്തരത്തിലുള്ള നിരവധി ഘടകങ്ങൾ വിദ്യാർത്ഥികൾക്കിടയിൽ ലിംഗവ്യത്യാസം പരിപോഷിപ്പിക്കുന്നതിൽ കാരണമായി പ്രവർത്തിക്കുന്നുണ്ട്. വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ വിശകലനം വളരെ വ്യക്തമായ നിരീക്ഷണ സാധുതയാണ് നൽകുന്നത്.

വിദ്യാർത്ഥികളെ നിയന്ത്രിക്കുന്നതിലും അവരുടെ മാതാപിതാക്കളുമായി നിരന്തരം സമ്പർക്കം പുലർത്തുന്നതിലും അതുകൂടാതെ അവരുടെ പെരുമാറ്റങ്ങൾ രൂപപ്പെടുത്തുന്നതിലും അദ്ധ്യാപകർക്കു മേൽകൈ ഉള്ളത് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. പോലുള്ള മാനേജ്മെന്റ് വിദ്യാലയങ്ങൾക്കാണ്.മാനേജ്മെന്റ് സ്കൂളിൽ വാച്ച് ആൻഡ് വാർഡ് സംവിധാനം പ്രിൻസിപ്പൽ മുഖേന നിർവഹിക്കുന്നുണ്ട്. അതുപോലെ തന്നെ അദ്ധ്യാപകരും വിവിധ വകുപ്പുകളും ഏകോപിപിച്ച് ഇത്തരം സംവിധാനം നടത്തുന്നുണ്ട്. വിദ്യാലയങ്ങളിൽ നിന്നും യഥാസമയം ഔപചാരികവും അനൗപചാരികവുമായ നിർദ്ദേശങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്. വിദ്യാലയ പരിസരത്ത് നടപ്പിലാക്കിയ പെരുമാറ്റചട്ടലംഘനം നടത്തുന്നവരെ ചെറിയ ശിക്ഷക്ക് വിധേയരാക്കുന്നു.

സർക്കാർ സ്കൂളിലും ശക്തമായ മാനദണ്ഡങ്ങൾ ക്ലാസ് മുറിക്ക് അകത്തും പുറത്തും നിലനിൽക്കുന്നു . വിദ്യാലയത്തിലെ അച്ചടക്കം നിലനിർത്തുന്നതിനായാണ് വിവിധ പരിമിതികൾ സൃഷ്ടിക്കുന്നതെങ്കിലും ഇത് വിദ്യാർത്ഥികൾക്കിടയിൽ പല ഭാവത്തിൽ ലിംഗ വ്യത്യാസം പുനർസൃഷ്ടിക്കുന്നതിന് കാരണമാകുന്നു. സ്റ്റേറ്റ് അവരുടെ അധികാരം നിലനിർത്തുന്നതിന് വേണ്ടിയാണ് കാലഹരണപ്പെട്ട പെരുമാറ്റരീതികൾ കൈവിടാത്തത്. ഇത്തരത്തിൽ വിദ്യാലയ നിയമങ്ങൾ നടപ്പിലാക്കുന്നതിലൂടെ മതപരമായ പിന്തുണ കൂടി ലഭിക്കുന്നതായി മനസിലാക്കുന്നു.

വിദ്യാർത്ഥികളിൽ ലിംഗവ്യത്യാസം കലരുന്ന ആശയങ്ങൾ കുത്തിവക്കുമ്പോൾ അവർ അവരുടെ സമപ്രായക്കാരിൽ നിന്ന് വലിയ തോതിൽ അന്തരവും അസമത്വവും കാത്തുസക്ഷിക്കുന്നു. ഇത് ഒരു പക്ഷേ അവരുടെ ചിന്തമണ്ഡലത്തേയും മാനസികാരോഗ്യത്തെയും സാരമായി ബാധിക്കും. ഇത്തരം സാഹചര്യത്തിൽ വളർന്നു വരുന്ന കുട്ടികളിൽ വ്യക്തിപരമായ ആവശ്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കുവാനുള്ള ശേഷി കുറവായിരിക്കും. ചുരുക്കി പറഞ്ഞാൽ അസമത്വത്തിൻറെ വിത്തുകൾ നന്നേ ചെറുപ്പത്തിൽ വേരോടുന്നു. യഥാർത്ഥ വസ്തുത എന്തെന്നാൽ, സർക്കാർ എയിഡഡ് സ്കൂളുകളുടെയും; ഇആടള, കളടള സ്കൂളുകളുടെയും അന്തരീക്ഷം തുലോം വ്യത്യസ്തമാണ്. സർക്കാർ സ്കൂളുകളിൽ വെവ്വേറെ ഇടങ്ങൾ കുറവാണെങ്കിലും , ജൻഡർ വ്യത്യസ്ത പ്രവർത്തനങ്ങൾക്കും നിയന്ത്രണങ്ങൾക്കും മാറ്റമില്ല എന്നതാണ് വാസ്തവം . വിദ്യാഭ്യാസ പ്രക്രിയ ലിംഗവ്യത്യാസം പുനർനിർമ്മിക്കുന്നു എന്നതിന് ഈ പഠനം ഒരു ഉത്തമ ഉദാഹരണമാണ്. അദ്ധ്യാപകരുടെ പങ്ക് ലിംഗ സമത്വ വ്യാപനത്തിൽ സുപ്രധാനമാണ് എന്നതിൽ സംശയമില്ല.

കൃത്യമായി പറഞ്ഞാൽ നമ്മുടെ പാഠ്യപദ്ധതിയിൽ ജൻഡർ തുല്യതയെ കുറിച്ച് പരാമർശിക്കുമ്പോൾ, സിലബസ്നു പുറത്തു തികച്ചും വിപരീതപരമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്. അതായതു സിലബസ് എന്നത് മാർക്ക് വാങ്ങാനും ജോലി നേടാനും മാത്രം ഉള്ളതും, അതിനുമപ്പുറം ഈ ആശയങ്ങൾ ജീവിതത്തിൽ ഉൾപ്പെടുത്തേണ്ട ആവശ്യകത ഇല്ലായെന്നതാണ് നമ്മുടെ വിദ്യാലയങ്ങൾ കുട്ടികളുടെ മുന്നിൽ കാണിച്ചു കൊടുക്കുന്നത്. ജൻഡർന്റെ കാര്യത്തിൽ മാത്രമല്ല ഈ പ്രവർത്തനങ്ങൾ കുട്ടികളുടെ ബാക്കിയുള്ള മാനസികവും ബൗദ്ധികവുമായ മണ്ഡലങ്ങളെ വാർത്തെടുക്കുന്നതിലും ഉൾപെടും എന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ കൊണ്ട് യഥാർത്ഥത്തിൽ വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്ന വിമോചനം നമുക്ക് സാധ്യമാവുന്നില്ല എന്നതുകൂടിയാണ് ഈ തരത്തിലുള്ള വ്യത്യസ്ത ഇടങ്ങൾ ഓർമിപ്പിക്കുന്നത്.

പൗലോ ഫ്രയർ (1970) മർദിതരുടെ ബോധനശാസ്ത്രത്തിൽ 'ബാങ്കിങ്ങ് കോൺസെപ്റ് ഓഫ് എഡ്യൂക്കേഷൻ' എന്ന് പറഞ്ഞു വിദ്യാഭ്യാസ രീതിയെ വിമർശിക്കുന്നുണ്ട്. വിദ്യാർഥികൾ അധ്യാപകരിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ അതുപോലെ തന്നെ സംഭരിച്ചു വെക്കുന്ന രീതിയെയാണ് അദ്ദേഹം ഈ കോൺസെപ്റ്റ് കൊണ്ട് വ്യക്തമാക്കുന്നത്. അതുപോലെ തന്നെയാണ് സ്കൂളിൽ നിന്നും അധ്യാപകരിൽ നിന്നും പുറപ്പെടുവിക്കുന്ന ജൻഡർ വ്യത്യസ്ത ഇടങ്ങളും ഇടപഴലുകളും അങ്ങനെ തന്നെ സ്വാംശീകരിച്ച് വിദ്യാർഥികൾ പുനരുല്പാദിച്ചുകൊണ്ടിരിക്കുന്നത്. ഇതുപോലെയുള്ള പരമ്പരാഗത ജൻഡർ സമീപനങ്ങൾ കുട്ടികളിൽ അടിച്ചേൽപ്പിച്ചാൽ എങ്ങനെയാണു അവർക്കു മറ്റൊരു തരത്തിലുള്ള പരിവർത്തനവും , വിമോചനപരമായി ചിന്തിക്കാനും ,പ്രവർത്തിക്കാനും സാധ്യമാവുക.




# പൊട്ടിയാട്ടുക

നിങ്ങളവരെ മറന്നുകളയുക
കുളക്കടവിലൊറ്റയ്ക്കിരിക്കുന്ന ഒരു ഭ്രാന്തി
നട്ടുച്ചയ്ക്ക് വെട്ടം നോക്കിയിരുന്ന്
കറി കരിഞ്ഞു പോയ പിടിപ്പുകെട്ട ഒരു വീട്ടമ്മ
കുറിക്കാശിന് പണം തെകയാത്തവൾ
അന്തിയോളം വെള്ളം ചുമന്ന് ഉടുപ്പുനനഞ്ഞ
അങ്ങേ ചരിവിലെ വാടകക്കാരി
അങ്ങാടിയിൽ തല്ലുകൂടുന്ന
അലവലാതിയുടെ അമ്മ
നിങ്ങളുടെ കണക്കിലെ
അക്കമാവാൻ പാകമല്ലാത്ത
മറ്റേതോ ഭാഷയിലെ തൂപ്പുകാരിപ്പെണ്ണ്
നിയമങ്ങൾക്കുമപ്പുറത്ത് തെറിച്ച് പോകുന്നവൾ
നിങ്ങളവരെ കണ്ടിട്ടേയില്ലെന്ന് കരുത്
ആളൊഴിഞ്ഞ നിരത്തിൽ
അടിവയറ്റിൽ നിന്നുമൊരാളൽ വന്നതും
അറിയാതെ ഇടംകയ്യാലുഴിഞ്ഞതും
കിട്ടിയ ഒരാട്ടിന്റെയായത്താൽ
ദൂരമെല്ലാം താണ്ടിവന്നതും
അവളെച്ചൂണ്ടി വീട്ടിലെപ്പെണ്ണിനോട് കഥ പറഞ്ഞതും
ഉറങ്ങാൻ കിടക്കുമ്പഴെല്ലാം മാരണം
തെളിവോടെയവൾ കേറി വന്നതും
ഉടലാകെ വിയർത്തതും
മറന്നേക്ക്
മറന്നു കളയ്
കൈവളക്കിലുക്കമുള്ള ഒറ്റനേരങ്ങൾ
കൂട്ടുനടത്തകൾ
അവൾ തന്ന അഭയങ്ങൾ



**സിന്ധു.കെ.വി**
**കവി**

അനത്തിയ കട്ടൻ
കാഞ്ഞ സമയങ്ങൾ
വർക്കത്തുള്ള കുടുബക്കാരികൾക്കിടയിൽ
നിങ്ങൾ പണക്കാരികൾക്കിടയിൽ
സൗഭാഗ്യവതികളായ നിങ്ങൾക്കിടയിൽ
അവൾ കേറി വരാറുള്ള വഴികളടച്ച്
കുനുഷ്ട് തേറി തടവച്ച്
ദുഷിപ്പടർത്തി മുള്ളുവെച്ച്
കാവലിനാളെ നിർത്തി
ആട്ടിയകറ്റ്
എന്നിട്ടുമൊറ്റയാകുന്ന നിങ്ങൾ
അകത്തുമൊറ്റയാകുന്ന നിങ്ങൾ
ആർത്തലച്ചു പോകുന്ന നേരങ്ങളിലേക്ക്
അമ്മേ! യെന്നു വിളിക്ക്,
തിരിഞ്ഞും മറിഞ്ഞും ഇരുളു നീന്തി വെളിതേറി
തലതല്ലിയിരിക്കുമ്പോൾ
ഒരു മിന്നലിൽ
അവൾ തന്നെ തെളിയുമ്പോൾ
കളത്തിലിരുന്ന് ജപിച്ചൂത്
പറഞ്ഞയക്ക്.



**മിത്ര സിന്ധു**
അദ്ധ്യാപിക
അട്ടപ്പാടി
സെളിമെ കാല പുസ്തക രചയിതാവ്

# നിലനിൽക്കുന്ന പാഠ്യപദ്ധതി ഗോത്രവിദ്യാർത്ഥി സൗഹാർദ്ദപരമാണോ? – ഒരന്വേഷണം



വിദ്യാഭ്യാസ മേഖലയിൽ ഗോത്രവർഗ്ഗ വിദ്യാർത്ഥികൾ അനുഭവിക്കുന്ന വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പ്രശ്നങ്ങൾ നിരവധിയാണ്. പല പ്രശ്നങ്ങളും ഇന്നും ചർച്ച ചെയ്യപ്പെടാതെയും പരിഹരിക്കപ്പെടാതെയും കിടക്കുകയാണ്. അതുകൊണ്ട് ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ പഠനവുമായി ബന്ധപ്പെട്ട് അടിയന്തിരമായി ശ്രദ്ധ പതിപ്പിക്കേണ്ട ചില അടിസ്ഥാന പ്രശ്നങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

ആധുനിക ലോകം അഭിമുഖീകരിച്ച ഏറ്റവും വലിയ മഹാമാരിയായ കോവിഡ് 19–ൽ നിന്ന് പതിയെ മുക്തമാകാനൊരുങ്ങുകയാണ് നാം. ഒപ്പം വിദ്യാലയങ്ങളും ഒരുങ്ങിത്തുടങ്ങുന്നു. എന്നാൽ കഴിഞ്ഞ ഒന്നരവർഷത്തിലധികമായി വിദ്യാലയം കാണാതെ, ഓൺലൈൻ സങ്കേതത്തിന്റെ അധികമേന്മകളിൽ പലതും അനുഭവവേദ്യമാകാതെ തന്നെയാണ് ഗോത്ര മേഖലയിലെ വിദ്യാർത്ഥികളും പുതിയ വിദ്യാലയ അന്തരീക്ഷത്തിലേക്ക് വീണ്ടും കടന്നുവ

രുന്നത്. ഈ സന്ദർഭത്തിൽ തന്റെ വിദ്യാലയത്തെക്കുറിച്ച് - പഠന രീതിയെക്കുറിച്ച്, പാഠ്യപദ്ധതിയെക്കുറിച്ച് അട്ടപ്പാടിയിൽ നിന്നുള്ള വിദ്യാർത്ഥിയായ 'വെള്ളി' പറയുന്നത് ഒന്ന് ശ്രദ്ധിക്കൂ...

എല്ലാവരും പറയുന്നതുപോലെ, എല്ലാ സൗകര്യങ്ങളുമുണ്ടായിട്ടും ഞങ്ങൾ 'പിന്നാക്കക്കാരായി' മാറുന്നതെന്തുകൊണ്ടാണ്? ഞങ്ങളുടെ വിദ്യാലയം ഞങ്ങൾക്കന്യമാകുന്നതെന്തുകൊണ്ടാണ്? എത്ര ശ്രമിച്ചിട്ടും വിദ്യാലയവുമായി അടുത്തിടപഴ



കാൻ ഞങ്ങൾക്കാവാത്തത് എന്തുകൊണ്ടാണ്? ഞങ്ങൾ പിന്നാക്കക്കാരല്ല! ഞങ്ങൾ ബുദ്ധിശൂന്യരല്ല. മുഖ്യധാര ആക്ഷേപിക്കുന്നതുപോലെ ഞങ്ങൾ 'പരാജിതരുമല്ല'! പിന്നെന്തുകൊണ്ടാണ് എല്ലാവരും ഉദ്ദേശിക്കുന്ന രീതിയിൽ 'മികച്ച പ്രകടനം' കാഴ്ചവെക്കാൻ ഞങ്ങൾക്കാവാത്തത്? ഇതൊന്നു ശ്രദ്ധയോടെ കേൾക്കൂ...


ഞങ്ങളുടെ അയൽപക്ക വിദ്യാലയത്തിൽ പോലും ഞങ്ങൾക്ക് ഞങ്ങളുടേതായ ഇടമില്ല. ഞങ്ങളുടെ സംസ്കാരത്തിന്റെ യാതൊരു ശേഷിപ്പും ഞങ്ങൾക്കവിടെ കാണാനാകുന്നില്ല. കാടിനെക്കുറിച്ചും പുഴയെക്കുറിച്ചും പ്രകൃതിയെക്കുറിച്ചുമൊക്കെയുള്ള ഞങ്ങളുടെ അറിവുകൾ പ്രയോഗിക്കാൻ വിദ്യാലയത്തിൽ ഞങ്ങൾക്കൊരവസരവുമില്ല.

ഞങ്ങളുടേതായ ഭാഷയുണ്ടായിട്ടും ആ ഭാഷയിൽ കളി പറയാനും, കഥ പറയാനും, പാട്ടുപാടാനും, ഒന്നുറക്കെ വിളിക്കാൻ പോലുമുള്ള സ്വാതന്ത്ര്യവും ഇവിടെയില്ലാത്തതെന്താണ്? ഇപ്പോഴും, പഴയ ബ്രിട്ടീഷ് മാതൃകയിൽ പണിത, തീപ്പെട്ടിക്കൂടു പോലുള്ള, ഒട്ടും ജൈവികത തോന്നാത്ത ഈ വിദ്യാലയങ്ങളും, ചുമരുകളും എത്ര മാർബിൾ പതിച്ച് മിനുക്കിയാലും, വിലകൂടിയ ഒറ്റകളർ പെയിന്റ് ചെയ്ത് പുതുക്കിയാലും ഞങ്ങളെ മാടിവിളിക്കുന്നില്ല! ഇത് ഞങ്ങളുടെ കുഴപ്പമല്ല. കാടിനു നടുവിൽ, പുഴയോരത്ത്, കുന്നിൻ മുകളിൽ, കുന്നിൻ ചരുവിൽ ഒക്കെയായി നല്ല ജൈവസമ്പത്ത് നിറഞ്ഞിടത്താണ് ഞങ്ങളുടെ ഓരോ വിദ്യാലയവും നിലനിൽക്കുന്നതുതന്നെ. നിങ്ങൾ വിഭാവനം ചെയ്ത സ്വാഭാവികമായ 'ജൈവവൈവിധ്യ പാർക്കാണ് ' ഓരോന്നും! അതിനെ നിലനിർത്തിക്കൊണ്ടുള്ള പരിസ്ഥിതി സൗഹാർദ്ദ അന്തരീക്ഷമല്ലേ ഞങ്ങളുടെ വിദ്യാലയങ്ങൾക്കുണ്ടാകേണ്ടത്?

കേരളത്തിന്റെ വാസ്തുശിൽപ്പ വിദ്യയെക്കുറിച്ചും പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികളെക്കുറിച്ചും വൈവിധ്യമാർന്ന ആർക്കിടെക്ചറൽ ഡിസൈനുകളെക്കുറിച്ചുമൊക്കെ ഞങ്ങൾക്ക് പഠിക്കാനുണ്ട്. അതിലുപരി ഞങ്ങൾ ആദിവാസികൾ പൊതുവെ ഗൃഹനിർമ്മാണ കലയിലും നല്ല അറിവുള്ളവർ കൂടിയാണ്. എന്നിട്ടുമെന്തേ ഞങ്ങളുടെ നാടിന്റെ സാംസ്കാരികവും പാരിസ്ഥിതികവുമായ അടയാളങ്ങളെ ഉൾച്ചേർക്കാൻ ആരും ശ്രമിക്കാത്തത്? ക്ലാസ് മുറികൾക്കകത്ത് ചുമരുകളിൽ ചിത്രങ്ങൾ ആലേഖനം ചെയ്യുന്നുണ്ടല്ലോ ഇപ്പോൾ. (വിദ്യാലയം ആകർഷകമാക്കുന്നതിനുവേണ്ടി!) എങ്കിൽ, ഇവിടെ ഞങ്ങളുടെ നാടിന്റെ പൈതൃകവും കൂടി ആലേഖനം ചെയ്യേണ്ടതല്ലേ?? ഞങ്ങളുടെ കൂടെ പഠിക്കുന്ന, ഞങ്ങളുടെ നാട്ടിൽ ജീവിക്കുന്ന 'വന്തവാസികളായ' ഞങ്ങളുടെ കൂട്ടുകാർക്കും അവർ ജീവിക്കുന്ന നാടിന്റെ പൈതൃകത്തെക്കുറിച്ച്, നാട്ടുരീതികളെക്കുറിച്ച്, പാരിസ്ഥിതികവും സാംസ്കാരികവുമായ പ്രത്യേകതകളെക്കുറിച്ച് അറിയാനും അഭിമാനിക്കാനുമുള്ള ഒരവസരമല്ലേ ഇത്?

ഞങ്ങളുടെ നാടും ഭാഷയും ജീവിതവുമെല്ലാം മോശമാണെന്നുള്ള സന്ദേശമാണ് കുഞ്ഞുനാൾ മുതൽ ഞങ്ങൾക്കു ലഭിക്കുന്നത്. മാതൃഭാഷ നഷ്ടമാകുന്നതിന്റെ വേദന പറഞ്ഞറിയിക്കാൻ പോലും ഭാഷയില്ലല്ലോ ഞങ്ങൾക്ക്! ഞങ്ങളുടെ വീടുകളിലും ഊരിലുമൊക്കെ ഞങ്ങൾ കളിപറയുന്ന, പാട്ടുപാടുന്ന, ചിരിക്കുന്ന, കോപിക്കുന്ന, പ്രണയിക്കുകയും കലഹിക്കുകയും ചെയ്യുന്ന ഇരുളനായ, കുറുമ്പനായ, മുഡുഗനായ എന്നിങ്ങനെയുള്ള ഞങ്ങളുടെ മാതൃഭാഷക്ക് പകരം സ്കൂൾ രജിസ്റ്ററിൽ നിങ്ങളെന്തിനാണ് തമിഴെന്നും, മലയാളമെന്നും എഴുതി വെക്കുന്നത് ? ലിപി ഇല്ലെങ്കി

ലും മാതൃഭാഷയുടെ സ്ഥാനത്ത് ഞങ്ങളുടെ ഭാഷയുടെ പേര് ചേർക്കാൻ ഞങ്ങൾക്കവകാശമില്ലേ? മല്ലനെന്നും, ചെല്ലിയെന്നും, രംഗിയെന്നും, കോണയെന്നുമൊക്കെയായിരുന്നു ഞങ്ങളുടെ പേരുകൾ... 'പട്ടി'യെന്ന പേരും ഞങ്ങൾക്കുണ്ടായിരുന്നു! (നിങ്ങൾ മറ്റുള്ളവരെ ആക്ഷേപിക്കാനുദ്ദേശിക്കുന്ന പദമാണിത് അല്ലെ?) ഒരുപക്ഷേ, മലയാളത്തിലെ 'മികച്ച' വാക്ക് ഞങ്ങളുടെ ഭാഷയിലെ മോശം അർത്ഥത്തിലുള്ളതുമാകാം... ഇത് തികച്ചും സ്വാഭാവി



കമല്ലേ? ഞങ്ങളുടെ പേരുകൾ ഞങ്ങളുടെ പൂർവ്വികരുമായി ഞങ്ങൾക്കുള്ള പൊക്കിൾകൊടി ബന്ധമാണ് വ്യക്തമാക്കുന്നത്. തികച്ചും വൈകാരികമാണത്. ഞങ്ങളുടെ വഴികാട്ടികളായ 'പശാത് മട'കളിലെ പൂർവ്വികർ തന്നെയാണ് 'കുലദൈവങ്ങൾ' എന്ന് ഞങ്ങൾ വിളിക്കുന്ന ഞങ്ങളുടെ ദൈവങ്ങൾ. അവരെയോർമ്മിക്കുന്ന ഈ പേരുകളെല്ലാം രജനീഷ് എന്നും വിഷ്ണുവെന്നും,ഐശ്വര്യയെന്നും, നയൻതാരയെന്നും, മഹേഷ് എന്നും മനോരമയെന്നുമൊക്കെ മാറ്റിയിടുന്നത് എന്തിനാണ് ?

ഈ ഭൂമിയിലെ ഓരോ ജീവജാലത്തേയും പോലെ, ഓരോ കുട്ടിയേയും പോലെ മുഴുവൻ കാര്യങ്ങളും അറിയാനും, അനുഭവിക്കാനും, നേടിയെടുക്കാനുമുള്ള അവകാശവും അർഹതയുമുള്ളവരല്ലേ ഞങ്ങളും? അതിനുള്ള കഴിവ് ഞങ്ങൾക്കുണ്ടെന്ന് എന്താണ് ആരും മനസ്സിലാക്കാൻ ശ്രമിക്കാത്തത്? എന്തുകൊണ്ടാണ് ഞങ്ങളിപ്പോഴും മാറ്റി നിർത്തപ്പെടുന്നത്? ഇപ്പോഴുള്ള സൗകര്യങ്ങളെയും നേട്ടങ്ങളെയും തമസ്കരിക്കുകയോ തള്ളിപ്പറയുകയോ അല്ല, മറിച്ച്, ഒരു വിദ്യാർത്ഥിയെന്ന നിലയിൽ, വ്യക്തിയെന്ന നിലയിൽ ഇനിയും ലഭ്യമാകേണ്ട അർഹമായ, അടിസ്ഥാനപരമായ ആവശ്യങ്ങൾ ശ്രദ്ധയിൽ പെടുത്തുകയാണെന്ന് വീണ്ടും പറയട്ടെ.

മാതൃഭാഷാ സംരക്ഷണത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന ഓരോ പ്രവർത്തനങ്ങളും നിരീക്ഷിക്കുമ്പോൾ വലിയ ആശ്വാസം തോന്നുന്നുണ്ട്. അപ്പോൾ പ്രാദേശിക ഭാഷകളുടേയും, മറ്റു ന്യൂനപക്ഷ ഭാഷകളുടെയും സംരക്ഷണം കൂടി ഗൗരവമായി ഇതിൽ ഉൾപ്പെടുത്തേണ്ടതില്ലേ? പൂർണ്ണമായും മൃതാവസ്ഥയിലായ ഞങ്ങളുടെ ഈ ഭാഷയുടെയും സംസ്കാരത്തിന്റെയും സംരക്ഷണം കൂടി ഉറപ്പുവരുത്തേണ്ടതില്ലേ? ഈ ഭാഷാ-സംസ്കാര നാശം (l-inguicide and genocide) കണ്ടില്ലെന്ന് നടിക്കരുത്, ഇനിയും.

ജോലിക്കും, ജീവിത സുരക്ഷിതത്വത്തിനുമായി മാത്രം 'ആർക്കും വേണ്ടാത്ത, അവഗണനനിറഞ്ഞ, അസൗകര്യങ്ങളുള്ള അട്ടപ്പാടിയിലേക്ക് ചേക്കേറുന്നവരാണ് ഇവിടുത്തെ ഭൂരിപക്ഷം ഉദ്യോഗസ്ഥരും. അധ്യാപകരടക്കമുള്ള ഇവരൊന്നും ഇവിടെ താമസം തുടങ്ങിയിട്ട് പത്തും ഇരുപതും വർഷം പിന്നിട്ടിട്ടും ഞങ്ങളുടെ ഭാഷ മനസ്സിലാക്കാനും പഠിക്കാനും ശ്രമിക്കാത്തതെന്താണ് ? അഥവാ അവർക്കതിന് കഴിയാത്തതെന്തുകൊണ്ടാണ് ?

“നീവ്രി എമ്ത്ത് നാട്ക്കെ വന്താത്
നീമ് എമ്ത്ത് നായത്തെ ശൊല്ലണം”

(നീ ഞങ്ങളുടെ നാട്ടിലേക്ക് വന്നതല്ലേ? എന്നിട്ട് നീ എന്താണ് ഞങ്ങളുടെ ഭാഷ സംസാരിക്കാത്തത്?) എന്റെ പാട്ടി ഒരിക്കൽ എന്റെ ടീച്ചറോട് ചോദിച്ചതാണിത്. നിങ്ങൾ അറേബ്യയിൽ പോകുമ്പോൾ അറബിയും, ഇംഗ്ലണ്ടിൽ പോകുമ്പോൾ ഇംഗ്ലീഷും, ചൈനയിൽ പോകുമ്പോൾ ചൈനീസും പറയാൻ ശ്രമിക്കാറില്ലേ? അട്ടപ്പാടിയിൽ വന്നിട്ട് നിങ്ങളെന്തുകൊണ്ടാണ് ഞങ്ങളുടെ ഭാഷയിൽ പറയാൻ ശ്രമിക്കാത്തത് ? മുൻപ് ബ്രിട്ടീഷുകാർ നമ്മുടെ നാട്ടിൽ വന്നിട്ട് അവരുടെ ഭാഷ പറയാൻ നമ്മെ നിർബന്ധിച്ചപ്പോൾ നമ്മളാരും ബ്രിട്ടീഷുകാരോട് ഈയൊരു ചോദ്യം ചോദിക്കാൻ ധൈര്യം കാണിച്ചില്ല. അതിന്റെ പ്രത്യാഘാതങ്ങൾ നമ്മളിപ്പോഴും അനുഭവിക്കുന്നുണ്ടല്ലോ.

മലയാളം ഞങ്ങൾക്ക് അന്യഭാഷയല്ലേ? വളരെ പ്രയാസപ്പെട്ട് ശ്രദ്ധിച്ചെഴുതിയാലും ഞങ്ങൾക്ക് തെറ്റുവരും! (ഇംഗ്ലീഷെഴുതുമ്പോൾ നമുക്കെല്ലാം ഒരുപാട് തെറ്റു വരാറില്ലേ? അതുപോലെ.) നിരന്തരം വരുത്തുന്ന തെറ്റിന് അതിന്റെ കാരണം കണ്ടെത്താൻ ശ്രമിക്കാതെ എന്തിനാണ് എപ്പോഴും ഞങ്ങളെ കുറ്റപ്പെടുത്തുന്നത്? ബുദ്ധിയില്ലാത്തവർ എന്ന് ആക്ഷേപിക്കുന്നതെന്തിനാണ്? ഞങ്ങളുടെ ഭാഷയും മലയാളവും പൂർണ്ണമായി യോജിക്കാത്തതെന്തുകൊണ്ട് എന്ന ഭാഷാ ശാസ്ത്രപരമായ ഒരു വിശകലനത്തിന് ആരും തയ്യാറാകാത്തതെന്തുകൊണ്ട്? മഹത്തും ബൃഹത്തുമായ പാരമ്പര്യമുള്ള ഒരു സമൂഹത്തിന്റെ ഭാഷയും സംസ്കാരവും ഇല്ലാതാക്കിക്കൊണ്ടു നടത്തുന്ന ഏത് വികസനമാണ് സുസ്ഥിരമാകുക?

**ഭാഷാപരമായ പ്രശ്നങ്ങൾ എന്തൊക്കെയാണ്? ആ പ്രശ്നങ്ങൾ ഒന്നറിയാൻ ശ്രമിക്കൂ...**

ആദിവാസി ഇരുള ഭാഷയിൽ 'അമ്മെ' എന്ന് വിളിക്കുന്നത് അച്ഛനെയാണ്. അമ്മയെ 'അഗ്ഗെ' എ

ന്നാണ് വീളിക്കുന്നത്. ഒരു നേഴ്സറി ക്ലാസ്സിൽ പുതിയതായി ചേർന്ന കുട്ടിയോട് ടീച്ചർ അമ്മയുടെ പേര് ചോദിക്കുന്ന സന്ദർഭം ഒന്നോർത്തുനോക്കൂ. 'മരുതൻ' എന്നോ 'വെള്ളിങ്കിരി' എന്നോ ഉള്ള പേരുകളാവും കുട്ടി പറയുക. 'അഗ്ഗെ' എന്ന് ചോദിച്ചാലല്ലെ കുട്ടിക്ക് അമ്മയുടെ പേര് പറയാനൊക്കൂ. 'അമ്മ'യുടെ പേര് ചോദിക്കുമ്പോൾ 'അച്ഛന്റെ' പേര് പറയുന്ന ഈ അഞ്ച് വയസ്സുകാർ ബൗദ്ധികനിലവാരം കുറഞ്ഞവരെന്ന് മാറ്റി നിർത്തപ്പെടില്ലേ സ്വാഭാവികമായും?

ഇത്തരത്തിൽ മാതൃഭാഷയിൽ നിന്ന് വലിയ വൈവിധ്യങ്ങളുള്ള മറ്റൊരു ഭാഷ പഠിക്കാനും തുടർന്ന് ആ ഭാഷയിൽതന്നെ ഗണിതവും, സയൻസും, സാമൂഹ്യശാസ്ത്രവും കൂടി പഠിക്കാനും നിർബന്ധിക്കപ്പെടുമ്പോൾ ഞങ്ങളനുഭവിക്കുന്ന സംഘർഷങ്ങൾ എന്തേ ആരും പഠനവിധേയമാക്കാത്തത്? സ്കൂളിൽ നിന്നല്ലേ ഞങ്ങൾക്ക് ഈ ഭാഷ കേൾക്കാൻ സാധിക്കുന്നുള്ളൂ? അപ്പോൾ അതുമായി പൊരുത്തപ്പെടാൻ സമയമെടുക്കുന്നുവെന്നത് ഞങ്ങളുടെ തെറ്റായി വീക്ഷിക്കപ്പെടുന്നതും എന്തുകൊണ്ടാണ് ?

ഞങ്ങൾക്കും മറ്റു ഭാഷകൾ പഠിക്കാൻ വലിയ ഇഷ്ടവും താൽപ്പര്യവുമുണ്ട്. കേരളത്തിൽ ജീവിക്കുന്ന ഞങ്ങൾ ഫലപ്രദമായ വിനിയമത്തിന് മലയാളം സ്വായത്തമാക്കേണ്ടതുണ്ട് എന്നും നന്നായറിയാം. മലയാളം മാത്രമല്ല, ഇതര ഭാഷകളായ തമിഴും, ഇംഗ്ലീഷും, ഹിന്ദിയും, അറബിയും, ഫ്രഞ്ചുമൊക്കെ പഠിക്കാൻ ഏതൊരു കുട്ടിയേയും പോലെ ആഗ്രഹവും കഴിവും ഞങ്ങൾക്കുമുണ്ട്. പിന്നെന്തുകൊണ്ടാണ് ഭാഷാ പഠനത്തിൽ ഞങ്ങൾ പിന്തള്ളപ്പെടുന്നത് ? ഭാഷാപരമായ ഈ പ്രശ്നങ്ങളെ അൽപ്പം കൂടി വിശദീകരിക്കേണ്ടതുണ്ട്.



പ്രശ്നം 1.

ആദിവാസി ഭാഷയിലെ പല വാക്കുകൾക്കും മലയാളവുമായി നേർ വിപരീതാർത്ഥം ആണുള്ളത്. നിരന്തരം ഉപയോഗിക്കുന്ന/പ്രയോഗിക്കുന്ന വാക്കുൾക്ക് അനുയോജ്യമായ ബിംബങ്ങൾ (കാമഴലെ) ആണല്ലോ മസ്തിഷ്കം ശേഖരിച്ചുവെക്കുക. അതുകൊണ്ട് സ്വാഭാവികമായും ആ വാക്കും കുട്ടിയുടെ മനസ്സിൽ രൂപപ്പെടുത്തുന്ന ബിംബവും പൊരുത്തപ്പെടാതെ വരുന്നത് ആശയഗ്രഹണത്തെ സാരമായി ബാധിക്കാനിടയുണ്ട്. പട്ടിക 1 നോക്കുക.

**പട്ടിക 1**

| പദം | ആദിവാസി ഭാഷ | മലയാളം |
|---|---|---|
| അമ്മെ | അച്ഛൻ | അമ്മ |
| കെരെ | പുഴ/തോട് | പുഴക്കര |
| കപ്പെ | തവള | മരച്ചീനി |
| വട്ടം | പാത്രം | വൃത്തം |
| കാട് | കൃഷിസ്ഥലം | വനം/കാട് |
| പോകില | ഞാൻ പോകും | പോകുകയില്ല |
| കിളി | തത്ത | കിളി (സർവ്വനാമം) |
| പള്ളി | തറ | ആരാധനാലയം |
| നായ | ഭാഷ | നായ/പട്ടി |
| നാമ് | ഞാൻ | നാം |

### മലയാളവുമായി വിപരീതാർത്ഥം കൈമാറുന്ന പദങ്ങൾ

ഭാഷയെന്നത് ഒരു ജനസമൂഹം ആ സമൂഹത്തിനകത്ത് ഉണ്ടാക്കിയെടുക്കുന്ന ഒരു കരാർ കൂടിയാണല്ലോ. അതുകൊണ്ടുതന്നെ ഒരു ഭാഷയിലെ പദങ്ങൾക്ക് മറ്റൊരു ഭാഷയിൽ വിഭിന്നമായ അർത്ഥമുണ്ടാകാറുമുണ്ടല്ലോ. ഇത് പരസ്പരം മനസ്സിലാക്കുമ്പോഴല്ലേ ഭാഷാപഠനം ആയാസരഹിതമാകൂ?

**പ്രശ്നം 2**

### ഉചിതമായ/സമാന പദങ്ങളുടെ അഭാവം

അതിജീവനത്തിനുള്ള/ഉപജീവനത്തിനുള്ള ആശയവിനിമയോപാധിയായിരുന്നു ആദിവാസികൾക്ക് ഭാഷ. ഒരു നിശ്ചിത ദേശത്ത് നിശ്ചിതാവശ്യത്തിനായി കണ്ടുമുട്ടുന്നവർക്കും, ഒത്തുച്ചേരുകയും ചെയ്യുന്നവർക്കായി പരസ്പര വിനിമയത്തിനുള്ളത്. അ

| പദം | ആദിവാസി ഭാഷ | മലയാളം |
|---|---|---|
| റണ്ണെ | അരണ | - |
| കാകുളു | മൈന | - |
| നകാത്ത് | ഇന്നലെ | - |
| നീവ്രി | നിങ്ങൾ | - |
| റ്ട്ട് | രാത്രി | - |
| വെടിയാലെ | രാവിലെ | - |

തുകൊണ്ടുതന്നെ ആദിവാസി ഭാഷയിൽ വളരെ ചുരുങ്ങിയ പദാവലികളേയുള്ളൂ.ഭാഷ പ്രയോഗിക്കാനുള്ള വൈവിധ്യമായ സാഹചര്യങ്ങൾ ഇല്ലാത്തതുകൊണ്ട് മറ്റ് രീതിയിലുള്ള വളർച്ചയും വികാസവും ആദിവാസി ഭാഷക്കുണ്ടായിട്ടില്ലതാനും! മലയാളഭാഷയിലെ ഇന്ന് നിരന്തരം ഉപയോഗിക്കുന്ന നൂതനാശയങ്ങൾ സൂചിപ്പിക്കുന്നതിനുള്ള സങ്കീർണ്ണ പദാവലികളൊന്നും ഈ ഭാഷയിലില്ല. അതുപോലെതന്നെ ആദിവാസി ഭാഷയിലെ പ്രത്യേക വാക്കുകളുടെ അർത്ഥനിഷ്ഠമായ വിവർത്തനവും സാധ്യമല്ലതന്നെ! ചുരുക്കത്തിൽ ഇരുഭാഷകൾക്കുമിടയിൽ ഒരു പദാനുപദ തർജ്ജമ അസാധ്യമാണ്! ഇത് ക്ലാസ് റൂം വിനിമയത്തിൽ വലിയ പ്രയാസങ്ങളുണ്ടാക്കും.



**പ്രശ്നം 3**

ദീർഘമായി ഉച്ചരിക്കുമ്പോൾ അർത്ഥവ്യത്യാസം വരുന്ന വാക്കുകൾ ആദിവാസി പാട്ടും ജീവിതമാകെത്തന്നെയും താളാത്മകമാണ്. താളനിബദ്ധവും, സംഗീതാത്മകവുമാണ് ഉച്ചാരണവും. സ്വതവെ വാക്കുകൾ നീട്ടിപ്പറയാനുള്ള ഒരു പ്രവണത ഭാഷാപ്രയോഗത്തിലുടനീളം കാണാവുന്നതാണ്. സ്വാഭാവിക സംഭാഷണത്തിൽ 'ആ'കാരം കൂടുതലായി കാണാം. മലയാളത്തിലാണെങ്കിൽ ദീർഘമായി ഉച്ചരിക്കുമ്പോൾ ഒരേ വാക്കിനുതന്നെ വിഭിന്നങ്ങളായ അർത്ഥങ്ങളാണല്ലോ. 'ആ'കാരം ചേർത്തു വരുമ്പോഴുണ്ടാകുന്ന അർത്ഥവ്യത്യാസം പെട്ടെന്നുതന്നെ ഗ്രഹിക്കാൻ ഗോത്ര ജനതക്കാവില്ല. അതുകൊണ്ടു തന്നെ എഴുത്തിൽ നിരന്തരം 'തെറ്റ് ' വരുത്തുന്നതായി കാണാം. പട്ടിക നോക്കുക.

**സാധാരണ ഗതിയിൽ തെറ്റ് വരുത്തുന്നവ**

| | | |
|---|---|---|
| മകാള് | മകൾ | - |
| ടീച്ചാറ് | ടീച്ചർ | - |
| നല്ലാവാര് | നല്ലവർ | - |
| ഓർമ്മേകാ | ഓർമ്മകൾ | - |
| നായകാൻ | നായകൻ | - |
| ഭയാങ്കരെ | ഭയങ്കരം | - |
| പഠിക്കോണം | പഠിക്കണം | - |
| പറാക്ത് | പറക്കുക | - |
| പുരൂഷെ | പുരുഷൻ | - |
| ഇറാങ്ങുക | ഇറങ്ങുക | - |
| വാരാൻ | വരാൻ | - |

**പ്രശ്നം 4**

നിഷേധസൂചകമായും വായ്മൊഴിയായും ഉപയോഗിക്കുന്ന ചില വാക്യങ്ങളും പ്രയോഗങ്ങളും വലിയതോതിൽ ആശയ സംഘട്ടനം ഉണ്ടാക്കുന്നുണ്ട്. ഒരേ വാക്യം തന്നെ വ്യത്യസ്ത ഈണത്തിൽ പ്രയോഗിച്ച് അർത്ഥവ്യത്യാസം ധ്വനിപ്പിക്കൽ സാധ്യമാണല്ലോ മലയാളത്തിൽ.

ഉദാ :- ഞാനിന്ന് സിനിമക്ക് പോകും

വിവക്ഷ ക - ഓ നീ പോകും അല്ലേ? (സാധ്യത അംഗീകരിക്കൽ/സമ്മതം)


വിവക്ഷ കക - ഓ...... നീ പോകും അല്ലേ? (നിഷേധം)

ഈണ വ്യത്യാസം അർത്ഥ വ്യത്യാസത്തിന് കാരണമാകുന്നത് ശ്രദ്ധിക്കുക. ഭയങ്കര ഇഷ്ടം, ഭയങ്കര എളുപ്പം, നല്ല ദേഷ്യം വരുന്നു, നല്ല കരച്ചിലായി തുടങ്ങിയ ചില പ്രയോഗങ്ങളും ഭാഷാപഠിതാവിനെ സംബന്ധിച്ചിടത്തോളം കീറാമുട്ടിതന്നെയാണ്. ഭാഷയുമായി നിരന്തര സമ്പർക്കത്തിൽ വരുമ്പോൾ മാത്രം യുക്തിപൂർവ്വമായ സമീപനത്തിലൂടെ ഗ്രഹിച്ചെടുക്കുന്നതാണല്ലോ ഇവ.

ഇത്തരത്തിൽ ഏറെ സങ്കീർണ്ണത നിറഞ്ഞതാണ് ഞങ്ങളുടെ ഭാഷാപഠനമെന്നത് ഇപ്പോൾ മനസ്സിലായിക്കാണുമല്ലോ. ഈ യാഥാർത്ഥ്യങ്ങൾക്കു നേരെ കണ്ണടച്ചുകൊണ്ട് ആദിവാസി വിദ്യാർത്ഥികൾക്ക് ഭാഷാപരമായ പ്രശ്നമേയില്ലെന്ന് അടിവരയിട്ട് സമർത്ഥിക്കാൻ ശ്രമിക്കുന്നുണ്ട് ചില അധ്യാപകരും ഇതര ജീവനക്കാരും. ഇവരാരും ഈ വൈരുദ്ധ്യങ്ങളെ ഉൾക്കൊള്ളാൻ തയ്യാറാകാത്തതിന്റെ കാരണവും അതിവിചിത്രമാണ്.

ഭാഷാപ്രശ്നം ശ്രദ്ധയിൽ വരുന്നതിൽ ഏറെ ആശങ്കാകുലരാകുന്നത് അധ്യാപക സമൂഹം തന്നെയാണ്. ആദിവാസി മേഖലയിൽ ആദിവാസി ഭാഷയറിയുന്ന അധ്യാപകർ തന്നെ വേണമെന്ന ആവശ്യമുയർന്നാൽ അ

ഗോത്രവർഗ്ഗ വിദ്യാർത്ഥികൾ അനുഭവിക്കുന്ന വിദ്യാലയ അന്യവൽക്കരണമെന്ന പ്രശ്നത്തെ മറികടക്കുന്നതിനായി അട്ടപ്പാടിയിലെ അഗളി ബി.ആർ.സി കേന്ദ്രീകരിച്ച് സമഗ്ര ശിക്ഷ കേരള നടത്തിയ സെളി മെ കാല എന്ന പദ്ധതി പ്രത്യേകം ശ്രദ്ധ ആകർഷിക്കുന്നതാണ്. സംസ്ഥാന തലത്തിലും ദേശീയ തലത്തിലും ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു മാതൃകാ പ്രവർത്തനം കൂടിയാണിത്. അഗളി എൽ.പി സ്കൂളിന്റെ ചുമരുകളിൽ ഗോത്ര ജീവിതത്തിന്റെ ചരിത്രവും ഗോത്രാചാരങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ സെളിമെ കാല എന്ന പേരിൽ ഗോത്രാ ഭാഷാ അധ്യാപന സഹായിയും തയ്യാറാക്കിയിട്ടുണ്ട്. മലയാളവും ഗോത്രഭാഷകളും തമ്മിലുള്ള സാമ്യ- വ്യത്യാസങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഇത്തരം വിദ്യാലയങ്ങളിൽ കുട്ടികളോട് സംവദിക്കുന്നത് അധ്യാപകർക്ക് സഹായകമായ രീതിയിലാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം രൂപപ്പെടുത്തിയിരിക്കുന്നത്. വരും വർഷങ്ങളിൽ ഈ മേഖലയിൽ നിയമനം നേടുന്ന അധ്യാപകർക്ക് പരിശീലന സമയത്ത് മാർഗ്ഗദർശിയായി ഈ പുസ്തകം പ്രയോജനപ്പെടുത്താനും സാധിക്കും.. ഈ ഓൺലൈൻ പഠന കാലത്ത് പ്രൈമറി ക്ലാസുകളിലെ പാഠഭാഗങ്ങൾക്ക് ഗോത്രഭാഷാ രൂപാന്തരം നടത്തി തയ്യാറാക്കിയ വീഡിയോ ക്ലാസുകളും ഏറെ ശ്രദ്ധ നേടുകയുണ്ടായി.. ഇത്തരത്തിൽ ഒറ്റപ്പെട്ട മാതൃകാപരമായ പ്രവർത്തനങ്ങൾ ഗോത്രമേഖലയിൽ നടക്കുന്നുണ്ട്. അവ മുഖ്യധാരാ പാഠ്യപദ്ധതിയുമായി സംയോജിപ്പിച്ച് കുറെ കൂടി കാര്യക്ഷമമാക്കാൻ സാധിച്ചാൽ തീർച്ചയായും ഗോത്രമേഖലയിലെ വിദ്യാഭ്യാസരംഗത്ത് നൂതന മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കും





ത് തങ്ങളുടെ ജോലി സുരക്ഷയെ പ്രതികൂലമായി ബാധിക്കുമെന്ന അനാവശ്യ ആശങ്കയാണ് ഒന്നാമത്തേത്. അവർ കണ്ടെത്തുന്ന രണ്ടാമത്തെ കാരണം അതിനേക്കാൾ ബാലിശവും അടിസ്ഥാനരഹിതവുമാണ്. പാഠപുസ്തകങ്ങൾ മുഴുവൻ ആദിവാസി ഭാഷയിലേക്ക് മൊഴിമാറ്റം നടത്തി പഠിപ്പിക്കേണ്ടിവരുമോയെന്ന സംശയമാണത്! ഒരു ആദിവാസി വിദ്യാർത്ഥിക്ക് തന്റെ അതിജീവനഭാഷ പഠിപ്പിക്കാൻ എന്തിനാണ് മറ്റൊരു സ്കൂൾ? അഥവാ പാഠപുസ്തകങ്ങൾ ആദിവാസി ഭാഷയിലേക്ക് പരിഭാഷ നടത്താൻ ആ ഭാഷയിൽ പ്രാവീണ്യമുള്ള എത്ര അധ്യാപകരുണ്ടാകും? ലിപിയില്ലാത്ത ഒരു ഭാഷയിൽ പുസ്തകമുണ്ടാക്കുകയെന്നതും സാധ്യമായ ഒന്നാണോ? പിന്നെന്തിനാണ് ഇത്തരം അടിസ്ഥാനരഹിതമായ ആക്ഷേപങ്ങൾ?

മാതൃഭാഷയുടെ മഹത്വം വിശദമാക്കുന്ന പാഠഭാഗങ്ങൾ പഠിപ്പിക്കുമ്പോൾ പോലും "മലയാളമല്ല ഞങ്ങളുടെ മാതൃഭാഷ" എന്നു പറയാൻ ഞങ്ങൾക്ക് സാധിക്കാറില്ല! അതറിയാൻ ആരും ശ്രമിക്കാറുമില്ല. ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങൾ, ആദിവാസി മേഖലകൾ, അന്യസംസ്ഥാന തൊഴിലാളികൾ അധിവസിക്കുന്ന പ്രദേശങ്ങൾ എന്നിവ പൊതുസൂചികപ്രകാരം വിദ്യാഭ്യാസപരമായി താഴ്ന്ന നിലവാരം പുലർത്തുന്നവയാണല്ലോ. ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം (ശിരഹൗശെ്ല ലറൗരമശേീ) മുഖ്യ അജണ്ടയായി പരിഗണിക്കപ്പെടുമ്പോൾ ഇത്തരത്തിൽ പിന്നാക്ക പ്രദേശങ്ങളിലെ പ്രശ്നാപഗ്രഥനവും കുറെക്കൂടി കാര്യക്ഷമമാക്കേണ്ടതില്ലേ? അടിസ്ഥാനപരമായ കാരണങ്ങൾ കണ്ടെത്തലും മൂല്യാധിഷ്ഠിതമായ ഇടപെടലുകളുമല്ലേ സുസ്ഥിര ഫലം നൽകൂ?

പഠനമികവിന്റെ അടിസ്ഥാനത്തിൽ പാഠ

പുസ്തകങ്ങൾ പരിഷ്ക്കരിക്കപ്പെടേണ്ടതിന്റെ ഗൗരവമായ ചർച്ചകൾ കൂടി നടക്കുന്ന സാഹചര്യത്തിൽ സർക്കാരും വിദ്യാഭ്യാസ വകുപ്പും ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രതയും ഉത്തരവാദിത്വവും പുലർത്തേണ്ടതുണ്ട്. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിനുകീഴിൽ അക്കാദമിക മികവ് - വിദ്യാലയ മികവ് എന്ന ലക്ഷ്യം പൂർണ്ണമാകാൻ



ചില നിർദ്ദേശങ്ങൾ കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്.

**നിർദ്ദേശങ്ങൾ**

➢ പാഠപുസ്തകങ്ങളും വിദ്യാലയാന്തരീക്ഷവും ആദിവാസി സമൂഹത്തെകൂടി പ്രതിനിധീകരിക്കുന്നതാകണം. സാംസ്കാരികമായ അധിനിവേശം ചെറുക്കാൻ ഇത് കൂടിയേ തീരൂ.

➢ ആദിവാസി സംസ്കാരം പ്രതിനീധീകരിക്കുന്ന പാഠഭാഗങ്ങൾ ഉൾപ്പെടുത്തുമ്പോൾ അതീവ ജാഗ്രത കാണിക്കേണ്ടതുണ്ട്. നിലവിലുള്ള പാഠപുസ്തകങ്ങളിൽ അപൂർവ്വം ചിലയിടങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഏതോ പ്രത്യേക ജീവിവർഗ്ഗമെന്ന രീതിയിൽ കൗതുക വാർത്തകളായാണ് അവ വിനിമയം ചെയ്യപ്പെട്ടിട്ടുള്ളത്.

➢ ആദിവാസികളെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെക്കുമ്പോൾ നൂറ്റാണ്ടുകൾക്കുമുൻപുള്ള ഗുഹാവാസികളെന്നപോലെ തേനും കാട്ടുകിഴങ്ങും ഭക്ഷിച്ച് കുടിലിൽ താമസിക്കുന്നവരാണെന്ന ധാരണ നൽകും വിധമാണ് അവതരിപ്പിക്കപ്പെടുന്നത്. മറിച്ച് ആദിവാസികൾ പൊതു സമൂഹത്തിൽ ഉൾച്ചേർന്നിരിക്കുന്നുവെന്നും ഒരു നാടിന്റെ ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ പഠനത്തിന്റെ ഭാഗമായാണ് അവ അവതരിപ്പിക്കപ്പെടേണ്ടതെന്നതും ഇനിയും ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട വിഷയമാണ്.

➢ ആദിവാസി ഭാഷയും പാട്ടുകളും സാമൂഹ്യരീതികളും പാഠപുസ്തകങ്ങളിലുൾപ്പെടുത്തേണ്ടതുണ്ട്. ആദിവാസികളുടെ പാരമ്പര്യമായ അറിവുകളും, സംസ്കാരവും ചരിത്രമായിത്തന്നെ അറിയപ്പെടേണ്ടതില്ലേ? കൗതുകമാർന്ന പഠനവിഭവമായിട്ടല്ലാതെ.

➢ വിദ്യാലയവുമായി കുട്ടി അനുരൂപീകരണം നടത്തണമെന്ന ശാഠ്യമല്ല വേണ്ടത്. പ്രശ്നം കുട്ടിയുടേതല്ലെന്നും കുട്ടിയേയും കുട്ടിയുടെ സാഹചര്യങ്ങളേയും മനസ്സിലാക്കുന്നതിൽ അധ്യാപകരും, പൊതുസമൂഹവും, വിദ്യാഭ്യാസ സംവിധാനങ്ങളും പരാജയപ്പെടുന്നുണ്ടെന്ന് തിരിച്ചറിയുകയാണ് വേണ്ടത്. അതിനാൽ, ആദിവാസി മേഖലയിൽ ജോലി ചെയ്യുന്ന മുഴുവൻ അധ്യാപകർക്കും കുട്ടിയുടെ ഭാഷ, സംസ്കാരം, മറ്റ് സാഹചര്യങ്ങൾ എന്നിവ മുഖ്യവിഷയമായി പ്രത്യേക പരിശീലനം ലഭ്യമാക്കേണ്ടതാണ്.

➢ ആദിവാസിക്കിനി വേണ്ടത് പ്രത്യേക പദ്ധതികളല്ല, ഞങ്ങൾ മാറ്റിനിർത്തപ്പെടേണ്ടവരുമല്ല. സഹതാപവും, പരിഗണനയുമല്ല ആദിവാസിക്കുവേണ്ടത്. ചേർത്തുനിർത്തിയുള്ള അംഗീകാരമാണ്.

➢ ഇതെല്ലാം നടപ്പിലാക്കപ്പെടുന്നില്ലെങ്കിൽ, ഞങ്ങൾ ഇനിയും 'പിന്നാക്കക്കാരായി' എണ്ണപ്പെടും. ഞങ്ങൾക്കിടമില്ലാത്തിടത്തുനിന്ന് ഞങ്ങൾ പിൻവാങ്ങും. ഇത് ഞങ്ങളുടെ കുറ്റമല്ല. വിദ്യാലയം വിരസമാകുന്നതിന്റെയും ഞങ്ങൾ മൗനികളാകുന്നതിന്റെയും കാരണങ്ങൾ ഇതൊക്കെത്തന്നെയാണ്. പൊതുസമൂഹവുമായുള്ള ആശയവിനിമയത്തിൽ മലയാളഭാഷയിൽ പൂർണ്ണാർത്ഥത്തോടെ പറഞ്ഞു ഫലിപ്പിക്കാനാകുമോ എന്ന ഭയം എപ്പോഴും ഞങ്ങൾക്കുണ്ട്. അതേ സമയം പൊതുസമൂഹം തൃജിക്കപ്പെട്ട ഞങ്ങളുടെ ഭാഷ പുറത്തുവരുമോയെന്ന ജാള്യതയും ഞങ്ങളെ പിന്നോട്ട് വലിക്കുന്നുണ്ട്.

ഞങ്ങൾക്കും സ്വപ്നമുണ്ട്.


ഇതാ, ഇതാണ് ഞങ്ങളുടെ വിദ്യാലയ സ്വപ്നം. ഞങ്ങളുടെ പരിസ്ഥിതിക്കിണങ്ങുന്ന, ഞങ്ങൾക്കുകൂടി ഇടമുള്ള, ഞങ്ങളുടെ ഭാഷയിൽ സംസാരിക്കാൻ സ്വാതന്ത്ര്യമുള്ള, ഞങ്ങളുടെ മാതാപിതാക്കളെകൂടി അംഗീകരിക്കുന്ന വിദ്യാലയം. അവിടെ ഞങ്ങളെക്കൂടി ഉൾപ്പെടുത്തിയിട്ടുള്ള പാഠപുസ്തകങ്ങളും പഠനപ്രവർത്തനങ്ങളും, ഞങ്ങളുടെ ഹൃദയത്തോട് സംവദിക്കുന്ന അധ്യാപകരും. ഞങ്ങളുടെ ഈ സ്വപ്നം യാഥാർത്ഥ്യമാകുമെന്ന പ്രതീക്ഷയോടെ...

അട്ടപ്പാടിയിൽ നിന്ന് വെള്ളി.

ചർച്ചാവിഷയം




**ദീപ ചിത്രാലയം**
എച്ച്.എസ്.എസ്.ടി. കെമിസ്ട്രി
ജി.എച്ച്.എസ്.എസ്. പുത്തൂർ സ്റ്റേറ്റ് റിസോഴ്സ് പേർസൺ - കരിയർ ഗൈഡൻസ് & അഡോളസന്റ് കൗൺസിലിംഗ് സെൽ



**അനീഷ ജറാൾഡ്**
മലയാളം അധ്യാപിക
കരമന ഗവ: ഹയർ സെക്കന്ററി സ്കൂൾ


# ലിംഗസമത്വം
# ഞങ്ങൾക്കുമുണ്ട് ചിലത് പറയാൻ

**സ്കൂൾ പാഠ്യപദ്ധതിയെപ്പറ്റി കുട്ടികൾ സംസാരിക്കുന്നു**



സ്ത്രീപക്ഷ നിലപാടുകൾ വളരെയേറെ ശക്തിപ്പെടുത്തേണ്ട  ഒരു സാമൂഹിക അവസ്ഥയിലാണ് നാം ജീവിക്കുന്നത്.ജീവിതത്തിന്റെ സർവ്വ മേഖലകളിലും സ്ത്രീ ശാക്തീകരണം കേന്ദ്രീകരിച്ച പോരാട്ടങ്ങൾ ശക്തിയാർജിക്കുന്ന സമകാലീന അവസ്ഥയിൽ ജെൻഡർ അടിസ്ഥാനമാക്കി പാഠ്യപദ്ധതി നവീകരിക്കുക എന്നത്  കാലികപ്രസക്തമായ ഒന്നാണ്.  സമ്പൂർണ്ണ സാക്ഷരത എന്നഭിമാനിക്കുമ്പോഴും, വർത്തമാന കേരളത്തിൽ സ്ത്രീകൾ നേരിടുന്ന പീഡനങ്ങൾക്കും വിവേചനങ്ങൾക്കും അറുതിയില്ല .ആധുനിക സമൂഹം വിഭാവനം ചെയ്യുന്ന തരത്തിൽ ലിംഗസമത്വം സാധ്യമാകണമെങ്കിൽ, മാറ്റം പാഠ്യപദ്ധതിയിൽ നിന്നും പാഠപുസ്തകങ്ങളിൽ നിന്നും  തന്നെ ആരംഭിക്കേണ്ടതുണ്ട്.

സ്വാതന്ത്ര്യാനന്തര ചരിത്രവഴികളിൽ എക്കാലവും പാർശ്വവൽക്കരിക്കപ്പെട്ടിരുന്നത്  സ്ത്രീ, ദളിത് , ഇന്റർസെക്സ് വിഭാഗങ്ങൾ ആയിരുന്നല്ലോ. ഈ അരികുവൽക്കരണത്തിന് നമ്മുടെ പാഠപുസ്തകങ്ങൾ നൽകിയിരിക്കുന്ന സംഭാവനകൾ ഒട്ടും ചെറുതല്ല എന്ന് കാണാം.

ദളിത്, സ്ത്രീ പക്ഷ മേഖലകൾ ലോകത്തിന് നൽകിയ സംഭാവനകൾ തിരിച്ചറിയുകയും അതിന് അടിവരയിടുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിത് .നമ്മൾ എന്നാൽ ആണും പെണ്ണും മാത്രമല്ലെന്നും ഇന്റർസെക്സ് വിഭാഗങ്ങൾ  കൂടി ഉൾ

പ്പെട്ടതാണെന്നും ഉള്ള തിരിച്ചറിവ് പുതിയ തലമുറയ്ക്കുണ്ടാകണം. അതുകൊണ്ടുതന്നെ മേൽപ്പറഞ്ഞ എല്ലാ വിഭാഗങ്ങളെയും കൂടി ഉൾക്കൊള്ളുന്നതാവണം നമ്മുടെ പാഠ്യപദ്ധതി.

ജ്ഞാന മണ്ഡലത്തിലും ലോകവീക്ഷണത്തിലും അപരിമേയമായ വളർച്ചയാണ് ഇന്നത്തെ കുട്ടികൾക്കുള്ളത്. നമ്മുടെ ബാല്യകാലത്തുണ്ടായിരുന്നതു പോലെ എണ്ണം പറഞ്ഞ പുസ്തകങ്ങളോ വിരലിലെണ്ണാവുന്ന ചാനൽ ലോകങ്ങളോ ഒന്നുമല്ല അവരെ മുന്നോട്ടു നയിക്കുന്നത്. അവരെ തിരിച്ചറിയാൻ അധ്യാപക സമൂഹത്തിന് കഴിഞ്ഞിട്ടുണ്ടോ എന്ന് തന്നെ സംശയിക്കേണ്ടിയിരിക്കുന്നു.

ലിംഗരാഷ്ട്രീയാവബോധം പഠനപ്രവർത്തനങ്ങളുടെ ഭാഗമാകുന്നതിനെക്കുറിച്ച് ഈ കുട്ടികൾക്ക് എന്തായിരിക്കും പറയാനുള്ളത്...? എങ്ങനെയാണവരു ടെ ചിന്തകൾ....? അതറിയാനായി ഞങ്ങൾ ഒരു ചോദ്യാവലി തയ്യാറാക്കി കുട്ടികൾക്കിടയിലേയ്ക്ക് ചെന്നു.

**ചോദ്യങ്ങൾ**

കുട്ടിയുടെ പേര്?
പെൺ / ആൺ / മറ്റുള്ളവർ
സ്കൂളിന്റെ പേര്?
(സർക്കാർ / എയ്ഡഡ് / അൺ എയ്ഡഡ് )
ക്ലാസ്
വിദ്യാലയം സ്ഥിതി ചെയ്യുന്ന സ്ഥലം?
( നഗരം/പട്ടണം / ഗ്രാമം)

1. സ്കൂളിൽ ഹാജർ വിളിക്കുന്ന അവസരത്തിൽ ആൺകുട്ടികളുടെ പേരുകൾ ആണോ ആദ്യം വിളിക്കാറ്? എന്തുകൊണ്ടാണ് ഹാജർ പുസ്തകത്തിൽ ആൺകുട്ടികളുടെ പേരുകൾ ആദ്യം രേഖപ്പെടുത്തുന്നത് ?
എന്താണ് നിങ്ങൾക്കിതിനെ ക്കുറിച്ച് പറയാനുള്ളത്?

2. ക്ലാസ് റൂം വൃത്തിയാക്കുന്ന അവസരത്തിൽ അടിച്ചു വാരുന്ന ജോലി പലപ്പോഴും പെൺകുട്ടികൾക്കാണ്. ആൺകുട്ടികളാകട്ടെ ബഞ്ച് പിടിച്ചിടുക, നിർദ്ദേശം നൽകുക എന്നിവ ഏറ്റെടുക്കും. നിങ്ങളുടെ സ്കൂളിലെയും സ്ഥിതി ഇത് തന്നെയാണോ? ഇത് നല്ലൊരു പ്രവണതയാണോ? എന്താണ് നിങ്ങളുടെ അഭിപ്രായം?

3 .സ്കൂളിൽ പെൺകുട്ടി /ആൺകുട്ടി എന്ന വിവേചനം നേരിടുന്ന മറ്റെന്തെങ്കിലും സന്ദർഭം നിങ്ങൾക്ക് ഇതോടൊപ്പം കൂട്ടിച്ചേർക്കാനുണ്ടോ?

4. നിങ്ങൾ പഠിക്കുന്ന പാഠപുസ്തകങ്ങളിൽ,കൃത്യമായ ലിംഗവിവേചനം സൂചിപ്പിക്കുന്ന ഏതെങ്കിലും പാഠങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

5. ഏതൊക്കെ വിഷയങ്ങളിൽ, ഏതൊക്കെ പാഠങ്ങളിൽ ആണ് ഇത്തരത്തിലുള്ള വിവേചനം ഉള്ളതായി തോന്നിയത്?വിശദീകരിക്കുക.

6. ക്ലാസ് റൂം ചർച്ചകളിൽ അധ്യാപകരും കുട്ടികളും ഉപയോഗിക്കുന്ന ഭാഷ ലിംഗ സൗഹൃദപരമാണോ? (സ്ത്രീവിരുദ്ധതയോ ട്രാൻസ്ജെൻഡർ വിരുദ്ധതയോ കടന്നു വരാറുണ്ടോ?) നിങ്ങളുടെ അഭിപ്രായം വിശദീകരിക്കുക.

7.പാഠപുസ്തകത്തിലുൾപ്പെടുത്തിയിട്ടുള്ളതും അധ്യാപകർ പരിചയപ്പെടുത്തുന്നതുമായ ചിത്രങ്ങൾ, ചിത്രീകരണങ്ങൾ, വീഡിയോകൾ തുടങ്ങിയവയിൽ ലിംഗവിവേചനം ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? വ്യക്തമാക്കുക.

8.ലിംഗസമത്വത്തിന്റെ ആവശ്യകത ചർച്ച ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിലും, പുരുഷ കേന്ദ്രീകൃതമായ ധാരാളം പരാമർശങ്ങൾ ,ഭാഷയിലും പ്രയോഗത്തിലും നമുക്ക് ചുറ്റും കാണാം (ഉദാ: ചരിത്രത്തിൽ മനുഷ്യരുടെ വളർച്ചയെക്കുറിച്ച് പറയുമ്പോൾ ഉള്ള 'അവൻ' എന്ന പ്രയോഗം, 'ആധാർ സാധാരണ ക്കാരന്റെ അവകാശം എന്ന് പറയുന്നത് ). ഇതേക്കുറിച്ച് നിങ്ങൾ കുട്ടികൾക്ക് എന്താണ് പറയാനുള്ളത്?

9.സ്കൂളിൽ നിങ്ങൾക്ക് പി.ഇ.ടി. പീരിയഡുകൾ അനുവദിച്ചിട്ടുണ്ടോ? ഒരാഴ്ചയിൽ എത്ര പി.ഇ.ടി. പീരിയഡ് ഉണ്ടാകും.? പി.ഇ.ടി. പീരിയഡ് പൊതുവേ എങ്ങനെയാണ് വിനിയോഗിക്കുന്നത്.? പി.ഇ.ടി.പീരിയഡിൽ കളിക്കാൻ പെൺകുട്ടികൾക്ക് അവസരം ലഭിക്കാറുണ്ടോ? .

10.പാഠ്യ പദ്ധതിയിൽ, പാഠപുസ്തകങ്ങളിൽ, ലിംഗസമത്വത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള എന്ത് മാറ്റങ്ങളാണ് നിങ്ങൾ കുട്ടികൾ സ്വപ്നം കാണുന്നത്?

കേരളത്തിലുടനീളം ഗ്രാമം, നഗരം ,പട്ടണം എന്നിവിടങ്ങളിലെ, ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിൽ ഏഴാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന, സാമ്പത്തികമായി പല തട്ടുകളിൽ നിൽക്കുന്ന, പെൺകുട്ടികളും ആൺകുട്ടികളും അടങ്ങുന്ന
കുട്ടികളുടെ അഭിപ്രായങ്ങളാണ് പഠനവിധേയമാക്കിയത്.

പ്രതികരണങ്ങൾ ആവേശപൂർണമായിരുന്നു; ആശാവഹമായിരുന്നു. കിട്ടിയ ധാരാളം പ്രതികരണങ്ങളിൽ നിന്ന് അഞ്ചെണ്ണം അതുപോലെ കൊടുക്കുന്നു.

## കുട്ടികളുടെ പ്രതികരണങ്ങൾ

### പ്രതികരണം 1

**നീഹാർ എ. എസ്.**
ആൺ
ഗവൺമെന്റ് സംസ്കൃതം എച്ച് എസ് എസ്
സർക്കാർ

1. ആൺകുട്ടികളുടെ പേരാണ് ആദ്യം വിളിക്കാറുള്ളത്.പാരമ്പര്യമായി സ്കൂളിൽ അധ്യാപകർ തുടർന്നുവരുന്ന നീചമായ വിവേചന ശീലമാണിത്.സമൂഹത്തിൽ തുടർന്നു വരുന്ന പുരുഷ മേധാവിത്വം ഹാജർ പട്ടികയിലും പ്രതിഫലിക്കുന്ന പ്രവണതയാണിത്. ചില സ്ക്കൂളുകൾ അക്ഷരമാലാക്രമത്തിൽ ആൺ-പെൺ വിവേചനമില്ലാതെ ഹാജർ പട്ടിക തയ്യാറാക്കുന്നുണ്ട്.ഇതാണ് ശരിയായ രീതി.ഇതിന് തയ്യാറാകാത്ത മറ്റ് സ്കൂളുകൾ തെറ്റായ പ്രവണത തിരുത്തി ഈ രീതിയിലേക്ക് മാറേണ്ടത് സമൂഹത്തിന് ആവശ്യകതയാണ്.

2. ഇത് തെറ്റായ പ്രവണതയാണ്.വീട്ടിൽ നിന്ന് കുട്ടിയുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട തെറ്റായ ബോധ്യത്തിന്റെ ഫലമാണ് സ്കൂളിലും പ്രതിഫലിക്കുന്നത്.ഭൂരിഭാഗം സ്കൂളുകളും ചുമതലകൾ വിഭജിക്കുമ്പോൾ ലിംഗവിവേചനം ഒഴിവാക്കാറുണ്ടെങ്കിലും അടിച്ചു വാരുന്നത് മോശമാണ് എന്ന ചിന്തയുടെ ഭാഗമായി ആൺകുട്ടികൾ മാറി നിൽക്കുന്നു.കുട്ടികളിലുണ്ടാവുന്ന ശരിയല്ലാത്ത ബോധ്യം മാറിയാൽ മാത്രമേ സ്കൂളുകളിലും മാറ്റം ഉണ്ടാവുകയുള്ളൂ.

3. ക്ലാസ്സ് റൂമിൽ കുട്ടികൾ ഇരിക്കുന്നത്. വ്യത്യസ്ത ഭാഗങ്ങളിലാണ് ആൺകുട്ടിയെയും പെൺകുട്ടിയെയും ഇരുത്തിയിരിക്കുന്നത്.ഇതിൽ നിന്ന് വ്യത്യസ്തമായി ലിംഗവിവേചനം കൂടാതെ ഒരേ ബെഞ്ചിൽ ഒന്നിച്ചിരിക്കാൻ അവർ

ക്ക് കഴിയണം.

4. ഉണ്ട്

5. മലയാളം ഒന്നാംവർഷ പാഠപുസ്തകത്തിലെ ഒന്നാമത്തെ അധ്യായമായ കിനാവിലെ ബാലചന്ദ്രൻ ചുള്ളിക്കാട് എഴുതിയ 'സന്ദർശനം' എന്ന കവിതയിൽ കാമുകൻ മാത്രമേ സംസാരിക്കുന്നുള്ളൂ.ഇവിടെ സ്ത്രീക്ക് സംസാരിക്കാൻ പോലും അവസരം നൽകുന്നില്ല.

6. പലയിടങ്ങളിലും ട്രാൻസ്ജെൻഡർ വിരുദ്ധത കടന്നുവരാറുണ്ട്.

7. പലപ്പോഴും കണ്ടുപിടിത്തങ്ങൾ നടത്തിയ പുരുഷൻമാരുടെ പേരുകളും ചിത്രങ്ങളും മാത്രം പാഠപുസ്തകത്തിൽ പഠിക്കാൻ ഉള്ളതായി കാണാം.(ഡി. എൻ.എയുടെ ഘടന വിവരിച്ച വാട്സനെയും ക്രിക്കിനെയും നോബൽ സമ്മാനം നൽകി ആദരിക്കുകയും പ്രശസ്തരാക്കുകയും ചെയ്യുമ്പോഴും ഉചഅ കണ്ടുപിടിത്തത്തിൽ സുപ്രധാന പദവി വഹിച്ച ' ഫ്രാങ്ക്ലിൻ' എന്നെ സ്ത്രീയുടെ പേര് നമുക്ക് എവിടെയും കാണാൻ കഴിയില്ല)

8. ചരിത്രം എന്ന വാക്കിന്റെ ഇംഗ്ലീഷ് വിവർത്തനമായ "History" എന്ന പദം അവന്റെ കഥ എന്ന അർത്ഥത്തിലാണ് വരുന്നത്.ഇത് തികച്ചും തെറ്റായ പ്രവണതയാണ്. ഇത്തരം വാക്കുകളിൽ അനുയോജ്യമായ മാറ്റം വരുത്തേണ്ടതാണ്.ഈയിടെ ക്രിക്കറ്റിൽ ലിംഗസമത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 'ബാറ്റർ' എന്ന പദം കൊണ്ടു വന്നത് പോലെ പലയിടത്തും മാറ്റം അനിവാര്യമാണ്.

9 പി.ടി പിരീഡുകൾ ആഴ്ചയിൽ രണ്ടെണ്ണം വീതം ആണ് ലഭിക്കാറുള്ളത്.പലപ്പോഴും അത് ടൈംടേബിളിൽ തൂങ്ങുന്ന വാചകം മാത്രമായി പോവാറുണ്ട്.സ്പെഷ്യൽ ക്ലാസ് എന്നപേരിൽ പലരും പാഠം തീർക്കാൻ വേണ്ടി ആ പിരീഡുകൾ ഉപയോഗിക്കുന്നു. പി.ടി പിരീഡുകളിൽ ഫുട്ബോൾ,ക്രിക്കറ്റ് പോലെയുള്ള കളികൾ പലപ്പോഴും ആൺകുട്ടികളുടേത് മാത്രമായി പോകുന്നു.ഇത് ശരിയായ പ്രവണതയല്ല.കുട്ടികളിൽ സമൂഹം അടിച്ചേൽപ്പിക്കുന്ന പാരമ്പര്യമായ വിവേചന ബോധം അവസാനിച്ചാൽ മാത്രമേ ഇത്തരം കാര്യങ്ങളിൽ മാറ്റം ഉണ്ടാവുകയുള്ളൂ.

**പ്രതികരണം 2**

**ഗൗരി .വി .മേനോൻ**
പെൺ
Zamorins HSS
എയ്ഡഡ്
12
കോഴിക്കോട്
നഗരം

1. അതെ , കിൻഡർഗാർട്ടൻ ലെവൽ മുതൽ ഹാജർ പുസ്തകത്തിൽ ആൺകുട്ടികളുടെ പേരാണ് ആദ്യം എഴുതി കാണുന്നത് .ആദ്യമൊന്നും എന്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം നിയമങ്ങൾ എന്ന് അറിയില്ലായിരുന്നു. എന്റെ കാഴ്ചപ്പാടിൽ, ലിംഗപരമായ അസമത്വം ശരിക്കും ആരംഭിക്കുന്നത് ഈ ഹാജർ പുസ്തകത്തിൽ നിന്ന് തന്നെയാണ്. ആൺ പെൺ വേർതിരിവുകൾ ഇല്ലാതെ , ആർക്കും മുൻഗണന കൊടുക്കാതെ, അക്ഷരമാലാ ക്രമത്തിൽ തന്നെയാണ് ഹാജർ പുസ്തകത്തിൽ പേരുകൾ രേഖപ്പെടുത്തേണ്ടത്.

2. ക്ലാസ് മുറികൾ വൃത്തിയാക്കുന്ന സമയത്ത് പലപ്പോഴും ഇങ്ങനെ സംഭവിക്കാറുണ്ട്. ആൺകുട്ടികൾക്ക് പെൺകുട്ടികളേക്കാൾ ശാരീരികബലം കൂടുതലാ

ണ്. എന്നാൽ ഈ പുരുഷാധിപത്യ സമൂഹം നമ്മെ ഓർമിപ്പിക്കുന്നത് ദൈനംദിന കാര്യങ്ങളുടെ ഉത്തരവാദിത്വം പെൺകുട്ടികൾക്ക് മാത്രമാണ് എന്നാണ് .ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ഇതൊരു നല്ല പ്രവണതയായി എനിക്ക് തോന്നുന്നില്ല. ഉത്തരവാദിത്തങ്ങൾ ആൺകുട്ടിയും പെൺകുട്ടിയും ഒരുപോലെ പങ്കിട്ടെടുക്കാൻ നമ്മൾ അവരെ പഠിപ്പിക്കേണ്ടതുണ്ട്. ഇപ്പോൾ സിനിമയിലും പരസ്യങ്ങളിലും ഒക്കെ ചെറിയതോതിലുള്ള മാറ്റങ്ങൾ വന്നിട്ടുണ്ട്. എന്റെ കാഴ്ചപ്പാടിൽ പുരുഷന് മാത്രമായോ സ്ത്രീക്ക് മാത്രമായോ ഒരു ജോലിയും മാറ്റി വച്ചിട്ടൊന്നുമില്ല .എല്ലാ ജോലിയിലും സമത്വം കൊണ്ടുവരുന്നതിന് ആവശ്യമായ വിദ്യാഭ്യാസം നമ്മൾ കുട്ടികൾക്ക് കൊടുക്കേണ്ടതുണ്ട്. അത് അവരെ നല്ല പൗരന്മാരായി വളരാൻ സഹായിക്കും.

3. സ്പോർട്സ് വിഷയത്തിന്റെ കാര്യമെടുത്താലും നമുക്ക് ഈ ഒരു വ്യത്യാസം കാണാൻ കഴിയും. ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ ടീമുകളുടെ സെലക്ഷൻ നടപടിയിൽ ആൺകുട്ടികൾക്കാണ് പ്രാധാന്യം കൊടുക്കുന്നത്. ഞങ്ങളുടെ സ്കൂളിലാണെങ്കിലും വോളിബോൾ, ഫുട്ബോൾ ടീമുകൾ പെൺകുട്ടികൾക്ക് വേണ്ടി ഉണ്ടാക്കപ്പെട്ടിട്ടില്ല. എന്നാൽ ഫിസിക്കലി ഫിറ്റ് ആയിരിക്കുക എന്നത് പെൺകുട്ടികളെ സംബന്ധിച്ചിടത്തോളവും ആൺകുട്ടികളെ സംബന്ധിച്ചിടത്തോളവും വളരെ പ്രധാനമാണ്. ഇത്തരം ലിംഗ വിവേചനങ്ങൾ സ്കൂളുകളിൽ ഉണ്ടാകുന്നതു കൊണ്ടാണ് പെൺകുട്ടികൾ സ്പോർട്സ് വിഷയങ്ങളിൽ പുറകോട്ട് പോകുന്നത്.

4. അതെ ,ഒരു ആർട്സ് വിദ്യാർത്ഥി എന്ന നിലയിൽ അത്തരം ധ്രുവീകരണങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. പ്രത്യേകിച്ചും ഹിസ്റ്ററി ,സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ് എന്നീ വിഷയങ്ങളിൽ പുരുഷാധിപത്യം നിലനിൽക്കുന്നതായി കാണാം. ലിംഗവിവേചനം വളരെക്കാലമായി നിലനിൽക്കുന്നുണ്ട് എന്നാണ് ഇത് വ്യക്തമാക്കുന്നത്. വീട്ടുജോലികൾ സ്ത്രീകളുടേയും പുറത്തുപോയി സമ്പാദിക്കുന്നത് പുരുഷന്റേയും ഉത്തരവാദിത്വം ആയാണ് പറഞ്ഞിരിക്കുന്നത്. സാമൂഹ്യശാസ്ത്രത്തിലെയും രാഷ്ട്ര തന്ത്രത്തിലെയും സ്ഥിതിവിവര കണക്കുകൾ അനുസരിച്ച് മൂന്നിലൊന്ന് പെൺകുട്ടികൾക്കും ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ല എന്നും പുരുഷാധിപത്യം അവരിൽ അടിച്ചേൽപ്പിക്കപ്പെടുകയാണ് എന്നും നമുക്ക് കാണാം. വിവിധ മേഖലകളിൽ സ്ത്രീകൾ തങ്ങളുടെ കഴിവുകൾ തെളിയിച്ചിട്ടും ജനസംഖ്യയുടെ 50 ശതമാനം വരുന്ന സ്ത്രീകളിൽ നിന്നും ഒരു വനിതാ പ്രസിഡന്റും ഒരു വനിതാ പ്രധാനമന്ത്രിയും മാത്രമേ ഉണ്ടായിട്ടുള്ളൂ എന്നതും അത്ര നല്ല കാര്യമല്ല . ഇത് ആശങ്ക ഉണ്ടാക്കുന്നു.

5. സമൂഹത്തിന്റെ എല്ലാതലത്തിലും ഈ വിഷയം നമുക്ക് കാണാൻ കഴിയും. ആദിമ കാലഘട്ടം മുതൽ ഇങ്ങോട്ട് സാംസ്കാരികമായി സമുന്നതി യിൽ നിൽക്കുന്നു എന്ന് നമ്മൾ അഭിമാനിക്കുന്ന ഈ കാലഘട്ടത്തിലും ലിംഗവിവേചനം കാണാൻ കഴിയും. സമൂഹം ആണിനും പെണ്ണിനും വെവ്വേറെ ജോലികൾ ഏൽപ്പിച്ചിട്ടുണ്ട്. സ്ത്രീകളുടെ സാക്ഷരതാ നിലവാരം, പെൺ ഭ്രൂണഹത്യ , സ്ത്രീകളുടെ ശമ്പളം എന്നിവയെ കുറിച്ച് പഠിക്കുമ്പോൾ ഞെട്ടിക്കുന്ന കണക്കുകളാണ് നമുക്ക് ലഭ്യമാകുന്നത്.

6. ഇല്ല അത്തരം കാര്യങ്ങൾ ഞാനിതുവരെ കണ്ടിട്ടില്ല .സാധാരണയായി അധ്യാപകർ സൗഹാർദ്ദപരമായി തന്നെയാണ് ഇടപെടാറുള്ളത്. എന്നാൽ ഒരു പെൺകുട്ടി ഉറക്കെ സംസാരിക്കാൻ പാടില്ലെന്നും അവളുടെ അഭിപ്രായം തുറന്നു പറയാൻ പാടില്ലെന്നും ഒക്കെ ഉള്ള നിർദ്ദേശങ്ങൾ വളരെ സങ്കടകരമാണ്. കേരളം 100% സാക്ഷരത കൈവരിച്ചു എന്ന് അഭിമാനിക്കുമ്പോൾ പോലും ശൈശവ വിവാഹങ്ങൾ പലയിടത്തും സാധാരണമാണെന്ന് കാണാം.

7. ചെറിയ ക്ലാസിലെ കുട്ടികളുടെ പാഠപുസ്തകങ്ങൾ പരിശോധിച്ചാൽ സ്

ത്രീകൾ അടുക്കളയിൽ ജോലി ചെയ്യുന്നതോ കുടുംബാംഗങ്ങളുമായി ഭക്ഷണം പാകം ചെയ്യുന്നതോ ആയ ചിത്രങ്ങളാണ് കാണുന്നത്. ഇതൊക്കെ സ്ത്രീകളുടെ ജോലികൾ ആണെന്ന ചിന്ത കുട്ടികളുടെ മനസ്സിൽ വളരെ ചെറുപ്പത്തിൽ തന്നെ ഉണ്ടാകും. മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന എന്റെ ഒരു സുഹൃത്തിന്റെ മലയാളം പാഠപുസ്തകത്തിൽ ഇത്തരം ചിത്രങ്ങൾ കണ്ടിട്ടുണ്ട്. ഇതൊരു തെറ്റിദ്ധാരണാജനകമായ ആശയമാണ്. സ്ത്രീകൾ തങ്ങൾക്ക് വേണ്ടി എല്ലാ ജോലികളും ചെയ്യണമെന്ന് പുരുഷന്മാർ കരുതുന്നു. പുരുഷന്മാർ എന്തെങ്കിലും വീട്ടുജോലി ചെയ്താൽ അവൻ വളരെ നല്ലവൻ ആയി കണക്കാക്കപ്പെടുന്നു. എന്നാൽ അതേ ജോലി സ്ത്രീ ചെയ്യുമ്പോൾ അത് ചെയ്യേണ്ടത് അവളുടെ കടമയായി കരുതുന്നു. വീട് പരിപാലിക്കുക എന്നത് സ്ത്രീയുടെ ഉത്തരവാദിത്തമാണെന്ന് സിനിമകളിൽ പോലും ഹൈലൈറ്റ് ചെയ്ത് കാണിക്കുന്നതായി നമുക്ക് കാണാൻ കഴിയും ഈ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള സങ്കല്പങ്ങൾ പോലും ലജ്ജാകരമാണ്.

8. ഇത് വളരെ യാഥാർത്ഥ്യം നിറഞ്ഞ ഒരു കാര്യമാണ്. അവൻ എന്ന പ്രയോഗം പുരുഷാധിപത്യം ഇന്നും നിലനിൽക്കുന്നു എന്നതിന്റെ സൂചനയാണ് നൽകുന്നത് .ഇതൊരു സ്ത്രീവിരുദ്ധമായ പ്രയോഗമായി നമുക്ക് കണക്കാക്കാം. എന്നാൽ പൊളിറ്റിക്കൽ സയൻസ് ഇക്കണോമിക്സ് തുടങ്ങിയ വിഷയങ്ങളിൽ അത്തരം പ്രശ്നങ്ങളൊന്നും തന്നെയില്ല .അവനെ അല്ലെങ്കിൽ അവളെ എന്ന് ഉപയോഗിക്കുമ്പോഴാണ് സമത്വം പൂർണമാകുന്നത്.



9. പി.ഇ.ടി പീരീഡുകൾ ഉണ്ടെങ്കിലും ആ സമയം ,പോർഷൻ തീർക്കാനുള്ള അധ്യാപകർ അവരുടെ പാഠഭാഗങ്ങൾ പഠിപ്പിച്ചു തീർക്കാനുള്ള അവസരമായാണ് കരുതുന്നത്. പി.ഇ.ടി പീരീഡുകൾ സാധാരണ ആഴ്ചയിൽ ഒന്നു മാത്രമേ ഉണ്ടാവുകയുള്ളൂ. എന്നാൽ ഫിസിക്കൽ ട്രെയിനിങ്ങിന് ആ സമയം തികയാറില്ല.

ലിംഗപരമായ അസമത്വങ്ങളെ കുറിച്ച് പറയുമ്പോൾ എന്റെ മുൻപിൽ ആദ്യം വരുന്ന ചോദ്യം സ്ത്രീകളുടെ സ്വപ്നങ്ങളുടെ കാലാവധി തീരുമാനിക്കുന്നത് ആരാണ് ? എന്ന ചോദ്യമാണ്: ജനസംഖ്യയുടെ പകുതിയോളം സ്ത്രീകൾ ആണെങ്കിലും രാജ്യത്തിൻറെ അതിരുകൾ പോലും പ്രശ്നം ഇല്ലാത്ത കാലമാണിതെങ്കിലും ലിംഗപരമായ അസമത്വങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. ഫെമിനിസം എന്നത് ഏറ്റവും തെറ്റായി വ്യാഖ്യാനിക്കപ്പെടുന്ന ഒരു പദമാണ്. ഒരു പ്രത്യേക ലിംഗത്തിന് വേണ്ടിയുള്ള അവകാശവാദമാണ് അത് എന്നാണ് കൂടുതൽ പേരും കരുതുന്നത്. എന്നാൽ ഈ ആശയം അംഗീകരിച്ചാൽ തന്നെ സ്ത്രീകൾ അഭിമുഖീകരിക്കുന്ന പകുതിയോളം പ്രശ്നങ്ങൾ മാറും .ഉത്തരവാദിത്തങ്ങൾ പങ്കിടാൻ ഇരു വിഭാഗങ്ങളെയും ബോധവൽക്കരിക്കേണ്ടതുണ്ട്. അത് അവരെ മികച്ച പൗരന്മാരായി വാർത്തെടുക്കുന്നു. സ്ത്രീസാക്ഷരത വർദ്ധിച്ചാൽ പെൺഭ്രൂണഹത്യ കുറയും. ശൈശവ വിവാഹങ്ങൾ കുറയും. സ്ത്രീധന സമ്പ്രദായം ഇല്ലാതാകും തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുകയും ഓരോ സ്ത്രീയും സാമൂഹികപരമായും വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും സ്വതന്ത്രരാവുകയും ചെയ്താൽ അത് നമ്മുടെ എച്ച് ആർ ഡി റാങ്കിംഗ് സമ്പ്രദായത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കും ഇത് നമ്മുടെ രാജ്യത്തെ ഒരു പരിഷ്കൃത രാഷ്ട്രമാക്കാൻ സഹായിക്കും.

**പ്രതികരണം 3**

**സംവദ വിലാസ്**
സംസ്കൃതം ഹയർസെക്കൻഡറി സ്കൂൾ,മേപ്പയിൽ
വടകര.

1. ആൺ പെൺ വിവേചനമില്ലാതെ ആൽഫബെറ്റിക് ഓർഡറിലോ അഡ്മിഷൻ നമ്പർ ക്രമത്തിലോ വിളിക്കുന്നതിനുള്ള സ്വാതന്ത്ര്യം അധികാരികളിൽ നിന്നുണ്ടാവണം.

2. നൂറു ശതമാനം സത്യം.ഇത് ഒരിക്കലും നല്ല പ്രവണതയല്ല. സമത്വം തുടങ്ങേണ്ടുന്നത് ഓരോ കുടുംബത്തിൽ നിന്നു തന്നെയാണ്.' കുഞ്ഞുമക്കൾ വീടുകളിൽ നിന്ന് തന്നെ കുഞ്ഞു പ്രായത്തിൽ തിരിച്ചറിയേണ്ടുന്ന ഒന്നാണ് സമത്വം.ഓരോ ആൺകുട്ടിയും ഇത് തന്റെ ജോലി കൂടിയാണെന്ന് തിരിച്ചറിയുന്നിടത്ത് നിർദ്ദേശങ്ങളുടെയും അനുസരിക്കലിന്റെയും ആവശ്യം വരില്ല .

3. സ്കൂളുകളിൽ പ്രകടമായിട്ടുള്ള വേർതിരിവുകൾ കാണുന്നത് : ഇരിപ്പിടത്തിലുള്ള വേർതിരിവ്, ഭക്ഷണം കഴിക്കാനിരിക്കുമ്പോഴുള്ള വേർതിരിവ്, ഇടവേള സമയങ്ങളിൽ ആൺകുട്ടികളെ സ്വതന്ത്ര്യമായ് പുറത്തു പോയ് ഭക്ഷണം കഴിക്കാൻ അനുവദിക്കുമ്പോഴും പെൺകുട്ടികളെ കോമ്പൗണ്ടിന് വെളിയിൽ വിടാറില്ല



4. ലിംഗസമത്വത്തിനോട് നീതി പുലർത്തുന്ന വിഷയങ്ങൾ പാഠ പുസ്തകത്തിൽ കടന്നു വരേണ്ടത് ഈ കാലഘട്ടത്തിൽ അനിവാര്യമാണ്.

5. ഭാഷാ വിഷയങ്ങളെ സൂക്ഷ്മമായ് നിരീക്ഷിക്കുമ്പോൾ പുരുഷ മേൽക്കോയ്മ പ്രകടമായി കാണാം. എഴുത്തുകാരികളുടെ രചനകളേക്കാൾ എഴുത്തുകാരന്റെ രചനകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

6. അത് ചർച്ച നയിക്കുന്ന അധ്യാപകരുടെ മനോനില അനുസരിച്ച് ഏറിയും കുറഞ്ഞുമിരിക്കും. ഒരു കാരണവശാലും സ്ത്രീ വിരുദ്ധ ചർച്ചകൾ പ്രോത്സാഹിപ്പിക്കാൻ പാടില്ല.

7. ഇതു വരെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

8. ശരിയായ വസ്തുതയാണ്. ഇങ്ങനെയുള്ള പദപ്രയോഗങ്ങൾ മാറ്റേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇത്തരം പദപ്രയോഗങ്ങൾ ഉണ്ടാവുന്നത് അധികാരികളുടെ ഭാഗത്ത് നിന്ന് ആവുമ്പോൾ പ്രത്യേകിച്ചും.

9. ആഴ്ചയിൽ ഒരു ദിവമാണ് ജിംന്താ പീരിയഡ് അനുവദിച്ചിട്ടുള്ളത്.
ദിവസവും ജിംന്താ പീരിയഡ് അര മണിക്കൂറെങ്കിലും കുട്ടികളുടെ കായികവും മാനസികവുമായ ഉല്ലാസത്തിന് ആവശ്യമാണ്. മിക്ക കായിക അധ്യാപകരും കായിക ഉപകരണം ആൺ കുട്ടികൾക്ക് മാത്രം വിതരണം ചെയ്യുകയും പെൺകുട്ടികളെ കായിക വിനോദങ്ങളിൽ നിന്ന് മാറ്റി നിർത്തുകയും ചെയ്യുന്നുണ്ട്. കൂടുതൽ സമയം ആൺകുട്ടികൾക്ക് അനുവദിക്കുകയും ചെയ്യാറുണ്ട്.

പ്രതികരണം 4

**ആദിത്യ അഖിലേഷ്**
പെൺ
സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂൾ
(സർക്കാർ)
12 ക്ലാസ്
വടകര
നഗരം

1. അല്ല

2. ആൺകുട്ടികളും പെൺകുട്ടികളും ഒരുപോലെ ചെയ്യേണ്ട ഇത്തരം പ്രവർത്തനങ്ങൾ പലപ്പോഴും പെൺകുട്ടികൾ മാത്രമാണ് ചെയ്ത് വരുന്നത്. ഇത് തീർച്ചയായും മാറേണ്ട ഒന്നാണ്. ഇത്തരം ജോലികൾ പെൺകുട്ടികളും സ്ത്രീകളും മാത്രം ചെയ്യേണ്ടവ ആണെന്ന തെറ്റായ കാര്യം ഇവിടെ ഊട്ടി ഉറപ്പിക്കപ്പെടുകയാണ്. പലപ്പോഴും ആൺ കുട്ടികളോട് ചെയ്യാൻ ആവശ്യപ്പെടുമ്പോൾ നമ്മെ പുച്ഛിക്കുന്ന മറുപടിയാണ് ലഭിക്കാറ്.

3.പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും വ്യത്യസ്തങ്ങളായ ഗ്രൗണ്ടുകൾ ആണ് അനുവദിക്കാർ ഉള്ളത്. പലപ്പോഴും പെൺകുട്ടികൾക്ക് ചെറുതായിരിക്കും.സ്കൂളുകളിൽ നിന്ന് ട്രിപ്പ് പോകുമ്പോൾ പെൺകുട്ടികൾക്ക് വാഹനത്തിന് മുൻവശത്തും ആൺകുട്ടികൾക്ക് പിറകുവശത്തും സീറ്റുകൾ അറേഞ്ച് ചെയ്തിരിക്കും

4. ഉണ്ട്

5. പ്ലസ് വൺ ഇംഗ്ലീഷ് പാഠഭാഗത്തിലെ The Sacred Turtles of Kadavu എന്ന പാഠത്തിലെ രണ്ട് വനിതകൾ പുരുഷ അതിക്രമങ്ങൾക്ക് ഇരയായി ആമയായി മാറ്റപ്പെടുന്നു ഉണ്ട്.തെറ്റ് ചെയ്തത് പുരുഷന്മാർ ആണെങ്കിലുംസ്ത്രീകളെയാണ് ദൈവം ആമകകളാക്കി മാറ്റുന്നത്. നമ്മുടെ സമൂഹത്തിലും അതിക്രമങ്ങൾക്കിരയാകുന്നപ്പെടുന്ന സ്ത്രീ തന്നെയാണ് ഒതുങ്ങേണ്ടവൾ എന്ന ഓർമ്മപ്പെടുത്തൽ ആണ് നൽകുന്നത്.ഇത്തരം പാഠഭാഗങ്ങൾ തീർച്ചയായും ഒഴിവാക്കപ്പെടേണ്ടതാണ്.



6. ഉണ്ട് ,പാചകവും അടുക്കളയും ആയി ബന്ധപ്പെട്ട കാര്യങ്ങൾ ചോദിക്കുമ്പോൾ അത് പെൺകുട്ടികൾക്ക് അറിയാമായിരിക്കുംല്ലോ എന്ന ചോദ്യം കേട്ടിട്ടുണ്ട്.സ്ത്രീയെയും മറ്റു വിഭാഗക്കാരെയും ഉൾപ്പെടുത്തുന്ന സമയങ്ങളിൽ പുരുഷന്മാരെ മാത്രം പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. ജെൻഡർ ന്യൂട്രൽ ആയ ഭാഷയും പദങ്ങളും ഉപയോഗിക്കാൻ നാം പരിശോധിക്കേണ്ടതുണ്ട്.

7. ചെറിയ ക്ലാസുകളിൽ വീടിന് പ്രതിപാദിക്കുന്ന ചിത്രങ്ങളെല്ലാം അമ്മ അടുക്കളയിൽ ജോലി ചെയ്യുകയും അച്ഛൻ ഉമ്മറത്തിരുന്ന് കാപ്പി കുടിക്കുകയോ പത്രം ആയിട്ട് ചിത്രീകരിക്കാറുണ്ട്

8. ആണിനും പെണ്ണിനും മാത്രമാണ് ഈ ലോകം എന്ന ഉറപ്പിക്കുന്നതാണ് നമ്മുടെ പ്രതിജ്ഞാ വാചകം പോലും 'All Indians are my brothers and Sisters". നമ്മുടെ ചിന്തയിലും മനോഭാവത്തിലും നമ്മൾ ഉപയോഗിക്കുന്ന ഭാഷയിൽ പോലും മാറ്റങ്ങൾ ഉണ്ടാവേണ്ടതാണ്.എങ്കിൽ മാത്രമേ ലിംഗ സമത്വം എന്ന മഹത്തായ ആശയം കൈവരിക്കാൻ സാധിക്കുകയുള്ളൂ.

9.ചെറിയ ക്ലാസുകളിൽ ആഴ്ചയിൽ പല ദിവസങ്ങളിലും ഉണ്ടായിട്ടുണ്ടെങ്കിലും പിന്നീട് അത് ആഴ്ചയിൽ രണ്ട് എന്ന കണക്കിനായി മാറി.ആൺകുട്ടികൾക്ക് ലഭിക്കുന്ന കളിയ്ക്കാനുള്ള അവസരങ്ങൾ പെൺകുട്ടികൾക്ക് ലഭിക്കാറില്ല.

10. എല്ലാ ലിംഗക്കാരെയും ഒരേ പോലെ കണക്കാക്കുന്ന ഭാഷ ഉപയോഗിച്ചു കൊണ്ടുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.സ്ത്രീകളെ അടിച്ചമർത്തുന്ന തരത്തിലുള്ള ചിത്രീകരങ്ങളും പാഠഭാഗങ്ങളും ഒഴിവാക്കേണ്ടതാണ്.നമ്മുടെ ചിന്തയിലും മനോഭാവത്തിലും മാറ്റങ്ങൾ ഉണ്ടായാൽ നമുക്ക് ഈ സമൂഹത്തിലും വലിയ മാറ്റമുണ്ടാക്കാം.

**പ്രതികരണം 5**

**ദ്യോതക് .എം.ജെ.**
ആൺ ജി.എച്ച്.എസ്.എസ് . വടകര*
സർക്കാർ
പ്ലസ് വൺ , ഹ്യൂമാനിറ്റീസ്
നഗരം

1.: അല്ല, അക്ഷരമാലാക്രമത്തിൽ ആണ് ഞങ്ങളുടെ ക്ലാസിലെ ഹാജർ പട്ടിക. ഹാജർ പട്ടികയിൽ ലിംഗവിവേചനം ആവശ്യമില്ല. അക്ഷരമാലാക്രമത്തിൽ അഡ്മിഷൻ നേടിയതിന് ക്രമത്തിൽ തുടരുന്നതാണ് നല്ലത്.

2. ഞങ്ങളുടെ സ്കൂളിൽ ഇങ്ങനെ അല്ല. എന്റെ അഭിപ്രായത്തിൽ ആൺ പെൺ വ്യത്യാസം സ്കൂൾ പ്രവർത്തനത്തിൽ നല്ലതല്ല. ഞങ്ങളുടെ ക്ലാസിൽ ആൺകുട്ടികളും പെൺകുട്ടികളും ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളാവാറുണ്ട്. ഇവിടെ ഞാനുള്ള പെടെയുള്ള ആൺകുട്ടികൾ ബെഞ്ച് പിടിക്കലും അടിച്ചുവാരലും ചെയ്യാറുണ്ട്. അതുപോലെ പെൺകുട്ടികളും. ഇതുപോലെ സ്കൂളിന്റെ എല്ലാ പ്രവർത്തനത്തിൽ ആൺ പെൺ വ്യത്യാസമില്ലാതെ എല്ലാവരും പങ്കാളികളാവണം.

3. സ്കൂൾ അസംബ്ലിയിൽ ആൺകുട്ടികളും പെൺകുട്ടികളും വേറെവേറെ വരികളിലാണ് ആണ് .അതുപോലെ പരീക്ഷാഹാളിൽ ആൺകുട്ടികളും പെൺകുട്ടികളും ഇതേ വേർതിരിവിലാണ് ഇരിക്കാറ്.

4. ഇല്ല.

5. കൃത്യമായി ലിംഗവിവേചനം സൂചിപ്പിക്കുന്ന പാഠഭാഗങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.എങ്കിലും വിഷയാവതരണങ്ങൾക്കിടയിലും ലിംഗ വിവേചനത്തെ കുറിച്ചും ലിംഗ സമത്വത്തെ കുറിച്ചുള്ള പരാമർശങ്ങൾ നടക്കാറുണ്ട് . അതുപോലെ സാഹിത്യ ലോകത്ത് ഒട്ടേറെ പ്രതിഭകളായ വനിതാ എഴുത്തുകാർ ഉണ്ടായിട്ടും. പത്താം ക്ലാസിലെ കേരളപാഠാവലി, അടിസ്ഥാനപാഠാവലി പരിശോധിച്ചാൽ ലളിതാംബിക അന്തർജന ത്തിൻറെ ഒരു രചന ഒഴിച്ച് ബാക്കി മുഴുവനും പുരുഷ എഴുത്തുകാരുടെ രചനകളാണ്. ഇവിടെ എനിക്ക് തോന്നുന്നത് സാഹിത്യ ലോകത്തെ വനിതാ പ്രതിഭകളുടെ രചനയിലൂടെ വരുന്ന ആശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കാൻ ശ്രമിച്ചില്ല എന്നതാണ്. അതുപോലെ ഗണിത പാഠഭാഗങ്ങളിലെ വേതന കണക്കുകളിൽ പുരുഷന്മാരുടെ വേതന ത്തേക്കാൾ സ്ത്രീകളുടെ വേതനം കുറവാണ് കാണിക്കുന്നത് . ഒരേ ജോലിക്ക് ഒരേ കൂലി എന്ന ആശയം ഇവിടെ നഷ്ടപ്പെടുന്നു.

6. അതെ. ഇത്തരമൊരു അനുഭവം ഇതുവരെ ഉണ്ടായിട്ടില്ല. ക്ലാസിലും സ്കൂളിലും ടീച്ചേഴ്സും കുട്ടികളും സൗഹാർദ്ദപരമായാണ് ഇടപെടാറ്.

7. ഇല്ല. പാഠാവതരണത്തിൽ സാന്ദർഭികമായി പണ്ടുകാലത്ത് ഉണ്ടായ ലിങ് വിവേചനത്തെ പറ്റി അധ്യാപകർ ചിലപ്പോഴൊക്കെ പരാമർശിക്കാറുണ്ട്. ഇന്നത്തെ കാലത്തെ കുറിച്ച് താരതമ്യം ചെയ്തും അധ്യാപകർ പറയാറുണ്ട്. ഇന്നത്തെ കാലത്തെ എല്ലാമേഖലയിലും പുരുഷനും സ്ത്രീയും പല ഉദാഹരണങ്ങൾ സൂചിപ്പിച്ച അധ്യാപകർ പറയാറുണ്ട്.

8. ഇതുപോലുള്ള അവൻ അവൾ എന്നുള്ള പ്രയോഗം മാറ്റി പൊതുവായ ഒരു ഉപയോഗം കൊണ്ടുവരുക. ഉദാഹരണത്തിന് ആധാർ നമ്മുടെ അവകാശമാണ്.

9. അതെ. രണ്ടോ, മൂന്നോ കളികളിലൂടെ. പി.ഇ.ടി പീരിയഡിൽ കളിക്കാൻ പെൺകുട്ടികൾക്ക് അവസരം ലഭിക്കാറില്ല. പാഠ്യപദ്ധതികളിലും പാഠപുസ്തകങ്ങളിലും ലിംഗ സമത്വത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളും ആശയങ്ങളും ഉണ്ടായാൽ മാത്രമേ പിന്നീട് ക്ലാസ്സുകളിലേക്കും സ്കൂളിലും സമൂഹത്തിലേക്കും ലിംഗസമത്വം പ്രാവർത്തികമാക്കുകയുള്ളൂ. ഹാജർ പട്ടികയിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും പേരുകൾ ഇടകലർത്തി ഒരുമിച്ച് എഴുതുക. ക്ലാസ്സ് റൂമിൽ ആൺപെൺ വ്യത്യാസമില്ലാതെ ഇരിപ്പിടങ്ങൾ ക്രമീകരിക്കുക പാഠ്യപദ്ധതിയിൽ ലിംഗസമത്വത്തെക്കുറിച്ച് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുകയും അത് കുട്ടികളിൽ എത്തിക്കാൻ ശ്രമിക്കുകയും ചെയ്യുക .

നാളെയിലേക്കുള്ള താക്കോലുകളാണ് കുട്ടികൾ. അവരുടെ ചിന്തകളാണ് പുതിയ ലോകത്തിന്റെ ഇന്ധനം. അതു കൊണ്ടു തന്നെ ഏറെ ഉത്തരവാദിത്തത്തോടും വളരെ സൂക്ഷ്മതയോടും കൂടിയാണ് അവരുടെ ഉത്തരങ്ങൾ വിശകലനം ചെയ്തത്. വിരൽത്തുമ്പിൽ വിജ്ഞാനവുമായാണല്ലോ ഇന്നത്തെ കുട്ടികൾ പിറന്നു വീഴുന്നത് തന്നെ. സാങ്കേതിക വിദ്യയുടെയും ആധുനിക സൗകര്യങ്ങളുടേയും മടിത്തട്ടിൽ നിന്നാണവർ വളർന്നു വരുന്നത്. (അപ്പൂപ്പൻ അൻപത് കിലോമീറ്റർ നടന്ന് സ്കൂളിൽ പോയ കാര്യം 'ആമയും മുയലും' കഥ പോലെയവർ ആസ്വദിച്ചേക്കും.) പുതിയ കുട്ടികൾക്ക് സ്വതന്ത്രമായ കാഴ്ചപ്പാടുകളുണ്ട്. അവരുടേതായ ചിന്താഗതികളുണ്ട്. സ്ഥലപരിമിതി കാരണം മറ്റ് കുട്ടികൾ നൽകിയ ഉത്തരങ്ങൾ വിശകലനം ചെയ്ത് ചുവടെ കൊടുക്കുന്നു.

**വിശകലനം**

1. വിദ്യാലയങ്ങളിലെ ഹാജർ പുസ്തകത്തിന്റെ കാര്യത്തിൽ,75 ശതമാനം വരെയുള്ള കുട്ടികളും പറയുന്നത്, തങ്ങളുടെ സ്കൂളുകളിൽ , ആൺകുട്ടികളുടെ പേരുകൾ തന്നെയാണ് ആദ്യം വിളിക്കുന്നത് എന്നാണ് . പെൺകുട്ടികളുടെ പേരുകൾ പിന്നീടും. അക്ഷരമാലാക്രമത്തിലോ അഡ്മിഷൻ നമ്പർ ക്രമത്തിലോ ആകണം പേരുകൾ രേഖപ്പെടുത്തേണ്ടത് എന്നാണ് 100 ശതമാനം കുട്ടികളും ഒരേസ്വരത്തിൽ ആവശ്യപ്പെടുന്നത്.

2. ക്ലാസ്റൂം ശുചിയാക്കുന്ന കാര്യത്തിൽ 70 ശതമാനം കുട്ടികളുടേയും അഭിപ്രായം, ആൺകുട്ടികൾ ചൂല് കൈ കൊണ്ട് തൊടുന്നത് തന്നെ കുറച്ചിൽ ആയാണ് കരുതുന്നത് എന്നാണ്. പലപ്പോഴും അധ്യാപകരും ആൺകുട്ടികളുടെ ഈയൊരു മനോഭാവത്തെ തിരുത്താൻ തയ്യാറാവില്ല എന്നത് മറ്റൊരു വസ്തുതയാണ്. 30% സ്കൂളുകളിൽ എങ്കിലും സ്ഥിതി ആശാവഹമാണ്. അവിടെ ആൺകുട്ടികളും പെൺകുട്ടികളും തങ്ങളുടെ ജോലികൾ തുല്യമായി പങ്കിട്ട് ചെയ്യുന്നു.

3. ആൺപെൺ വിവേചനത്തെ കുറിച്ചുള്ള ചോദ്യത്തിന് ഏതാണ്ട് എല്ലാ കുട്ടികളും പ്രതികരിച്ചിട്ടുണ്ട്. കുട്ടികൾ, അവർ വിവേചനം നേരിട്ട സാഹചര്യങ്ങളും സന്ദർഭങ്ങളും അനുഭവങ്ങളും പങ്കുവച്ചു. ആൺകുട്ടികൾ വികൃതി കാണിച്ചാൽ ,ശിക്ഷ കൊടുക്കുന്നത് പോലെ, പെൺകുട്ടികളുടെ അടുത്തിരുത്തും എന്നു പറയുന്നത്, ടൂർ പോകുമ്പോൾ. പെൺകുട്ടികളെ മുൻപിലും ആൺകുട്ടികളെ പുറകിലും ആയി ഇരുത്തുന്നത്. ഇടകലർന്നിരിക്കുമ്പോൾ, സൗഹൃദ സംഭാഷണത്തിൽ ഏർപ്പെടുമ്പോൾ അധ്യാപകർ വിലക്കുന്നത്. ഇങ്ങനെ പല സന്ദർഭങ്ങളും കുട്ടികൾ ചൂണ്ടിക്കാട്ടുകയുണ്ടായി

4. വ്യത്യസ്തമായി ചിന്തിക്കുന്ന നല്ലൊരു ശതമാനം കുട്ടികൾ പാഠഭാഗങ്ങളിലെ വിവേചനങ്ങളെക്കുറിച്ച് വളരെ ക്രിയാത്മകമായി തന്നെ പ്രതികരിച്ചു .പല വിഷയങ്ങളിലെയും അത്തരം പാഠഭാഗങ്ങൾ ചൂണ്ടിക്കാണിക്കുകയും അവ ഭാവിയിൽ വരുത്താവുന്ന പ്രശ്നങ്ങളെ കുറിച്ച് ആശങ്കപ്പെടുകയും ചെയ്യുന്നുണ്ട് അവർ. ഇത്തരം പാഠഭാഗങ്ങൾ തീർച്ചയായും ഒഴിവാക്കപ്പെടേണ്ടതാണ് എന്നൊരു അഭിപ്രായവും കുട്ടികൾ പങ്കിട്ടു..

5. കൂടുതലും ഭാഷാ പാഠപുസ്തകങ്ങളെ മുൻ നിർത്തിയാണ് കുട്ടികൾ പ്രതികരിച്ചത്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ പുസ്തകങ്ങളിൽ പല പാഠഭാഗങ്ങളും എങ്ങനെയാണ് സ്ത്രീകളെ രണ്ടാംകിടയായി തന്നെ നിലനിർത്താൻ ശ്രമിക്കുന്നത് എന്നതിനുള്ള വ്യക്തമായ ഉദാഹരണങ്ങൾ കുട്ടികൾ ചൂണ്ടിക്കാണിക്കുകയും അവ കാലോചിതമല്ല എന്ന് തിരിച്ചറിയുകയും ചെയ്യുന്നുണ്ട്.

6. 60 ശതമാനം വരെയുള്ള കുട്ടികൾ ക്ലാസ്സ് റൂം ഭാഷയിൽ ലിംഗവിവേചനം കടന്നുവരാറുണ്ട് എന്ന് തന്നെ അഭിപ്രായപ്പെടുന്നു.

7. 100 ശതമാനം കുട്ടികളും, പാഠപുസ്തകങ്ങളിൽ വീട് ചിത്രീകരിക്കുന്ന അവസരങ്ങളിൽ, ലിംഗവിവേചനം കടന്നുവരുന്നുണ്ട് എന്ന് തന്നെയാണ് അഭിപ്രായപ്പെടുന്നത്.. അച്ഛൻ പത്രം വായിക്കുന്നതും അമ്മ അടുക്കളയിൽ നിൽക്കുന്നതുമായ ചിത്രങ്ങൾ പല കുട്ടികളും ഉദാഹരണമായി ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്.

8. പുരുഷകേന്ദ്രീകൃതമായ ധാരാളം പരാമർശങ്ങൾ ഭാഷയിലും പ്രയോഗത്തിലും ഉള്ളതായി കുട്ടികൾ കണ്ടെത്തിയിട്ടുണ്ട്. ചരിത്രത്തിലും ശാസ്ത്രത്തിലും ആണ് അത്തരം പ്രയോഗങ്ങൾ ധാരാളമായുള്ളത് എന്നും കുട്ടികൾ തിരിച്ചറിയുന്നു. ഇത്തരം പ്രയോഗങ്ങൾക്ക് പകരം ജന്റർ ന്യൂട്രൽ ആയ ഒരു പൊതു ഭാഷയാണ് വേണ്ടതെന്ന് കുട്ടികൾ ഏക സ്വരത്തിൽ ആവശ്യപ്പെടുന്ന ഒരു അനുഭവമാണ് ഈ ചോദ്യത്തിന് പ്രതികരണമായി ലഭിച്ചത്.

9. വളരെ പ്രസക്തമായ ഈ ചോദ്യത്തോട് 95 ശതമാനം വരെയുള്ള കുട്ടികളുടെയും ഉത്തരം ഒന്ന് തന്നെയാണ്. പി.ഇ.ടി. പിരീഡുകൾ ഉണ്ടോ എന്ന് തന്നെ അവർക്ക് അറിയില്ല. ഉണ്ടെങ്കിൽ എത്രയാണെന്ന ബോധ്യവും ഇല്ല. ആഴ്ചയിൽ ഒരു പി.ഇ.ടി. പീരീഡ് പോലും ലഭിക്കാത്ത അനുഭവമാണ് കുട്ടികൾക്ക് . ഇനി അഥവാ എപ്പോഴെങ്കിലും ഗ്രൗണ്ടിൽ ഇറങ്ങാൻ അവസരം കിട്ടിയാലോ, ഗ്രൗണ്ട് ആൺഇടങ്ങളുടേതായി മാത്രം മാറ്റപ്പെടുന്നു. പെൺകുട്ടികൾ ആ സമയം ക്ലാസ് റൂമിൽ ഇരുന്ന് വർത്തമാനം പറയാൻ ആണ് ഉപയോഗിക്കുന്നത് അതുകൊണ്ടുതന്നെ അവർക്ക് ഈ പി.ഇ.ടി. പീരീഡുകൾ പ്രയോജനപ്പെടുകയും ഇല്ല.

10. ലിംഗവിവേചനം തൊട്ടുതീണ്ടാത്ത, സമത്വബോധത്തോടുകൂടി മാത്രം സമീപിക്കുന്ന ഒരു സ്കൂൾ അന്തരീക്ഷമാണ് ഒരു വീട് അന്തരീക്ഷമാണ് കുട്ടികൾക്ക് വേണ്ടത്. സമത്വസുന്ദരമായ ഒരു ഭാവിലോകത്തെയാണ് കുട്ടികൾ സ്വപ്നം കാണുന്നത്.

**നിഗമനങ്ങൾ**

ഹാജർ പുസ്തകത്തിൽ അക്ഷരമാലാക്രമത്തിൽ ആൺ കുട്ടികളെയും പെൺകുട്ടികളെയും ഇടകലർത്തി തന്നെ പേര് എഴുതണം എന്ന കോടതി വിധി ഉണ്ടായിരിക്കെ തന്നെ 80 ശതമാനത്തോളം സ്കൂളുകളിലും ആൺകുട്ടികളുടെ പേരുകൾ ആദ്യം എഴുതുന്നുണ്ടെങ്കിൽ അത് തികഞ്ഞ കോടതിയലക്ഷ്യവും സ്ത്രീവിരുദ്ധതയും തന്നെയല്ലേ? ക്ലാസ് റൂം ശുചിയാക്കുന്ന സമയത്ത് ചൂല് തൊടുന്നതും അടിച്ചു വാരുന്നതുമെല്ലാം ആൺകുട്ടികളെ സംബന്ധിച്ചിടത്തോളം കുറച്ചിലാണ്. അടിച്ചുവാരൽ പോലെ സമൂഹം രണ്ടാം കിടയെന്ന് മുദ്ര കുത്തിയ പണികളെല്ലാം സ്ത്രീകളുടെ മാത്രം ചുമതലയാണ് എന്ന ചിന്ത വീട്ടിൽ നിന്നും സമൂഹത്തിൽ നിന്നും കുട്ടിയ്ക്ക് കിട്ടിയ അനുഭവങ്ങളിലൂടെ ഉരുത്തിരിഞ്ഞതാണ്. ഇത്തരം ചിന്തകൾ ഊട്ടിയുറപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരു വിഭാഗം അധ്യാപകരുടെ ഭാഗത്ത് നിന്ന് തന്നെ ഉണ്ടാകുന്നുവെങ്കിൽ എവിടെ നിന്നായിരിക്കണം മാറ്റം തുടങ്ങേണ്ടത്...?

പാഠപുസ്തകങ്ങളിൽ നിന്നും പാഠ്യപദ്ധതിയിൽ നിന്നും തന്നെ ആരംഭിക്കേണ്ടതുണ്ട് സമത്വചിന്ത. സ്ത്രീ ബഹുമാനിക്കപ്പെടേണ്ടവളാണെന്ന് പുരുഷനും പുരുഷനേക്കാൾ ഒട്ടും താഴെയല്ല താനെന്ന് സ്ത്രീയും തിരിച്ചറിയപ്പെടണമെങ്കിൽ നമ്മുടെ പാഠപുസ്തകങ്ങളും അധ്യാപകർ ഉപയോഗിക്കുന്ന ഭാഷയും സ്ത്രീ സൗഹാർദ്ദമാവേണ്ടതുണ്ട്. വലിയ നേട്ടങ്ങൾ കരസ്ഥമാക്കിയ സ്ത്രീകളുടെ അനുഭവങ്ങളും സ്ത്രീകളായ എഴുത്തുകാരുടെ രചനകളും ഉൾപ്പെടുത്തുന്നത് പെൺകുട്ടികൾക്ക് പ്രചോദനമാകുന്നതിൽ തർക്കമില്ലാത്തതാണ്. സ്ത്രീകളെ മോശക്കാരായി ചിത്രീകരിക്കുന്ന പാഠഭാഗങ്ങളും ചിത്രങ്ങളും വീഡിയോകളും മറ്റും പാഠപുസ്തക ഉള്ളടക്കത്തിൽ നിന്നും ഒഴിവാക്കുക എന്നതും അത്രമേൽ പ്രധാനമാണ്.

Sound mind in a sound body എന്നല്ലേ .ആരോഗ്യമുള്ള ഒരു ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. കുട്ടികളുടെ (ആൺകുട്ടികളുടേത് മാത്രമല്ല ) സർവ്വതോന്മുഖമായ വളർച്ചക്ക് കായിക പരിശീലന ക്ലാസുകൾ അത്യന്താപേക്ഷിതമാണെന്ന് പഠനങ്ങൾ തന്നെ സൂചിപ്പിക്കുന്നു. കളിസ്ഥലവും കായികപരിശീലനവും പെൺകുട്ടികളുടെ കൂടി അവകാശമാണെന്നിരിക്കെ അവരെ ഇതിൽനിന്നെല്ലാം മാറ്റി നിർത്തുന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണ് എന്ന ബോധം നമുക്ക് ഉണ്ടാവേണ്ടതാണ്. അച്ചടിക്കപ്പെട്ട അക്ഷരങ്ങളിൽ മാത്രമല്ല; സമൂഹത്തിലെ സമസ്ത തലങ്ങളിലും ആൺ പെൺ തുല്യത നടപ്പിലാകണം. അറിവിന്റെ ആദ്യപാഠങ്ങൾക്കൊപ്പം സമത്വമെന്ന മഹത്തായ ആശയവും ഒരോ കുട്ടിയുടെയും ഉപബോധ മനസ്സിലേക്ക് എത്തിപ്പെടേണ്ടതുണ്ട്. വിദ്യാഭ്യാസം എന്നത് സ്വന്തം പ്രവൃത്തി മണ്ഡലമായോ, അല്ലെങ്കിൽ ഏറ്റവും പ്രധാനപ്പെട്ട കർമ്മ മേഖലയായോ കരുതുന്ന ഒരു വലിയ വിഭാഗം ആളുകളെ ഉൾക്കൊള്ളുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. 'പാവങ്ങൾ' എന്ന കൃതിയിൽ വിക്ടർ ഹ്യൂഗോ ഇപ്രകാരം പറയുന്നു; 'സ്ത്രീകളോടും കുട്ടികളോടും ഒരു സമൂഹം എങ്ങനെ പെരുമാറുന്നു എന്നതാണ് അവിടത്തെ സംസ്കാരത്തിന്റെ മാനദണ്ഡം' എന്ന്. പാരമ്പര്യത്തിന്റെ ഇനിയും ചലിക്കാത്ത കെട്ടുവള്ളങ്ങളിൽ കുടുങ്ങി കിടക്കാനല്ല; അതിരില്ലാത്ത ആകാശത്തിന്റെ അതിവിശാലതയിലേക്ക് ചിറകുവീശി പറക്കാനാണ് പുതിയ തലമുറ ആഗ്രഹിക്കുന്നത്.



അജിത കെ.




# പ്രണയം എന്തക്രമവും കാട്ടാനുള്ള ലൈസൻസാണോ?

നിധിന എന്ന പെൺകുട്ടി സ്വന്തം കാമുകനാൽ കഴുത്തറുത്ത് കൊലചെയ്യപ്പെട്ട സംഭവം, വിസ്മയയുടെ സ്രീധന കൊലപാതകത്തെപ്പോലെ കേരളീയ സമൂഹ മന:സാക്ഷിയെ വീണ്ടും ഞെട്ടിച്ചു. ഈ സംഭവങ്ങൾ എന്തുകൊണ്ടുണ്ടാവുന്നു എന്ന് കണ്ടെത്തി അതിന് ശാശ്വത പരിഹാരം കണ്ടെത്താൻ പക്ഷെ നമുക്ക് എത്രത്തോളം താല്പര്യമുണ്ട്? സ്ത്രീധന സമ്പ്രദായവും പുരുഷന്റെ സ്ത്രീക്കുമേലുള്ള ആധിപത്യവും ചോദ്യം ചെയ്യാനോ ഇല്ലാതാക്കാനോ നമ്മൾ തയ്യാറാകുമോ? ഇതാണ് ആ പ്രധാന ചോദ്യം.

ജനിച്ചുവീഴുന്ന ആൺകുട്ടികളും പെൺകുട്ടികളും വളർന്നുവരുമ്പോൾ സ്ത്രീ-പുരുഷൻ എന്ന ജെൻഡർ റോളുകൾ സ്വാംശീകരിച്ച വ്യത്യസ്ത വ്യക്തിത്വങ്ങളായി വാർത്തെടുക്കപ്പെടുന്നു. സമൂഹം പുരുഷാധിപത്യ വ്യവസ്ഥിതിക്കനുസരിച്ച് ക്രമീകരിക്കപ്പെട്ടിരിക്കുന്നു എന്നതാണ് അതിനു കാരണം. പെണ്ണിനെ ആണിന്റെ കീഴിലുള്ള ഒരു ലൈംഗിക വസ്തുവായി, ആണിനുവേണ്ടി തന്റെ എല്ലാ അവകാശങ്ങളും വ്യക്തിസ്വാതന്ത്ര്യവും മാററിവെക്കുന്ന അടിമയായി മാത്രം വീക്ഷിക്കുന്ന ആൺകോയ്മയാണ് എല്ലാ ജാതി മത സാമ്പത്തിക വിഭാഗത്തി

ലും നിലനില്ക്കുന്നത്. മുതലാളിത്തത്തിന്റെ ഒരു പ്രകട കുടുംബരൂപമാണ് അണുകുടുംബം. സ്ത്രീയുടെ ലിംഗാടിസ്ഥാനത്തിലുള്ള ജോലിവിഭജനം അടിത്തറയായിട്ടുള്ള ഈ കുടുംബരൂപം, പുരുഷന്റെ സ്ത്രീക്കുമേലുള്ള സർവതോമുഖമായ അധികാരം ഉറപ്പിക്കുന്നു.



ഈ പശ്ചാത്തലത്തിൽ വേണം പ്രണയബന്ധങ്ങളെ കാണാൻ. ഒരു ആൺകുട്ടി പെൺകുട്ടിയെ പ്രണയിച്ചു തുടങ്ങിയാൽ അവൾക്ക് മേൽ വൈകാരികമായ അധികാരം പ്രയോഗിക്കാനുള്ള ലൈസൻസായി അവനതിനെ സമീപിക്കുന്നു. ചെറുപ്പം മുതലേ അവൻ പരിശീലിക്കപ്പെട്ടത് അങ്ങനെയാണ്.സ്ത്രീയെ പുരുഷന്റെ സ്വകാര്യസ്വത്തായി കാണുന്ന പൊതുസമൂഹത്തിന്റെ മനോനില ആന്തരികവല്ക്കരിച്ച അവന് ഈ അധികാരപ്രയോഗത്തിൽ അസ്വാഭാവികത ഒന്നും കാണാൻ കഴിയുന്നില്ല. പെൺകുട്ടിയാണെങ്കിൽ ആണിന് വിധേയയാകാൻ, അടക്കവും ഒതുക്കവുമുള്ള ഒരു അടിമയാകാൻ പരിശീലിക്കപ്പെട്ടതിനാൽ ഈ അധികാരത്തിന് വഴങ്ങുന്നു. പ്രണയിനിയെ സംശയിക്കുക, അതിന്റെ പേരിൽ അവളുടെ ജീവിതം ദുസ്സഹമാക്കുക എന്നത് പുതിയ പ്രതിഭാസമല്ല, അതിന് വളരെയേറെ പഴക്കമുണ്ട്. ദുസ്സഹമായ ഇത്തരം സാഹചര്യങ്ങളിൽ ബന്ധം തുടരേണ്ടെന്ന് തീരുമാനിക്കാൻ ഒരു പെൺകുട്ടി തുനിയുമ്പോഴാണ് സൈബർ ആക്രമണങ്ങൾ മുതൽ ആസിഡ് എറിയുക, മാരകായുധങ്ങൾ പ്രയോഗിക്കുക എന്നീ മാർഗ്ഗങ്ങൾ കണ്ടെത്തുന്നത്. തമ്മിൽ അടുക്കുമ്പോഴായിരിക്കും ഇത്തരത്തിൽ അധികാരം പ്രയോഗിക്കുന്ന ഒരു വ്യക്തിയുമായുള്ള പ്രണയം തനിക്ക് ദോഷമാണെന്ന് മനസ്സിലാക്കി വിച്ഛേദിക്കാൻ പെൺകുട്ടി തീരുമാനിക്കുന്നത്. ഇന്നത്തെ പ്രണയങ്ങളിൽ പൊതുവെ ബന്ധം വേർപെടുത്താനുള്ള അവകാശം പെണ്ണിനില്ല. ആണിനുണ്ടുതാനും. 'അവനാണല്ലെ, അവനങ്ങനെയൊക്കെ ആയിരിക്കും' എന്നാണ് പൊതുസമീപനം. അതെ, പ്രണയങ്ങൾ പോലും ആണിന്റെ അധികാരം ഉറപ്പിക്കുന്ന ചട്ടുകങ്ങളാകുന്നു. 'ഉയരെ' എന്ന സിനിമയിൽ പ്രതിപാദിച്ച സംഭവവും ഇതുതന്നെയല്ലേ.

പ്രതിഭാസങ്ങളെയല്ല അവയ്ക്ക് വേരോട്ടമുള്ള പ്രത്യയശാസ്ത്രങ്ങളേയും ഘടനകളേയുമാണ് പിഴുതുകളയേണ്ടത്. അതുകൊണ്ടുതന്നെ ഈ അധികാര വ്യവസ്ഥിതിയിൽ മേലാളത്തം വഹിക്കുന്ന ആൺകുട്ടികൾക്കാണ് ഇനി ബോധവൽക്കരണ ക്ലാസ്സുകൾ കൊടുക്കേണ്ടത്. പെണ്ണിനെ തുല്യയായി കാണാനും അവളുടെ അവകാശങ്ങളെ അംഗീകരിക്കാനും ആൺകുട്ടികൾ പഠിക്കേണ്ടിയിരിക്കുന്നു.


പെണ്ണിനെ ലൈംഗിക വസ്തുവായി മാത്രം കാണുന്ന, തന്റെ ഇഷ്ടത്തിനനുസരിച്ച് എങ്ങനെ വേണമെങ്കിലും ഉപയോഗിക്കാനും കീഴ്പെടുത്താനും പററുന്ന 'വിനീത വിധേയ'രായ അടിമകൾ മാത്രമാണ് പെണ്ണ് എന്ന ദാർഷ്ട്യം നിറഞ്ഞ ആ അധികാര ഭാവത്തെ വേരോടെ പിഴുതുകളയേണ്ടിയിരിക്കുന്നു. ആണത്തമെന്നും പെണ്ണത്തമെന്നുമുള്ള വാർപ്പുമാതൃകയുടെ പ്രത്യയശാസ്ത്രത്തെ ബോധപൂർവം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. അതിനു വേണ്ടിയുള്ള പദ്ധതികളാണ് ആവിഷ്ക്കരിക്കപ്പെടേണ്ടത്.

യുവതലമുറയിലെ ആൺപെൺ സമ്മിശ്രങ്ങളായതും ആണുങ്ങൾക്ക് മാത്രമായതുമായ ജെൻഡർ സെൻസിറ്റൈസേഷൻ പരിപാടികൾക്ക് രൂപം





കൊടുക്കണം.മാറേണ്ടത് ആൺ–പെൺ ബന്ധങ്ങളാണ്. പരസ്പരം വ്യക്തികളേയും പരിസരത്തേയും ലോകത്തെത്തന്നേയും വീക്ഷിക്കുന്ന മനോനിലകളാണ്. അല്ലാതെ പുറംപൂച്ചിലുള്ള ചില പ്രതിഭാസങ്ങളല്ല, രോഗലക്ഷണങ്ങളല്ല രോഗം തന്നെയാണ്.



**ഡോ. ലിസ പുൽപറമ്പിൽ**
ഹയർ സെക്കന്ററി അദ്ധ്യാപിക
ഗവ.മോയൻ മോഡൽ ഗേൾസ്
ഹയർ സെക്കന്ററി സ്കൂൾ,
പാലക്കാട്.

# സാമൂഹ്യനീതി പാഠ്യപദ്ധതിയിൽ



ഏതൊരു സമൂഹത്തിന്റെയും പുരോഗതിയെ നിർണയിക്കുന്നത് വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസം എന്നത് മതനിരപേക്ഷവും ശാസ്ത്രാഭിമുഖ്യ അനുശീലനമുള്ളതും ജന്റർ ന്യൂട്രലുമായ ഒരു പൗരസമൂഹത്തെ നിർമ്മിക്കുന്നതിന് ഉതകുന്നതു കൂടിയാകണം. കേവലം വിവിധ വിഷയങ്ങളിലുള്ള അറിവ് ഉത്പാദിപ്പിക്കൽ മാത്രമല്ലാതെ മാനവികതയുള്ളൊരു പൗരത്വ സമൂഹത്തെ വാർത്തെടുക്കുന്ന വിദ്യാഭ്യാസ സമ്പ്രദായവും ബോധനരീതിയും ഭരണഘടനയെ ആധാരമാക്കി പ്രവർത്തിക്കുന്ന ഒരു ജനാധിപത്യ സമൂഹത്തിന് ആവശ്യമാണ്. അടിസ്ഥാന വിദ്യാഭ്യാസം പൂർത്തീകരിച്ച് സമൂഹത്തിന്റെ ഭാഗമാകുന്ന വിദ്യാർത്ഥികൾക്ക് പൊതു സമൂഹത്തെയും വിവിധ സാമൂഹിക വിഭാഗങ്ങളെയും സാമൂഹ്യ നീതിയെക്കുറിച്ചുമെല്ലാം സാമാന്യ ധാരണ ഉണ്ടായിരിക്കേണ്ടതാണ്. പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള സ്കൂൾ പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിലൂടെ അത് പ്രയോഗവത്കരിക്കാവുന്നതാണ്. അതിനാൽ നടപ്പുകാലത്തിനനുസരിച്ച് സ്കൂൾ പാഠ്യപദ്ധതി മാറ്റിപ്പണിയേണ്ടതുണ്ട്. പൊതുസമൂഹത്തിൽ നിന്ന് ഓരോ വ്യക്തികളും സ്വീകരിക്കാവുന്ന പൊതുബോധത്തെ മറികടക്കാൻ കഴിയുന്ന തരത്തിലുള്ള അടിസ്ഥാന ചിന്താധാരകളെ പാഠ്യപദ്ധതിയിലൂടെ വിദ്യാർത്ഥികളുടെ മനോഭാവത്തെ രൂപപ്പെടുത്തിയെടുക്കാൻ നല്കാവുന്നതാണ്.

പൊതു സമൂഹത്തിൽ അനീതിയും അസമത്വവും ഇന്നും നിലനിൽക്കുന്നു നിരന്തരം സമ്പന്നരും ദരിദ്രരും തമ്മിലുള്ള വ്യത്യാസം വർദ്ധിച്ചുവരുന്നു. ജാതിയുടെയും മതത്തിന്റെയും വർഗത്തിന്റെയും വർണത്തിന്റെയും പേരിൽ ഇപ്പോഴും വിവേചനം തുടരുകയാണ്. ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യം എന്നിവയെല്ലാം ചിലർക്ക് ഇപ്പോഴും അന്യവും അപ്രാപ്യവുമാണ്.

സമൂഹത്തിൽ അവശത അനുഭവിക്കുന്ന എല്ലാവർക്കും നീതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ക്ഷേമരാഷ്ട്രം എന്ന സങ്കല്പത്തെ അടിസ്ഥാനമാക്കി 1975 സെപ്റ്റംബർ 9 മുതലാണ് സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് പ്രവർത്തനമാരംഭിച്ചത്. വയോജനങ്ങൾ, അംഗപരിമിതർ , ട്രാൻസ് ജെൻഡർ വ്യക്തികൾ, ഭിക്ഷ യാചിക്കുന്നവർ, മനുഷ്യക്കടത്തിന് വിധേയമാവുന്നവർ, ജയിലിൽ നിന്നും മറ്റ് തെറ്റു തിരുത്തൽ കേന്ദ്രങ്ങളിൽ നിന്നും പുറത്തിറങ്ങുന്നവർ, ലഹരിക്കടിമയായിത്തീർന്നവർ, വിവിധ കുറ്റകൃത്യങ്ങൾക്കിരയാവുന്നവർ, ജാമ്യത്തിൽ കഴിയുന്നവർ, ആത്മാഭിമാനം നഷ്ടപ്പെട്ട് ജീവിക്കുന്ന വിവിധ സാമൂഹിക വിഭാഗങ്ങൾ തുടങ്ങി സമൂഹത്തിന്റെ നിഷേധാത്മക മനോഭാവത്തിനിരയായി ഏറ്റവും അടിത്തട്ടിൽ ജീവിതം തള്ളിനീക്കുന്നവരെ പരിഗണിച്ചു കൊണ്ടുള്ള ക്ഷേമ പ്രവർത്തനങ്ങളാണ് ഈ വകുപ്പിനു കീഴിൽ വരുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും നീതിയും, മെച്ചപ്പെട്ടതും അന്തസ്സോടെ ജീവിക്കാനുതകുന്നതുമായ ജീവിത സാഹചര്യങ്ങൾ രൂപപ്പെടുമ്പോൾ കുറ്റകൃത്യങ്ങളും സാമൂഹ്യ വിരുദ്ധ മനോഭാവങ്ങളും കുറയുകയും കാലക്രമേണ നാമമാത്രമായി തീരുകയും ചെയ്യും എന്ന ആധുനിക പുരോഗമന ചിന്തയെ മുൻ നിർത്തിയാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നത്. സമൂഹത്തിന്റെ താഴെക്കിടയിൽ വ്യത്യസ്തമായ പ്രശ്നങ്ങൾ അനുഭവിക്കുന്ന വിവിധ വിഭാഗങ്ങൾക്കിടയിൽ സമഗ്രമായ ഇടപെടലിലൂടെയാണ് സാമൂഹ്യനീതിയിലധിഷ്ഠിതമായ ഒരു സമൂഹത്തെ രൂപപ്പെടുത്താൻ കഴിയുക. 2007ലാണ് ഐക്യരാഷ്ട്ര സഭ ഫെബ്രുവരി 20 സാമൂഹ്യനീതി ദിനമായി ആചരിക്കാൻ തീരുമാനിച്ചത്. സംഘർഷങ്ങൾ അവസാനിപ്പിക്കാനും സമാധാനം നിലനിർത്താനും സാമൂഹ്യ അസമത്വങ്ങൾക്കെതിരെ പോരാടാനുമാണ് ഐക്യരാഷ്ട്ര സഭ ഈ ദിനാചരണത്തിലൂടെ ആഹ്വാനം ചെയ്യുന്നത്. മനുഷ്യർക്കിടയിലെ ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കുകയും എല്ലാവർക്കും തുല്യഅവസരം ഉറപ്പുവരുത്തുകയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

പൊതു സൂഹത്തിന്റെ കണ്ണുകളിൽ പതിയാതെ പോകുന്ന ഒന്നാണ് സാമൂഹികനീതി. സ്കൂൾ പാഠ്യപദ്ധതിയിൽ സാമൂഹിക നീതിയെ കുറിച്ചുള്ള പ്രധാനപാഠങ്ങൾ വിദ്യാർത്ഥികൾക്ക് മനസ്സിലാകുന്ന വിധത്തിൽ ഉള്ളടക്കം ചെയ്യേണ്ടതുണ്ട്. അടിസ്ഥാന വിദ്യാഭ്യാസ കാലഘട്ടം കഴിയുമ്പോഴേക്കും വിദ്യാർത്ഥികൾക്ക് പൊതുസമൂഹം ഉത്പാദിപ്പിക്കുന്ന ധാരണകളോട് വിമർശനാത്മകമായി സംവദിക്കാൻ കഴിയുന്ന തരത്തിൽ സമൂഹത്തെക്കുറിച്ചുള്ള അടിസ്ഥാനധാരണകൾ രൂപപ്പെടുത്തുന്ന തരത്തിൽ സാമൂഹിക നീതിയെക്കുറിച്ചുള്ള പാഠങ്ങൾ പാഠ്യപദ്ധതിയിലുണ്ടായിരിക്കണം. താൻ ജീവിക്കുന്ന സമൂഹത്തിലെ മനുഷ്യരെക്കുറിച്ചും മനുഷ്യരെ വ്യത്യസ്ത നിലകളിൽ സ്ഥാനപ്പെടുത്തുന്ന ജാതി, മത, വർഗ്ഗ, രാഷ്ട്രീയ വിഭാഗങ്ങളെക്കുറിച്ചും വ്യത്യസ്ത സാമൂഹിക സ്ഥാപനങ്ങളെക്കുറിച്ചും അവയുടെ ധർമ്മത്തെക്കുറിച്ചുമെല്ലാമുള്ള കൃത്യമായ ബോധ്യം വിദ്യാർത്ഥികൾക്കുണ്ടായിരിക്കേണ്ടതുണ്ട്. ഒരു വ്യക്തി എന്ന നിലയിൽ തനിക്കുള്ള സ്വാതന്ത്ര്യവും അവകാശവും സമൂഹത്തിനോടും സഹജീവികളോടുമുള്ള കടമയും ഉത്തരവാദിത്വത്തെക്കുറിച്ചുമെല്ലാം ഒരു വിദ്യാർത്ഥിക്ക് അറിവുണ്ടായിരിക്കണം. തന്റെ സ്വാതന്ത്ര്യത്തിന്റെ അതിര് അപരന്റെ മൂക്കിൻത്തുമ്പു വരെ മാത്രമേയുള്ളൂ എന്നത് ഒരു അറിവും തിരിച്ചറിവുമാണ്. പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയും ജലം, വായു, ഭൂമി എന്നിവയെ പരിരക്ഷിക്കുന്നതിനുതകുന്ന അടിസ്ഥാന പാഠങ്ങളും വിദ്യാർത്ഥികൾ അറിഞ്ഞിരിക്കണം.



സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ കടുത്ത ചായക്കൂട്ടുകളിൽ വരച്ചെടുക്കുന്ന അതിഭാവുകത്വം കലർന്ന ചിത്രങ്ങൾക്ക് സമാനമാണ്. അവ പലപ്പോഴും സാങ്കല്പികവും യുക്തിരഹിതവും മുൻവിധിയുടെ സ്വഭാവം പുലർത്തുന്നതുമായിരിക്കും. ജാതി, മതം, ലിംഗം, നിറം, ശരീരം, തൊഴിൽ തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് പൊതുസമൂഹം മനുഷ്യരെ വിവിധ തട്ടുകളിൽ ക്രമീകരിക്കുന്നത്.

സ്ത്രീ - ദലിത് - ആദിവാസി- ട്രാൻസ് കമ്മ്യൂണിറ്റികളെക്കുറിച്ചെല്ലാം മുൻവിധികളുള്ള പൊ

തുധാരണകൾ സമൂഹ മനസ്സാക്ഷിക്കനുകൂലമായ വിധത്തിൽ സമൂഹം തന്നെ സൃഷ്ടിച്ചെടുക്കുകയും സമൂഹവുമായി ബന്ധപ്പെടുന്ന വ്യക്തികളെ ആഴത്തിൽ സ്വാധീനിക്കുന്ന തരത്തിൽ പലതരം അനുഭവങ്ങളിൽ നിന്നും ഒരു കഥാത്മക പരിസരം രൂപീകരിക്കുകയും ചെയ്യുന്നു. സമൂഹം വ്യക്തികൾക്ക് വേണ്ടി സൂക്ഷിച്ചു വച്ച ഇത്തരം കൾട്ടുകൾ സമൂഹവുമായി നിരന്തരം ഇടപഴകുന്ന വ്യക്തികളുടെ അബോധത്തിൽ പതിയുകയും അവരുടെ കാഴ്ചപ്പാടുകളെ സ്വാധീനിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസത്തിലൂടെയോ സ്വന്തം നിരീക്ഷണത്തിലൂടെയോ പൊതുബോധത്തിനെതിരെ നിലകൊള്ളാത്തവരുടെ ചിന്തയുടെ അതിരുകൾ നിർണയിക്കുന്നത് ഇത്തരം കാഴ്ചപ്പാടുകളായിരിക്കും. നമ്മുടെ സാഹിത്യ രൂപകങ്ങളിലും സിനിമ സീരിയൽ തുടങ്ങിയ ദൃശ്യമാധ്യമങ്ങളിലും ആദിപ്രരൂപങ്ങൾ പോലെയുള്ള ഇത്തരം കൾട്ടുകളുടെ മാതൃകകൾ കണ്ടെടുക്കാൻ കഴിയും. അരികുവത്ക്കരിക്കപ്പെട്ട മനുഷ്യരെ പരിഹാസകഥാപാത്രങ്ങളാക്കി നിർമ്മിക്കുന്ന കോമഡി ഷോകൾ സാമൂഹിക നീതിക്ക് വിരുദ്ധമായ അത്യന്തം അപലപനീയമായ ഉള്ളടക്കങ്ങളാലാണ് നിരന്തരം സംപ്രേഷണം ചെയ്യുന്നത്. പത്രമാധ്യമങ്ങളിലെ മാട്രിമോണിയൽ പരസ്യങ്ങളിൽ കാണുന്ന ' എസ്.സി. എസ്. ടി. അപേക്ഷിക്കേണ്ടതില്ല' എന്ന മുന്നറിയിപ്പ് പൊതുജനങ്ങൾക്ക് നൽകുന്നത് ഗുരുതരമായ സാമൂഹ്യബോധ്യങ്ങളാണ്. ഉദ്ധരണികൾക്കുള്ളിൽ കള്ളി തിരിച്ചിട്ട വിഭാഗങ്ങളിൽപ്പെടുന്നവരെ ഇത്തരം ചാപ്പ കുത്തലുകൾ എങ്ങനെ ബാധിക്കുമെന്ന ചിന്ത പോലുമുദിക്കാത്ത വിധം അതിക്രൂരമായി സാമൂഹിക നീതി നിഷേധിക്കപ്പെടുന്നു. വിദ്യാഭ്യാസമേഖലയിലെ പാഠപുസ്തകങ്ങളും ജനപ്രിയസാഹിത്യവും സിനിമകളുമെല്ലാം ഇത്തരം കൾട്ടുകളെ സമകാലീനമാക്കി മാറ്റുന്നതിനൊപ്പം പൊതു ബോധ്യങ്ങളെ സംരക്ഷിച്ചു നിർത്താൻ പ്രത്യേകം ശ്രദ്ധിക്കുന്നതായി കാണാം. സ്വതന്ത്ര ചിന്താഗതിയോ വീക്ഷണമോ സ്വന്തമായ അന്വേഷണമോ നിലപാടുകളോ ഇല്ലാത്ത വ്യക്തികൾ സമൂഹത്തിൽ നിന്നും സൗജന്യമായി ലഭിക്കുന്ന ഇത്തരം 'കൾട്ടു'കളെ അന്ധമായി വിശ്വസിക്കുകയും അവ പിന്തുടരുകയും ചെയ്യുന്നു. ഒരു വ്യക്തിയ്ക്ക് വിദ്യാഭ്യാസത്തിലൂടെ ലഭിക്കേണ്ടുന്ന വിമർശനാത്മക ചിന്തയിലൂടെയാണ് ഇതിനെ പ്രതിരോധിക്കാൻ കഴിയുക.

പൊതുസമൂഹത്തിന് ചില മനുഷ്യരെ സംബന്ധിച്ച് സ്ഥാപിക്കപ്പെട്ട ചില ബോധ്യങ്ങളുണ്ട്. അത്തരം ബോധ്യങ്ങളെ മുൻനിർത്തിയുള്ള പെരുമാറ്റമായിരിക്കും സമൂഹം വ്യക്തികളോട് പുലർത്തുന്നത്. സമകാലികമായുണ്ടാകുന്ന പല സംഭവങ്ങളും ഇതിനുദാഹരിക്കാവുന്നതാണ്. ആണും പെണ്ണും എന്ന ജെന്റർ ബൈനറിയെ ശാസ്ത്രവും സാമൂഹിക ശാസ്ത്രവും മറികടന്നിട്ടും സമൂഹ മനസ്സിലുള്ള വേർതിരിവുകളെ മാറ്റാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. സ്ത്രീ-പുരുഷ സമത്വത്തെ കുറിച്ച് പറയുമ്പോഴും സ്ത്രീക്കും പുരുഷനുമിടയിലെ അന്തരം കുറയ്ക്കാൻ കഴിഞ്ഞിട്ടില്ല. പൊതുവിടത്തിലും കുടുംബകത്തിലും തൊഴിലിടത്തിലും ലിംഗ വിവേചനം ഒരേപോലെ തുടരുന്നു.

ജാതിയുടെയും മതത്തിന്റെയും വേർതിരിവുകളും സമൂഹം ഇപ്പോഴും നിലനിർത്തുന്നുണ്ട്. സമൂഹ മനസ്സാക്ഷിക്ക് ക്ഷതമേല്പിക്കുന്ന സംഭവങ്ങൾക്കെതിരെ വലിയ തോതിൽ ആക്രമണങ്ങളുണ്ടാ ന്നു. ജനക്കൂട്ടം കൈയേറ്റമായി ശിക്ഷ നടത്തുന്ന രീതി സദാചാരക്കൊലപാതകങ്ങൾ തുടങ്ങിയവ ഇതിനുദാഹരണമാണ്.

സമൂഹത്തിലുണ്ടാകുന്ന മിക്ക സംഭവങ്ങളെയും സൂക്ഷ്മമായി പരിശോധിച്ചാൽ പൊതു സമൂഹം രൂപപ്പെടുത്തിയ സാമൂഹ്യപാഠങ്ങളിലാണ് അവ നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്ന് മനസ്സിലാക്കാവുന്നതാണ്. ഈ അടുത്ത കാലത്ത് നടന്ന ഒരു സംഭവം ഇത്തരത്തിലുള്ളതാണ്. പിങ്ക് പോലീസ് സേനയിലെ ഒരു ഉദ്യോഗസ്ഥ പൊതുജനമധ്യത്തിൽ

**ആണും പെണ്ണും എന്ന ജെൻഡർ ബൈനറിയെ ശാസ്ത്രവും സാമൂഹിക ശാസ്ത്രവും മറികടന്നിട്ടും സമൂഹ മനസ്സിലുള്ള വേർതിരിവുകളെ മാറ്റാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. സ്ത്രീ- പുരുഷ സമത്വത്തെ കുറിച്ച് പറയുമ്പോഴും സ്ത്രീക്കും പുരുഷനുമിടയിലെ അന്തരം കുറയ്ക്കാൻ കഴിഞ്ഞിട്ടില്ല. പൊതുവിടത്തിലും കുടുംബകത്തിലും തൊഴിലിടത്തിലും ലിംഗ വിവേചനം ഒരേപോലെ തുടരുന്നു.**

വച്ച് മോഷണക്കുറ്റം ആരോപിച്ച് അച്ഛനെയും എട്ടുവയസ്സുകാരിയായ മകളെയും അധിക്ഷേപിച്ച ഈ സംഭവത്തിൽ അത്തരമൊരു ആരോപണമുന്നയിക്കാൻ ഉദ്യോഗസ്ഥയെ പ്രേരിപ്പിച്ചത് പൊതുധാരണയാണ്. ദരിദ്രരും ദലിതരും കറുത്ത നിറമുള്ളവരുമെല്ലാം പ്രത്യേകിച്ച് കാരണമോ തെളിവോ കൂടാതെ തന്നെ കുറ്റവാളികളാക്കാവുന്നവരും സംശയിക്കേണ്ടവരുമാണെന്ന പൊതുധാരണയാണ് ആ ഉദ്യോഗസ്ഥയിൽ പ്രവർത്തിച്ചത്. തന്റെ മൊബൈൽ ഫോൺ കാറിനുള്ളിൽ നിന്നും അച്ഛൻ മകൾക്ക് നൽകിയെന്നും മകൾ അത് കാട്ടിലെറിഞ്ഞെന്നുമായിരുന്നു ഉദ്യോഗസ്ഥ ആരോപിച്ച കുറ്റം. അത് താൻ നേരിട്ടു കണ്ടുവെന്നും അവർ പറഞ്ഞു. അച്ഛനെയും മകളെയും കുറ്റ

വാളികളെ പോലെ ചോദ്യം ചെയ്തു. എന്നാൽ ഒടുവിൽ കാണാതെ പോയ ഫോൺ കാറിന്റെ ബാക്സീറ്റിൽ നിന്നും കണ്ടെടുക്കുകയുണ്ടായി. ഇവിടെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടി നിലകൊള്ളേണ്ട പിങ്ക് പോലീസിനാൽ പൊതുജനമധ്യത്തിൽവച്ച് മോഷണക്കുറ്റമാരോപിച്ച് പരസ്യ വിചാരണ നേരിടേണ്ടി വന്ന എട്ടുവയസ്സുമാത്രം പ്രായമുള്ളൊരു പെൺകുട്ടിയുടെ മാനസികാവസ്ഥയെക്കുറിച്ച് ആലോചിക്കുകയോ അത്തരത്തിൽ പരിഗണിക്കുകയോ ചെയ്തില്ല എന്നത് അത്യന്തം ഗൗരവത്തോടെ സമീപിക്കേണ്ട വസ്തുതയാണ്. തനിക്ക് വീഴ്ച പറ്റിയെന്ന് മനസ്സിലാക്കിയപ്പോൾ പോലും മാപ്പു പറയാനോ നിലപാട് മാറ്റാനോ പോലീസുദ്യോഗസ്ഥ തയാറായില്ല എന്നതും അക്ഷന്തവ്യമായ അപരാധം തന്നെ. മാത്രമല്ല പൊലീസ് ഉദ്യോഗസ്ഥയെ സംരക്ഷിക്കുന്ന നയമാണ് സ്വീകരിച്ചത്. പൊതു സമൂഹത്തിൽ മനുഷ്യരുടെ 'നില'ക്കനുസരിച്ച് നീതി വ്യത്യാസപ്പെടുന്നുണ്ടെന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

മുഖ്യധാരയിലെ പൊതുവിടങ്ങൾ ചാതുർവർണ്യ വ്യവസ്ഥ പ്രകാരം മനുഷ്യരെ വിഭജിച്ചു നിർത്തുകയും പൊതുബോധം പങ്കുപറ്റിക്കൊണ്ട് ദലിത്, സ്ത്രീ വിരുദ്ധമായ ആശയങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. ബ്രാഹ്മണിക്കലായ ആശയങ്ങളാണ് പൊതു സമൂഹത്തിന്റെ അന്തർധാരയായി വർത്തിക്കുന്നത്. അടിത്തട്ടു മനുഷ്യരുടെ ജീവിതങ്ങളെ തന്നെ പുറത്താക്കിക്കളയുന്ന പ്രത്യയശാസ്ത്രം സമൂഹ മനസ്സിന്റെ അബോധത്തിൽ പ്രവർത്തിക്കുന്നു.

പ്രകൃതിയെയും സ്ത്രീയെയും ദരിദ്രരെയും ദലിതരെയും ചൂഷണം ചെയ്യാമെന്നും കൈയ്യേറ്റം നടത്താമെന്നുമുള്ളത് പൊതുബോധ്യമാണ്. മനുഷ്യർ സമൂഹത്തിലെ പൊതു ബോധ്യങ്ങളെ പങ്കുപറ്റിക്കൊണ്ട് ചെയ്യുന്ന ചില പ്രവൃത്തികൾ ഭരണഘടന നിയമം മൂലം നിരോധിച്ചിരിക്കുന്നത് കാണാം. എന്നാൽ നിയമം മൂലം വിലക്കിയ പ്രവൃത്തികൾ വീണ്ടും ചെയ്യാവുന്ന മാനസികാവസ്ഥ ഒരാളിൽ ഉണ്ടാക്കുന്നത് അയാളുടെ അബോധത്തിൽ പ്രവർത്തിക്കുന്ന പൊതു ബോധ്യത്താലാണ്.

ഭരണഘടന നിയമമനുശാസിക്കുന്ന സംരക്ഷണത്തിന് അർഹരായ പട്ടിക വിഭാഗ ജനസമൂഹങ്ങളുടെ വിദ്യാഭ്യാസ അവകാശമായ സംവരണ വ്യവസ്ഥകളെ വികലമായ കാഴ്ചപ്പാടോടുകൂടിയാണ് പൊതുസമൂഹം വിലയിരുത്തുന്നത്. സ്വന്തം വീട്ടകങ്ങളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും പൊതു സമൂഹത്തിൽ നിന്നുമാണ് ഇത്തരം വിഷയങ്ങളെ കുറിച്ചുള്ള സാമാന്യ ധാരണകൾ വിദ്യാർത്ഥികൾ ഉണ്ടാക്കിയെടുക്കുന്നത്. ഇത് സമൂഹം സൃഷ്ടിച്ചു വച്ച പൊതു ധാരണകൾ മാത്രമായിരിക്കും. ഇവ യാഥാർത്ഥ്യത്തിൽ നിന്നും ബഹുദൂരം അകന്നു നിൽക്കുന്നതും ചരിത്ര സത്യങ്ങൾ മൂടി വച്ചതുമായിരിക്കും.

**പ്രകൃതിയെയും സ്ത്രീയെയും ദരിദ്രരെയും ദലിതരെയും ചൂഷണം ചെയ്യാമെന്നും കൈയ്യേറ്റം നടത്താമെന്നുമുള്ളത് പൊതുബോധ്യമാണ്. മനുഷ്യർ സമൂഹത്തിലെ പൊതു ബോധ്യങ്ങളെ പങ്കുപറ്റിക്കൊണ്ട് ചെയ്യുന്ന ചില പ്രവൃത്തികൾ ഭരണഘടന നിയമം മൂലം നിരോധിച്ചിരിക്കുന്നത് കാണാം. എന്നാൽ നിയമം മൂലം വിലക്കിയ പ്രവൃത്തികൾ വീണ്ടും ചെയ്യാവുന്ന മാനസികാവസ്ഥ ഒരാളിൽ ഉണ്ടാക്കുന്നത് അയാളുടെ അബോധത്തിൽ പ്രവർത്തിക്കുന്ന പൊതു ബോധ്യത്താലാണ്.**



സ്കൂൾ കാലഘട്ടത്തിലാണ് മിക്ക വിദ്യാർത്ഥികളും സംവരണത്തെ നേരിട്ട് മനസ്സിലാക്കുന്നത്. ഉയർന്ന മാർക്കുണ്ടായിട്ടും തനിക്ക് കിട്ടാതെ പോയ സീറ്റ് തന്നേക്കാൾ മാർക്കു കുറഞ്ഞൊരാൾക്ക് കിട്ടുന്ന തിക്താനുഭവമായി കുട്ടി സംവരണത്തെ അറിയുന്നു. ഒരു വിദ്യാർത്ഥിയിൽ സംവരണത്തോടുള്ള ആദ്യത്തെ മനോഭാവം ഇങ്ങനെയാണ് സൃഷ്ടിക്കപ്പെടുന്നത്. പൊതുസമൂഹവും കുടുംബകവും ഈ യാഥാർത്ഥ്യത്തെ പൊലിപ്പിക്കുന്നു. മുന്നാക്ക വിഭാഗങ്ങൾക്ക് സംവരണത്തോടുള്ള 'ഫ്രസ്ട്രേഷൻ ' ഇങ്ങനെ തങ്ങൾക്ക് കിട്ടാത്ത മുന്തിരിയായി എക്കാലവും പുളിക്കുന്നു. എ

ന്നാൽ ഇന്ത്യയിലെ സാമൂഹിക അസമത്വത്തെയും ചൂഷണക്രമത്തെയും ജാതി ലിംഗഭേദങ്ങളെയും അഭിമുഖീകരിച്ചു കൊണ്ട് പുറത്താക്കപ്പെട്ട സാമൂഹിക വിഭാഗങ്ങളെയും ജാതികളെയും ഗോത്ര സമൂഹങ്ങളെയും സ്ത്രീകളെയും മുസ്ലിം ന്യൂനപക്ഷങ്ങളെയും ഉൾക്കൊണ്ടു കൊണ്ട് അവരെ ശാക്തീകരിക്കാനുള്ള സവിശേഷവും പ്രത്യേകവുമായ നയവും പൊതുവിഭാഗങ്ങളിൽ നിന്നും ഇവർ നേരിടുന്ന പ്രതിസന്ധികളെന്തെന്നും പ്രത്യേക ശ്രദ്ധയും പരിഗണനയും നൽകേണ്ടുന്ന വിഭാ



ഗങ്ങളായി ഇവർ എങ്ങനെ മാറുന്നുവെന്നുമുള്ള കാഴ്ചപ്പാടുകളും പാഠ്യപദ്ധതിയിലൂടെ വിദ്യാർത്ഥികളിലേക്ക് പ്രദാനം ചെയ്യുന്ന പക്ഷം ഇത്തരമൊരു മാനസികാവസ്ഥ ഒരു വിദ്യാർത്ഥിയിൽ ഉണ്ടാകാനിടയില്ല. അതുകൊണ്ട്

രാജ്യത്തിന്റെ വൈവിധ്യങ്ങളെ അംഗീകരിക്കുന്നതും ജനാധിപത്യ കാഴ്ചപ്പാടും വ്യത്യസ്ത സാമൂഹിക വിഭാഗങ്ങളെ ഉൾക്കൊള്ളുന്നതുമായ സാമൂഹിക നീതി സങ്കല്പം അടിസ്ഥാനവിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്.


ജാതി അസമത്വത്തെയും ലിംഗവിവേചനത്തെയും സാമൂഹികവും പ്രാദേശികവുമായ വ്യത്യാസങ്ങളോടെ മനസ്സിലാക്കാനും ജാതി അതിക്രമങ്ങൾക്കും സാമൂഹിക പുറന്തള്ളലിനും വംശഹത്യയ്ക്കും വിധേയമായ ജനസമൂഹങ്ങളെ ഉൾക്കൊള്ളാനും സംവരണത്തെ അവസരസമത്വം ഉറപ്പാക്കുന്ന കാഴ്ച്ചപ്പാടോടെ മനസ്സിലാക്കാനും കഴിയുന്ന ഒരു അവബോധം അടിസ്ഥാന വിദ്യാഭ്യാസത്തിലൂടെ വിദ്യാർത്ഥികളിൽ സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. അതിനാൽ കീഴാള പിന്നാക്ക സമൂഹങ്ങൾ തങ്ങളുടെ സമരങ്ങളിലൂടെ നേടിയെടുത്ത സാമൂഹിക നീതിയെ മുൻനിർത്തിയുള്ള ഉൾച്ചേർക്കൽ വിദ്യാഭ്യാസത്തെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യസംസ്ഥാനം കേരളമാണ്. കേരള സംസ്ഥാന സാമൂഹ്യനീതി വകുപ്പിൻറെ കീഴിൽ ട്രാൻസ്ജെൻഡർ സൗഹാർദ്ദപരമായ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നുണ്ട്. എന്നാൽ സ്കൂൾ പാഠ്യപദ്ധതിയിൽ കൂടി ഈ വിഷയം ഗൗരവമായി ഉൾപ്പെടുത്തേണ്ടതാണ്. ഇന്ത്യൻ ഭരണഘടന മുന്നോട്ടു വയ്ക്കുന്ന ലിംഗനീതിയും, ലിംഗസമത്വവും അനുഭവിക്കാൻ കഴിയാതെ പോകുന്ന വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾ പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. ഇത്തരം വ്യക്തികളോട് സമൂഹത്തിനുള്ള അവഗണനയും അവർ അനുഭവിക്കുന്ന ഉൾവലിയലും ഇല്ലാതാക്കാൻ സ്കൂൾ തലം മുതൽ ബോധപൂർവ്വമുള്ള ഇടപെടൽ ആവശ്യമാണ്. സ്കൂൾ കാലഘട്ടത്തിലാണ് ഒരു വ്യക്തി തന്റെ ശാരീരിക മാറ്റങ്ങൾ തിരിച്ചറിയുന്നത്. തന്റെ ശരീരത്തിലെയും സ്വഭാവത്തിലെയും മാറ്റങ്ങൾ തിരിച്ചറിയുന്ന വിദ്യാർത്ഥികൾ അപമാനം ഭയന്ന് ആത്മഹത്യ ചെയ്ത് സമൂഹത്തിൽ നിന്നും രക്ഷപ്പെടുകയോ ഒറ്റപ്പെട്ട് നാടുവിടുകയോ ചെയ്യുന്നു. ഇത്തരം വസ്തുതകളെക്കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ ബോധവത്കരണം നടത്തുകയും അവർക്ക് പിന്തുണ നൽകുകയും വേണം. കൂടാതെ ഭിന്നശേഷിയുള്ള മനുഷ്യരെയും പരിരക്ഷിക്കുന്ന മനോഭാവം വളർത്തിയെടുക്കുന്നതിനും പാഠ്യപദ്ധതി ഉപകരിക്കണം.

വിദ്യാർത്ഥികൾ സ്കൂൾ പഠനത്തിൽ നിന്നും ആർജ്ജിച്ചെടുക്കേണ്ട ആശയങ്ങളെല്ലാം ഇന്ത്യൻ ഭരണഘടനയെ കേന്ദ്രീകരിച്ചുള്ളതായിരിക്കണം. അദ്ധ്യാപകർ പിന്തുടരേണ്ട ബോധന രീതിയും ഭരണഘടനയെ മുൻ നിർത്തിയായിരിക്കണം. അതുകൊണ്ട് തന്നെ ഭരണഘടന അവകാശമായി നിലനിർത്തേണ്ടതും വിദ്യാഭ്യാസത്തിലൂടെ നിർമ്മിച്ചെടുക്കേണ്ട ശാസ്ത്രീയമായ ആശയങ്ങൾ പാഠ്യപദ്ധതിയിൽ സംരക്ഷിക്കേണ്ടതുമുണ്ട്. ഭരണഘടനാ ധാർമ്മികതയും ഭരണഘടനാ മൂല്യവും തുല്യ പൗരത്വ സങ്കല്പവും മുൻനിർത്തി സാമൂഹിക നീതി സ്ഥാപിച്ചെടുക്കുന്നതിന് വിദ്യാഭ്യാസം അടിത്തറയായി വർത്തിക്കേണ്ട ആവശ്യകതയെ സ്കൂൾ പാഠ്യപദ്ധതിയിലൂടെ അടിയന്തിരമായി പ്രായോഗവത്കരിക്കേണ്ടതാണ്. ജനാധിപത്യ ദേശരാഷ്ട്രമെന്ന നിലയിൽ സെക്കുലർ ജനാധിപത്യ മൂല്യങ്ങളെയും ആശയങ്ങളെയും മതനിരപേക്ഷ ബോധനത്തെയും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായി പ്രഖ്യാപിക്കണമെങ്കിൽ വിദ്യാഭ്യാസത്തിന്റെ നട്ടെല്ലായ പാഠ്യപദ്ധതി കാലത്തിനനുസരിച്ച് പുതുക്കിയെടുക്കുക മാത്രമാണ് ഏക പ്രതിവിധിയായിട്ടുള്ളത്.

ചർച്ചാവിഷയം

# മെഡിക്കൽ സിലബസുകളിലെ കിയർ വിരുദ്ധത




**അനുരാധ കൃഷ്ണൻ**
ഡെന്റൽ വിദ്യാർത്ഥി






കഴിഞ്ഞ പത്തുവർഷങ്ങൾ എടുത്താൽ ഇന്ത്യയിൽ എൽ.ജി.ബി.ടി.ഐ.ക്യു വിഭാഗങ്ങളുടെ ദൃശ്യതയിൽ പ്രകടമായ പുരോഗതി കാണുവാൻ സാധിക്കും. നിരന്തരമായ അവകാശ പോരാട്ടങ്ങളിലൂടെ ഇന്ത്യയിലെ കിയർ മനുഷ്യർ ഉണ്ടാക്കിയെടുത്ത അംഗീകാരത്തിന്റെ ചെറിയൊരു ഇടമാണ് ഇന്നുള്ള ദൃശ്യത. ഇന്ത്യൻ ജുഡിഷ്യറിയുടെ ഇടപെടലുകൾ കിയർ അവകാശ സംരക്ഷണത്തിൽ ശ്ലാഘനീയമാണ്. എന്നിരുന്നാലും നൂറ്റാണ്ടുകളായി സമൂഹത്തിന്റെ ഓരോ വ്യവഹാരങ്ങൾക്കിടയിലും ചൂഴ്ന്നിറങ്ങിയിട്ടുള്ള കിയർ സമൂഹത്തോടുള്ള വെറിയും, വിദ്വേഷവും, അപരവത്കരണവും ചെറുത്തുതോല്പിക്കുക എളുപ്പമല്ല. വിദ്യാഭ്യാസം, തൊഴിൽ, കുടുംബം, എന്നിങ്ങനെ എല്ലാ ഇടങ്ങളും കിയർ വിരുദ്ധമാണ്. സമൂഹത്തിന്റെയും, സർക്കാർ സംവിധാനങ്ങളുടെയും ബോധപൂർവമുള്ള ഇടപെടലുകൾ ഇല്ലാതെ ഈ പ്രശ്നം പരിഹരിക്കുക സാധ്യമല്ല. ഓരോ കാര്യങ്ങൾ നടത്തി എടുക്കുന്നതിനും നിരന്തരം കോടതിയെ സമീപിക്കേണ്ട ദുരവസ്ഥ ആണ് ഞങ്ങൾക്ക് ഉള്ളത്. സ്വമേധയാ ഒരു നയമോ, നിയമമോ, പരിഷ്കാരമോ നടത്താൻ സർക്കാരോ, ബന്ധപ്പെട്ട അധികാരികളോ തയാറല്ല എന്നത് ദുഷ്കരമായ വസ്തുത ആണ്..ഈയിടെ മെഡിക്കൽ വിദ്യാഭ്യാസരംഗത്തെ കിയർ വിരുദ്ധതക്കെതിരെ വന്ന മദ്രാസ്  ഹൈക്കോടതി വിധിയും, കേരള ഹൈക്കോടതി വിധിയും വളരെ പ്രധാനപ്പെട്ടതാണ്.

2021 ജൂൺ മാസത്തിലാണ് മദ്രാസ് ഹൈകോടതിയുടെ സുപ്രധാന വിധി വരുന്നത്. സ്വവർഗ്ഗാനുരാഗികളായ രണ്ടു സ്ത്രീകൾക്ക് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ അതിക്രമത്തിനെതിരായി അവർ നൽകിയ കേസിന്മേൽ ആണ് ബഹു : ജസ്റ്റിസ് ആനന്ദ് വെങ്കിടേഷ് ഈ വിധി പുറപ്പെടുവിക്കുന്നത്. ക്വിയർ സമൂഹത്തെ പറ്റി കൃത്യമായ ധാരണ ഇല്ലാതിരുന്ന അദ്ദേഹം വിദഗ്ധരുടെ സഹായത്തോടെ ബോധവത്കരണം നേടിയതിനു ശേഷമാണ് ഈ കേസിൽ വിധി പറഞ്ഞത്. അതോടൊപ്പം ക്വിയർ മനുഷ്യരോട് നേരിട്ട് സംസാരിക്കുകയും ഇന്ത്യയിലെ ക്വിയർ സമൂഹത്തിന്റെ പരിതസ്ഥിതികൾ മനസിലാക്കുകയും ചെയ്തു. അറിവില്ലായ്മ വിവേചനത്തിനുള്ള ന്യായീകരണം അല്ല എന്നുള്ള അദ്ദേഹത്തിന്റെ വളരെ പ്രസക്തമായ വരികൾ ഈ സമയം ഓർക്കുന്നു. സ്കൂൾ കോളേജ് വിദ്യാഭ്യാസ പദ്ധതികൾ പരിഷ്കരിക്കാനും, കൺവെർഷൻ തെറാപ്പി എന്ന പേരിൽ ആരോഗ്യ മേഖല ക്വിയർ മനുഷ്യർക്ക് മേൽ അടിച്ചേല്പിക്കുന്ന ക്രൂര പീഡനങ്ങൾ നിരോധിക്കനും അദ്ദേഹം ഉത്തരവിട്ടു. മെഡിക്കൽ പുസ്തകങ്ങളിലെ ആശാസ്ത്രീയവും, ക്വിയർ വിരുദ്ധവുമായ ഉള്ളടക്കങ്ങൾ എടുത്തുമാറ്റാൻ NMC യോട് നിർദേശിച്ചു.


Website: www.nmc.org.in

Pocket- 14, Sector- 8, Dwarka,
Phase – 1, New Delhi-110077

National Medical Commission

No. NMC/Secy/2021/41/ 04 5 8 3 4 Date: 13th October 2021

**Advisory regarding the issue of LGBTQIA+ Community and necessary changes in competencies of CBME- curriculum**

This is in pursuance of the direction passed by the Hon'ble Madras High Court in writ petition no. 7284 of 2021. It has been noted that the various textbooks of medical education mainly of Forensic Medicine & Toxicology subject and Psychiatry subject contains unscientific information about virginity and also contains derogatory remarks against LGBTQIA+ Community and homosexuals.

2. In this connection, all the Medical Universities/Colleges/Institutions are requested that while teaching UG & PG students wherever the issue of gender or similar kind arise, the mention of Clinical history or complaints or signs/symptoms, examination findings or history about nomenclature shall not be taught in such a way that it becomes/perceived in any way derogatory/discriminatory/ insulting to LGBTQIA+ community.

3. Further, all the authors of Medical Text Books are hereby instructed to amend the information about virginity, LGBTQIA+ Community and homosexuals, etc. in their textbooks according to the available scientific literature, guidelines issued by the Government, and directions passed by the Hon'ble Courts. Furthermore, all the Medical Universities/Colleges/Institutions are requested not to approve the books as recommended books by the University if the books have unscientific, derogatory, and discriminatory information about virginity, LGBTQIA+ Community, and homosexuals.

4. The publication shall be applied strictly by the Government and Authorities concerned.

13/10/2021

(Dr. A[illegible]JULA JAIN)
Secretary, NMC

അതോടൊപ്പം കേരള ഹൈക്കോടതിയിൽ ‘ക്വിയർ റിഥം’ എന്ന ക്വിയർ സംഘടനയും ദിശ എന്ന സംഘടനയും ചേർന്ന് നൽകിയ കേസിൽ മെഡിക്കൽ ടെക്സ്റ്റ് ബുക്കുകളിലെ ക്വിയർ വിരുദ്ധത അടിയന്തിരമായി തിരുത്തപ്പെടേണ്ടതാണെന്നും അതിനു വേണ്ടുന്ന നടപടി ഉടനടി കൈക്കൊള്ളാനും എൻ.എം.സിയോട് ഉത്തരവിട്ടു. ഇത്തരത്തിൽ ജുഡിഷ്യറിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള സമ്മർദങ്ങൾ മെഡിക്കൽ സിലബസിന്റെ നവീകരണത്തിന് ഊർജം നൽകി.

നിലവിൽ ഒരു രോഗമാക്കി ചിത്രീകരിക്കുന്ന ക്വിയർ അവസ്ഥകളെ അങ്ങനെ അല്ല എന്ന് ബോധവത്കരിക്കേണ്ടത് ഇവിടുത്തെ ആരോഗ്യ വിദഗ്ധർ തന്നെ ആണ്. ദശാബ്ദങ്ങൾക്ക് മുൻപേ അന്താരാഷ്ട്ര തലത്തിൽ ക്വിയർ അവസ്ഥകളെ രോഗങ്ങളുടെ പട്ടികയിൽ നിന്നും എടുത്തു മാറ്റിയെങ്കിലും ഇന്ത്യയിൽ ഇന്നും അത് തുടരുന്നു. ഇന്ത്യൻ മെഡിക്കൽ പുസ്തകങ്ങൾ പ്രാകൃതമായ, ആശാസ്ത്രീയമായ,മനുഷ്യത്വവിരുദ്ധമായ രീതിയിൽ ആണ് മനുഷ്യരിലെ വൈവിധ്യങ്ങളെ പരാമർശിക്കുന്നത്. 2018 ഐ.പി.സി 377 സുപ്രധാന വിധി ഇന്ത്യയിൽ പ്രായപൂർത്തി ആയ വ്യക്തികളിലെ സ്വവർഗ്ഗ അനുരാഗത്തെ നിയമപരമാക്കിയിരുന്നു. എങ്കിലും ഇന്ത്യൻ മെഡിക്കൽ സിലബസുകളിൽ അത് പ്രകൃതി വിരുദ്ധ കുറ്റം ആയിത്തന്നെ തുടരുന്നു. ദേശീയ മെഡിക്കൽ കമ്മീഷന്റെ പരിഷ്കരിച്ച മെഡിക്കൽ സിലബസിൽ പോലും യാതൊരു മാറ്റവും ഉണ്ടായില്ല. ഇന്ത്യയിലെ ക്വിയർ സമൂഹം കോടതി വഴി ഇതിനെതിരെ പോരാടുകയും മെഡിക്കൽ സിലബസ്സിലെ ക്വിയർ വിരുദ്ധ പരാമർശങ്ങൾ കർശനമായും ഒഴിവാക്കാൻ വിധി പുറപ്പെടുവിക്കുകയും ചെയ്തു. ആയതു പ്രകാരം എൻ.എം.സി മെഡിക്കൽ സിലബസ് പരിഷ്കരിക്കാൻ ഉത്തരവ് ഇറക്കുകയും പുസ്തകം എഴുത്തുകാരോടും, പ്രസാധകാരോടും ഇത്തരം ഉള്ളടകങ്ങൾ തിരുത്തുവാൻ നിർദേശം നൽകുകയും ചെയ്തു. കേരള ആരോഗ്യ സർവകലാശാല ഇതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. മെഡിക്കൽ രംഗം ക്വിയർ സൗഹൃദപരം ആകേണ്ടത് അനിവാര്യമായ കാര്യമാണ്.

വഴിത്താരകൾ

# മാതൃവന്ദനം- ഇന്നത്തെ കേരളത്തിൽ





**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ വരേണ്യയെ
വന്ദിപ്പിൻ വരദയെ

ഈ വരികൾക്ക് ആമുഖം ആവശ്യമില്ല.വള്ളത്തോളിന്റെ പ്രശസ്തമായ കവിത കേരള പിറവി ദിനമായതു കൊണ്ട് മാത്രം ഓർമയിൽ ഓടിയെത്തിയതുമല്ല .കേരളത്തെയും മലയാളഭാഷയെയും അമ്മയുടെ രൂപത്തിൽ കാണാനുള്ള നമ്മുടെ തീവ്രമായ ഈ ആഗ്രഹം അമ്മയെ കുറിച്ചുള്ള നമ്മുടെ സങ്കൽപ്പങ്ങളെ ,അല്ലെങ്കിൽ നമ്മൾക്കുണ്ടാവണം എന്ന് നമ്മൾ ആഗ്രഹിക്കുന്ന സങ്കല്പങ്ങളെ വിളിച്ചോതുന്നുണ്ട്.സമകാലിക കേരളത്തിൽ നമ്മുടെ ആദർശങ്ങളും ദൈനംദിന ജീവിതവും തമ്മിലുള്ള അന്തരം അമ്പരിപ്പിക്കുന്നതാണ്.

എന്തൊരു വിരോധാഭാസമാണ് ! ഈ ഭൂമി മലയാളത്തിൽ അമ്മ എന്ന സാമൂഹ്യ/ കുടുംബ പദവിയെ വാഴ്ത്താത്ത കവിതകൾ,കഥകൾ,സിനിമകൾ,സീരിയലുകൾ വിരളമാണ്. നമ്മുടെ പുരോഗമന രാഷ്ട്രീയ പാരമ്പര്യങ്ങളെ കുറിച്ച് നമ്മൾ വാ തോരാതെ സംസാരിക്കും .പക്ഷെ വാളയാറിലെ അമ്മയെ പോലുള്ളവരെ നമ്മൾ സൗകര്യപൂർവം കണ്ടില്ലെന്നു നടിക്കും. ജിഷ്ണുവിന്റെ അമ്മയെ കാണാൻ നമുക്കു സമ്മതമല്ല.കഴിഞ്ഞ കുറെ ആഴ്ചകളായി ഒരു യുവതിയായ അമ്മ അലയുകയാണ്.സമരം ചെയ്യുകയാണ്.തന്നിൽ നിന്നും തട്ടിയെടുക്കപെട്ട കുഞ്ഞിന് വേണ്ടി. അനുപമയുടെ കഥ മാതൃത്വത്തെ കുറിച്ചുള്ള ബദൽ ആഖ്യാനമാണ്. കുന്തീദേവിമാർ ഈ ദുരഭിമാന ഭൂമിയിലെ പിറക്കുകയുള്ളൂ.അഭിമാനപൂരിതമാകണമോ അന്തരംഗമെന്നു നമ്മൾ ഒന്നു കൂടി ആ

ലോചിക്കേണ്ടി വരും.'അമ്മമാർ സ്വന്തം അനുഭവങ്ങളെ കുറിച്ച് സ്വയം വിവരിക്കുന്നത് വായിക്കാന് കഴിയുക എന്നത് അപൂർവമാണ്." മാതൃത്വത്തിന്റെ രാഷ്ട്രീയത്തെ കുറിച്ചെഴുതിയ ജെയ്ൻ ലസാറിന്റെ വാക്കുകളാണിവ.


വളരെ അസ്വസ്ഥമാക്കുന്ന ഹിംസാത്മകമായ അമ്മ അനുഭവങ്ങളാണ് കേട്ടു കൊണ്ടിരിക്കുന്നത് . പുഴ കാണാമെന്നു പറഞ്ഞു ഭാര്യയെയും കുഞ്ഞിനേയും കൊണ്ട് പോയി പുഴയിലേക്ക് രണ്ടു പേരെയും തള്ളിയിടുന്ന രംഗം ഏഷ്യാനെറ്റ് പുനർസൃഷ്ടിക്കുമ്പോൾ ഇതൊരു കഥയല്ലെന്നു കാണികൾ വിഷമത്തോടെ സ്വയം ഓർമ്മിപ്പിക്കുന്നു. ജയിൽമോചിതനായ താഹയുടെ അമ്മയാണ് സമകാലീന കേരളത്തിന്റെ മറ്റൊരു മുഖം. ഏതു നിമിഷവും അന്വേഷണകുതുകികളായ മക്കളെ അമ്മമാർക്ക് നഷ്ടപ്പെടാം. അനുപമയുടെ ദുരനുഭവവും അതിലെ മനുഷ്യാവകാശ നിരാസവും കേരളത്തിലെ ഫെമിനിസ്റ്റ് ചിന്തകരെ തന്നെ പല തട്ടുകളിലായി നിർത്തിയിരിക്കുന്നു. ഫെമിനിസ്റ്റ് രാഷ്ട്രീയത്തിന്റെ സങ്കീർണതകളുടെ ചുരുൾ നിവർത്തുകയാണ് അനുപമയുടെ അനുഭവ കഥനവും സമരവും .സമൂഹത്തിലെ യാഥാസ്ഥിതിക മനസ്സുകൾ മാത്രമല്ല ഇവിടെ ആത്മപരിശോധന നടത്തേണ്ടി വരുന്നത്. ആത്മവിമർശനപരമായി ചിന്തിക്കേണ്ടി വരുന്നത് സ്ത്രീപക്ഷത്തിൽ നിന്ന് സംസാരിക്കുന്നവർ തന്നെയാണ് എന്നതാണ് അനുപമ തുറന്നിടുന്ന സംവാദത്തിന്റെ പ്രാധാന്യം .

**മാംസവും മജ്ജയുമില്ലാത്ത അമൂർത്തമായ ഒരു അമ്മ വിഗ്രഹത്തെയാണ് നമ്മൾക്കു പ്രിയങ്കരം. അമ്മയാവുന്നത് പ്രാഥമികമായും ശരീരത്തിലൂടെയാണ് എന്നു സൗകര്യപൂർവം നമ്മൾ മറക്കാൻ ആഗ്രഹിക്കുന്നു. ആ ശരീരം എത്രത്തോളം അവളുടെ തന്നെയാണെന്ന ചോദ്യമാണ് അനുപമയിലൂടെ നമ്മൾ കേട്ട് കൊണ്ടിരിക്കുന്നത്. മാതൃശരീരങ്ങളുടെ രാഷ്ട്രീയങ്ങൾ അത്യന്തം സങ്കീർണ്ണവും, സവിശേഷവും, സംഘർഷാത്മകവുമാണ്.**

കുഞ്ഞിനെ തേടുന്ന അമ്മയിൽ നിന്നും സ്വാഭാവികമായും തർക്കങ്ങൾ നീങ്ങുന്നത് സ്ത്രീക്ക് സ്വന്തം ശരീരത്തിന് മേലുള്ള അധികാരത്തെ കുറിച്ചാണ്.അവകാശങ്ങളെ കുറിച്ചാണ്. അവിടെയാണ് സമൂഹം ഏറെ അസ്വസ്ഥമാകുന്നത്. കുടുംബത്തിന്റെ കൃത്യമായ നിയന്ത്രണ സംവിധാനങ്ങൾക്കകത്തു നടക്കുന്ന ലൈംഗികബന്ധവും, ഗർഭധാരണവും, പ്രസവവും അഭിമാനപ്രശ്നങ്ങൾ ഉയർത്തുന്നില്ല. ആ വിവാഹം എത്ര മാരകമായ മുറിവാണ് ഉണ്ടാക്കുന്നതെങ്കിലും! സദാചാര ബോധങ്ങൾക്കകത്തു ഉൾക്കൊള്ളാനാകാത്ത ലൈംഗികബന്ധവും ഗർഭധാരണവുമാണ് നമുക്കിന്നും പ്രയാസമുണ്ടാക്കുന്നത്. മുപ്പതോളം വർഷങ്ങൾക്കു മുൻപ് ഒരു വിവാഹിതയുടെ അംഗീകൃത അടയാളങ്ങൾ (സിന്ദൂരം, താലിമാല, മോതിരം) ഒന്നും ധരിക്കാതെ ആദ്യത്തെ പ്രെഗ്നൻസി ടെസ്റ്റിന് പോയപ്പോൾ അസ്വസ്ഥതയോടെ ഡോക്ടർ അമ്മയോട് "കുട്ടി മാരീഡ് അല്ലെ?" എന്ന് ചോദിച്ചതും, അമ്മയുടെ "അതെ" എന്ന മറുപടിയിൽ ആശ്വാസത്തോടെ വിശാലമായി പുഞ്ചിരിച്ചതും ഇന്നും ഞാൻ ഓർക്കാറുണ്ട്.

അനുപമയെ പോലെയുള്ള സ്ത്രീകളോട് നമ്മുടെ സാമൂഹ്യ /ആരോഗ്യ സംവിധാനങ്ങൾ എങ്ങിനെയാണ് പെരുമാറുന്നത് എന്നറിയാൻ കൂടുതൽ സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങളെ കുറിച്ച് സംസാരിക്കേണ്ടതുണ്ട്.ദത്തെടുക്കൽ രീതികൾ ജെൻഡർ രാഷ്ട്രീയത്തിന്റെ തിക്തമായ തലങ്ങളെ വെളിപ്പെടുത്തുന്ന ഒരു മേഖലയാണെന്നും അനുപമയുടെ ജീവിതം വ്യക്തമാക്കുന്നു.ദത്തെടുക്കൽ നടപടികളെ കുറിച്ചും,അതിന്റെ ചരിത്രത്തെ കുറിച്ചും,നടപ്പു രീതികളെ കുറിച്ചുമൊക്കെ സമഗ്രവും ഗഹനവുമായ പഠനങ്ങൾ അത്യാവശ്യമായി വരുന്നു.

മാംസവും മജ്ജയുമില്ലാത്ത അമൂർത്തമായ ഒരു അമ്മ വിഗ്രഹത്തെയാണ് നമ്മൾക്കു പ്രിയങ്കരം. അമ്മയാവുന്നത് പ്രാഥമികമായും ശരീരത്തിലൂടെയാണ് എന്നു സൗകര്യപൂർവം നമ്മൾ മറക്കാൻ ആഗ്രഹിക്കുന്നു.ആ ശരീരം എത്രത്തോളം അവളുടെ തന്നെയാണെന്ന ചോദ്യമാണ് അനുപമയിലൂടെ നമ്മൾ കേട്ട് കൊണ്ടിരിക്കുന്നത്. മാതൃശരീരങ്ങളുടെ രാഷ്ട്രീയങ്ങൾ അത്യന്തം സങ്കീർണ്ണവും, സവിശേഷവും, സംഘർഷാത്മകവുമാണ്. തുടങ്ങിയത് വള്ളത്തോളിന്റെ മാതൃവന്ദനത്തിൽ നിന്നാണ്. അവസാനവും അതിൽ തന്നെയാവാം.തുടർന്ന് വരുന്ന വരികളിൽ പരശുരാമനെ കുറിച്ചുള്ള പരാമർശത്തിന്റെ സാംഗത്യം ഇന്നെന്നെ വ്യാകുലയാക്കുന്നു.കാരണം കേരളത്തിന്റെ ജനയിതാവ് മാതൃഹന്താവ് കൂടിയാണല്ലോ എന്നത് ആ ഐതിഹ്യത്തിന്റെ സമകാലീന പ്രസക്തിയെ വളരെ ദുഖകരമാം വണ്ണം വർധിപ്പിക്കുന്നു.സ്വന്തം ശരീരത്തിന്റെ ഇന്ഗിതങ്ങൾക്ക് വഴങ്ങിയതിനു ഭർത്താവിന്റെ/അഛന്റെ ആജ്ഞാനുസാരിയായ മകനാൽ വധിക്കപെട്ട രേണുക എന്ന അമ്മയുടെ നിഴൽ ഇന്നും നമ്മെ വിടാതെ പിന്തുടരുന്നുണ്ടോ?




# പ്രൈമറി ഭാഷാപാഠങ്ങളിലെ പെൺപക്ഷങ്ങൾ ഡീകോഡ് ചെയ്യുമ്പോൾ




**ആശ സജി**
കവി, പ്രൈമറി അധ്യാപിക
കൊല്ലം

പഞ്ചേന്ദ്രിയങ്ങളിലൂടെ ചുറ്റുപാടിനെ അറിയാനുള്ള കഴിവോടെയാണ് മനുഷ്യർ ജനിക്കുന്നത്. ഔപചാരികവിദ്യാഭ്യാസത്തിലൂടെ താനുൾപ്പെട്ട സമൂഹത്തെയും രാജ്യത്തെയും ലോകത്തെ തന്നെയും പുതിയരീതിയിൽ കാണാനുള്ള സാധ്യതകൾ മനുഷ്യർക്ക് ലഭ്യമാവുന്നു. കുടുംബം എന്ന തീരെച്ചെറിയ വൃത്തത്തിൽ നിന്ന് സമൂഹം എന്ന കുറെക്കൂടി വലിയ വൃത്തപരിധിയിലേക്ക് കുട്ടി പ്രവേശിക്കുന്ന പ്രൈമറി തലം പ്രഥമം എന്ന പോലെ പ്രധാനവുമാണ്. നമ്മുടെ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളും നയങ്ങളും അനുസരിച്ചാണ് പ്രൈമറി പാഠ്യപദ്ധതി രൂപപ്പെടുന്നത്. ലിംഗ പരിഗണനകളില്ലാത്ത തുല്യനീതിയെ ലക്ഷ്യം വയ്ക്കുന്ന പാഠ്യപദ്ധതിയാണ് ലിംഗബോധം രൂപപ്പെടുന്ന ഘട്ടത്തിൽ തന്നെ കുട്ടികൾക്കായി തയാറാവുന്നത്. ഈ വസ്തുതയെ മുഖവിലയ്ക്കെടുത്തു കൊണ്ട് പ്രൈമറിതല ഭാഷാ ബോധന പ്രക്രിയയെ ഒന്നിഴ കീറിയാലോ? ലിംഗനീതിയും തുല്യ പങ്കാളിത്തവും ഏതൊക്കെ പാഠഭാഗങ്ങളിലൂടെ എങ്ങനെയെല്ലാം ഒളിഞ്ഞും തെളിഞ്ഞും വിനിമയം ചെയ്യപ്പെടുന്നു എന്ന് നോക്കാം.

ഒന്നാം ക്ലാസിലെ ഒന്നാമത്തെ ഭാഷാ പാഠം 'വീട് നല്ല വീട്'. ചിത്രങ്ങളാൽ മനോഹരമാണ്. കുടുംബ സങ്കല്പത്തെ കുട്ടിയുടെ മനസിലേക്കെടുത്തു വയ്ക്കുന്ന ഈ പാഠത്തിൽ ഓരോ പേജ് വലിപ്പത്തിൽ കുട്ടിയുടെ ശ്രദ്ധ പിടിച്ചെടുക്കും വിധം ചിത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ഇതിലെ പെൺ ചിത്രങ്ങളിൽ അവർ ചെയ്യുന്നതായി കാണുന്നത് കോഴിക്ക് അരി വിതറുക , കുഞ്ഞിനെ ലാളിക്കുക, വിറക് ശേഖരിക്കുക എന്നിവയാണ്. ചിത്രത്തിലെ ഒരേയൊരാൺകുട്ടി ബാറ്റും ബോളുമെടുത്ത് കളിക്കുന്നു. അവനോടൊപ്പം പന്തുകളിക്കാൻ കുഞ്ഞിനെ ലാളിക്കുന്ന പെൺകുട്ടിയെ നിർത്താമായിരുന്നില്ലേ എന്ന് ചിന്തിച്ചാൽ അനേക കാലങ്ങളായി സമൂഹം പെണ്ണിനു മാറ്റി വച്ച ജോലികൾ തന്നെയാണീ ചിത്രത്തിലെ പെണ്ണുങ്ങൾ ചെയ്യുന്നത് എന്ന് നമുക്ക് മനസിലാകും. ഇതിനു പരിഹാരമെന്നോണമാവുമോ പേജ് 20 ലും 21ലും അച്ഛനെക്കൊണ്ട് തുണിയലക്കിക്കുന്നതും വീടു വൃത്തിയാക്കിക്കുന്നത് ? അതേതായാലും ആശ്വാസകരം തന്നെ.

മൂന്നാം തരത്തിലേക്കു കടക്കുമ്പോൾ കുട്ടിയുടെ വികൃതികൾ സർവ്വാത്മനാ സഹിച്ച് അമ്മ നിർവൃതിയുടെ വാഴ്ത്തുപാട്ടായി കണ്ണന്റെ അമ്മ എന്ന പാഠം വരുന്നു. തുടർന്നുള്ള തത്തക്കുഞ്ഞിന്റെ കഥയിലെ അമ്മയും അടുക്കളക്കാരിയാണ്. മഞ്ഞപ്പാവാട (ഡോ.കെ.ശ്രീകുമാർ) എന്ന കഥ അവതരിപ്പിക്കുന്നത് അച്ഛൻ വിചാരിക്കാതെ പട്ടിണി മാറ്റാൻ കഴിയാത്ത വീടിനെയാണ് തൊഴിൽ ചെയ്ത് കുടുംബം പോറ്റേണ്ട ഭർത്താവിനെ സഹായിക്കാൻ അമ്മയ്ക്കുള്ളത് ദാനം കിട്ടിയ ചില്ലറകൾ നിറഞ്ഞ വഞ്ചി മാത്രം. പുരുഷ കേന്ദ്രിതമായ കുടുംബത്തിന്റെ കെട്ടുപാടുകളാണ് തൊഴിലുറപ്പിനും മറ്റും പോയി കുടുംബം നോക്കുന്ന പെണ്ണുങ്ങളുടെ മക്കൾ പഠിക്കുന്നത്.

രണ്ടാം തരത്തിലെ അറിഞ്ഞു കഴിക്കാം എന്ന യൂണിറ്റിൽ ആഹാരം നിറച്ച പാത്രവുമായി കുട്ടികളെ ക്ഷണിക്കുന്ന അമ്മയുണ്ട്. തൊട്ടടുത്ത പേജിൽ മുത്തശ്ശിയും. ഭക്ഷണത്തെപ്പറ്റിയും ആരോ



ഗൃഹത്തെപ്പറ്റിയും ക്ലാസെടുക്കുന്ന ഡോക്ടർ പക്ഷേ പുരുഷനാണ്. ഡോക്ടർ എന്നു കേട്ടാൽ പുരുഷനെ ഓർക്കുന്ന കാലം മാറിയതറിഞ്ഞിട്ടുണ്ടാവില്ലേ പുസ്തകം തയാറാക്കിയവർ? ഇതേ പുസ്തകത്തിൽ സ്ത്രീകൾ ചെയ്യുന്ന തൊഴിലുകളായി പേജ് 18 ൽ വരുന്നത് ടീച്ചിംഗ്, തയ്യൽ എന്നിവയും പുരുഷന്റേതായി ഓട്ടോ ഡ്രൈവിംഗ്, ചുമടെടുപ്പ്, പൊലീസ്, മീൻ വില്പന എന്നിവയുമാണ്. ഓട്ടോ ഓടിക്കുന്ന, ചുമടെടുക്കുന്ന, മീൻ വില്ക്കുന്ന എത്ര പെണ്ണുങ്ങളുണ്ട് നമുക്കു ചുറ്റും! 27-ാം പേജിൽ സാവിത്രിക്കുട്ടി അമ്മയായി അഭിനയിക്കുന്നതിന് തോർത്ത് സാരിയാക്കിയതായ് പറയുന്നു. അമ്മയുടെ വേഷം സാരിയാവണമെന്ന് രണ്ടിലെ കുട്ടി മനസിലാക്കിക്കാണില്ല. അഭിനയിക്കാനുള്ള അമ്മക്കളിക്കും സാരി നിർബന്ധമോ ? ഇനി സാവിത്രിക്കുട്ടിക്ക് കിട്ടുന്ന കുട്ടിപ്പുരയിലെ അടുക്കളയിൽ പണിയെടുക്കുന്ന അമ്മ മുണ്ടും വേഷ്ടിയും ധരിക്കുന്നു. ഒപ്പമുള്ള പെൺകുട്ടികൾ സാരിയും ജാക്കറ്റും. ഇത് കുട്ടിയിലെത്തിക്കാൻ ശ്രമിക്കുന്ന ബോധമെന്താണ്?

അഞ്ചാം ക്ലാസിൽ എം.ടി.യുടെ വിഷുക്കണി മാധവിക്കുട്ടിയുടെ വേനലിന്റെ ഒഴിവ് എന്നീ കഥകളിൽ പഴയ കാല പ്രാരാബ്ധങ്ങളിൽ പെട്ടുഴലുന്ന സ്ത്രീ ജീവിതങ്ങൾ കാണാം. അതിജീവനമില്ലാത്തവരോ പെണ്ണുങ്ങൾ! ആറാം തരത്തിൽ പി.വത്സലയുടെ തേങ്ങ എന്ന കഥയിൽ വീട്ടുവേലക്കാരിയായ സ്ത്രീയെ വെറും വേലക്കാരിയാക്കുന്ന വീട്ടമ്മയുണ്ട്. ആ കാലമൊക്കെ പോയില്ലേ? വീട്ടുജോലിക്കും മഹത്വമുള്ള കാലത്തി ലാണ് കുട്ടികളീ കഥ പഠിക്കേണ്ടത്, പഠിപ്പിക്കുന്നത്. ഇതേ പുസ്തകത്തിൽ ഉപ്പുകൊറ്റനിലൂടെ വരരുചിയെ പിൻതുടർന്നു ജീവിച്ച പഞ്ചമിയുടെ ചരിത്രമെത്തുന്നു. സ്വന്തമായൊന്നും പറയാനില്ലാതെ മക്കളെയുപേക്ഷിച്ച് ഭർത്താവിനെ പിൻപറ്റുന്നവൾ. ഓണം അന്നും ഇന്നും എന്ന തകഴിയുടെ ലേഖനം നെല്ലുകുത്തുന്ന പാചകം ചെയ്യുന്ന പൂക്കളമിടുന്ന പഴയ പെണ്ണുങ്ങൾ കാലം പോകെ മാറുന്നതായി എഴുത്തുകാരന്റെ വ്യസനം കൂടി അവതരിപ്പിക്കുന്നതാണ്.

ലോവർ പ്രൈമറി യുടെ അവസാനപടിയായ നാലാം തരത്തിലും മാതൃ സ്നേഹത്തിന്റെ മഹത്വം വിളിച്ചോതുന്ന വെണ്ണക്കണ്ണനും പൂതപ്പാട്ടും തുടക്കമിടുന്നു. അച്ഛനും കുഞ്ഞും തമ്മിലുള്ള ബന്ധം ഇതിലെവിടെയും വരുന്നില്ല. അടുത്ത പാഠം മേരി ജോൺ തോട്ടത്തിന്റെ എന്റെ പനിനീർച്ചെടിയിലൂടെ തെറ്റായ ഒരു സുമംഗലീ സങ്കല്പം കുട്ടിക്കു മുന്നിലെത്തുന്നു. വിവാഹിതരായ സ്ത്രീകൾ നെറുകയിൽ സിന്ദൂരമണിയുന്നതുപോലെ മഞ്ഞുതുള്ളികൾ മൂർദ്ധാവിലണിഞ്ഞ് ചെടി സുമംഗലിയായി എന്നുള്ള വർണന ശ്രദ്ധിക്കുക. എന്റമ്മ അങ്ങനെ പൊട്ടിടാറില്ല ടീച്ചറേ എന്ന് കേട്ട് അധ്യാപികമാർ ഞെട്ടാതിരുന്നാൽ മതി.

ആറാം തരത്തിലെ പാഠം ജി. കുമാരപിള്ളയുടെ ജീവനുള്ള പാട്ട് ഗന്ധർവ്വ ബാലന്റെ പാട്ടിൽ ആനതാസ്യയായ് നിന്ന് അവന്റെ സാമീപ്യം യാചിക്കുന്ന പെണ്ണിന്റേതാണ്. ഈ ഗന്ധർ വ്വ ബാലന്റെ ചിത്രീവരച്ച് നിറം നൽകേണ്ടതുണ്ട് കുട്ടികൾ.

പ്രൈമറിയുടെ അവസാന പടിയായ 7-ാം ക്ലാസിലെ മലയാളത്തിൽ കതുവനൂർ വീരൻ തെയ്യത്തിന്റെ ഐതിഹ്യമുണ്ട്. പണ്ട് നിലനിന്ന പുരുഷ മേധാവിത്വ സമൂഹത്തിന്റെ എടുപ്പുകൾ അതേപോലെ ഉയർന്നു നിൽക്കുന്നത്. ഭർതൃശുശ്രൂഷ ചെയ്യേണ്ടതെങ്ങനെയെന്ന് മരുമകളോട് പറയുന്ന അമ്മായിയമ്മ, നാട്ടാർ പറയുന്നത് കേട്ട് ഭാര്യയെ സംശയിക്കുന്ന മന്ദപ്പൻ , ഭർത്താവിന്റെ ചിതയിൽ ചാടി മരിക്കുന്ന ചെമ്മരത്തി. തെയ്യക്കഥയാണ് , ഐതിഹ്യമാണ്. പക്ഷേ തുടർ പ്രവർത്തനങ്ങളായി വരുന്നത് മന്ദപ്പന്റെ ജീവിതം ജനമനസുകളിൽ ആവേശം നിറയ്ക്കുന്ന വീരകഥയായതെങ്ങനെ? മന്ദപ്പൻ വെട്ടേറ്റു വീണപ്പോൾ ചെമ്മരത്തിയുടെ മനസിലുണ്ടായ വികാരങ്ങൾ എന്തെല്ലാം ? എന്നൊക്കെയാണ്.

ഐതിഹ്യങ്ങളും നമ്മുടെ നാടിന്റെ പൈതൃകവും ഓരോ തലമുറയും അറിയേണ്ടതുണ്ട്. സാഹിത്യത്തിൽ ഓരോ കാലത്തെ ജീവിതത്തിന്റെ പകർപ്പായി പതിഞ്ഞു കിടക്കുന്ന സ്ത്രീ വിരുദ്ധത മാറ്റുകയും സാധ്യമല്ല. അപ്പോൾപ്പിന്നെ എന്തൊക്കെ പ്രതിവിധികൾ ചെയ്യാനാവുമെന്ന് ആലോചിക്കേണ്ടതല്ലേ? പ്രൈമറി തലത്തിൽ നിന്ന് മാത്രം കണ്ടെടുത്ത ലിംഗ വിവേചനത്തിന്റെ ഈ അഴുക്കൻ പ്രതലത്തെ മാറ്റിപ്പണിയേണ്ട ഉത്തരവാദിത്തം ഭരണകൂടത്തിനും അത് കുട്ടികളിലെത്തിക്കുന്ന അധ്യാപകർക്കുമുണ്ട്. കുറെക്കൂടി ശ്രദ്ധയോടും സൂക്ഷ്മതയോടും പാഠ്യപദ്ധതി നവീകരിച്ചും ബോധന രീതികളിലും പ്രവർത്തനങ്ങളിലും മാറ്റം വരുത്തിയും സമൂഹത്തിന്റെ നേർപകുതിയായ ഇതര ലിംഗങ്ങളെ തുല്യതയോടെ പരിഗണിച്ചും സ്ത്രീ വിരുദ്ധതയുടെ മതിൽ പൊളിക്കാം. ആൺ എന്നതിനൊപ്പം പ്രധാനമാണ് മറ്റെല്ലാ ജൻഡറുകളുമെന്ന സത്യം ഉൾക്കൊണ്ടു കൊണ്ട് നവസമൂഹനിർമ്മിതി ഭാഷാ പഠനത്തിലും സാധ്യമാകട്ടെ .



# ധ്യാനം



രേഷ്മ സി.

മഴക്കാലങ്ങളിൽ ഇടിഞ്ഞുവീഴാൻ
മാത്രം ബലമുള്ള ഒരു മൺതിട്ട.
അതിന്റെ മുകളിൽ ധ്യാനമിരിക്കുന്ന
തൂവൽഭാരമുള്ള ഒരു പെൺകുട്ടി.
വലത്തേക്കയ്യിൽ ഒരു ശംഖുപുഷ്പം.
ഇടത്തേക്കയ്യിൽ ഒരായുധം.
ഒലിച്ചിറങ്ങുന്ന ചോര.
തണുത്ത കാലങ്ങളിൽ നീളൻമുടി അഴിച്ചിട്ട്
അവളുറങ്ങാൻ കിടക്കുന്ന പച്ച മെത്ത.
അതിന്റെ മുകളിൽ കറുകറുത്ത ആകാശം.
അവളുടെ കഴുത്തിൽ ഒരു വേര്.
മുടിയിഴകൾക്കിടയിൽ സൂക്ഷിച്ച് നോക്കിയാൽ
മാത്രം കാണാവുന്ന ഒരു പാമ്പിൻകുഞ്ഞ്.
അതിന്റെ നാവിനോളം മാത്രം വലിപ്പമുള്ള പേടി.
മണ്ണൊലിച്ച് പോവുന്ന
പറമ്പിന്റെ ഓരത്ത് ഒരു ജലാശയം.
കുളവാഴപ്പൂവ് പോലെ അതിന്റെ പരപ്പിൽ അവൾ.
ആകെ നനഞ്ഞ ഉടൽ.
അവൾ നിൽക്കുന്നേടം മാത്രം നിറയെ ഓളങ്ങൾ.
അവ പടരുന്നില്ല.
അവളിൽ നിന്നും ദൂരെ ജലമിളകുന്നില്ല.
അവൾ നടന്ന വഴിയിലില്ല, കാൽപ്പാടുകൾ,
മുടിയിഴകൾ, അവളുടെ ചോര.
അവളുടെ വാക്കിലില്ല മധുരം.
കരിങ്കൽ പാകിയ വഴിയിലില്ല,
അവൾ വന്നുപോയതിൻ മണം.



**ഷീന ജാനകി**
ഹയർസെക്കൻഡറി
അധ്യാപിക,തിരൂർ,
മലപ്പുറം

# കായിക വിദ്യാഭ്യാസത്തിലെ ജെൻഡർ പ്രശ്നങ്ങൾ



എല്ലാ ലിംഗവിഭാഗങ്ങളിൽപ്പെട്ട മനുഷ്യർക്കും സമഗ്രവികസനത്തിന്റെ ചാലകശക്തിയായി മാറാനാവുന്ന ഒരു സമൂഹത്തിലേ സമ്പൂർണ്ണ സുസ്ഥിതി സാധ്യമാകുകയുള്ളു. നിലവിലെ സാമൂഹ്യ സാഹചര്യത്തിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും ചൂഷണത്തിൽ നിന്നും രക്ഷപ്പെടാനും സ്ത്രീ ശാക്തീകരണത്തിനുമുള്ള പ്രധാന മാർഗ്ഗം മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ്. ഈ വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതിയും പഠന രീതിയും ജനാധിപത്യ ബോധത്തിലധിഷ്ഠിതമായതും ലിംഗനീതിയുടെ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്നതുമായിരിക്കണം. സ്ത്രീകളെക്കുറിച്ചുള്ള പരമ്പരാഗത ചിന്തകളെ മറികടക്കുന്ന, പങ്കാളിത്ത സ്വഭാവമുള്ള വിദ്യാഭ്യാസമാണ് നമുക്കാവശ്യം. ആരോഗ്യവും വിദ്യാഭ്യാസവും പരസ്പരം വളരെയധികം ബന്ധപ്പെട്ടു കിടക്കുന്ന മേഖലകളെന്ന നിലക്ക് കായിക വിദ്യാഭ്യാസം പണ്ടുമുതലേ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പ്രധാനഭാഗമായി പരിഗണിക്കപ്പെട്ടു വരുന്നുണ്ട്. സമഗ്ര ജീവിതദർശനത്തിൽ അധിഷ്ഠിതമായ ഒരു വിദ്യാഭ്യാസ പദ്ധതിയുടെ അനിവാര്യ ഘടകമാണ് കായിക വിദ്യാഭ്യാസം എന്ന് നമുക്കറിയാം. ഇന്ന് കായികവിദ്യാഭ്യാസമെന്നത് ആരോഗ്യ കായിക വിദ്യാഭ്യാസമെന്ന ശാസ്ത്രീയ വിഷയമായാണ് നോക്കിക്കാണുന്നത്. വ്യക്തികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വശങ്ങളെ കൃത്യമായി സംവിധാനം ചെയ്യപ്പെട്ട ശാരീരികപ്രവർത്തനങ്ങളിലൂടെ കൂട്ടിയിണക്കുന്ന കായിക വിദ്യാഭ്യാസം പൊതു വിദ്യാഭ്യാസത്തിന്റെ ഉദ്ഗ്രഥനപരമായ ഘടകമാണ്. ആധുനിക കായികവിദ്യാഭ്യാസം മനുഷ്യന്റെ സമ്പൂർണ്ണവികസനത്തിൽ അത് നിർവഹിക്കേണ്ട ഉത്തരവാദിത്തം കൃത്യമായി തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ ലിംഗനീതിയെയും സമത്വത്തെയും കുറിച്ചുള്ള കാഴ്ചപ്പാടുകൾ പുരോഗമനപരമായി മാറിവരുന്ന ആധുനിക കാലത്തും നമ്മുടെ കായിക വിദ്യാഭ്യാസമേഖല സ്ത്രീകളെയും ട്രാൻസ് വിഭാഗങ്ങളെയും കുറിച്ച് പൊതു സമൂഹത്തിലുള്ള വിരുദ്ധ കാഴ്ചപ്പാടുകളുടെ പരോക്ഷമായ പിൻതുടർച്ചയായി നിലകൊള്ളുന്നു എന്നു കാണാം.

എന്തുകൊണ്ട് ആരോഗ്യ / കായികവിദ്യാഭ്യാസം നിർബന്ധിത പാഠ്യവിഷയമാക്കണമെന്ന് പറയുന്നു എന്നു നോക്കാം.ആരോഗ്യവും ആനന്ദവുമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുകയാണ് കായിക വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം.എങ്ങനെ നടക്കണം, ഇരിക്കണം , ഓടണം, ചാടണം എന്നു തുടങ്ങി ഓരോ കുട്ടിയുടെയും ബേസിക് മോട്ടോർ ക്വാളിറ്റീസിന്റെ വികാസം കൂടിയാണ് ഇതു കൊണ്ടർത്ഥമാക്കുന്നത്. കായിക വിദ്യാഭ്യാസം കുട്ടികളിൽ കായികക്ഷമത കൈവരിക്കുന്നതിനും

നിലനിർത്തുന്നതിനും ഊന്നൽ നൽകുന്നതിനോടൊപ്പം നൈതികവിദ്യാഭ്യാസത്തിലും ജീവിത നൈപുണികളുടെ ആർജ്ജനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. മാനസിക പിരിമുറുക്കം, ഉത്കണ്ഠ, വിഷാദം തുടങ്ങിയവ ലഘൂകരിക്കാനും ഇതുവഴി സാധിക്കുന്നു. നിയമങ്ങൾ പാലിക്കാനുള്ള കഴിവ്, പരസ്പര സഹകരണം, സഹഭാവം എന്നിവയും കുട്ടികളിൽ രൂപപ്പെടുന്നുണ്ട്. ശാരീരികമായി ആരോഗ്യമുള്ള ഒരു വ്യക്തിക്കേ ആത്മവിശ്വാസത്തോടെ സമൂഹവുമായി ഇണങ്ങിച്ചേരുന്ന നല്ല വ്യക്തിത്വത്തിനുടമയാവാൻ സാധിക്കുകയുള്ളൂ. കായിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങൾ കായികക്ഷമതക്കു പുറമേ



ഏകാഗ്രത, ജാഗ്രത, ക്ഷമ, സമർത്ഥമായ ചലനങ്ങൾ എന്നിവ കൂടി ആവശ്യപ്പെടുന്നവയാണ്. വിവിധ കളികളിൽ ഏർപ്പെടുമ്പോൾ നേതൃത്വപാടവവും സംഘബോധവും, സഹകരണ മനോഭാവവും സൗഹൃദവും സമഭാവനയും കുട്ടികളിൽ രൂപപ്പെടുന്നുണ്ട്.

താൻ സമൂഹത്തിലെ ഒരംഗമാണെന്നും വ്യക്തികൾക്കിടയിൽ വിട്ടുവീഴ്ചകൾ ആവശ്യമാണെന്നും സാമൂഹിക ബന്ധങ്ങൾ പ്രധാനമാണെന്നും മറ്റുള്ളവരെ ഉൾക്കൊള്ളുകയും അംഗീകരിക്കുകയും ചെയ്യണമെന്നും വ്യക്തികൾക്ക് തിരിച്ചറിയാനാവുന്ന അവസ്ഥയാണ് സാമൂഹികവികസനം എന്നതിലൂടെ ലക്ഷ്യമാക്കുന്നത്. കായിക വിദ്യാഭ്യാസം ഒരു ജീവിത സംസ്കാരം തന്നെയായി പല രാജ്യങ്ങളും തിരിച്ചറിയുകയും അത്ര തന്നെ പ്രാധാന്യത്തോടെ വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വികസിത രാജ്യങ്ങളിൽ കളികൾക്കുവേണ്ടി മാത്രമായി നഴ്സറികളും ട്രെയിനിങ്ങ് സെന്ററുകളുമുണ്ട് എന്നറിയുമ്പോൾ നമുക്ക് കൗതുകം തോന്നാം. നമ്മുടെ സ്കൂളുകളിൽ പലപ്പോഴും പി.ഇ.ടി ക്കായി അനുവദിക്കപ്പെട്ട സമയങ്ങളിൽ കുട്ടികൾക്ക് , പ്രത്യേകിച്ചും പെൺകുട്ടികൾക്ക് ക്ലാസ് മുറിയുടെ പുറത്തേക്ക് ഇറങ്ങാനാവുന്നില്ല എന്നറിയുമ്പോഴാണ് വൈരുദ്ധ്യം മനസ്സിലാവുക.

ആരോഗ്യമെന്നത് രോഗമില്ലാത്ത അവസ്ഥയല്ല, മറിച്ച് മാനസിക-ശാരീരിക-സാമൂഹിക സുസ്ഥിതിയാണെന്ന് ലോകാരോഗ്യസംഘടന നിർവചിക്കുന്നുണ്ട്. പുതിയ തലമുറക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കായികക്ഷമത വീണ്ടെടുക്കുകയും കായിക സംസ്കാരം രൂപീകരിക്കുകയും ആരോഗ്യവും ആനന്ദവുമുള്ളൊരു സമൂഹത്തെ സൃഷ്ടിക്കുകയുമാണ് കായിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. നിർഭാഗ്യവശാൽ പല കാരണങ്ങൾ കൊണ്ട് കേരളത്തിലെ കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഈ ലക്ഷ്യത്തിനനു ഗുണമായി പ്രവർത്തിക്കാനാകുന്നില്ല. സ്ത്രീകൾ ദുരിതമനുഭവിക്കുന്ന പ്രധാനമേഖല ആരോഗ്യമാണ്. സ്വന്തം ആരോഗ്യം ശ്രദ്ധിക്കാനോ പരിപാലിക്കാനോ ഉള്ള സാഹചര്യങ്ങൾ മിക്ക സ്ത്രീകൾക്കും ഉണ്ടാകുന്നില്ല. നമ്മുടെ ലിംഗ വിവേചനത്തിലധിഷ്ഠിതമായ സാമൂഹ്യബോധം കായികവിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുക വഴി എല്ലാ ലിംഗവിഭാഗങ്ങളെയും ഒരുപോലെ പരിഗണിക്കാനോ ആരോഗ്യകരമായ സ്ത്രീജീവിതം സാധ്യമാക്കുക എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കാനോ നിലവിലെ കായിക വിദ്യാഭ്യാസത്തിന് സാധിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.നിലവിൽ കായികവിദ്യാഭ്യാസ മേഖലയിലെ പദ്ധതികളും പ്രവർത്തനങ്ങളും എല്ലാ ലിംഗപദവിയിലുള്ളവരെയും പരിഗണിക്കുന്നതും അവരുടെ അവരുടെ ജീവിതസാഹചര്യങ്ങളെ അഭിമുഖീകരിക്കുന്നതുമാണോ എന്നത് വളരെ ഗൗരവത്തോടെ ആലോചിക്കേണ്ട വിഷയമാണ്.

ജെൻഡറും അതിലെ വൈവിധ്യങ്ങളും ലോകവ്യാപകമായി അംഗീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പുതിയ കാലത്തും നമ്മുടെ കായിക വിദ്യാഭ്യാസം മാസ്കുലിനിറ്റിയെ അഭിസംബോധന ചെയ്യുകയും ആ വിഭാഗത്തിന്റെ കായികശേഷി വികസനത്തിന് പ്രാധാന്യം കൊടുക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒന്നാണ് എന്നതാണ് വാസ്തവം.

ഒളിമ്പിക്സ് അടക്കമുള്ള അന്താരാഷ്ട്ര മത്സരങ്ങളിൽ ഇന്ത്യൻ പെൺകുട്ടികൾ മികവു തെളിയിക്കുമ്പോൾ പോലും അതിലേക്കെത്തിച്ചേരാൻ അവർ ചാടിക്കടന്ന വിവേചനത്തിന്റെ കടമ്പകൾ വേണ്ട വിധത്തിൽ വിശകലനം ചെയ്യാനോ പരിഹരിക്കാനോ നമ്മുടെ കായികപരിശീലനപദ്ധതികൾക്കും വിദ്യാഭ്യാസ രംഗത്തിനും കഴിഞ്ഞിട്ടില്ല. ഇത്തവണത്തെ ഒളിംപിക്സിൽ കേരളത്തെ പ്രതിനിധീകരിച്ച് ഒരു സ്ത്രീ ,ട്രാൻസ് വ്യക്തി പോലുമുണ്ടായിരുന്നില്ല എന്നത് നിരാശാജനകമാണ്. നിലവിലുള്ള കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തിട്ടുള്ളതു പോലും സിംഗിൾ സെക്സ് എഡ്യുക്കേഷന്റെ പരിമിതികളെയോ കോ-എഡ്യുക്കേഷന്റെ മികവുകളെയോ പറ്റിയുള്ള ധാരണകൾ വേണ്ടത്ര ഉൾക്കൊള്ളാതെയാണ് എന്നു കാണാം. ഇപ്പോഴും കായിക വിദ്യാഭ്യാസമെന്നാൽ ആൺകുട്ടികൾക്ക് ക്രിക്കറ്റും ഫുട്ബോളും പെൺകുട്ടികൾക്ക് ബാഡ്മിന്റണും റിം

ഗും എന്ന മട്ടിലുള്ള വിവേചനങ്ങളാണ് മിക്ക സ്കൂളുകളിലും പിന്തുടരുന്നത്. കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ലക്ഷ്യം വക്കുന്നത് ഒരു വ്യക്തിയുടെ ആജീവനാന്ത കായികക്ഷമതക്കായുള്ള ശാരീരികോർജ്ജത്തെയും കായിക പ്രവർത്തനങ്ങളിലൂടെ നേടുന്ന പോസിറ്റീവായ അനുഭവങ്ങളെയുമാണ്. നിർഭാഗ്യവശാൽ നമ്മുടെ കായിക വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ കൗമാരത്തിലെത്തുമ്പോഴേക്കും വളരെ കുറഞ്ഞുവരുന്നു. ഉള്ള പ്രവർത്തനങ്ങളാവട്ടെ ആൺകുട്ടികളുടെ കായികക്ഷമതയേയും കായികശേഷിയേയും പരിഗണിക്കുന്ന ഒന്നായി ചുരുങ്ങുകയും ചെയ്യുന്നു.



പെൺകുട്ടികൾ ഊർജ്ജസ്വലതയില്ലാത്തവരായും കായികക്ഷമത കുറഞ്ഞവരായും മാറുന്ന അവസ്ഥയുടെ പ്രധാന കാരണങ്ങളിലൊന്ന് കായിക പ്രവർത്തനങ്ങളുടെ അഭാവമാണ്. കേരളീയ സാമൂഹികാവസ്ഥയിൽ പെൺകുട്ടികൾക്കും ഇതരലിംഗ വിഭാഗങ്ങൾക്കും കായിക പ്രവർത്തനങ്ങളിൽ ആൺകുട്ടികളെ അപേക്ഷിച്ച് കൂടുതൽ ശ്രദ്ധയും പ്രോൽസാഹനവും കൊടുക്കേണ്ടതുണ്ട്. പലപ്പോഴും PET പിരീഡുകളിൽ ആൺകുട്ടികൾ ഗ്രൗണ്ടിലിറങ്ങി കളിക്കുകയും പെൺകുട്ടികൾ ക്ലാസിലിരുന്ന് നോട്ട്സ് എഴുതുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. സ്കൂൾ സമയം കഴിഞ്ഞുള്ള കായിക വിനോദങ്ങൾക്കോ കായിക പ്രവർത്തനങ്ങൾക്കോ നമ്മുടെ പെൺകുട്ടികൾക്ക് അവസരമുണ്ടാകുന്നില്ലപ്രായം, ലിംഗപദവി, മതനിയന്ത്രണങ്ങൾ എന്നിവ ഇക്കാര്യത്തിൽ പ്രതികൂലമായി പ്രവർത്തിക്കുന്നുണ്ട്. പെൺകുട്ടികൾ പ്രായപൂർത്തിയാവുന്നതോടെ കായിക പ്രവർത്തനങ്ങളിലേർപ്പെടാൻ വിമുഖത കാണിക്കുന്ന അവസ്ഥയുണ്ട്. ശരീരത്തെക്കുറിച്ചുള്ള അമിതബോധവും മതബോധത്തിന്റെ ഭാഗമായ നിയന്ത്രണങ്ങളും രക്ഷിതാക്കളുടെ വിലക്കുകളും പെൺകുട്ടികളുടെ ശാരീരികചലനങ്ങളെ നിയന്ത്രിക്കുന്നു. ഇളകുന്ന പെൺ ശരീരം എന്നത് വലിയ അപകർഷതയായി നമ്മുടെ പെൺകുട്ടികൾ അനുഭവിക്കുന്നു. ഇതെല്ലാം മറികടന്ന് ഹയർ സെക്കണ്ടറി തലം വരെ കായിക മത്സരങ്ങളിൽ മികച്ച പ്രകടനങ്ങൾ കാഴ്ചവച്ച പെൺകുട്ടികളിൽ പലരെയും പിന്നീട് ഈ രംഗത്ത് കാണുന്നുമില്ല. ലോംഗ് ടേം റിസൽറ്റ് കിട്ടുന്ന ഈ മേഖലയിൽ നിന്ന് നമ്മുടെ സാമൂഹ്യാവസ്ഥയിൽ വളരെ വേഗത്തിൽ പെൺകുട്ടികൾ അപ്രത്യക്ഷരാവുന്നു.


നമുക്ക് പെൺകുട്ടികൾക്കായുള്ള കളിക്കളങ്ങളുടെയും വനിതാ കായികാധ്യാപകരുടെയും പരിശീലകരുടെയും എണ്ണം വളരെ കുറവാണ് എന്നതും ഇവിടെ ഗൗരവത്തോടെ കാണേണ്ടതുണ്ട്. പെൺകുട്ടികൾക്ക് കായികക്ഷമതയുണ്ടെങ്കിലേ ആരോഗ്യമുള്ള വരുംതലമുറയെ സൃഷ്ടിക്കാനുമാവൂ. നമ്മുടെ കൗമാരക്കാരായ പെൺകുട്ടികളില ധികവും അനീമിക് ആണ്. ഇന്ന് പെൺകുട്ടികളിൽ അധികമായി കണ്ടുവരുന്ന വന്ധ്യത, പി.സി.ഒ.ഡി പ്രശ്നങ്ങൾക്കും ബ്രസ്റ്റ് കാൻസർ കുടലിലെ കാൻസർ എന്നിവക്കുമൊക്കെ കായിക പ്രവർത്തനങ്ങളുടെ അഭാവം കാരണമാകുന്നുണ്ട്. ഹയർ സെക്കണ്ടറി തലത്തിൽ ആഴ്ചയിൽ രണ്ട് പിരീഡ് കായിക വിദ്യാഭ്യാസത്തിനായി നീക്കിവച്ചത് രേഖകളിൽ മാത്രം നിലനിൽക്കുകയും കായികാധ്യാപക തസ്തികയില്ലാത്ത മേഖലയായി ഹയർ സെക്കണ്ടറി കായിക വിദ്യാഭ്യാസ രംഗം തുടരുകയും ചെയ്യുന്നു. ഊർജ്ജസ്വലരായിരിക്കേണ്ട ഘട്ടത്തിൽ ഏറ്റവും അവഗണിക്കപ്പെട്ടു കിടക്കുന്ന വൈരുദ്ധ്യമാണ് ഈ മേഖലയിൽ കാണുന്നത്.

നിലവിൽ കായിക പരിശീലനത്തിലോ കായിക മത്സരങ്ങളിലോ പങ്കെടുക്കുന്ന കുട്ടികളുടെ കാറ്റഗറി നിർണ്ണയിക്കുന്നത് അവരുടെ പ്രായത്തിന്റെ അടിസ്ഥാനത്തിലും ജെന്ററിന്റെ അടിസ്ഥാനത്തിലുമാണ്.ജെന്റർ ബൈനറിയിൽ കുടുങ്ങിപ്പോയ ഒരു വിദ്യാഭ്യാസ പദ്ധതിയാണ് നമ്മുടെ കായിക മേഖലയിൽ ഇപ്പോഴുമുള്ളത് എന്നത് അങ്ങേയറ്റം ദൗർഭാഗ്യകരവും ലജ്ജാവഹവുമാണ് . പ്രത്യേകിച്ചും കുട്ടികളിൽ ജെന്റർ ഓറിയന്റേഷൻ നടക്കുകയും ജെന്റർ ഐഡന്റിറ്റി തിരിച്ചറിയുകയും ചെയ്യുന്ന കൗമാരഘട്ടത്തിൽ നമ്മുടെ കായികമേഖല എങ്ങനെയാണ് ഇടപെടുന്നത് എന്നത് ഗൗരവത്തോടെ കാണേണ്ടതുണ്ട്. കുട്ടികളുടെ പ്രത്യേകമായ ശാരീരിക/ജൈവികാവസ്ഥകളെ തിരിച്ചറിയാനും അഭിമുഖീകരിക്കാനും ഉതകുന്ന മേഖലയെന്ന നിലയിൽക്കൂടി കായിക വിദ്യാഭ്യാസം പുതുക്കപ്പെടേണ്ടതുണ്ട്. ശരീരത്തിന്റെ ആരോഗ്യകരമായ സുസ്ഥിതിക്കൊപ്പം അതിന്റെ സങ്കീർണമായ വൈവിധ്യങ്ങളെ പരിഗണിക്കാനും അഭിസംബോധന ചെയ്യാനും സാധിക്കുന്ന തരത്തിൽ നമ്മുടെ കായിക പഠനങ്ങൾ മാറേണ്ടതുണ്ട്. ഇതിന് ജെൻഡർ ബൈനറിയുടെ അതിരുകളിൽ നിന്ന് പാഠ്യപദ്ധതി പുറത്ത് കടക്കണം.

കായിക വിദ്യാഭ്യാസ മേഖലക്ക് അക്കാദമിക് വിദ്യാഭ്യാസത്തിനൊപ്പം പ്രാധാന്യം നൽകാത്തതും ഒഴിഞ്ഞു കിടക്കുന്ന കായിക അധ്യാപക തസ്തികളിലേക്ക് നിയമനം നടക്കാത്തതും ഈ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നവംബ

റിൽ സ്കൂൾ തുറക്കുമ്പോൾ കേരളത്തിലെ 11500ല ധികം വരുന്ന സ്കൂളുകളിൽ 1641 കായികാധ്യാപകർ മാത്രമാണുള്ളത്. വിദ്യാഭ്യാസ അവകാശ നിയമം എല്ലാവർക്കും പൂർണ്ണവിദ്യാഭ്യാസം ഉറപ്പാക്കുന്നുണ്ടെങ്കിലും കേരളത്തിലെ എൽ പി സ്കൂളുകളിലോ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലോ കായികാധ്യാപക തസ്തിക തന്നെയില്ല. കായിക വിദ്യാഭ്യാസം, കായിക താരങ്ങളെ കണ്ടെത്തൽ , ശാസ്ത്രീയ പരിശീലനം എന്നിവ നൽകേണ്ട പ്രൈമറി തലത്തിൽ കായികാധ്യാപകനെ ഒഴിവാക്കുന്നത് ആശാസ്യമല്ല. കായികാധ്യാപക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും കായികാധ്യാപക തസ്തികാ നിർണ്ണയമാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുകയും ചെയ്താൽ മാത്രമേ എല്ലാ കുട്ടികൾക്കും കൃത്യമായ കായിക പ്രവർത്തനങ്ങൾക്കും പരിശീലനത്തിനും അവസരമുണ്ടാകുകയുള്ളൂ.


കോവിഡ് കാലം വീട്ടിനുള്ളിലൊതുക്കിയ കുട്ടികളുടെ ഭക്ഷണ ശീലവും കായിക പ്രവർത്തന



ങ്ങളുടെ അഭാവവും സൃഷ്ടിച്ച സൃഷ്ടിച്ച ശാരീരികമായ അനാരോഗ്യവും സാമൂഹിക ജീവിതത്തിൽ നിന്നും സൗഹൃദങ്ങളിൽ നിന്നുമുള്ള അകലം സൃഷ്ടിച്ച മാനസികമായ അനാരോഗ്യവും വലിയ വെല്ലുവിളിയായി ഇപ്പോൾ നമ്മുടെ മുന്നിലുണ്ട്. കേരളം ജീവിത ശൈലീ രോഗങ്ങളുടെ കാര്യത്തിൽ മുൻപന്തിയിലെത്തിയെന്ന പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് സമഗ്ര പഠനം നടത്താനൊരുങ്ങുകയാണ്. കുട്ടികളുടെ സമഗ്രശേഷീ വികസനത്തിൽ അനിവാര്യമായ വിദ്യാഭ്യാസ പ്രവർത്തനമെന്ന നിലയിൽ കായിക വിദ്യാഭ്യാസത്തെ പരിഗണിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. 5-17 വയസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും ലിംഗഭേദമന്യേ ആരോഗ്യകായിക വിദ്യാഭ്യാസം നിർബന്ധ പാഠ്യവിഷയമാക്കണം. പ്രീ പ്രൈമറി തലം മുതൽ ഓരോ കുട്ടിയും കായികമായി ആർജ്ജിക്കേണ്ട ശേഷികളെയും നൈപുണികളെയും കുറിച്ചുള്ള കൃത്യമായ അവബോധം നൽകണം.

2008 നവംബറിൽ കേരള സർക്കാർ 9 വയസ്സു മുതൽ 17 വയസ്സു വരെയുള്ള കുട്ടികളുടെ കായികക്ഷമത പരിശോധിക്കുന്നതിനും കായിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ആവിഷ്ക്കരിച്ച ടി.പി.എഫ്.പി.വീണ്ടും നടപ്പിലാക്കണം. അടിസ്ഥാന കായികക്ഷമത വിലയിരുത്തി ഓരോ വ്യക്തിക്കും വ്യക്തിഗത ഫിറ്റ്നസ് കാർഡുകൾ നല്കുന്നരീതിയും നടപ്പാക്കാവുന്നതാണ്. ദിവസത്തിൽ 40 മിനിറ്റ് എങ്കിലും കായിക പ്രവർത്തനങ്ങൾക്ക് നൽകുകയും ഈ കായിക പ്രവർത്തനങ്ങളിൽ നിർബന്ധമായും എയറോബിക് ആക്ടിവിറ്റികൾ ഉൾപ്പെടുത്തുകയും ഈ സമയം എല്ലാവർക്കും ഫലപ്രദമായി ഉപയോഗിക്കാനുള്ള സാഹചര്യമുണ്ടാവുകയും വേണം. അതോടൊപ്പം അഭിരുചി എന്ന നിലയിൽ കഴിവുള്ളവർക്ക് കായികശേഷിയെ പരിപോഷിപ്പിക്കാനും വിപുലമായി പ്രയോജനപ്പെടുത്താനുമാകണം. കുട്ടിയുടെ ആ ജീവനാന്തനേട്ടങ്ങളുടെ പട്ടികയിൽ കായികക്ഷമതക്ക് പ്രത്യേക പ്രാധാന്യം നൽകണം. ദീർഘവീക്ഷണമുള്ള ശാസ്ത്രീയ പരിശീലന പദ്ധതികളിലൂടെയേ ചെറുപ്രായത്തിൽ തന്നെ താരങ്ങളെ കണ്ടെത്തി വളർത്തിയെടുക്കാനാവൂ. മെഡലുകൾ നമ്മളെ തേടിയെത്തണമെങ്കിൽ നമ്മളാദ്യം സുരക്ഷിതമായ കളിക്കളങ്ങളും ഉപകരണങ്ങളും ശാസ്ത്രീയ പദ്ധതികളുമായി കുട്ടികളെ തേടി ചെല്ലേണ്ടതുണ്ട്.കുട്ടികളുടെ സാമൂഹ്യ സാഹചര്യങ്ങൾ, ശാരീരിക ശേഷി,ജെൻഡർ ഐഡന്റിറ്റി എന്നിവ തിരിച്ചറിയാനും അതിനനുഗുണമായി കായിക വിദ്യാഭ്യാസം നൽകാനും കഴിയുന്ന രീതിയിലേക്ക് കായികാധ്യാപകർക്ക് പരിശീലനം നൽകേണ്ടതുണ്ട്. പദ്ധതികളാവിഷ്ക്കരിക്കുമ്പോൾ ഗ്രാസ്റൂട്ട് ലെവലിൽ പ്രവർത്തിക്കുന്ന കായികാധ്യാപകരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിക്കണം. കായിക വിദ്യാഭ്യാസത്തെയും അക്കാദമിക് പ്രവർത്തനങ്ങളെയും ബന്ധിപ്പിക്കുന്ന തരത്തിൽ ആരോഗ്യപ്രവർത്തകരുടെയുടെയും സൈക്കോളജിസ്റ്റുകളുടെയും ഇടപെടൽ സ്കൂളിൽ തന്നെ ലഭ്യമാവേണ്ടതാണ്. അതോടൊപ്പം കുട്ടികളെ കായിക മേഖലയിലേക്ക് ആകർഷിക്കാനായി രക്ഷിതാക്കൾക്കും ആരോഗ്യ കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ബോധവൽക്കരണം നൽകണം. പലപ്പോഴും പെൺകുട്ടികൾക്ക് സ്പോർട്സ് മേഖലയിൽ അഭിരുചിയുണ്ടായാലും രക്ഷിതാക്കൾ അതിനനുവദിക്കാറില്ല. പലതരത്തിൽ വിവേചനമനുഭവിക്കുകയും കായിക വിനോദങ്ങൾക്കോ പരിശീലനത്തിനോ അവസരം ലഭിക്കാതിരിക്കുകയും ചെയ്യുന്ന പെൺകുട്ടികൾക്കും ട്രാൻസ് ലിംഗ പദവിയിലുള്ളവർക്കും പ്രത്യേക ശ്രദ്ധയും പരിഗണനയും അവസരവും ലഭിക്കുന്നരീതിയിലേക്ക് കായിക വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ ഊന്നേണ്ടതുണ്ട്.അവർ ആത്മവിശ്വാസവും ധൈര്യവും കരുത്തുമുള്ളവരായാലേ നിലനിൽക്കുന്ന സാമൂഹ്യാവസ്ഥയെ തകർത്ത് മെച്ചപ്പെട്ട ജീവിത സാഹചര്യത്തിലേക്ക് എത്താനാവുകയുള്ളൂ. ചുരുക്കത്തിൽ ജീവിതത്തിന്റെ ട്രാക്കിലേക്ക് കരുത്തോടെ സഞ്ചരിക്കാൻ നമ്മുടെ യുവതയെ, പ്രത്യേകിച്ചും പെൺകുട്ടികളെയും ട്രാൻസ് വിഭാഗങ്ങളെയും പ്രാപ്തരാക്കാൻ കഴിയുന്ന രീതിയിൽ നമ്മുടെ കായിക വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മാറ്റം ഉണ്ടാകേണ്ടതുണ്ട്.



ഡോ.ജാൻസി ജോസ്

# ജീവനില്ലാത്ത ജീവിതങ്ങൾ




മനസും ശരീരവും സ്വന്തമല്ലാതാകുന്ന എത്രയെത്ര സ്ത്രീകളാണ് ഈ ഭൂമിമലയാളത്തിലുള്ളത്?. വിവാഹാനന്തര വിഷാദം ഏറെപ്പേരിലും കണ്ടു വരുന്നുണ്ട് എങ്കിലും, സ്ത്രീകളിലാണ് കൂടുതൽ കണ്ടുവരുന്നത്. സ്വന്തമായതെല്ലാം ജനിച്ച വീട്ടിൽ വെച്ച് ഭർതൃഗൃഹത്തിൽ കയറിച്ചെല്ലുന്ന പെണ്ണ് ഏതു മുഖാവരണമാണ് അണിയേണ്ടത് എന്നത് ആരായിരിക്കും തീരുമാനിക്കുന്നത്?. പുതിയ ഒരു സാഹചര്യം, പുതിയ ആളുകൾ രീതികൾ, രുചികൾ, ചിട്ടകൾ -എന്നിങ്ങനെ എല്ലാം പുതിയത്.തന്റേതായി തനിക്കൊന്നുമില്ലാതെ പകച്ചു നിൽക്കുന്ന പെണ്ണിന് അടിമയാവാൻ മാത്രമേ സാധിക്കൂ. ജനിച്ച അന്നു മുതൽ ചിട്ടകൾ പഠിപ്പിച്ച് ഒരു വഴിക്കാക്കിയിട്ടാണ് പെണ്ണിനെ കെട്ടിച്ചു വിടുന്നത്. അവിടെ ചെല്ലുമ്പോഴോ, ഇവിടെ പഠിച്ച ചിട്ടവട്ടങ്ങളൊന്നും ആവശ്യമേ ഇല്ല എന്നു മാത്രമല്ല അവിടെ പഠിച്ചതും പഠിപ്പിച്ചതുമെല്ലാം കുറ്റങ്ങളാവുകയും ചെയ്യുന്നു. എന്തൊരു ജീവിതമാണ് ഒരു പെണ്ണു ജീവിക്കേണ്ടി വരുന്നത് എന്ന് ആരോടു പറയാൻ?

വിവാഹത്തിന്റെ മധും ഒരു മൂന്നു മാസം മുതൽ മൂന്നു വർഷം വരെ നീണ്ടു പോയേക്കാം. പിന്നീട് തീർത്തും ഒറ്റപ്പെടുന്നുണ്ട് അവൾ.എന്തു പാഞ്ഞാലും മക്കൾക്കിഷ്ടപ്പെടില്ല, ചെയ്യുന്നതൊന്നും ഭർത്താവിനു പിടിക്കില്ല. മറുത്തു പറയുവാനും ആശ്വാസത്തിന് കോപം തീർക്കാനും വിഷമങ്ങൾ തുറന്നു പായാനും നിവർത്തിയില്ലാതെ വരുമ്പോൾ അവൾ പിറുപിറുക്കുവൻ തുടങ്ങും, അല്ലെങ്കിൽ മിണ്ടാതെ, ഉറക്കങ്ങൾ നന്നുമായി ഒന്നിനും ഉത്സാഹമില്ലാതെ മുന്നോട്ടു പോവും. തന്നെ അംഗീകരിക്കാത്തിടത്ത്അടിമയാകാൻ മാത്രം ശീലിച്ചു വന്നവർ ചെയ്യുന്നതെല്ലാം തലതിരിഞ്ഞു പോകുന്നു.പിന്നെ കേൾക്കേണ്ടി വരുന്നത് നേരത്തേ മാനസിക രോഗം ഉണ്ടായിരുന്നു എന്നതാവും.എത്ര സുന്ദരമായ ജീവിതം! നമ്മുടെയിടയിലെ ഈ ജീവിതങ്ങൾ ജീവിച്ചു തീർക്കുന്നത് ആർക്കും കാണാനാവില്ല.അവർ അനുഭവിക്കുന്നത് ആർക്കും അറിയാനാവില്ല. സ്വന്തമായി ശരീരമോ മനസോ ചിന്തയോ ഇല്ലാത്ത ഈ ജീവികളെ എങ്ങനെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരും? എനിക്കിതാണ് ഇഷ്ടം എന്നു പറയുന്ന അവർക്ക് സ്വന്തമായി ഇഷ്ടം പോലുമില്ല എന്നറിയുമ്പോഴാണ് കഷ്ട ജീവിതത്തിന്റെ ദയനീയത കൂടുതൽ വ്യക്തമാകുന്നത്. ജീവിക്കുന്നുണ്ടായിട്ടും ജിവിതമില്ലാത്ത എത്രയെത്ര നിശ്ശബ്ദ ജിവികളാണ് നമുക്ക് മുറ്റുമുള്ളത്. നമുക്കവരെ കണ്ടു തുടങ്ങാം.

ചർച്ചാവിഷയം

# നമ്മുടെ പാഠ്യപദ്ധതിയിൽ ട്രാൻസ്ജെൻഡർ മനുഷ്യരുണ്ടോ?




**ആതിര ആർ.**
ഗവേഷക, മലയാളവിഭാഗം
ഗവ.ബ്രണ്ണൻ കോളേജ് ,
തലശ്ശേരി
കണ്ണൂർ യൂണിവേഴ്സിറ്റി




നൂറ്റാണ്ടുകളായി അപരവത്ക്കരിക്കപ്പെട്ടുകൊണ്ടിരുന്ന ഒരു ജനതയെ മുഖ്യധാരാസമൂഹം അഭിസംബോധന ചെയ്തുതുടങ്ങിയത് ആധുനികാനന്തര ചിന്തകളുടെ ഭാഗമായാണ്.അതിൻറെ തുടർച്ചയായി സ്ത്രീ -പുരുഷ ദ്വന്ദ്വത്തിന് പുറമെയുള്ള ലെസ്ബിയൻ, ഗേ, ട്രാൻസ്ജെൻഡർ, ദ്വിലൈംഗികർ, ഇന്റർസെക്സ് എന്നിങ്ങനെ വൈവിധ്യമാർന്ന ലൈംഗികന്യൂനപക്ഷങ്ങളെ ഉൾക്കൊള്ളുന്ന ക്വീർസിദ്ധാന്തം കടന്നുവരികയും പരമ്പരാഗത സങ്കൽപങ്ങളിൽ ഉറച്ചുപോയ ലൈംഗിക അധികാര വ്യവസ്ഥകളെ അപനിർമ്മിക്കാൻ ക്വിയർ ചിന്തകൾക്ക് സാധിക്കുകയും ചെയ്തു.

1991 ൽ ഇറ്റാലിയൻ ഫെമിനിസ്റ്റായ തെരേസ ഡി ലോറേറ്റിസ് എന്ന ചിന്തകയാണ് ക്വിയർ എന്ന വാക്ക് ആദ്യമായി പ്രയോഗിച്ചത്.അസാധാരണം, വിലക്ഷണം, വ്യത്യസ്തം, വിചിത്രം, അപൂർവ്വമായത് എന്നിങ്ങനെ അർത്ഥങ്ങൾ ക്വിയർ എന്ന പദത്തിനുണ്ട്. നിലവിലുള്ള അധികാര ഘടനയ്ക്ക് പുറത്ത് നിന്നുകൊണ്ട് അധികാര സംവിധാനങ്ങളോട് പ്രതിഷേധിക്കുന്നത് എന്ന അർത്ഥത്തിലാണ് ക്വിയർ പഠനങ്ങൾക്ക് തുടക്കം കുറിച്ചത്. സ്ത്രീ പുരുഷ ലൈംഗികത അഥവാ ഹെട്രോസെക്ഷ്വാലിറ്റി മാത്രമാണ് സ്വാഭാവികമായ ലൈംഗികത എന്ന ധാരണയെ പൊളിച്ചെഴുതിക്കൊണ്ട് മുഖ്യധാരയ്ക്ക് പുറത്ത് നിൽക്കുന്ന ലൈംഗികാവസ്ഥകളെ കൂടി അംഗീകരിക്കാൻ ക്വിയർ സിദ്ധാന്തം ആഹ്വാനം ചെയ്യുന്നു.ഇവയൊന്നും തന്നെ ഒരു കുറ്റമോ,രോഗാവസ്ഥയോ,മാനസിക വൈകല്യമോ അല്ല എന്നും സ്വാഭാവികമായ ഒരു സ്വതന്ത്ര ലിംഗഭേദാവസ്ഥയാണെന്നും ക്വിയർ ചിന്തകർ വിശദമാക്കുന്നു.

യഥാർത്ഥത്തിൽ ലിംഗം, ലിംഗപദവി എന്നിവ പരസ്പര പൂരകങ്ങളാണെന്ന് കരുതുന്നവരാണ് നമ്മളിൽ പലരും. എന്നാൽ ലിംഗത്തെ നിർവചിക്കുന്നത് പോലെ ലളിതമായി സമീപിക്കാൻ കഴിയുന്ന ഒന്നല്ല ലിംഗപദവി. അതിസൂക്ഷ്മമായ വിശകലനത്തിന് ലിംഗപദവി ഭാഗമാകേണ്ടതുണ്ട്.സ്വന്തം ലിംഗപദവിയെക്കുറിച്ച് ഒരു വ്യക്തിക്കുണ്ടാകുന്ന

ബോധ്യത്തെയാണ് ലിംഗതന്മ എന്ന് പറയുന്നത്.അത്തരം തിരിച്ചറിവ് ജന്മനാലുള്ള ശാരീരിക ലിംഗാവസ്ഥയുമായി പൊരുത്തപ്പെടുകയോ മറിച്ചോ സംഭവിക്കാം. ഇത്തരത്തിൽ ലിംഗപദവി എന്നത് വ്യത്യസ്തവും വിശാലവുമായ സ്വത്വബോധങ്ങളെ ഉൾക്കൊള്ളുന്ന സംജ്ഞയാണെന്ന തിരിച്ചറിവിലൂടെ മാത്രമെ എൽ.ജി.ബി.ടി സമൂഹത്തെ കൃത്യതയോടെ മനസിലാക്കാനും വൈവിധ്യങ്ങളെ അംഗീകരിക്കാനും സാധിക്കുകയുള്ളൂ. ലെസ്ബിയൻ, ഗെ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ തുടങ്ങിയ വിഭാഗം മനുഷ്യരെ എൽ.ജി.ബി.ടി എന്ന പേരിൽ ക്വിയർ ചിന്തയുടെ കുടക്കീഴിൽ കൊണ്ടുവരുമ്പോഴും ഓരോ വിഭാഗവും അവയുടെ തന്മയെ, ബഹുസ്വരതയെ സ്വതന്ത്രമായി ഉൾക്കൊള്ളുകയും സംരക്ഷിക്കുകയും ചെയ്യുന്നതായി കാണാം. ലൈംഗികസ്വത്വം ചലനാത്മകമാണെന്നും അത് സ്ഥിരമായ ചട്ടക്കൂടുകളിൽ ഒതുങ്ങി നിൽക്കുന്നില്ലെന്നും നാം മനസിലാക്കേണ്ടതുണ്ട്.

### എന്താണ് ട്രാൻസ്ജെൻഡർ ?

ഒരു ലിംഗവിഭാഗത്തിൽ ജനിക്കുകയും എന്നാൽ അപരലിംഗവിഭാഗത്തിൽ ജീവിക്കാൻ താത്പര്യപ്പെടുന്നവരാണ് ട്രാൻസ്ജെൻഡർ എന്ന് വളരെ ലളിതമായി നിർവചിക്കാം.ജനനസമയത്ത് ആൺലിംഗാവസ്ഥയിൽ ജനിക്കുകയും പിന്നീട് പെൺ സ്വത്വം തിരിച്ചറിഞ്ഞ് പെണ്ണായി ജീവിക്കാൻ ആഗ്രഹിക്കുന്നവരും ,നേരെതിരിച്ച് ആഗ്രഹിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികളുമുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികളിൽ ചിലർ ലിംഗമാറ്റ ശസ്ത്രക്രിയ ചെയ്യുകയും പൂർണമായും സ്ത്രീയോ പുരുഷനോ ആയി മാറാൻ ശ്രമിക്കുകയും,ചിലർ ശസ്ത്രക്രിയ ചെയ്യാതെ ജീവിക്കാനാഗ്രഹിക്കുകയും ചെയ്യുന്നു. ട്രാൻസ് വ്യക്തികൾ സമൂഹത്തിൽനിന്ന് അവഹേളിക്കപ്പെടുകയും അധികാര വർഗത്തിന്റെ അടിച്ചമർത്തലിനും ചൂഷണത്തിനും ഇരയാവുകയും അതേ സമയത്തു തന്നെ സ്വന്തം അവകാശങ്ങൾ നേടിയെടുക്കാൻ ജീവിതം മുഴുവൻ പോരാട്ടം നടത്തുകയും ചെയ്യുന്നു. സമകാലീനമായി ട്രാൻസ്ജെൻഡർ മനുഷ്യരെ കുറിച്ചും അവരുടെ ദുരിതപൂർണമായ ജീവിതത്തെക്കുറിച്ചും സജീവവും ഗൗരവപരവുമായ ചർച്ചകൾ നടക്കുന്നതിലൂടെ പൊതുധാരയിൽ ട്രാൻസ് വ്യക്തികളുടെ ദൃശ്യത ഒന്നുകൂടി വർദ്ധിച്ചു എന്നത് പ്രത്യാശ നൽകുന്ന കാര്യമാണ്. എങ്കിലും ഭരണഘടന അനുശാസിക്കുന്ന എല്ലാ അവകാശങ്ങളും ലഭിച്ചു കൊണ്ട് ആത്മാഭിമാനത്തോടെ ജീവിക്കാൻ കഴിയുന്ന ഒരു സാമൂഹ്യക്രമം ഇവിടെയില്ല എന്നതും വാസ്തവമാണ്.

### അവൾക്കും അവനുമിടയിൽ അവരെവിടെ!

സമൂഹത്തിൽ എല്ലാവർക്കും ലിംഗസമത്വത്തോടെയും തുല്യനീതിയോടെയും ജിവിക്കാൻ കഴിയുന്ന അന്തരീക്ഷം നിർമ്മിച്ചെടുക്കുക അത്യാവശ്യമാണ്.ഇത് ഒന്നോ രണ്ടോ ദിവസങ്ങൾ കൊണ്ട് പ്രാവർത്തികമാകില്ലെങ്കിൽ കൂടി അടുത്ത തലമുറയെ എങ്കിലും മാറി ചിന്തിക്കാൻ പ്രേരിപ്പിക്കേണ്ടതുണ്ട്. അതിന്റെ തുടക്കം എവിടെവേണമെന്ന് ആലോചിക്കുമ്പോഴാണ് നമ്മുടെ വിദ്യാഭ്യാസമേഖലയിലേക്കും പാഠ്യപദ്ധതിയിലേക്കും പാഠപുസ്തകത്തിലേക്കും ശ്രദ്ധതിരിക്കേണ്ടതായി വരുന്നത്. നമ്മുടെ പാഠപുസ്തകങ്ങളിൽ അവനും അവൾക്കും ഇടമുണ്ടാവുമ്പോൾ അവനിലേക്കും അവളിലേക്കും ചുരുങ്ങാത്ത മനുഷ്യരുടെ സ്ഥാനം എവിടെയാണ്.?

വളർന്നുവരുന്ന കുഞ്ഞുങ്ങളിൽ ചെറുപ്രായത്തിൽ തന്നെ ആൺ–പെൺ ദ്വന്ദ്വം ഉറപ്പിക്കപ്പെടുന്നതിനു പകരം ലിംഗപദവി, ലിംഗതന്മ എന്നിവയെ കുറിച്ച് കൃത്യവും വസ്തുതാപരവും ആധികാരികവുമായ അറിവുകൾ അവർക്ക് ലഭിക്കാനുള്ള അവസരം സൃഷ്ടിക്കണം.അതിന് നമ്മുടെ പാഠ്യപദ്ധതികളും പാഠപുസ്തകങ്ങളും കാലാനുസൃതമായ പുതുക്കപ്പെടലുകൾക്ക് വിധേയമാകേണ്ടതുണ്ട്. മദ്രാസ് സർവകലാശാലയുടെയും കാലടി ശ്രീ ശങ്കരാചാര്യ സർവകലാശാലയുടെയും മഹാത്മാഗാന്ധി സർവകലാശാലയുടെയുമൊക്കെ സിലബസിൽ മലയാളത്തിലെ ആദ്യ ട്രാൻസ്ജെൻഡർ കവിയായ വിജയരാജമല്ലികയുടെ കവിതകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സർവകലാശാല സിലബസുകളിൽ വന്ന ഇത്തരം പുരോഗമനപരമായ മാറ്റങ്ങൾ നമ്മുടെ ഹൈസ്ക്കൂൾ വരെയുള്ള പാഠപുസ്തകത്തിൽ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. ഒന്നു മുതൽ പത്ത് വരെയുള്ള വിദ്യാഭ്യാസഘട്ടത്തിലാണ് എല്ലാ കുട്ടികളും ഒരു പോലെ മുഴുവൻ വിഷയങ്ങളും നിർബന്ധമായി പഠിക്കുന്നത്.പിന്നീടുള്ള പഠനം വിദ്യാർത്ഥികളുടെ അഭിരുചിയും തെരഞ്ഞെടുപ്പുമനുസരിച്ച് വ്യത്യാസം വരുന്നവയാണ്. അതിനാൽ ഹൈസ്ക്കൂൾ വരെയുള്ള പാഠപുസ്തകത്തിലൂടെ എന്താണ് ട്രാൻസ്ജെൻഡർ എന്നും സാമൂഹികവും സാംസ്കാരികവും ശാരീരികവും മാനസികവുമായ ട്രാൻസ് വ്യക്തികളുടെ അവസ്ഥകളെയും കുട്ടികൾക്ക് പഠിക്കാൻ അവസരം ഉണ്ടാക്കണം.അതിന് പാഠ്യപദ്ധതി താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

- നമ്മുടെ പാഠ്യപദ്ധതി ലിംഗപദവി വൈവിധ്യങ്ങളെ സമഗ്രമായി ഉൾകൊള്ളുന്നതായിരിക്കണം.
- പാഠപുസ്തകങ്ങൾ, പഠന പ്രവർത്തനങ്ങൾ എന്നിവ തങ്ങളെ ഉൾക്കൊള്ളുന്നു എന്ന് എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും അനുഭവപ്പെടുന്ന തരത്തിൽ വിശാലമായിരിക്കണം. അത് എൽ.ജി.ബി.ടി വിഭാഗം വിദ്യാർത്ഥികൾക്ക് പോസിറ്റീവായ അന്തരീക്ഷം വിദ്യാലയങ്ങളിൽ ലഭിക്കാനും മറ്റ് കുട്ടികളിൽ അവബോധവും ഉത്തരവാദിത്തവും സൃഷ്ടിക്കാനും സഹായിക്കും
- പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി ചെറിയ ക്ളാസുകളിൽ കുടുംബത്തെ കുറിച്ച് പറയുന്നയിടങ്ങളിൽ ഹോമോ/ഹെറ്ററോ അടക്കമു

ള്ള വ്യത്യസ്തമായ കുടുംബസങ്കൽപങ്ങൾ കടന്നു വരണം.

➢ ചെറിയ ക്ളാസുകളിൽ നിന്ന് വലിയ ക്ളാസുകളിലേക്കുള്ള ഓരോ ഘട്ടങ്ങളിലും Gender identityയെ കുറിച്ചും എൽ.ജി.ബി.ടി വൈവിധ്യങ്ങളെ കുറിച്ചും അടിസ്ഥാനപരമായ അവബോധം കുട്ടികൾക്ക് ലഭിക്കണം. ജീവശാസ്ത്ര പാഠപുസ്തകങ്ങൾ സ്ത്രീ പുരുഷ ബൈനറികളിൽ ഒതുങ്ങി നിൽക്കാതെയും അത്തരം ബൈനറികളെ ശക്തിപ്പെടുത്തുന്ന രീതിയിലല്ലാതെയും ക്രമീകരിക്കണം.

➢ ജീവശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഭാഷാ വിഷയങ്ങൾ എന്നിവയിൽ പരസ്പര ബന്ധിതമായ രീതിയിൽ കൃത്യമായ അടയാളപ്പെടുത്തലുകൾ ഉണ്ടാവുകയാണെങ്കിൽ സ്ത്രീക്കും പുരുഷനുമപ്പുറത്തുള്ള വിശാലമായ ലോകത്തെ കുറിച്ച് ചിന്തിക്കാനും എല്ലാവരെയും തുല്യരായി കാണാനുമുള്ള ബോധം കുട്ടികളിൽ ഉടലെടുക്കാൻ അത് തീർച്ചയായും സഹായിക്കും. ട്രാൻസ് വ്യക്തികളുടെ ശാരീരികവും മാനസികവുമായ പ്രത്യകതകളെയും വ്യത്യാസങ്ങളെയും കുറിച്ച് ജീവശാസ്ത്രത്തിൽ പഠിപ്പിക്കുകയും , അവരുടെ ചരിത്രത്തെയും ജീവിതരീതികളെയും ട്രാൻസ്ജെൻഡർ നിയമങ്ങൾ പോളിസികൾ എന്നിവയെ കുറിച്ച് സാമൂഹ്യശാസത്രത്തിൽ ഉൾപ്പെടുത്തുകയും കലാ -സാഹിത്യ മേഖലകളിൽ ട്രാൻസ് വ്യക്തികളെ കേന്ദ്രീകരിച്ചുള്ള സർഗ്ഗാത്മ സൃഷ്ടികൾ ആത്മകഥ തുടങ്ങിയവ ഭാഷാവിഷയങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്താൽ ഹൈസ്ക്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയിലും ലിംഗസ്വത്വ വൈവിധ്യങ്ങളെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കിയെടുക്കാൻ സഹായിക്കും.

➢ പാഠപുസ്തകത്തിലെ വിവരങ്ങൾക്ക് പുറമെ അധികവായനയ്ക്കായുള്ള പുസ്തകങ്ങളും ലേഖനങ്ങളും തുടർഭാഗത്ത് നൽകുകയും ചെയ്യുന്നത് കുട്ടികളുടെ ബോധമണ്ഡലത്തിൽ പുത്തനുണർവുകൾക്കത് കാരണാമാകും.

ഇത്തരം പാഠ്യപദ്ധതികളിലൂടെ മാത്രമേ സ്വന്തം ജെൻഡർ ഐഡൻറിറ്റി കണ്ടെത്താനും വെളിപ്പെടുത്താനും കഴിയുന്ന മാനസികാവസ്ഥയും ധൈര്യവും ആത്മവിശ്വാസവും കുട്ടികളിൽ ഉടലെടുക്കുകയുള്ളൂ.

എന്നാൽ പാഠപുസ്തകങ്ങളിൽ ട്രാൻസ് മനുഷ്യരക്കുറിച്ചുള്ള ഭാഗം ഉൾപ്പെടുത്തുകയും എന്നാൽ ആ വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക് ലിംഗപദവി വൈവിധ്യങ്ങളെ കുറിച്ച് അബദ്ധധാരണകളുമാണ് ഉള്ളതെങ്കിൽ നാം ഉദ്ദേശിക്കുന്നതിന്റെ നേർവിപരീതഫലം ഉണ്ടാവാനുള്ള സാധ്യതയും വളരെ കൂടുതലാണ്. ക്ലാസ് മുറികളിൽ നിന്ന് സംശയം ചോദിക്കുന്ന കുട്ടിക്ക് എളുപ്പം മനസിലാക്കാൻ 'ചാന്ത് പൊട്ട്' സിനിമയിലെ ദിലീപ് അഭിനയിച്ച കഥാപാത്രത്തെ ട്രാൻസ്ജെൻഡർ വ്യക്തിയെ സൂചിപ്പിക്കാൻ അധ്യാപകർ ഉദാഹരണമായി പറഞ്ഞു കൊടുത്താൽ കുട്ടികളിൽ അത് ഉണ്ടാക്കുന്ന തെറ്റായ ധാരണകൾ ഭീകരമായിരിക്കും.ട്രാൻസ് വ്യക്തികളെക്കുറിച്ച് തെറ്റിദ്ധരിക്കാൻ പാകത്തിലുള്ള ചിത്രമാണ് ഇത് വരെ സമൂഹം വരച്ചു വെച്ചിട്ടുള്ളത് എന്നു കൂടി ഓർമ്മിക്കേണ്ടതുണ്ട്. അതിനാൽ പാഠ്യപദ്ധതിയിലെ പുതുക്കപ്പെടലുകൾക്കൊപ്പം അധ്യാപകരും മാറി ചിന്തിച്ചേ മതിയാവൂ.

➢ Gender ,Gender identity എന്നിവയെ കുറിച്ച് കൃത്യമായ ധാരണകൾ അധ്യാപകർക്കും ഉണ്ടാവേണ്ടത് അത്യാവശ്യമാണ്.

➢ അധ്യാപകരുടെ വാക്കുകൾ പെരുമാറ്റം എന്നിവ വിദ്യാർത്ഥികളെ വേർതിരിച്ച് കാണുന്നതാവരുത്.

➢ സ്ത്രീ പുരുഷ ദ്വന്ദ്വത്തിന് പുറത്ത് മനുഷ്യർ ഉണ്ടെന്നും അവരെല്ലാം ഉൾപ്പെടുന്ന എണ്ണമറ്റ കമ്മ്യൂണിറ്റികൾ ഉണ്ടെന്നുമുള്ള അടിസ്ഥാനപരമായ ധാരണ അധ്യാപകരിൽ ഉണ്ടാവണം.




➢ ഇപ്രകാരം ലിംഗപദവിയും ലൈംഗികതയുടെ തെരഞ്ഞെടുപ്പും വ്യക്ത്യധിഷ്ഠിതമായി തീരുമാനിക്കപ്പെടേണ്ടതാണ് എന്ന അവബോധം മുഴുവൻ അധ്യാപകരിലും വിദ്യാർത്ഥികളിലും അതുവഴി പൊതുമനുഷ്യരിലുമെത്താൻ പാഠ്യപദ്ധ

തി നവീകരണത്തിലൂടെ സാധ്യമാകേണ്ടതുണ്ട്

പാഠപുസ്തകത്തിലെ അടയാളപ്പെടുത്തൽ കൊണ്ട് മാത്രം ഗുണകരമായ മാറ്റം സാധ്യമല്ല.അതിനാൽ സമാന്തരമായി തന്നെ മറ്റ് ചില കാര്യങ്ങൾ കൂടി ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതുണ്ട്. ക്ലാസ് മുറികളിലെ സംഭാഷണങ്ങളിൽ കടന്നു വരുന്ന ഭാഷാ പ്രയോഗങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ആണും പെണ്ണും കെട്ടത്,നപുംസകം,ഹിജഡ തുടങ്ങിയ അവഹേളനപരമായ പ്രയോഗങ്ങൾ കടന്നുവരാതിരിക്കാനും അത്തരം പ്രയോഗങ്ങൾ ശരിയല്ലെന്നു മനസ്സിലാക്കാനും കുട്ടികൾക്ക് സാധിക്കണം. അതിനായി വിദ്യാലയങ്ങളിലെ സന്നദ്ധ സംഘങ്ങളുടെയും കുട്ടികൾക്കിടയിലെ വിവിധ കൂട്ടായ്മകളുടെയും നേതൃത്വത്തിൽ തന്നെ മെഡിക്കൽ രംഗത്തെയും വിദ്യാഭ്യാസ രംഗത്തെയും ജെൻഡർ സെൻസിറ്റീവ് ആയ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തികൊണ്ട് ബോധവത്ക്കരണ ക്ളാസുകളും ചർച്ചകളും സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്.

പാഠ്യേതര വിഷയങ്ങളിലും, കലാകായിക മേളകളിലും മത്സരങ്ങളിലും ട്രാൻസ്ജെൻഡർ വ്യക്തികളെയും ഉൾപ്പെടുത്തി കൊണ്ട് മഴവിൽ സൗന്ദര്യം സൃഷ്ടിച്ചെടുക്കേണ്ടതും, നമ്മുടെ വിദ്യാലയങ്ങളിൽ ട്രാൻസ് സൗഹൃദപരമായ ശുചിമുറികൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും നിർബന്ധമായും പ്രാവർത്തികമാകേണ്ടവയാണ്.

**ഒക്ടോബർ 11 നാഷണൽ 'കമിംഗ് ഔട്ട് ഡേ' ആയി ആഘോഷിക്കുമ്പോഴും നമുക്കിടയിൽ നിന്ന് എത്ര കുട്ടികൾക്ക് ഭയം കൂടാതെ തന്റെ സ്വത്വം വെളിപ്പെടുത്താൻ സാധിക്കുന്നുണ്ട് എന്ന് നാം ചിന്തിക്കേണ്ടതുണ്ട്. ആത്മവിശ്വാസത്തോടെ കമിംഗ് ഔട്ട് നടത്താനും അതിനെ സ്വാഭാവികമായി കണ്ട് കൂടെ നിൽക്കാനും സാധിക്കുന്ന അധ്യാപക/ വിദ്യാർത്ഥി സമൂഹം ഉണ്ടാകണം. കുട്ടികൾക്ക് എന്തും തുറന്ന് പറയാനും ആശങ്കകൾ പങ്ക് വെക്കാനും സഹായം തേടാനും പറ്റുന്ന ഒരിടമായി വിദ്യാലയങ്ങൾ വിശാലമാകണം.**



ഒക്ടോബർ 11 നാഷണൽ 'കമിംഗ് ഔട്ട് ഡേ' ആയി ആഘോഷിക്കുമ്പോഴും നമുക്കിടയിൽ നിന്ന് എത്ര കുട്ടികൾക്ക് ഭയം കൂടാതെ തന്റെ സ്വത്വം വെളിപ്പെടുത്താൻ സാധിക്കുന്നുണ്ട് എന്ന് നാം ചിന്തിക്കേണ്ടതുണ്ട്. ആത്മവിശ്വാസത്തോടെ കമിംഗ് ഔട്ട് നടത്താനും അതിനെ സ്വാഭാവികമായി കണ്ട് കൂടെ നിൽക്കാനും സാധിക്കുന്ന അധ്യാപക/ വിദ്യാർത്ഥി സമൂഹം ഉണ്ടാകണം. കുട്ടികൾക്ക് എന്തും തുറന്ന് പറയാനും ആശങ്കകൾ പങ്ക് വെക്കാനും സഹായം തേടാനും പറ്റുന്ന ഒരിടമായി വിദ്യാലയങ്ങൾ വിശാലമാകണം.

ഏറ്റവും പ്രധാനമായ കാര്യം ഇത്തരം മാറ്റങ്ങൾക്ക് വേണ്ടി ശ്രമിക്കുമ്പോൾത്തന്നെ അതൊരു പ്രത്യേക വിഭാഗത്തിനോടുള്ള സഹതാപ നോട്ടമായി മാറരുത്. ഭരണഘടന അനുശാസിക്കുന്ന തുല്യനീതിയുടെയും ലിംഗനീതിയുടെയും പശ്ചാത്തലത്തിലുള്ള അവകാശങ്ങളാണ് ട്രാൻസ്ജെൻഡർ മനുഷ്യർക്ക് ലഭിക്കേണ്ടത് . അതിനാൽ തന്നെ പ്രത്യേക പരിഗണനയിലും സഹതാപത്തിലുമൂന്നാതെ സമഭാവനയോടെ പാഠ്യപദ്ധതി രൂപകൽപന ചെയ്യാൻ സാധിക്കേണ്ടതുണ്ട്.



**വി.എം.സുജിലാറാണി**
ഹയർസെക്കൻഡറി അധ്യാപിക
എറണാകുളം

# പാഠ്യപദ്ധതി പരിഷ്കരണം : നിവേദനവുമായി 'മലയാളപ്പെൺകൂട്ടം'



സ്ത്രീകൾക്ക് സംവദിക്കാനും ആശയപ്രകാശനം നടത്തുവാനും നിരവധി വേദികൾ ഇന്ന് നമുക്കിടയിലുണ്ട്. എന്നാൽ സാമൂഹ്യ മാധ്യമങ്ങളുടെ സംവാദസ്വഭാവവും പ്രചാരണസാധ്യതയും കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് സർഗാത്മകവും രാഷ്ട്രീയവുമായ ഇടപെടലുകൾ നടത്തുന്ന സ്ത്രീ കൂട്ടായ്മകൾ കുറവാണ്. ഈയൊരു സാമൂഹ്യപശ്ചാത്തലത്തിലാണ് മലയാളപ്പെൺകൂട്ടം രൂപം കൊള്ളുന്നത്.

2020 നവംബറിലെ ലോക്ഡൗൺ അന്തരീക്ഷത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയാണ് ഈ പെൺസംഘം വളർന്നു വരുന്നത്. വാട്സപ്പ് ഗ്രൂപ്പിൽ കൃത്യമായി പെൺരാഷ്ട്രീയം പറയുന്ന എഴുതിത്തയ്യാറാക്കിയ ബൈലോയും പതിനഞ്ച് അംഗങ്ങളുള്ള അഡ്മിൻ ടീമും കേരളത്തിലെ വിവിധ തൊഴിൽ മേഖലകളിലുള്ളവരും കുടുംബാന്തരീക്ഷത്തിലുള്ളവരും വിദ്യാർത്ഥിനികളുമൊക്കെ ചേർന്ന് 240 അംഗങ്ങളുള്ള മെയിൻ ടീമും ചേർന്ന ഘടനയാണ് മലയാളപ്പെൺകൂട്ടത്തിന്റേത്. ഇവരിൽ എഴുത്തുകാരും സാമൂഹിക/ സാംസ്കാരിക പ്രവർത്തകരും അധ്യാപകരും ഡോക്ടർമാരും നിയമജ്ഞരും മുതൽ അസംഘടിതമേഖലയിലെ തൊഴിലാളിസ്ത്രീകളും വിദ്യാർത്ഥിനികളും ഗവേഷകരുമൊക്കെ അംഗങ്ങളാണ്.

സ്ത്രീകളുടെ ആനന്ദത്തിന്റെയും സംവാദത്തിന്റെയും ഇടമായിരിക്കുമ്പോൾത്തന്നെ നിലനിൽക്കുന്ന പാട്രിയാർക്കൽ സംവിധാനങ്ങൾ ഭാഷയിലും കുടുംബത്തിലും തുടങ്ങി ഔദ്യോഗിക സംവിധാനങ്ങളിലടക്കം പ്രകടിപ്പിക്കുന്ന ലിംഗ- അനീതികളെ ചൂണ്ടിക്കാട്ടാനും പ്രതിരോധിക്കാനുമുള്ള ശ്രമങ്ങളുമുണ്ട്. രൂപീകൃതമായി കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ ഭരണഘടനാപരവും ജനാധിപത്യപരവും ആധുനികവുമായ ലിംഗനീതി കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിച്ചു കൊണ്ട് പുരോഗമനാത്മകമായ സംവാദസാധ്യതകൾ പൊതുസമൂഹത്തിൽ ഉണ്ടാക്കിയെടുക്കാൻ മലയാളപ്പെൺകൂട്ടത്തിനു കഴിഞ്ഞിട്ടുണ്ട്.

ഇക്കഴിഞ്ഞ മാസങ്ങളിലൊക്കെ ക്ലബ് ഹൗസ് പ്ലാറ്റ്ഫോമിന്റെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് ലിംഗപദവിയുമായി ബന്ധപ്പെട്ട് വ്യത്യസ്തവിഷയങ്ങളിൽ നാല് സംവാദങ്ങൾ നടത്തുകയുണ്ടായി. ഏറ്റവുമൊടുവിൽ ഇന്ത്യൻ ഫെമിനിസ്റ്റുകളിലെ അതികായയായ കമലാ ഭാസിന് ആദരമർപ്പിച്ചു കൊണ്ട് സംഘടിച്ച അനുസ്മരണപരിപാടിയും കെ.അജിത, സുജ സൂസൻ ജോർജ്ജ്, പുഷ്പാവതി പൊയ്പ്പാടത്ത് തുടങ്ങി നിരവധി പ്രധാന സ്ത്രീകളുടെ പങ്കാളിത്തം കൊണ്ട് അവിസ്മരണീയമായിരുന്നു.



പത്രങ്ങളിലെ സ്ത്രീവിരുദ്ധ ഭാഷാപ്രയോഗങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും കേരള പോലീസിന്റെ ഇൻക്വസ്റ്റ് റിപ്പോർട്ടിലെ ലിംഗ വിവേചനപരമായ ഭാഗങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ചും പാഠ്യപദ്ധതി പരിഷ്ക്കരണത്തിൽ ലിംഗനീതിയ്ക്കും തുല്യതാബോധത്തിനും പ്രാധാന്യം ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടും മൂന്ന് വ്യത്യസ്ത നിവേദനങ്ങൾ അധികൃതരുടെ മുന്നിലേക്ക് എത്തിക്കാനും അവയ്ക്ക് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്ന് അനുകൂലമായ തുടർ നടപടികൾ ഉണ്ടാക്കി എടുക്കുവാനും മലയാളപ്പെൺകൂട്ടത്തിന് ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

ലിംഗസമത്വം, ലിംഗനീതി, ലിംഗാവബോധം തുടങ്ങിയ ആശയങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കിക്കൊണ്ട് കേരളപാഠ്യപദ്ധതി അധികം വൈകാതെ തന്നെ നവീകരിക്കുമെന്ന വിദ്യാഭ്യാസ മന്ത്രിയുടെ നിയമസഭയിലെ പ്രസ്താവനയുടെ അടിസ്ഥാനത്തിലാണ് 'മലയാളപ്പെൺകൂട്ടം' ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി, പൊതുവിദ്യാഭ്യാസ മന്ത്രിയ്ക്ക് എന്നിവർക്ക് ക്രിയാത്മകമായ ചില നിർദ്ദേശങ്ങൾ അടങ്ങിയ നിവേദനം സമർപ്പിക്കുകയുണ്ടായത്. ലിംഗനീതിയെക്കുറിച്ചുള്ള ആശയങ്ങളും അവബോധങ്ങളും മുമ്പത്തെക്കാൾ ശക്തിപ്പെട്ടു കൊണ്ടിരിക്കുന്ന ആധുനികകാലത്ത് കേരളത്തിലെ പുതിയ പാഠ്യപദ്ധതി ചട്ടക്കൂടും പാഠപുസ്തകങ്ങളും ഏറ്റവും പുരോഗമനപരവും മാതൃകാപരവും ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യമൂല്യങ്ങളും ലക്ഷ്യങ്ങളും പ്രതിഫലിക്കുന്നതും അവ നേടിയെടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ഉള്ളടക്കവും വിനിമയ പ്രക്രിയയും അടങ്ങിയതായിരിക്കണം എന്നതാണ് ഈ നിവേദനം മുന്നോട്ട് വെക്കുന്ന കാതലായ നിർദ്ദേശം.

സ്ത്രീകളെക്കുറിച്ച് പൊതുസമൂഹത്തിൽ കാലങ്ങളായി നിലനില്ക്കുന്ന സ്ത്രീവിരുദ്ധമായ കാഴ്ചപ്പാടുകളും സമീപനങ്ങളും പ്രതിഫലിപ്പിക്കുന്ന നിലവിലുള്ള ഉള്ളടക്കം ഒഴിവാക്കാനും ലിംഗരാഷ്ട്രീയാവബോധം പഠനപ്രവർത്തനങ്ങളുടെ ഭാഗമായിത്തന്നെ കുട്ടികൾ ആർജ്ജിക്കാനും ഉതകുന്ന തരത്തിലുള്ള പതിനാറോളം നിർദ്ദേശങ്ങളാണ് മുന്നോട്ട് വെച്ചത് ലിംഗവിവേചനം പ്രകടമായി പ്രതിഫലിക്കുന്ന ഉള്ളടക്കമുള്ള നിലവിലെ പാഠ്യപദ്ധതിയെയും പാഠപുസ്തകങ്ങളെയും പഠനപ്രക്രിയകളെയും വിദ്യാലയപ്രവർത്തനങ്ങളെയും അടിയന്തരമായി ഒരു ജെൻഡർ ഓഡിറ്റിംഗിന് വിധേയമാക്കുക, പാഠ്യപദ്ധതിപരിഷ്കരണ ശില്പശാലകൾ, പാഠപുസ്തകസമിതി എന്നിവയിൽ നിലവിലുള്ള അമിതമായ പുരുഷപങ്കാളിത്തം ഒഴിവാക്കി തുല്യാനുപാതത്തിലുള്ള സ്ത്രീപ്രാതിനിധ്യം ഉറപ്പ് വരുത്തുക, ഇത്തരം സമിതികളിൽ ക്വിയർ വ്യക്തികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക, പാഠ്യപദ്ധതി/പാഠപുസ്തകം എന്നിവയുടെ മേൽനോട്ടത്തിനുള്ള വിദഗ്ധസമിതികളിൽ കേരളത്തിലെ ലിംഗ രാഷ്ട്രീയവബോധമുള്ള അക്കാദമിക്കുകളെയും സാംസ്കാരിക പ്രവർത്തകരെയും തുല്യപ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തുക, അധ്യാപകർക്ക് ജെൻഡർ സെൻസിറ്റിവിറ്റി ട്രെയിനിംഗുകൾ കൊടുക്കുക, ലിംഗാവബോധ പരിശീലന പദ്ധതി അധ്യാപകവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുക, തുടങ്ങിയവയാണ് പ്രധാന നിർദ്ദേശങ്ങൾ.

വിദ്യാഭ്യാസമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ പകർപ്പ് എസ്.സി.ഇ.ആർ.ടി ഡയറക്ടർ, ഹയർ സെക്കന്ററി അക്കാഡമിക് ജോയിന്റ് ഡയറക്ടർ എന്നിവർക്കും നൽകുകയുണ്ടായി.

എല്ലാവരുടെ ഭാഗത്തു നിന്നും അനുകൂലമായ പിന്തുണയാണ് മലയാളപ്പെൺകൂട്ടത്തിന് ലഭിച്ചത്. പ്രസ്തുത വിഷയത്തിൽ പ്രയോഗികമായി ചെയ്യാൻ സാധിക്കുന്ന എല്ലാ നടപടികളും ഉണ്ടാകുമെന്ന് ഉറപ്പ് വിദ്യാഭ്യാസമന്ത്രി അടക്കമുള്ളവരുടെ ഭാഗത്തു നിന്ന് ലഭിക്കുകയുണ്ടായി. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ലിംഗനീതീബോധ്യങ്ങളുടെ അടിസ്ഥാനത്തിൽ മലയാളപ്പെൺകൂ

ട്ടം സമർപ്പിച്ച ഈ നിവേദനം കേരളത്തിലെ വിദ്യാഭ്യാസ സംവിധാനങ്ങളും പൊതുസമൂഹവും സംവാദവിധേയമാക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് സർക്കാരിലേക്ക് സമർപ്പിച്ച നിവേദനത്തിന്റെ പൂർണരൂപം ഇതോടൊപ്പം ചേർക്കുന്നു.

കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയിൽ നടപ്പിലാവേണ്ട പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്ക് 'മലയാളപ്പെൺകൂട്ടം' കൂട്ടായ്മ നൽകുന്ന നിവേദനം

സർ,

ലിംഗസമത്വം, ലിംഗനീതി, ലിംഗാവബോധം തുടങ്ങിയ ആശയങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കിക്കൊണ്ട് കേരളപാഠ്യപദ്ധതി അധികം വൈകാതെ തന്നെ നവീകരിക്കുമെന്ന വിദ്യാഭ്യാസ മ




ന്ത്രിയുടെ നിയമസഭയിലെ പ്രസ്താവനയെ 'മലയാളപ്പെൺകൂട്ടം' വളരെ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. ലിംഗനീതിയെക്കുറിച്ചുള്ള ആശയങ്ങളും അവബോധങ്ങളും മുമ്പത്തെക്കാൾ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനികകാലത്ത് കേരളത്തിലെ പുതിയ പാഠ്യപദ്ധതി ചട്ടക്കൂടും പാഠപുസ്തകങ്ങളും ഏറ്റവും പുരോഗമനപരവും മാതൃകാപരവും ആയിരിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യമൂല്യങ്ങളും ലക്ഷ്യങ്ങളും പാഠ്യപദ്ധതിയിൽ പ്രതിഫലിക്കേണ്ടതുണ്ടെന്നും അവ നേടിയെടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ഉള്ളടക്കവും വിനിമയ പ്രക്രിയയും തെരഞ്ഞെടുക്കേണ്ടതുണ്ടെന്നും പാഠ്യപദ്ധതിയുടെ ആമുഖത്തിൽ തന്നെ പറയുന്നുണ്ടല്ലോ.എന്നാൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 14- വിഭാവനം ചെയ്യുന്ന ലിംഗസമത്വം യാഥാർത്ഥ്യമാവണമെങ്കിൽ പാഠ്യപദ്ധതിയിലും പാഠപുസ്തകങ്ങളിലും, ബോധനരീതികളിലും, വിദ്യാലയ അന്തരീക്ഷത്തിലും കാലാനുസൃതമായ ധാരാളം മാറ്റങ്ങൾ ഇനിയും വരുത്തേണ്ടതുണ്ട്. അതിനുള്ള ചില നിർദ്ദേശങ്ങൾ സമർപ്പിക്കാനാണ് ഈ കത്ത്. സ്ത്രീകളെക്കുറിച്ച് പൊതുസമൂഹത്തിൽ കാലങ്ങളായി നിലനില്ക്കുന്ന സ്ത്രീവിരുദ്ധമായ കാഴ്ചപ്പാടുകളും സമീപനങ്ങളും പ്രതിഫലിപ്പിക്കുന്ന ഉള്ളടക്കം ഒഴിവാക്കാനും ലിംഗരാഷ്ട്രീയാവബോധം പഠനപ്രവർത്തനങ്ങളുടെ ഭാഗമായിത്തന്നെ കുട്ടികൾ ആർജ്ജിക്കാനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.


1. കേരളത്തിൽ നിലവിലുള്ളപാഠ്യപദ്ധതിയിൽ പ്രീപ്രൈമറിതൊട്ട് ഹയർസെക്കൻഡറി വരെയുള്ള ക്ലാസ്സുകളിലെ വിവിധ പാഠപുസ്തകങ്ങളും ബോധനപ്രക്രിയകളും തീർത്തും ലിംഗനിരപേക്ഷമായ തരത്തിലല്ല തയ്യാറാക്കിയിട്ടുള്ളത്. ലിംഗവിവേചനസ്വഭാവമുള്ള സമീപനം പലതരത്തിൽ ഇവയിൽ സൂക്ഷ്മമായും പ്രകടമായും ഉണ്ട്. കേരളത്തിലെ സാമൂഹ്യ സാഹചര്യത്തിൽ സ്ത്രീകൾ, ട്രാൻസ് വ്യക്തികൾ എന്നിവർ വളരെക്കാലമായി അനുഭവിച്ചു വരുന്ന രണ്ടാംതരം സമീപനവും അനുദിനം കൂടിവരുന്ന ഹിംസാത്മകതയും മാറണമെങ്കിൽ വിദ്യാഭ്യാസപദ്ധതിയുടെ അടിത്തട്ടുമുതൽ തന്നെ ലിംഗപദവീവ്യത്യാസമില്ലാതെ എല്ലാ മനുഷ്യരെയും തുല്യതയോടെ ഉൾക്കൊള്ളുന്ന സമീപനം ഉണ്ടാവേണ്ടതാണ്. അതിനാൽ, നിലവിലുള്ള പാഠ്യപദ്ധതിയെയും പാഠപുസ്തകങ്ങളെയും പഠനപ്രക്രിയയകളെയും വിദ്യാലയപ്രവർത്തനങ്ങളെയും അടിയന്തരമായി ഒരു ജെൻഡർ ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതുണ്ട്.

2. നമ്മുടെ വിദ്യാഭ്യാസരംഗം നിലവിൽ എഴുപതു ശതമാനത്തിലധികം സ്ത്രീപങ്കാളിത്തമുള്ള ഒരു തൊഴിൽമേഖലയാണെങ്കിലും പാഠ്യപദ്ധതി നവീകരണവുമായി ബന്ധപ്പെട്ട സമിതികളിൽ നിലവിൽ വെറും നാമമാത്രമായ സ്ത്രീപ്രാതിനിധ്യമാണുള്ളത്. അതിനാൽ, പാഠ്യപദ്ധതിപരിഷ്കരണ ശില്പശാലകൾ,പാഠപുസ്തകസമിതി എന്നിവയിൽ നിലവിലുള്ള അമിതമായ പുരുഷപങ്കാളിത്തം ഒഴിവാക്കി തുല്യാനുപാതത്തിലുള്ള സ്ത്രീപ്രാതിനിധ്യം ഉറപ്പ് വരുത്താൻ കഴിയണം. അതോടൊപ്പം ഇത്തരം സമിതികളിൽ ക്വിയർ(ദ്വൗലല്യ) വ്യക്തികളുടെ പങ്കാളിത്തവും ഉണ്ടാവേണ്ടതുണ്ട്. പാഠ്യപദ്ധതി/പാഠപുസ്തകം എന്നിവയുടെ മേൽനോട്ടത്തിനുള്ള വിദഗ്ധസമിതികളിൽ കേരളത്തിലെ ലിംഗ രാഷ്ട്രീയവബോധമുള്ള അക്കാദമിക്കുകളെയും സാംസ്കാരിക പ്രവർത്തകരെയും ഉൾപ്പെടുത്തുകയും അവരുടെ തെരഞ്ഞെടുപ്പ് ലിംഗപരവും സാമൂഹ്യവുമായ തുല്യപ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിലാവുകയും വേണം.

6. അതുപോലെ, പാഠപുസ്തകങ്ങൾ കുട്ടികളുടെ ശരീരം, വിദ്യാഭ്യാസം, തൊഴിൽ, വിവാഹം എന്നിവയിലുള്ള സ്വയം നിർണ്ണയാവകാശം, സാമ്പത്തികസ്വാതന്ത്ര്യം എന്നിവയെക്കുറിച്ചുള്ള ആശയങ്ങൾ നിർബന്ധമായും ഉൾപ്പെടുന്ന തരത്തിൽ പരിഷ്ക്കരിക്കേണ്ടതുണ്ട്. പാഠപുസ്തകങ്ങളിലെ ഉള്ളടക്കം പോലെ തന്നെ പ്രധാനമാണ് അവയുടെ ചിത്രീകരണവും. വ്യവസ്ഥാപിത സ്ത്രീസങ്കല്പങ്ങളെ പുനസൃഷ്ടിക്കുന്നതോ,ശരീരം,മതം, ജാതി, നിറം,ഭാഷ,ദേശം പോലുള്ള വൈവിധ്യങ്ങളെ അധിക്ഷേപിക്കുന്നവയോ ആവരുത് പാഠപുസ്തകങ്ങളിലെ ചിത്രീകരണങ്ങൾ.

3. പാഠ്യപദ്ധതി നവീകരണത്തോടൊപ്പം വളരെ പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട മറ്റൊരു പ്രവർത്തനം അധ്യാപകർക്കുള്ള ജെൻഡർ സെൻസിറ്റിവിറ്റി ട്രെയിനിംഗാണ്. പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തെയും അതിന്റെ ലിംഗരാഷ്ട്രീയ സമീപനത്തെയും അതർഹിക്കുന്ന പ്രാധാന്യത്തോടെ വിനിമയം ചെയ്യാൻ, ഈ വിഷയത്തിൽ പ്രഗത്ഭരായ വ്യക്തികളുടെ പല ഘട്ടങ്ങളിലായുള്ള മികച്ച പരിശീലന പരിപാടികളിലൂടെ സാധ്യമാവേണ്ടതുണ്ട്. ഇത്തരമൊരു പരിശീലനപദ്ധതി നിർബന്ധമായും അധ്യാപകവിദ്യാഭ്യാസത്തിന്റെയും ഭാഗമാക്കണം.

4. കേരളത്തിലെ സാമൂഹിക സാഹചര്യത്തിൽ വളരെ ആഴത്തിൽ പതിഞ്ഞു കിടക്കുന്ന ആൺമേൽക്കോയ്മാമൂല്യങ്ങളെയും അതിന്റെ അടിസ്ഥാനത്തിലുള്ള പൊതുബോധത്തെയും അഭിമുഖീകരിക്കാനും പുന:പരിശോധിക്കാനും കഴിയേണ്ടതുണ്ട്. അതിന് ആധുനിക ജനാധിപത്യമൂല്യങ്ങളിലെ പ്രധാന ആശയമായ ലിംഗനീതിയെയും അതിന്റെ പഠനമേഖലയായ ലിംഗരാഷ്ട്രീയത്തെയും കുറിച്ചുള്ള അവബോധം രൂപീകരിക്കാനുതകുന്ന തരത്തിൽ പാഠ്യപദ്ധതി സമീപനം മാറുകയും ലിംഗരാഷ്ട്രീയം ഒരു പ്രധാന പ്രമേയമാകുന്ന തരത്തിൽ പാഠപുസ്തകങ്ങളുടെ ഉള്ളടക്കം, സ്വഭാവം,ഘടന എന്നിവ പരിഷ്കരിക്കപ്പെടുകയും വേണം.



വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമുള്ള നിർദ്ദേശങ്ങൾ

1. സ്കൂൾ പ്രവർത്തനസമയം യു.പി, ഹൈസ്കൂൾ ക്ലാസുകൾക്ക് 9.30 മുതൽ 3.30 വരെയും ഹയർ സെക്കന്ററി ക്ലാസുകൾക്ക് 9 മുതൽ 4.30 വരെയും ആണ്.
2. ഹൈസ്കൂൾ, ഹയർസെക്കന്ററി ക്ലാസുകളിൽ പെൺകുട്ടികൾക്ക് [illegible] നിർബന്ധമാണ്. പെൺകുട്ടികളുടെ ടോപ് കോളർ വെച്ച് തയ്ക്കേണ്ടതാണ്. സ്ലിറ്റ് ആവശ്യത്തിലധികമാകരുത്.
3. യൂണിഫോം കൃത്യമായ അളവിൽ തയ്പിക്കണം. ആൺകുട്ടികളുടെ ഷർട്ടിനും പാന്റിനും മതിയായ ഇറക്കവും അയവും ഉണ്ടായിരിക്കണം. കൂപ്പിഷാന്റ്, ബോംബെ പാന്റ്, ജീൻസ് എന്നിവ അനുവദിക്കുന്നതല്ല.
4. ആൺകുട്ടികൾ തലമുടി വൃത്തിയായി ക്രോപ് ചെയ്യുക. കയ്യിലെ ചരട്, മോതിരം, മേൽക്കാത് ആൺകുട്ടികളുടെ മാല എന്നിവ സ്കൂളിൽ നിരോധിച്ചിരിക്കുന്നു. വിലയേറിയ സ്വർണ്ണാഭരണങ്ങൾ [illegible] പെൺകുട്ടികൾ [illegible] ഒഴിവാക്കുക.
5. സ്കൂൾ ബാഡ്ജ്, ഐഡികാർഡ് എന്നിവ നിർബന്ധമാണ്. ഇവ ഓഫീസിൽ ലഭിക്കും. ഐഡികാർഡ് ധരിക്കാത്ത കുട്ടികളെ ക്ലാസിൽ ഇരിക്കാൻ അനുവദിക്കുന്നതല്ല.
6. മൊബൈൽ ഫോൺ, ക്യാമറ, പെൻഡ്രൈവ്, കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾ എന്നിവ കുട്ടികളുടെ കയ്യിൽ നിന്ന് പിടിക്കപ്പെട്ടാൽ ഒരു കാരണവശാലും തിരികെ നൽകുന്നതല്ല. ആയവ പരസ്യമായി ലേലം ചെയ്യുകയോ അടുത്ത പോലീസ് സ്റ്റേഷനിൽ ഏൽപ്പിക്കുകയോ ചെയ്യുന്നതാണ്.
7. പാൻമസാല പോലുള്ള ലഹരി വസ്തുക്കൾ, ച്യൂയിംഗം, മിഠായികൾ എന്നിവ ക്യാമ്പസിനകത്ത് കർശനമായി നിരോധിച്ചിരിക്കുന്നു. പിറന്നാളിന് മിഠായി വിതരണം നടത്തേണ്ടതില്ല. പകരം ലൈബ്രറിയിലേക്ക് പുസ്തകം സംഭാവന നൽകാവുന്നതാണ്.
8. സ്കൂൾ ഫർണ്ണിച്ചറുകൾ, ഉപകരണങ്ങൾ എന്നിവ നശിപ്പിക്കുകയോ ചുവരുകൾ വൃത്തികേടാക്കുകയോ ചെയ്താൽ നഷ്ടപരിഹാരം ഈടാക്കുന്നതാണ്. പേപ്പർ, പേനകൾ, പ്ലാസ്റ്റിക് വസ്തുക്കൾ എന്നിവ അലക്ഷ്യമായി വലിച്ചെറിയരുത്.

12

5. സ്ത്രീയുടെ സദാചാരം, മാതൃത്വം, ത്യാഗം എന്നിവ മാത്രം ഉയർത്തിപ്പിടിക്കുന്നതും കാല്പനികവത്ക്കരിക്കുന്നതുമായ രചനകൾ, അവരുടെ അധ്വാനം,സമയം സമ്പത്ത് മുതലായവ ചൂഷണം ചെയ്യുന്ന തരത്തിലുള്ള പുരാണ സ്ത്രീമാതൃകകൾ എന്നിവ ഉൾക്കൊള്ളുന്ന പാഠഭാഗങ്ങൾക്കപ്പുറം കായികമായും മാനസികമായും കരുത്തുള്ള, പ്രതിരോധിക്കുന്ന, പല മേഖലകളിൽ കഴിവു തെളിയിച്ച സ്ത്രീ മാതൃകകളാണ് കുട്ടികൾ പരിചയപ്പെടേണ്ടത്.അതിനുവേണ്ടി വളരെക്കാലമായി നമ്മുടെ വ്യവസ്ഥാപിത രാഷ്ട്രീയ/സാമൂഹിക/സാഹിത്യ ചരിത്രങ്ങളിൽ നിന്നൊക്കെ തമസ്കരിക്കപ്പെടുകയും അദൃശ്യരാക്കപ്പെടുകയും ചെയ്ത സ്ത്രീകളെ കണ്ടെടുക്കുകയും സാഹിത്യ/ചരിത്ര പാഠങ്ങളിൽ അവരെ നിർബന്ധമായും ഉൾപ്പെടുത്തുകയും വേണം.മാത്രമല്ല സുരക്ഷയോ പരിരക്ഷയോ ആവശ്യമുള്ള പ്രത്യേകവിഭാഗം എന്നതിലപ്പുറം തുല്യനീതി സങ്കല്പം രൂപപ്പെടേണ്ടത് തുല്യ വ്യക്തികൾ എന്ന ആശയത്തിൽ നിന്നാണ്. അതുകൊണ്ടുതന്നെ പാഠഭാഗങ്ങളുടെ ഉള്ളടക്കം ജാതി/മത/വംശ/ലിംഗപരമായ എല്ലാ വിവേചനങ്ങൾക്കുമുപരിയായി തുല്യതയോടെ കുട്ടികളെ അഡ്രസ്സ് ചെയ്യേണ്ടതുണ്ട്.

7. ശരീരചലനങ്ങളെ നിയന്ത്രിക്കുന്നതോ ശരീരത്തെക്കുറിച്ചുള്ള ഭയങ്ങൾ നിർമ്മിച്ചെടുക്കുന്നതോ ആയ യൂണിഫോമുകൾ ആണ് നിലവിൽ പെൺകുട്ടികൾക്ക് നിശ്ചയിച്ചിട്ടുള്ളത്. അനായാസ ചലനത്തിന് സഹായകമായതും, കായിക വിനോദങ്ങളിൽ ഏർപ്പെടുന്നതിനുതകുന്നതും വ്യക്തികൾ എന്ന നിലയിൽ ആത്മവിശ്വാസം വളർത്തുന്നതുമായ, ജെൻഡർ ന്യൂട്രലായ യൂണിഫോമുകൾ നടപ്പിൽ വരുത്തണം. പ്രൈമറി ക്ലാസിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഏകീകൃത യൂണി


ഫോം നിർബന്ധമാക്കി ഇതിന് തുടക്കം കുറിക്കാവുന്നതാണ്.

8. പാഠ്യപദ്ധതി,വിദ്യാഭ്യാസവകുപ്പിന്റെ നിർദ്ദേശങ്ങൾ, അനുബന്ധമാർഗ്ഗരേഖകൾ, പാഠപുസ്തകങ്ങൾ എന്നിവയ്ക്ക് പുറമേ വിദ്യാലയാന്തരീക്ഷത്തിലും അതിന്റെ ഭാഗമായ സ്കൂൾ ഡയറികളിലും മറ്റും യാതൊരു കാരണവശാലും ലിംഗവിവേചനമോ ലിംഗപരമായ ചായ്‌വോ പ്രകടമാവുന്ന ഭാഷാപ്രയോഗങ്ങൾ അനുവദിക്കാതിരിക്കാനുള്ള കർശനനടപടികൾ കൈക്കൊള്ളണം.

9. പാഠപുസ്തകങ്ങൾ നിർബന്ധമായും ലിംഗ/ലൈംഗിക ന്യൂനപക്ഷങ്ങളെ ക്കൂടി അഭിസംബോധന ചെയ്യുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന തരത്തിൽ പരിഷ്കരിക്കണം. ട്രാൻസ്ജെൻഡർ വ്യക്തികളെക്കുറിച്ചും ഹെറ്ററോ/ ഹോമോ ലൈംഗികതയെക്കുറിച്ചുമുള്ള പാഠങ്ങൾ ജീവശാസ്ത്ര പുസ്തകങ്ങളിൽ ഉൾപ്പെടുത്തുകയും ഇത് പഠിപ്പിക്കുന്നതിനായി അധ്യാപകർക്ക് പ്രത്യേക പരിശീലനം കൊടുക്കുകയും ചെയ്യണം. ഇതോടൊപ്പം ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സമർത്ഥരായ ആളുകളുടെ പ്രഭാഷണങ്ങൾ ഓൺലൈനായോ ഓഫ്‌ലൈനായോ കുട്ടികളിലെത്തിക്കുന്നതിന് സംവിധാനങ്ങൾ ഉണ്ടാക്കണം.

10. കായിക വിനോദങ്ങളിൽ നിന്ന് പെൺകുട്ടികളെ അകറ്റി നിർത്തുന്ന പ്രവണത സമൂഹത്തിന്റെ പിന്നോക്കാവസ്ഥയാണ് സൂചിപ്പിക്കുന്നത്. ശാരീരിക ആരോഗ്യവും കായികക്ഷമതയും ആത്മവിശ്വാസവും സംഘബോധവും വളർത്താനുതകുന്ന കായികവിനോദങ്ങളിൽ ഏർപ്പെടാനും ആയോധനമുറകൾ ശീലിക്കാനുമുള്ള സൗകര്യം നിർബന്ധമായും സ്കൂളുകളിൽ ഏർപ്പെടുത്തുക. ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചു ചേർന്നു തന്നെ ഇത്തരം വിനോദങ്ങളിലും പരിശീലനങ്ങളിലും ഏർപ്പെടാനുള്ള അവസരം സ്കൂളുകളിൽ ഉണ്ടാവേണ്ടതാണ്. സംഘം ചേർന്ന് കളികളിലേർപ്പെടുമ്പോൾ പെൺകുട്ടികൾ ശരീരം മാത്രമല്ലെന്ന ബോധം ആൺകുട്ടികൾക്കും ശരീരവുമായി ബന്ധപ്പെട്ട അപകർഷതയിൽ നിന്നുള്ള മോചനം പെൺകുട്ടികൾക്കും ലഭിക്കുന്നു. കായികവിനോദങ്ങളിൽ പെൺകുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാവുകയും അതിനുള്ള ബോധവൽക്കരണം അധ്യാപകർക്കും രക്ഷിതാക്കൾക്കും നൽകുകയും ചെയ്യണം. നിലവിൽ ആഴ്ച്ചയിൽ ഒരിക്കലുള്ള പി.ടി. പീരിയഡുകൾ പോലും പല സ്കൂളുകളിലും കുട്ടികൾക്ക് ലഭിക്കുന്നില്ല. ഇത് അടിയന്തിരമായി പരിഹരിക്കപ്പെടുകയും എല്ലാ ദിവസവും നിശ്ചിതസമയം കായിക വിനോദങ്ങൾക്കായി മാറ്റിവെക്കുകയും ചെയ്യണം.

11. കുട്ടികൾ നേരിടുന്ന ശാരീരികാതിക്രമങ്ങൾ തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനും അവരുടെ മാനസിക ശാരീരിക ആരോഗ്യം ശ്രദ്ധിക്കുന്നതിനുമായി സ്കൂളുകളിൽ കൗൺസിലർ/ സൈക്കോളജിസ്റ്റുകൾ തസ്തികകൾ ഉണ്ടാവുകയും അവയിൽ നിശ്ചിത യോഗ്യതയുള്ളവർ തന്നെ നിയമിക്കപ്പെടുകയും വേണം.ആഴ്ചയിൽ ഒരു ദിവസമെങ്കിലും കുട്ടികൾക്ക് ഇതുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ ഫലപ്രദമായ തരത്തിൽത്തന്നെ നിർബന്ധമായും ലഭ്യമാക്കണം.


സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി


SCERT Kerala

തീയതി : 11.10.2021

12. ചൂഷണങ്ങളെ നിയമപരമായി നേരിടാൻ കുട്ടികളെ പ്രാപ്തരാക്കുന്ന വിധത്തിൽ അവകാശാധിഷ്ഠിത വിദ്യാഭ്യാസത്തെ മുൻനിർത്തി കുട്ടികളുടെ അവകാശങ്ങളെപ്പറ്റിയും ഇന്ത്യൻ നിയമവ്യവസ്ഥയെ പ്പറ്റിയുമുള്ള സാമാന്യാവബോധം കുട്ടികൾക്ക് നൽകാൻ കഴിയണം. കുട്ടികളിൽ നിയമവിജ്ഞാനം എത്തിക്കുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കണം. ഹൈസ്

കൂൾക്ലാസ് മുതൽ പോക്സോ നിയമത്തെക്കുറിച്ചും സാമൂഹ്യപാഠപുസ്തകത്തിൽ ഉൾപ്പെടുത്തണം.

13. കുട്ടികളുമായി ഏറ്റവും അധികം ഇടപെടുന്നവർ എന്ന നിലയിൽ പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള എല്ലാ അധ്യാപകർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഓഫീസ് ജീവനക്കാർ, വാഹനഡ്രൈവർ, പാചകത്തൊഴിലാളികൾ അടക്കമുള്ള എല്ലാ അനധ്യാപകർക്കും ജെൻഡർ സെൻസിറ്റീവ് അവബോധവും പോക്


Chief Minister, Govern... Aug 31
to me

Your request has been noted and forwarded to Additional Chief Secretary, Local Self Government Department for taking appropriate action.

Joint Secretary
Chief Minister's Computer Cell

From: malayalappenkoottam@gmail.com
To: "Chief Minister, Government of Kerala" <chiefminister@kerala.gov.in>
Sent: Monday, August 30, 2021 9:25:02 PM
Subject: കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയിൽ നടപ്പിലാക്കേണ്ട പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്ക് 'മലയാളപ്പെൺകൂട്ടം' കൂട്ടായ്മ നൽകുന്ന നിവേദനം

sir,
please see the attachment

yours faithfully
Malayalappenkoottam

സോ നിയമത്തെക്കുറിച്ചുള്ള സാമാന്യധാരണയും നൽകാൻ കഴിയണം. പരിശീലനങ്ങൾ എല്ലാവർക്കും കിട്ടി എന്ന് ഉറപ്പാക്കുകയും എല്ലാ വർഷവും അതിന് തുടർച്ചയുണ്ടാക്കുകയും വേണം.

14. ബഹുസ്വരവും മിശ്രിത സ്വഭാവമുള്ളതുമായ ഒരു സമൂഹത്തിൽ ഇടപഴകി ജീവിച്ചാണ് കുട്ടികൾ വ്യക്തിത്വമാർജ്ജിക്കേണ്ടത്.അതിനാൽ മതം/ജാതി/ലിംഗം തുടങ്ങി പലതരത്തിൽ കുട്ടികളെ വർഗ്ഗീകരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂർണമായും നിർത്തലാക്കേണ്ടതുണ്ട്. പ്രത്യേക കാറ്റഗറിയിലുള്ള ഗേൾസ്/ ബോയ്സ് സ്കൂളുകൾ നിർത്തലാക്കി അവ മിക്സഡ് സ്കൂളുകൾ ആക്കാനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളണം.

15. ഒരു ജനാധിപത്യ സംവിധാനത്തിൽ അതിന്റെ ഭരണഘടനയിലാണ് കുട്ടികൾ/പൗരന്മാർ ആദ്യവും ആത്യന്തികവുമായി വിശ്വാസമർപ്പിക്കേണ്ടത് എന്നതിനാൽ പ്രാർത്ഥനകൾക്ക് പകരം ഇന്ത്യൻ ഭരണഘടനയിലെ ചിലഭാഗങ്ങൾ വായിച്ചു കൊണ്ട് സ്കൂളുകളിലെ ഓരോ ദിവസവും ആരംഭിക്കാവുന്നതാണ്. മതപരമായ പ്രാർത്ഥനകൾ പൂർണമായും സ്കൂളിൽനിന്ന് ഒഴിവാക്കപ്പെടണം. ഭരണഘടന ഉറപ്പു നൽകുന്ന തുല്യതയുടെ ആശയങ്ങൾ ചെറിയ ക്ലാസ്സുകൾ മുതൽ കുട്ടികളിലേക്കെത്തുന്ന വിധത്തിൽ ഭരണഘടന പ്രധാന പാഠഭാഗമായി കൂട്ടിച്ചേർക്കപ്പെടുകയും വേണം.മതപാഠങ്ങൾ ചരിത്ര പുസ്തകങ്ങളിൽ മാത്രം ഉൾപ്പെടുത്തുകയും മതപരമായ ഉള്ളടക്കങ്ങൾ, ജാതി സമ്പ്രദായം തുടങ്ങിയവയെ അനുകരണീയ മാതൃകകളായി അവതരിപ്പിക്കുന്ന സാഹിത്യപാഠങ്ങൾ പൂർണമായി ഒഴിവാക്കുകയും വേണം. മത പ്രാർത്ഥനകൾ ,മതപരമായ സംബോധനകൾ തുടങ്ങിയവയും വിദ്യാലയങ്ങളിൽ അനുവദിക്കരുത്. വിദ്യാലയങ്ങളുടെ പേരുകളോടൊപ്പമുള്ള മതപരവും ജാതീയവുമായ വിശേഷണങ്ങൾ നിർത്തലാക്കുക. പ്രത്യേകിച്ചും സർക്കാർ/എയിഡഡ് സ്കൂളുകൾ (ഉദാ: ഹിന്ദു സ്കൂൾ ,മുസ്ലിം സ്കൂൾ, മാപ്പിള സ്കൂൾ തുടങ്ങിയവ)

16. ചുരുക്കത്തിൽ, പ്രാഥമികമായും ആത്യന്തികമായും മനുഷ്യൻ/ പൗരൻ എന്നീ പദങ്ങളെയും ആശയങ്ങളെയും ലിംഗപദവീവ്യത്യാസമോ അധികാരപദവീവ്യത്യാസമോ ഇല്ലാതെ പൊതുലിംഗപദവി എന്ന നിലയിൽത്തന്നെ നിർബന്ധമായും കണക്കിലെടുത്തുകൊണ്ട്, എല്ലാ മനുഷ്യർക്കും വിവേചനരഹിതമായി വ്യക്തിസ്വാതന്ത്ര്യവും മൗലികാവകാശങ്ങളും വിനിയോഗിക്കാവുന്നതുമായ സമൂഹം സാധ്യമാക്കാനുതകുന്ന തരത്തിലുള്ള ഒരു പാഠ്യപദ്ധതിയാണ് നടപ്പിലാവേണ്ടത്.

ഇന്ത്യൻ ഭരണഘടന ഓരോ വ്യക്തിക്കും ഉറപ്പുതരുന്ന തുല്യതയ്ക്കുള്ള അവകാശത്തെ മാത്രം മുൻനിർത്തി തയ്യാറാക്കിയിട്ടുള്ള ഈ നിർദ്ദേശങ്ങൾ കേരളസർക്കാരും പൊതുവിദ്യാഭ്യാസവകുപ്പും താത്പര്യപൂർവ്വം പരിഗണിക്കുകയും, അനുകൂലവും ജനാധിപത്യപരവുമായ നടപടികൾ പെട്ടെന്നു തന്നെ കൈക്കൊള്ളുകയും ചെയ്യുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്.

വിശ്വാസപൂർവ്വം
'മലയാളപ്പെൺകൂട്ടം' എന്ന കേരളത്തിലെ
പെൺകൂട്ടായ്മയ്ക്ക് വേണ്ടി,



**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ

# ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും മുൻകൂട്ടിക്കണ്ട ശാസ്ത്രജ്ഞ

ഓരോ വർഷവും ചൂടിന്റെ കാര്യത്തിൽ റെക്കോഡിട്ട് കടന്നുപോവുകയും ഗുരുതരമായ കാലാവസ്ഥാവ്യതിയാനങ്ങൾ ഒരു വല്ലാത്ത കാലത്തിലേക്ക് വിരൽചൂണ്ടുകയും ചെയ്യുന്ന ഈ സമയത്ത് ആഗോളതാപനത്തിനു പ്രധാന കാരണം കാർബൺ ഡൈ ഓക്സൈഡ് ആണെന്ന് 165 വർഷം മുന്നേ കണ്ടെത്തിയ യൂനിസ് ന്യൂട്ടൺ ഫുട് എന്ന ശാസ്ത്രജ്ഞയെ എത്ര പേർക്കറിയാം? എന്നാൽ സ്ത്രീയായതിന്റെ പേരിൽ യൂനിസിന്റെ സുപ്രധാന കണ്ടെത്തൽ തമസ്ക്കരിക്കപ്പെട്ടു. പുസ്തകത്താളുകളിലൊക്കെ കാർബൺ ഡൈ ഓക്സൈഡും താപനവും തമ്മിലുള്ള ബന്ധം കണ്ടുപിടിച്ചതിന്റെ ക്രെഡിറ്റ് ജോൺ ടിൻഡൽ എന്ന ശാസ്ത്രജ്ഞനാണ്. സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടി ശക്തമായ പോരാട്ടങ്ങൾ നടത്തിയ വനിത കൂടിയായ യൂനിസിന്റെ കണ്ടുപിടിത്തം പാടേ അവഗണിക്കപ്പെട്ടു എന്നതുതന്നെ ശാസ്ത്രരംഗത്ത് സ്ത്രീകളോടുള്ള വിവേചനത്തിന്റെയും അവഗണനയുടെയും ആഴം എത്രമാത്രമായിരുന്നു എന്നു വ്യക്തമാക്കുന്നതാണ്.



ഒരു എയർ പമ്പ്, രണ്ട് ഗ്ലാസ്സ് സിലിണ്ടറുകൾ, നാലു തെർമോമീറ്ററുകൾ എന്നിവ മാത്രം ഉപയോഗിച്ചുള്ള പരീക്ഷണങ്ങളിലൂടെയാണ് കാർബൺ ഡൈ ഓക്സൈഡ് താപനത്തിന് ആക്കം കൂട്ടുന്നുവെന്ന കണ്ടെത്തൽ യൂനിസ് നടത്തിയത്. കാർബൺ ഡൈ ഓക്സൈഡ് നിറച്ച സിലിണ്ടറുകൾ സൂര്യപ്രകാശത്തിൽ വച്ചപ്പോൾ അവ കൂടുതൽ താപത്തെ 'കുരുക്കിനിർത്തുന്നത്' അവർ നിരീക്ഷിച്ചു. കാർബൺ ഡൈ ഓക്സൈഡ് എന്ന പേരു പോലും അറിയപ്പെടാത്ത കാലത്തായിരുന്നു ഇതെന്നോർക്കണം. കാർബോണിക് ആസിഡ് ഗ്യാസ് എന്നാണ് അക്കാലത്ത് കാർബൺ ഡൈ ഓക്സൈഡ് അറിയപ്പെട്ടിരുന്നത്! അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡ് തോത് കൂടുമ്പോൾ അത് ഭൗമാന്തരീക്ഷത്തിന്റെ താപവർദ്ധനവിന് വഴിയൊരുക്കുമെന്ന് നിസ്സംശയം തെളിയിക്കുകയായിരുന്നു യൂനിസ് ന്യൂട്ടൺ! 1856-ൽ circumstances affecting the heat of sun's rays എന്ന പ്രബന്ധം അമേരിക്കൻ അസോസിയേഷൻ ഫോർ ദ് അഡ്വാൻസ്മെന്റ് ഓഫ് സയൻസിന്റെ മീറ്റിങ്ങിൽ അവതരിപ്പിക്കുകയും അതിനുശേഷം അമേരിക്കൻ ജേണൽ ഓഫ് ആർട്സ് ആന്റ് സയൻസിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ജീവിച്ചിരുന്ന കാലത്ത് യൂനിസ് അംഗീകരിക്കപ്പെടുകയോ പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിലേക്ക് വരികയോ ചെയ്തില്ല. മൂന്നു വർഷങ്ങൾക്കു ശേഷം സമാനമായ കണ്ടുപിടിത്തം നടത്തിയ ഐറിഷ് ഊർജതന്ത്രജ്ഞനായ ജോൺ ടിൻഡലിനാണ് താപനവും കാർബൺ ഡൈ ഓക്സൈഡും തമ്മിലുള്ള ബന്ധം കണ്ടെത്തിയതിന്റെ ക്രെഡിറ്റ് നൽകപ്പെട്ടത്.

1819 ജൂലൈ 17-ന് യു.എസ്സിലെ കണക്റ്റിക്കറ്റിലാണ് യൂനിസിന്റെ ജനനം. ട്രോയ് ഫീമെയിൽ സെമിനാരി സ്ക്കൂളിലെ വിദ്യാഭ്യാസത്തിനു ശേഷം യൂനിസ് ഒരു സയൻസ് കോളേജിൽ ചേർന്ന് രസതന്ത്രത്തിന്റെയും ജീവശാസ്ത്രത്തിന്റെയും അടിസ്ഥാന പാഠങ്ങൾ പഠിച്ചു.അക്കാലത്തു തന്നെ ശാസ്ത്ര പരീക്ഷണങ്ങളിൽ തല്പരയായിരുന്നു ആ പെൺകുട്ടി. ശാസ്ത്രത്തിൽ ഉന്നത ബിരുദങ്ങളൊന്നും നേടാൻ സാധിച്ചില്ലെങ്കിലും യൂനിസ് കൃത്യതയോടെ പല പരീക്ഷണങ്ങളും നടത്തി. എന്നാൽ ജീവിച്ചിരുന്ന കാലത്ത് തന്റെ കണ്ടെത്തൽ അംഗീകരിക്കപ്പെടുന്നത് കാണാനുള്ള അവസരം യൂനിസിനു ലഭിച്ചില്ല. അക്കാലത്തെ പല വനിതകളെയും പോലെ അവരുടെ നേട്ടങ്ങളും അവഗണനയുടെയും വിവേചനത്തിന്റെയും നിഴലിൽ മറയ്ക്കപ്പെട്ടു. 2010-ൽ പെട്രോളിയം ജിയോളജിസ്റ്റ് ആയി വിരമിച്ച റേ സോറൻസൺ യാദൃച്ഛികമായി 1857-ലെ വോള്യം ഓഫ് ആന്വൽ സയന്റിഫിക് ഡിസ്കവറീസ് മറിച്ചു നോക്കുന്നതിനിടെയാണ് യൂനിസ് ന്യൂട്ടന്റെ പ്രബന്ധം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടത്. അത് വിശദമായി പഠനവിധേയമാക്കി അദ്ദേഹം ഒരു ലേഖനം പ്രസിദ്ധീകരിച്ചതോടെയാണ് കാർബൺ ഡൈ ഓക്സൈഡും ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനങ്ങളും തമ്മിലുള്ള ബന്ധം ആദ്യം കണ്ടെത്തിയത് ഈ വനിതയാണ് എന്ന കാര്യം ലോകശ്രദ്ധയിലേക്ക് വന്നത്. അതോടെ യൂനിസ് ന്യൂട്ടൺ നേരിട്ട വിവേചനവും അവഗണനയും ലോകം തിരിച്ചറിയുകയായിരുന്നു. 2018-ൽ യൂനിസ് എന്ന പേരിൽ ഒരു സിനിമയും പുറത്തിറങ്ങി..